
# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




Vol. LXXI January, February, March, April 2021 No.1



ഭാരതത്തിലെ അപ്പസ്തോലിക് ന്യൂൻഷ്യോയായി നിയമിതനായ

**Archbishop Leopoldo Girelli** യ്ക്ക്

പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ



മഹാത്മാഗാന്ധി
യൂണിവേഴ്സിറ്റിയിൽനിന്ന്
ഇംഗ്ലീഷ് സാഹിത്യത്തിൽ "A Lady
oracle in the Wild: The
Ecofeminist Ethos in
the select Novels of Margaret
Atwood" എന്ന വിഷയത്തിൽ
Ph.D നേടിയ
ബഹു. ജേക്കബ് പണ്ടാരപ്പറമ്പിലച്ചന്

പാലാ രൂപതയുടെ
**പ്രാർത്ഥനാശംസകൾ**

മഹാത്മാഗാന്ധി
യൂണിവേഴ്സിറ്റിയിൽനിന്ന്
ഇംഗ്ലീഷ് സാഹിത്യത്തിൽ
"Mythopoeic
Odyssey in John Gardner"
എന്ന വിഷയത്തിൽ Ph.D നേടിയ
ബഹു. ജോസഫ് പുലവേലിലച്ചന്

പാലാ രൂപതയുടെ
**പ്രാർത്ഥനാശംസകൾ**





കെ.സി.ബി.സി.യുടെ കീഴിലുള്ള
ഇൻഫാമിന്റെ ദേശീയ ഡയറക്ടറായി
നിയമിതനായിരിക്കുന്ന
ബഹു. ജോസഫ്
ചെറുകരക്കുന്നേലച്ചന്

പാലാ രൂപതയുടെ
**പ്രാർത്ഥനാശംസകൾ**




The National Assessment and Accreditation Council (NAAC) ന്റെ
ഏറ്റവും ഉയർന്ന ഗ്രേഡ് (A++)കരസ്ഥമാക്കിയ സെന്റ് തോമസ് കോളജ് അനുമോദന
മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.




സെന്റ് തോമസ് ഹൈസ്കൂളിന്റെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്തുകൊണ്ട്
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സംസാരിക്കുന്നു.



മണ്ണാറപ്പാറ ഇടവകയുടെ കുരിശുപള്ളിയായിരുന്ന ഇരവിമംഗലം കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളി
ഇടവകയായി പ്രഖ്യാപിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

JANUARY, FEBRUARY, MARCH, APRIL 2021
Vol. LXXI No. 1

# CONTENTS


ഇടയലേഖനം 64 .................................................................. 3

സർക്കുലർ 280 - പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ് ....... 12

സർക്കുലർ 281- കത്തോലിക്കാ കോൺഗ്രസ് .......................... 16

സർക്കുലർ 282 - പ്രതിനിധിയോഗ തിരഞ്ഞെടുപ്പ് ............... 20

സർക്കുലർ 279 .................................................................. 22

സർക്കുലർ - നോമ്പുകാലസന്ദേശം .......................................... 23

സർക്കുലർ .......................................................................... 31

സർക്കുലർ - കെ.സി.ബി.സി കുടുംബവാർഷികം .................. 32

സർക്കുലർ 278 .................................................................. 38

സർക്കുലർ- കെ.സി.ബി.സി. മദ്യവിരുദ്ധ ഞായർ ................... 44

സിനഡ്ഡ് അനന്തര സർക്കുലർ .................................................. 48

കെ.സി.ബി.സി സർക്കുലർ തിരുബാലസഖ്യദിനം .................... 54

സർക്കുലർ - സീറോമലബാർ പ്രേക്ഷിതവാരാചരണം ............. 61

സർക്കുലർ കെ.സി.ബി.സി കർഷകദിനം .................................. 66

സർക്കുലർ 277 .................................................................. 70

സർക്കുലർ കെ.സി.ബി.സി ........................................................ 73

സർക്കുലർ 276 .................................................................. 79

കച്ചേരിക്കാര്യം .................................................................. 83

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് - ആണ്ടുതിരട്ട് .................... 89

അറിയിപ്പ് .......................................................................... 95

ലേഖനം .......................................................................... 108

വാർത്തകൾ ...................................................................... 123

ആദരാഞ്ജലികൾ .............................................................. 167

വാർത്തകൾ ...................................................................... 173

ഇടയലേഖനം - 64

# നോമ്പും ഉപവാസവും ഉത്തരവാദിത്വമാണ്, ഭക്തിയല്ല

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസി കൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഈ മാസം (ഫെബ്രുവരി) 15-ാം തീയതി തിങ്കളാഴ്ച വലിയ നോമ്പ് (സൗമ്മ റമ്പാ) ആരംഭിക്കുകയാണ്. നോമ്പ് എന്ന വാക്ക് തമിഴ് ഭാഷയിലെ നോയമ്പ് എന്ന പദത്തിൽനിന്ന് ഉണ്ടായതാണ് (നോയ് = സഹനം + അൻപ് = സ്നേഹം) സ്നേഹത്തോടെയുള്ള സഹനം എന്നാണ് അർത്ഥം. ഈ അർത്ഥത്തിൽ ഏറ്റവും വലിയ നോയമ്പ് നോക്കിയത് ഈശോമിശിഹാതന്നെയാണ്. മനുഷ്യകുലത്തോടുള്ള തന്റെ സ്നേഹത്തെപ്രതി സഹനം ഏറ്റെടുത്ത് മനുഷ്യകുലത്തെ വിശുദ്ധീകരിച്ച് വീണ്ടെടുത്തത് മിശിഹായാണ്. ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്തവും പരിത്യാഗപ്രവർത്തന ങ്ങളുമെല്ലാം സ്നേഹത്തോടെയുള്ള ഈ സഹനത്തിന്റെ ഭാഗ മാണ്.

ലോകം മുഴുവനും കോവിഡ് 19 എന്ന വൈറസ്മൂലം ഉളവായ രോഗത്താൽ, സഹനത്തിന്റെ പാതയിലൂടെ കടന്നു

പോകുന്ന, ഒരു നോമ്പിന്റെ ചൈതന്യത്തിനുതകുന്നവിധം മനുഷ്യജീവിതം നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, ഒരു കാലത്തിലാണ് നാം ഒരിക്കൽക്കൂടി വലിയനോമ്പുകാലം ആചരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. ദൈവികപദ്ധതിയോട് ചേർത്ത് നമ്മുടെ ജീവിതത്തെ കാണേണ്ടിയിരിക്കുന്നു എന്ന ചിന്ത ഈ കോവിഡ്കാലത്തെ നോമ്പാചരണം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും മനുഷ്യൻ കൂടുതൽ ദൈവോന്മുഖനായി, ദൈവത്തോടുകൂടെ വസിക്കുക എന്നതാണ് ഉപവാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പാപംമൂലം നഷ്ടമായ പറുദീസായുടെ അനുഭവത്തിലേക്കുള്ള തിരിച്ചുവരവാണ് നോമ്പുകാലത്തിലൂടെ യാഥാർഥ്യമാകേണ്ടത്. പറുദീസാനുഭവം ദൈവത്തോടുകൂടെയായിരിക്കുക എന്നതാണ്. പറുദീസാനുഭവം നഷ്ടപ്പെട്ട മനുഷ്യകുലത്തിന് മിശിഹായിലൂടെ അത് വീണ്ടും ലഭിച്ചു. സഭാപിതാവായ മാർ അപ്രേം എഴുതിയിരിക്കുന്നത് ആദ്യപാപം ആദാമിന്റെ ഭക്ഷണപ്രിയംമൂലം വന്നുവെങ്കിൽ മിശിഹാ തന്റെ ഉപവാസത്താൽ ആദാമിന്റെ പാപം സുഖപ്പെടുത്തി എന്നാണ്. മിശിഹായിലൂടെ ലഭിച്ച പറുദീസാനുഭവത്തിൽ കൂടുതൽ ആഴപ്പെടുന്നതിനുള്ള അവസരമാണ് നോമ്പുകാലം. ഈശോമിശിഹായുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവുമടങ്ങുന്ന പെസഹാരഹസ്യങ്ങളെ ധ്യാനിക്കുന്നതിനൊപ്പം മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും നോമ്പുകാലത്തെ നമ്മുടെ ധ്യാനത്തിനു വിഷയമാകുന്നു.

വിശുദ്ധഗ്രന്ഥത്തിൽ പഴയനിയമകാലംമുതൽ പ്രാർത്ഥനയും ഉപവാസവുമായി ഒരു നിശ്ചിതകാലം ചെലവഴിച്ചിരുന്ന ജനതയെ കാണാൻ സാധിക്കും. ഭക്ഷണസാധനങ്ങൾ

ഉപേക്ഷിച്ചുകൊണ്ടുള്ള ഉപവാസം രൂപപ്പെടുന്നത് വിലാപത്തിനുള്ള അനുഷ്ഠാനവിധിയോട് അനുബന്ധിച്ചാണ് (1 സാമു. 31,13; 2 സാമു.1,12). അനിയന്ത്രിതമായ കോപം, അഹങ്കാരം, ദുഃഖം എന്നിവയിൽനിന്ന് വിടുതൽ നേടുന്നതിനായി ഭക്ഷണപദാർഥങ്ങൾ ഉപേക്ഷിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ കാണാൻ സാധിക്കും (1 സാമു. 1,7; 1 രാജാ. 21, 14). അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ബാഹ്യപ്രകടനമായി ചാക്കുടുത്ത്, ചാരം പൂശി ഉപവാസം അനുഷ്ഠിച്ചിരുന്നു (2 സാമു. 12,22; യോന 3). വ്യത്യസ്തസന്ദർഭങ്ങളിൽ ഇസ്രായേൽജനം ഉപവാസം അനുഷ്ഠിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ കാണാൻ സാധിക്കും. മൂശെയുടെ നിയമപ്രകാരം പാപപ്പരിഹാരദിനത്തിൽ പ്രഭാതംമുതൽ പ്രദോഷംവരെ ഉപവാസമനുഷ്ഠിക്കാൻ എല്ലാവരും കടപ്പെട്ടിരുന്നു. ഈ നിയമം ലംഘിക്കുന്നവർ സമൂഹത്തിൽനിന്നു പുറത്താക്കപ്പെട്ടിരുന്നു. (ലേവ്യ. 16,19; 23,27-32; സംഖ്യ 29,7; ജറ. 36,6). യുദ്ധമോ യുദ്ധഭീഷണിയോ ഉണ്ടാകുന്ന അവസരത്തിൽ ഇസ്രായേൽ ഉപവസിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ കാണാൻ സാധിക്കും (2 ന്യായ. 20,26, 1 സാമു. 7,6). ദാവീദ് തന്റെ മകന്റെ സുഖപ്രാപ്തിക്കായി ഉപവസിച്ചു പ്രാർത്ഥിക്കുന്നുണ്ട് (2 സാമു. 12,16). രോഗാവസ്ഥയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് സങ്കീർത്തനങ്ങൾ പഠിപ്പിക്കുന്നു (സങ്കീ. 35,13). ദുഃഖത്തിന്റെ അവസരത്തിൽ ദാവീദും അനുചരന്മാരും ഉപവാസം അനുഷ്ഠിച്ചിരുന്നു (2 സാമു. 1,12). ആസന്നമായ അപകടത്തിൽനിന്നു രക്ഷ നേടുന്നതിന് രാജാക്കന്മാർ രാജ്യംമുഴുവനിലും ഉപവാസം പ്രഖ്യാപിച്ചിരുന്നു (2 ദിന. 20,3; ജറ. 36,9; നെഹ. 1,14). ദുരിതങ്ങളും മഹാമാരികളും അവസാനിക്കുന്നതിനായും തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിന്റെ ബാഹ്യഅടയാളമായും ഇസ്രായേൽക്കാർ ഉപവാസമനുഷ്ഠിച്ചിരുന്നു (1 രാജാ. 21,9; നെഹ. 9,1-3). ദൈവികവെളിപാടുകൾ

സ്വീകരിക്കുന്നതിനൊരുക്കമായും (പുറ. 34,28; നിയ. 9,9; ദാനി. 9,3;10,3; 1 സാമു. 28,20) അവർ ഇപ്രകാരം ചെയ്തിരുന്നു.

പഴയനിയമത്തിൽ ഉപവാസം പല ദൈർഘ്യത്തിലായിരുന്നു. ഒരു ദിവസമോ (2 സാമു. 3,35) ഒരു രാത്രിയോ (ദാനി. 6,18) മൂന്നു രാവും മൂന്നു പകലുമോ (എസ്തേ. 4,16) ഏഴു ദിവസമോ (1 സാമു. 31,13) നാല്പതു ദിവസമോ (1 രാജാ. 19,8) ഉപവസിച്ചിരുന്നു. പ്രവാചകഗ്രന്ഥങ്ങളിൽ ഉപവാസത്തെക്കുറിച്ച് നവീനമായ ഒരു കാഴ്ചപ്പാടാണ് കാണാൻ സാധിക്കുന്നത്. അനുഷ്ഠാനവിധികളിൽമാത്രം ഒതുങ്ങിനില്ക്കുന്ന ഉപവാസത്തെ പ്രവാചകർ വിമർശിക്കുന്നുണ്ട്. ഒരുവന്റെ വ്യക്തിപരമായ രൂപാന്തരീകരണവും സമൂഹത്തോടുള്ള പ്രതിബദ്ധതയുമാണ് യഥാർത്ഥ ഉപവാസത്തിന്റെ മാറ്റു നിർണയിക്കുന്നതെന്ന് പ്രവാചകർ പ്രബോധിപ്പിച്ചിരുന്നു (ഏശ 58,6-8; സഖ 7,9-11; 8, 16-19; ജറ 14,12).

പ്രാർത്ഥന ശക്തിപ്പെടുത്തുന്നതിനുള്ള മാർഗമാണ് ഉപവാസമെന്ന് പുതിയനിയമം പഠിപ്പിക്കുന്നുണ്ട്. പുതിയ നിയമത്തിൽ ഉപവാസവും പ്രാർത്ഥനയുമായി ദിനരാത്രങ്ങൾ ചിലവഴിക്കുന്ന ഈശോയെ കാണുന്നു. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാൾ ആന്തരികതയ്ക്കാണ് അവിടുന്ന് പ്രാധാന്യം നല്കിയത് (മത്താ. 6,16; മർക്കോ. 9, 29). ദൈവപിതാവിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് ഉപവസിക്കേണ്ടത്. ദുഷ്ടശക്തികളെ പുറത്താക്കുന്നതിനുള്ള മാർഗം ഉപവാസവും പ്രാർത്ഥനയുമാണെന്ന് മിശിഹാ പറയുന്നുണ്ട് (മർക്കോ 9,29).

ശ്ലൈഹികസഭയുടെ ജീവിതത്തിന്റെ ഭാഗമായും ചില പ്രത്യേക അവസരങ്ങളിൽ ഉപവസിച്ചിരുന്നതായി കാണാൻ സാധിക്കും (2 കോറി. 6,5; 11,27; അപ്പ. 13,3; 14,23; 27,9).

ആദിമക്രൈസ്തവർ ഈശോയുടെയും ശ്ലീഹന്മാരുടെയും മാതൃകയനുസരിച്ച് ഉപവസിച്ചിരുന്നു. മാമ്മോദീസായ്ക്ക് ഒരുക്കമായി അത് സ്വീകരിക്കുന്നവരും നല്കുന്നവരും ഉപവസിച്ചിരുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നതായി ഡിഡാക്കേ എന്ന പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പീഡാനുഭവ ആഴ്ചയിൽ ഉപവസിക്കുന്ന രീതി രണ്ടാം നൂറ്റാണ്ടുമുതൽ നിലവിലിരുന്നതായി സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതാണ് സഭയിൽ വലിയനോമ്പായി വളർന്നത്.

ഉപവാസം പാപത്തിന്റെ വശീകരണത്തിൽനിന്ന് നമ്മെ വിടുവിച്ച് അനുതാപത്തിലേക്കു നയിക്കുന്നു. ക്രൈസ്തവന് എല്ലാ സമയത്തും ഉപവസിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. അത് അനുഷ്ഠാനങ്ങൾ കൂട്ടുന്നതിനല്ല ആത്മനിയന്ത്രണം നേടുന്നതിനാണ്. ശരീരംകൊണ്ടും ആത്മാവുകൊണ്ടും ഉപവസിക്കണം. ഉപവാസം ദൈവതിരുമുമ്പിൽ വലിയ വിലയുള്ള നിധിയാണ്. അത് തിന്മയ്ക്കെതിരേയുള്ള വലിയ ആയുധമാണ്. ഹൃദയപരിശുദ്ധിയില്ലെങ്കിൽ ഉപവാസം സ്വീകാര്യമല്ല. ദൈവസന്നിധിയിലേക്കു നമ്മുടെ ചിന്തകളെ ഉയർത്തുന്നതിനും റൂഹാദ്ഖുദ്ശായുടെ ഫലങ്ങൾ സ്വീകരിക്കുന്നതിനും പ്രലോഭനങ്ങൾക്കെതിരേ പൊരുതുന്നതിനും ഉപവാസം ആവശ്യമത്രേ. ഉപ്പ് മാംസത്തെ കേടുകൂടാതെ സംരക്ഷിക്കുന്നതുപോലെ ഉപവാസംവഴി നമ്മിൽ പുണ്യങ്ങൾ സംരക്ഷിക്കപ്പെടുന്നു. ദാനധർമ്മം അനുധാവനം ചെയ്യുന്നില്ലെങ്കിൽ ഉപവാസം സ്വർഗത്തിലേക്കുയരില്ല; ഉപവാസം പ്രാർത്ഥനയുടെ സഹോദരിയാണ്. ഉപവാസം ആത്മാവിനെ സ്വർഗീയഭക്ഷണത്തിലേക്കുയർത്തുന്നു. ഉപവാസം മറ്റു പുണ്യങ്ങളുടെ അടിസ്ഥാനമാണ്. ഇപ്രകാരം പലവിധത്തിൽ നോമ്പിനെയും ഉപവാസത്തെയും സഭാപിതാക്കന്മാർ പ്രകീർത്തിച്ചിട്ടുണ്ട്. തോമസ് അക്വീനാസ് പറയുന്നു: "ജീവന്റെ പുസ്തകം വായിച്ചുകൊണ്ട് നിരന്തരം

പ്രാർത്ഥിക്കുവിൻ. ഈ പുസ്തകം ദൈവമനുഷ്യനായ ഈശോമിശിഹായാണ്. ആ ജീവിതം ദാരിദ്ര്യവും സഹനവും അനുസരണയുംകൊണ്ട് നിറഞ്ഞതായിരുന്നു. അവന്റെ സഹനത്തെയും മരണത്തെയുംകുറിച്ച് ധ്യാനിക്കുക. ഇത് പൂർണ്ണമായും ഹൃദയത്തിൽനിന്നു ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും കൃത്യമായും വ്യക്തമായും അധരങ്ങളിൽനിന്നെങ്കിലും ചെയ്യുക. കാരണം അധരങ്ങൾ നിരന്തരം സംസാരിക്കുമ്പോൾ ഹൃദയത്തിന് ഉണർവ്വും ചൂടും ലഭിക്കും.”

നോമ്പാചരണങ്ങൾ വളരെ കാർക്കശ്യത്തോടെ അനുഷ്ഠിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. അതിപുരാതനമായ കാലംമുതൽ മാർത്തോമ്മാനസ്രാണികൾ കൃത്യമായും കർക്കശമായും നോമ്പും ഉപവാസവും ആചരിച്ചിരുന്നു. പ്രധാനപ്പെട്ട എല്ലാ തിരുനാളുകൾക്കും ഒരുക്കമായി നോമ്പുകാലം ഉണ്ടായിരുന്നു. ആണ്ടുവട്ടത്തിൽ 225-ഓളം ദിവസങ്ങളിൽ നോമ്പും ഉപവാസവുമാചരിച്ചിരുന്നു. വിശുദ്ധനോമ്പുകാലം എന്നു വിളിച്ചിരുന്ന വലിയനോമ്പുകാലമായിരുന്നു ഏറ്റവും പ്രാധാന്യത്തോടെ ആചരിച്ചിരുന്നത്. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ദാനധർമ്മത്തിനും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും വളരെ പ്രാധാന്യം നല്കിയിരുന്നു. വിശ്വാസചൈതന്യത്തിൽ ജീവിച്ചിരുന്ന മാർത്തോമ്മാനസ്രാണികൾക്ക് നവീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അവസരമായിരുന്നു നോമ്പുകാലം. പൗരാണിക കാലങ്ങളിൽ കഠിനമായ ചിട്ടക്രമങ്ങളാണ് ഉണ്ടായിരുന്നത്. ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക, മത്സ്യമാംസാദികൾ ഉപേക്ഷിക്കുക, പള്ളിയിൽ കൂടുതൽ സമയം പ്രാർത്ഥനയിൽ ചെലവഴിക്കുക, ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യുക എന്നിവ പ്രധാനപ്പെട്ടവയായിരുന്നു. നോമ്പ് ലംഘിക്കുന്നത് വലിയ തെറ്റായാണു കരുതിയിരുന്നത് എന്ന് ആദരണീയനായ ചരിത്രപണ്ഡിതൻ പ്ലാസിഡ

ച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. മത്സ്യമാംസാദികൾ ഉപേക്ഷിച്ചുകൊണ്ടായിരിക്കണം ഈ നോമ്പുകാലം നാമെല്ലാവരും ആചരിക്കേണ്ടത്.

നാം ആരംഭിക്കുന്ന നോമ്പുകാലവും ദൈവവചനത്തിലധിഷ്ഠിതമായിരിക്കണം; സഭാപാരമ്പര്യത്തിനും നമ്മുടെ പൂർവികർ കാണിച്ചുതന്നിട്ടുള്ള തീക്ഷ്ണതയ്ക്കും അനുസരിച്ചായിരിക്കണം. നോമ്പുകാലം നമുക്ക് വീണ്ടും ജനിക്കുന്നതിനും മിശിഹായെ കൂടുതൽ അനുഭവിക്കുന്നതിനും സ്വന്തം കുരിശുമെടുത്തുകൊണ്ട് മിശിഹായെ അനുകരിക്കുന്നതിനുമുള്ള അവസരമാണ്. ദൈവവചനം കൂടുതൽ വായിക്കുന്നതിനും ധ്യാനിക്കുന്നതിനും ദൈവവചനമനുസരിച്ച് അനുദിനജീവിതത്തെ ക്രമീകരിക്കുന്നതിനും നമുക്ക് സാധിക്കണം. വിശുദ്ധ കുമ്പസാരം നടത്തി വേണ്ടത്ര ഒരുക്കത്തോടെ നോമ്പുകാലത്തേക്കു പ്രവേശിക്കുന്നത് ഉത്തമമാണ്. നമ്മുടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വലിയ ജനപങ്കാളിത്തം സാധ്യമാകുന്നില്ലെങ്കിലും സാധിക്കുന്നവിധത്തിൽ തിരുകർമ്മങ്ങളിൽ പങ്കെടുക്കുവാൻ നാം എല്ലാവരും ശ്രദ്ധിക്കണം. തിരുക്കർമ്മങ്ങളുടെ സമയത്തല്ലാതെയാണെങ്കിലും ദൈവാലയങ്ങൾ സന്ദർശിക്കുന്നതിനും കൂടുതൽ പ്രാർത്ഥനാരൂപിയിൽ വളരുന്നതിനും ഈ നോമ്പുകാലം നമ്മെ സഹായിക്കണം. കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്ന് കുടുംബപ്രാർത്ഥനകൾ നിഷ്ഠയോടെ അർപ്പിക്കുകയും ദൈവവചനം വായിച്ച് ധ്യാനിക്കുകയും ചെയ്യണം. ദൈവചനത്തിനും ദൈവത്തിന്റെ സ്വരത്തിനും സവിശേഷ പ്രാധാന്യം കൊടുക്കുവാനുള്ള അവസരമാണ് നോമ്പുകാലം. സെൽഫോണുകളുമായുള്ള ബന്ധം നിയന്ത്രിച്ച് ദൈവവചനവുമായുള്ള ബന്ധം സ്ഥാപിക്കുവാനുള്ള അവസരമാണിത്. അനാവശ്യവാക്കുകളും വ്യർത്ഥസംഭാഷണങ്ങളും കിംവദന്തികളും പരദൂഷണങ്ങളും വെടിയുന്നതിനും കർത്താവിനോട്

കൂടുതൽ സംഭാഷണം നടത്തുന്നതിനുമുള്ള സമയമാണ് നോമ്പുകാലം. മരുഭൂമിയുടെ ഏകാന്തതയിലാണ് മിശിഹാ പ്രാർത്ഥിച്ചൊരുങ്ങിയതും പ്രലോഭനങ്ങളെ അതിജീവിച്ചതും. നോമ്പിലൂടെ നാം മരുഭൂമിയിലേക്കു കടക്കുകയാണ്. മരുഭൂമിയിൽ വച്ച് കൂടുതൽ വ്യക്തത ലഭിക്കും. നല്ല തീരുമാനങ്ങൾ എടുക്കാൻ കഴിയും. നമ്മെ ശല്യപ്പെടുത്തുന്ന, ശ്രദ്ധ വ്യതിചലിപ്പിക്കുന്ന പലതും മരുഭൂമിയിൽ ലഭിക്കില്ല. ലൗകിക കാര്യങ്ങൾക്കുവേണ്ടിയാണ് പലപ്പോഴും നാം ജീവിതം പാഴാക്കുന്നത്. മരുഭൂമിയിൽവച്ച് ജീവിതയാഥാർത്ഥ്യങ്ങളുമായി നാം ഏറ്റുമുട്ടുന്നു. അരൂപി നമ്മെയും മരുഭൂമിയിലേക്ക് നയിക്കട്ടെ. അവിടെ ആർഭാടങ്ങൾ അപ്രത്യക്ഷമാകും. ദൈവത്തിന്റെ സ്വരം കേൾക്കാൻ കഴിയും. ഭക്ഷണപാനീയങ്ങളെക്കുറിച്ചുള്ള വ്യഗ്രതകൾ കുറയും. നമുക്ക് അല്പം വിശന്നും ദാഹിച്ചും ഈ നോമ്പുകാലം, മരുഭൂമിവാസം ഫലപ്രദമാക്കാം. ആരവങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും മനസ്സിനെയും ശരീരത്തെയും മാറ്റിനിറുത്തി ശാന്തതയോടും പരസ്നേഹചൈതന്യത്തോടും ജീവിതത്തെ ക്രമപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. ഈശോയോടൊപ്പം നമുക്ക് മരുഭൂമിയിലേക്ക് – നോമ്പുകാലത്തിലേക്ക് – പ്രവേശിക്കാം. സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയ ഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവിൻ. ഗാനാലാപനങ്ങളാൽ പൂർണ്ണഹൃദയത്തോടെ കർത്താവിനെ പ്രകീർത്തിക്കുവിൻ (എഫേ. 5:19). കാർഷികരംഗം, സാധുജനഭവന നിർമ്മാണപദ്ധതികൾ, വിദ്യാഭ്യാസ വായ്പാ പദ്ധതികൾ, കുടുംബങ്ങളിൽചെന്നുള്ള രോഗീശുശ്രൂഷ തുടങ്ങിയവയെല്ലാം നമ്മുടെ മുൻഗണനയിൽ ഉണ്ടായിരിക്കണം. ഹെബ്രായ ലേഖനകർത്താവിന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: “അതിനാൽ വേണ്ട സമയത്ത് കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം” (ഹെബ്രാ. 4:16).

നമ്മുടെ കുർബാനയർപ്പണത്തിൽ അനാഫൊറ ആരം ഭിക്കുന്നതിനുമുമ്പ് നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യം ഏറ്റുപറയുന്നുണ്ട്. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധ റൂഹായെയും നമുക്ക് പ്രസാദിപ്പിക്കാം. അനുതാപവും പ്രാർത്ഥനയും നിറഞ്ഞ നോമ്പിലും ഉപവാസത്തിലും ദൈവം സംപ്രീതനാകുന്നു എന്നാണ് ഇതിനർത്ഥം. അപ്രകാരം ദൈവത്തിനു പ്രീതികരമായ ഒരു ബലിയായി നമ്മുടെ ജീവിതത്തെ സമർപ്പിക്കുവാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 11.02.2021

---

NB: ഈ ഇടയലേഖനം 2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ വായിക്കുന്നതിനായി നല്കപ്പെട്ടതാണ്.

സർക്കുലർ - 280

# 13-ാം പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

പ്രിയ ബഹു. അച്ചന്മാരേ, സന്ന്യാസിനീസന്ന്യാസികളേ, സഹോദരീസഹോദരന്മാരേ,

രൂപതയിലെ അജപാലനപ്രവർത്തനം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗികനിഗമനങ്ങൾ സമർപ്പിക്കുന്നതിനുമുള്ള ആലോചനാസമിതിയാണ് (Consultative body) പാസ്റ്ററൽ കൗൺസിൽ (CCEO 272-275). ഇതിനായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി രൂപതയിലെ വൈദികർ, സന്ന്യാസിനീസന്ന്യാസികൾ, അല്മായർ എന്നിവരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും സാമൂഹ്യസേവനസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പ്രേഷിതസംഘടനകൾ തുടങ്ങിയവയുടെയും ഇതരസേവനരംഗങ്ങളിലെ പ്രവർത്തകരുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സ്ഥിരം സമിതിയാണ് നമ്മുടെ രൂപത പാസ്റ്ററൽ കൗൺസിൽ. ഒരു കൗൺസിലിന്റെ കാലാവധി നാലു വർഷമാണ്.

1967 ലാണ് നമ്മുടെ രൂപതയിൽ ആദ്യമായി പാസ്റ്ററൽ കൗൺസിൽ നിലവിൽ വന്നത്. 2017 ൽ നിലവിൽ വന്ന പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയാവുകയാണ്. പുതിയ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പുനടപടികൾക്കായി **രൂപത സിഞ്ചെല്ലൂസുമാരായ വെരി റവ. ഫാ. ജോസഫ് തടത്തിൽ, വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ, ഡി.എസ്.റ്റി. സാന്തോം പ്രൊവിൻസ് പ്രൊവിൻഷ്യൽ റവ. മദർ ജെസ്സി മനയാത്ത് ഡി.എസ്.റ്റി., പ്ലാശനാൽ ഹയർ**

**സെക്കന്ററി മുൻ പ്രിൻസിപ്പൽ ശ്രീ ഷിബി തോമസ് ഈരൂരിക്കൽ** എന്നിവരടങ്ങുന്ന ഒരു കമ്മീഷനെ നിയമിക്കുന്നു. പെരിയ ബഹു. ജോസഫ് തടത്തിലച്ചൻ ഈ കമ്മീഷന്റെ ചെയർമാൻ ആയിരിക്കും. ഈ കമ്മീഷന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ച് തിരഞ്ഞെടുപ്പുനടപടികൾ കഴിയുന്നതും വേഗം പൂർത്തിയാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

മാതൃകാപരമായ കത്തോലിക്കാജീവിതം നയിക്കുന്നവരും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താത്പര്യം പ്രകടിപ്പിക്കുന്നവരും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും വിവേകത്തോടെയും പ്രകടിപ്പിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ആദരിക്കുകയും ചെയ്യുന്നതിന് കഴിവും സന്നദ്ധതയും ഉള്ളവരുമായ നേതാക്കളെ തിരഞ്ഞെടുക്കുന്നതിൽ ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിഭാഗീയചിന്തകൾക്കോ കക്ഷിതാത്പര്യങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെയാണ് തിരഞ്ഞെടുക്കേണ്ടത്. കത്തോലിക്കാസഭയുടെ വിശ്വാസവും ധാർമ്മികപ്രബോധനങ്ങളും പാലിക്കുന്നവരും പഠിപ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരപ്രത്യയശാസ്ത്രങ്ങൾ വച്ചുപുലർത്തുന്നവരും അവയോടു ബന്ധം പുലർത്തുന്നവരും, വിശ്വാസവിരുദ്ധഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചനാസമിതിയിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ്.

പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനായിൽനിന്നും ആറ് അല്മായപ്രതിനിധികളെയാണ് തിരഞ്ഞെടുക്കേണ്ടത്. അവരെ തിരഞ്ഞെടുക്കാൻ ഓരോ ഇടവകയിൽനിന്നും **നാലു പ്രതിനിധികളെവീതം പ്രതിനിധിയോഗം** കൂടി തിരഞ്ഞെടുക്കുകയും അവരുടെ പേരുവിവരം **ഏപ്രിൽ 27-ാം തീയതി ചൊവ്വാഴ്ചയ്ക്കകം** ബഹു. ഫൊറോനാവികാ

രിയെ അറിയിക്കുകയും ചെയ്യണം. ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ യോഗപ്രതിനിധികളിൽപ്പെട്ടവർതന്നെ ആയിരിക്കണമെന്നില്ല. യോഗവും ആണ്ടുതിരട്ടുമുള്ള കുരിശുപള്ളികൾക്കും ഇടവകപ്രാതിനിധ്യംതന്നെ ഉണ്ടായിരിക്കുന്നതാണ്.

ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരിൽ, **1. 40 വയസിനു മുകളിലുള്ള ഒരാൾ, 2. 40 വയസിനു താഴെയുള്ള ഒരാൾ, 3. ഒരു വനിതാപ്രതിനിധി, 4. ദളിത് കത്തോലിക്കാ – ഡി.സി.എം.എസ്. – പ്രതിനിധി** (25 കുടുംബങ്ങളിൽ കൂടുതൽ ദളിത് കത്തോലിക്കർ ഉള്ളതും രൂപത ഡി.സി.എം.എസ്. സംഘടനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഇടവകയാണെങ്കിൽ മാത്രം) എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കണം.

ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഫൊറോനാവികാരി നിശ്ചയിക്കുന്ന തീയതിയിലും സമയത്തും ഫൊറോനാകേന്ദ്രത്തിൽ ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽക്കൂടി ഫൊറോനായിൽനിന്നുള്ള **ആറു പ്രതിനിധികളെ** തിരഞ്ഞെടുക്കണം. ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടുവരുന്ന പ്രതിനിധികൾക്കു മാത്രമേ രൂപത പാസ്റ്ററൽ കൗൺസിലിലേക്കു തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളൂ. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരിൽ **ഒരാൾ ദളിത് കത്തോലിക്കാ വിഭാഗത്തിൽപ്പെട്ടയാളും ഒരാൾ വനിതയും ഒരാൾ 40 വയസ്സിൽ താഴെയുള്ളയാളുമായിരിക്കണം, മറ്റുള്ളവർ ജനറൽ വിഭാഗത്തിൽപ്പെടുന്നവരുമായിരിക്കണം.** രഹസ്യവോട്ടിലൂടെയാണ് പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. ഏതെങ്കിലും ഒരു പ്രതിനിധിയുടെ തിരഞ്ഞെടുപ്പ് അസാധുവായി തെളിഞ്ഞാൽ, ആ ഗണത്തിൽ കൂടുതൽ വോട്ടുകിട്ടിയ അടുത്തയാൾ തിരഞ്ഞെടുക്കപ്പെട്ടതായി പരിഗണിക്കും.

**ബഹു. ഫൊറോനാവികാരിമാർ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വിലാസവും മൊബൈൽ നമ്പരും വാട്സാപ്പ്**

**നമ്പരും ഇ-മെയിൽ വിലാസവും പാസ്പോർട്ട് സൈസ് ഫോട്ടോയും റിപ്പോർട്ടും 2021 മേയ് 10-ാം തീയതി തിങ്കളാഴ്ചയ്ക്കകം ഇലക്ഷൻ കമ്മീഷൻ, പാസ്റ്ററൽ കൗൺസിൽ, ബിഷപ്സ് ഹൗസ്, പാലാ - 686 575** എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. ഫൊറോനായിൽനിന്നുള്ള വൈദികപ്രതിനിധി ഫൊറോനാവികാരിയായിരിക്കും.

ഈ അവസരത്തിൽ പന്ത്രണ്ടാം കൗൺസിലിലെ എല്ലാ അംഗങ്ങളെയും,പ്രത്യേകിച്ച് ചെയർമാൻ ഡോ. സിറിയക് തോമസ്, സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ എന്നിവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. കോവിഡ് 19 ന്റെ സാഹചര്യംമൂലം നിലവിലുള്ള ഗവൺമെന്റ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ച് പതിമൂന്നാം കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയാക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

കാരുണ്യവാനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.03.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB : ഈ സർക്കുലർ ഏപ്രിൽ 11-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ 281

# കത്തോലിക്കാ കോൺഗ്രസ്

പ്രിയ ബഹു. അച്ചന്മാരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

കേരളസമൂഹത്തിലും സഭയിലും നിർണായകസ്വാധീനം ചെലുത്തിയ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് ഈ ഏപ്രിൽ 30 ന് 103 വർഷങ്ങൾ പൂർത്തിയാവുകയാണ്. 1904 ൽ മാന്നാനത്ത് നാല്പതു മണി ആരാധനയുടെ സമാപനത്തിൽ നിധീരിക്കൽ മാണിക്കത്തനാരുടെയും പാറായിൽ വർക്കി തരകന്റെയും നേതൃത്വത്തിൽ ചേർന്ന സമുദായസമ്മേളനമാണ് കത്തോലിക്കർക്ക് ഒരു സമുദായസംഘടന വേണമെന്ന ആശയം മുമ്പോട്ടുവയ്ക്കുന്നത്. തുടർന്നുവന്ന വർഷങ്ങളിൽ കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും ക്രൈസ്തവകേന്ദ്രങ്ങളിൽവച്ച് വമ്പിച്ച സമുദായസമ്മേളനങ്ങൾ നടന്നുവന്നിരുന്നു.

1918 ൽ ചങ്ങനാശേരിയിൽ ചേർന്ന സമുദായസമ്മേളനത്തിലാണ് 'കേരള കത്തോലിക്കാ മഹാജനസഭ' എന്ന പേരിൽ കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യരൂപം നിലവിൽ വന്നത്. 1930 ൽ ചേർത്തലയിൽ ചേർന്ന സമ്മേളനത്തിൽവച്ച് 'അഖില കേരള കത്തോലിക്കാ കോൺഗ്രസ്' എന്ന പേര് സംഘടന സ്വീകരിച്ചു. കേരളത്തിലെ മൂന്ന് വ്യക്തിഗതസഭകളിലും ഉൾപ്പെടുന്ന കത്തോലിക്കർ ഒരുമിച്ചുചേർന്നാണ് കത്തോലിക്കാ കോൺഗ്രസ് രൂപീകരിച്ചത്. പിന്നീട് ഇത് സീറോ മലബാർ സഭാംഗങ്ങളുടെ സമുദായസംഘടനയായി മാറി. ലത്തീൻ, മലങ്കര സഭകൾ അവരുടേതായ സമുദായസംഘടനകൾ രൂപീകരിച്ചു. കേരള മെത്രാൻ സമിതിയുടെ (KCBC) കീഴിൽ 'കേരള കാത്തലിക് ഫെഡറേഷൻ' (KCF) എന്ന പേരിൽ മൂന്നു വ്യക്തിസഭകളിലെയും സമുദായസംഘടനകൾ ഒന്നായിച്ചേർന്നു പ്രവർത്തിക്കുന്നു.

ലോകമെമ്പാടുമുള്ള സീറോ - മലബാർ സഭാംഗങ്ങളെ ഒന്നിച്ച് അണിനിരത്തുന്നതിനായി കത്തോലിക്കാ കോൺഗ്രസ് ആഗോളതലത്തിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും എല്ലാ രാജ്യങ്ങളിലും ശാഖകൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

അനീതിയും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന കാലഘട്ടത്തിൽ നവോത്ഥാനശബ്ദമായാണ് സംഘടന ജന്മമെടുത്തത്. റവന്യൂ, ദേവസ്വവിഭജനം, എല്ലാ മതങ്ങൾക്കും സർക്കാർ സർവീസിൽ ജോലി, ജനസംഖ്യാനുപാതികമായി പ്രജാസഭയിൽ അംഗത്വം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു നടന്ന മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭം എന്നിവയ്ക്കു നേതൃത്വം കൊടുത്തത് സംഘടനയായിരുന്നു. ദിവാൻ സി.പി. ക്ക് എതിരേ നടന്ന സമരം 1957 ലെയും 1972 ലെയും വിദ്യാഭ്യാസസമരങ്ങൾ, കർഷക കുടിയിറക്കുകൾക്കെതിരേ നടന്ന പോരാട്ടങ്ങൾ തുടങ്ങിയവ എടുത്തുപറയേണ്ട സാമൂഹിക ഇടപെടലുകളായിരുന്നു.

കാലികസമൂഹത്തിൽ സംഘടന നടത്തിയ പ്രവർത്തനങ്ങൾ സവിശേഷശ്രദ്ധ ആകർഷിക്കുന്നതാണ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഉന്നയിച്ച് ലക്ഷം ആളുകളെ പങ്കെടുപ്പിച്ച് പാലായിൽ നടത്തിയ അല്മായമഹാസംഗമം, റബ്ബർ ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങളുടെ വിലയിടിവിനെതിരേ, ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരേ നടത്തിയ പോരാട്ടങ്ങൾ ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടിയും തീവ്രമതനിലപാടുകൾക്കെതിരേയും നടത്തിയ പ്രവർത്തനങ്ങൾ, കുടുംബകൃഷി പ്രോത്സാഹനത്തിനായി ലോക്ഡൗൺ നാളുകളിൽ ആയിരക്കണക്കിനു കുടുംബങ്ങളെ പങ്കെടുപ്പിച്ചു നടത്തിയ അടുക്കളത്തോട്ടമത്സരങ്ങൾ തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്.

സാമൂഹികസാഹചര്യങ്ങൾ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതരമതങ്ങളിലെ ന്യൂനപക്ഷമെങ്കിലും തീവ്രമതനിലപാടുള്ള

വ്യക്തികളും സംഘടനകളും നടത്തുന്ന ആസൂത്രിതനീക്കങ്ങൾ, നമ്മുടെ ജനസംഖ്യയിലുണ്ടാകുന്ന ഗണ്യമായ കുറവ്, സഭാംഗങ്ങൾക്കു നഷ്ടമാകുന്ന സമുദായബോധം, സർക്കാർ സർവീസിലും പൊതുരംഗത്തും ഉണ്ടാകുന്ന സമുദായാംഗങ്ങളുടെ കുറവ്, കാർഷികമേഖലയുടെ തകർച്ച, നവമാധ്യമങ്ങളുടെ നശീകരണാത്മകമായ കടന്നുകയറ്റം തുടങ്ങിയ പ്രശ്നങ്ങളെ നമ്മൾ ഗൗരവത്തോടെ സമീപിക്കുകയും പ്രശ്നപരിഹാരത്തിനായി ശക്തമായ കർമപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും വേണം.

കോവിഡ് കാലഘട്ടം നമ്മുടെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. എങ്കിലും, കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനങ്ങൾ മുമ്പോട്ടുനീങ്ങിയത് അഭിനന്ദനാർഹമാണ്. രൂപതയിൽ, ഇടവക, ഫൊറോന, രൂപതാതലങ്ങളിലുള്ള തിരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ ഭാരവാഹികൾ ചുമതലയേറ്റു. സ്ഥാനമേറ്റ ഇമ്മാനുവൽ ജോൺ നിധീരിയുടെ നേതൃത്വത്തിലുള്ള പുതിയ ഭാരവാഹികൾക്ക് അഭിനന്ദനവും നിസ്വാർത്ഥതയോടെ പ്രവർത്തിച്ച് സ്ഥാനമൊഴിഞ്ഞ രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിലുള്ള മുൻഭാരവാഹികൾക്ക് കൃതജ്ഞതയും രേഖപ്പെടുത്തുന്നു. നാലു പതിറ്റാണ്ട് കത്തോലിക്കാകോൺഗ്രസിനു സജീവനേതൃത്വം നല്കി വിശ്രമജീവിതം നയിക്കുന്ന ശതാഭിഷേകനിറവിൽ നിൽക്കുന്ന ശ്രീ ജോൺ കച്ചിറമറ്റം സാറിന് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു. സാറിന്റെ എല്ലാ പ്രവർത്തനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ 110 ഇടവകകളാണ് തിരഞ്ഞെടുപ്പുപ്രക്രിയകൾ പൂർത്തിയാക്കിയത്. പതിനായിരത്തോളം അംഗങ്ങളാണ് സംഘടനയിൽ നിലവിലുള്ളത്. കോവിഡനന്തരം പ്രവർത്തനങ്ങൾ സജീവമാക്കി രൂപതയിലെ എല്ലാ ഇടവകകളിലും ശാഖകൾ തുടങ്ങുവാനും കൂടുതൽ സമുദായാംഗങ്ങളെ സംഘടനയിൽ അംഗങ്ങളാക്കാനും

നാം ശ്രമിക്കേണ്ടതുണ്ട്. സംഘടനയുടെ എല്ലാ തലങ്ങളിലും നേതൃത്വം നൽകുന്ന ഭാരവാഹികൾക്കും ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിക്കുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.03.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2021 ഏപ്രിൽ 25-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കുന്ന സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

2021 ഏപ്രിൽ 25 നുള്ള സ്തോത്രക്കാഴ്ച കത്തോലിക്കാ കോൺഗ്രസിനുവേണ്ടി സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

സർക്കുലർ - 282

# പ്രതിനിധിയോഗ തിരഞ്ഞെടുപ്പ്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

കോവിഡ് 19 നോടനുബന്ധിച്ചുള്ള ഗവൺമെന്റ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ 08.05.2020 ൽ നൽകിയ സർക്കുലർ 270 പ്രകാരം കാലാവധി പൂർത്തിയാക്കിയ പ്രതിനിധിയോഗങ്ങൾക്ക് തുടർന്നു പ്രവർത്തിക്കുവാനുള്ള അനുമതി നൽകിയിരുന്നല്ലോ. സാഹചര്യങ്ങൾ പൂർണ്ണമായി മാറിയിട്ടില്ലെങ്കിലും കാലാവധി ഇതിനോടകം പൂർത്തിയാക്കിയതും അടുത്ത് പൂർത്തിയാക്കുന്നതുമായ പ്രതിനിധിയോഗങ്ങൾക്കു പകരം നിയമാവലി അനുശാസിക്കുംവിധം അനുബന്ധ പ്രക്രിയകൾ പൂർത്തിയാക്കി തിരഞ്ഞെടുപ്പ് നടത്തി പുതിയ യോഗാംഗങ്ങളുടെ പേരുവിവരങ്ങൾ (ഔദ്യോഗികപേരും വീട്ടുപേരും) തിരഞ്ഞെടുപ്പിൽ സംബന്ധിച്ചവരുടെ ലിസ്റ്റ് സഹിതം അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

1. രൂപതയുടെ പുതിയ നിയമാവലി അനുസരിച്ചാവണം തിരഞ്ഞെടുപ്പു നടത്തേണ്ടത്. (അദ്ധ്യായം 16, പള്ളിയോഗനടപടികൾ ഖണ്ഡം III നമ്പർ 9 -18, പേജ് 391 - 404)

2. കോവിഡ് 19 ന്റെ വ്യാപനമായതിനാലും വീടുകളിൽ വച്ച് സമ്മേളനങ്ങൾ കൂടാൻ സാഹചര്യമില്ലാത്തതിനാലും ഇടവകയുടെ വാർഡുതലപൊതുയോഗം പാരീഷ് ഹാളിൽ വിളിച്ചുകൂട്ടി തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും ഉചിതം.

3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സംഖ്യ വാർഡുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ആകെ എണ്ണ

ത്തിന്റെ മൂന്നിലൊന്നിൽ കൂടുതൽ ആകരുത്. (രൂപതാ നിയമം 9.4, പേജ് 395)

4. വാർഡുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരിൽ 30% സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിനായി ഏതാനും വാർഡുകൾ മുൻകൂട്ടി ക്രമീകരിക്കുന്നത് നന്നായിരിക്കും (രൂപതാ നിയമം 10.1 നമ്പർ.6, പേജ് 396)

5. ഇടവകസംഘടനകൾ അവരുടെ പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടത് ബഹു. വികാരി / അസ്തേന്തിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിലാവണം. തിരഞ്ഞെടുപ്പിൽ പങ്കെടുത്ത സംഘടനാംഗങ്ങളുടെ ലിസ്റ്റ് രൂപതാകച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

6. യോഗാംഗങ്ങളുടെ ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിക്കുവാൻ തയ്യാറാക്കുമ്പോൾ താഴെ നൽകുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

1. ഔദ്യോഗിക അംഗങ്ങൾ (Ex-Officio Members)
2. വാർഡുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവിടങ്ങളിൽനിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ (Elected Members)
3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ (Nominated Members)

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.03.2021

**സർക്കുലർ - 279**

## മാർ യൗസേപ്പിന്റെ വർഷം
## രൂപത തീർത്ഥാടന ദൈവാലയങ്ങൾ

2020 ഡിസംബർ 08 മുതൽ 2021 ഡിസംബർ 08 വരെ മാർ യൗസേപ്പിന്റെ വർഷമായി മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. നമ്മുടെ രൂപതയിൽ അന്തിനാട്, ചൂണ്ടച്ചേരി, ഇടപ്പാടി, ജോസ്മൗണ്ട് (ഇല്ല്യാരി), ജോസ്ഗിരി, കാക്കൂർ, കിഴതടിയൂർ, കൂടല്ലൂർ, കൂടക്കച്ചിറ, കുന്നോന്നി, മണിയംകുളം, പൈക, ശാന്തിഗിരി, തിടനാട്, ഉദയഗിരി, വാരിയാനിക്കാട്, വേഴങ്ങാനം എന്നീ 17 ഇടവകകളാണ് മാർ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദൈവാലയങ്ങൾ. വിശേഷാൽ ഈ ഇടവകകളിൽ മാർ യൗസേപ്പിന്റെ വർഷം സമുചിതമായി ആചരിക്കേണ്ടതാണ്.

ചരിത്രപ്രാധാന്യം, കുടുംബങ്ങളുടെ എണ്ണം, മറ്റു ഘടകങ്ങൾ എന്നിവ പരിഗണിച്ച് മാർ യൗസേപ്പിന്റെ വർഷത്തിൽ രൂപതയിലെ **കൂടല്ലൂർ, തിടനാട്, കാക്കൂർ** എന്നീ മൂന്ന് ഇടവക ദൈവാലയങ്ങളെ തീർത്ഥാടനകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ഈ തീർത്ഥാടനകേന്ദ്രങ്ങളിൽ ഈ വർഷം നടത്തപ്പെടുന്ന വിവിധ കർമ്മപരിപാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഈ തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുവാനും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാനും ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തി മാർ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടാം.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 04.01.2021

---

NB: ഈ സർക്കുലർ മാർച്ച് 28-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുന്നതിനായി നല്കപ്പെട്ടതാണ്.

Ref: 3445/K-5/KCBC/OL/DS 12.2.2021

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2021 – ലെ നോമ്പുകാലസന്ദേശം

*"ഇതാ! നമ്മൾ ജറുസലേമിലേക്കു പോകുന്നു." (മത്താ 20:18)*

## നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്കു വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോടു സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ, "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ, (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ 'ജീവജല'ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യാം. ഈ നോമ്പുകാലയാത്ര, ക്രിസ്തീയജീവിതം ഒരു മുഴുവൻ തീർത്ഥാടനമാ

യിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും (cf. മത്താ 6:1-18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവയിൽ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമതഃ അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾതോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തിരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്തസങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുമ്പുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തുതന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങി

ക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്ന രൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈ വിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിനു നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്കു കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. Fratelli Tutti, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്കു കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്കു വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃമൂല്യങ്ങളിൽനിന്ന് ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികൃത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്കു കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ, കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനുമായാണ്.

2. പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

കിണറ്റിൻകരയിൽവച്ച് സമരിയാക്കാരി സ്ത്രീയോടു ദാഹജലം ചോദിച്ച യേശു അവൾക്ക് 'ജീവജലം' (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ, അതിന്റെ അർത്ഥമെന്തെന്ന് അവൾക്കു മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചു പോയത് ദാഹജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുമ്പേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത്, 'മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും' (മത്താ 20:19) ഇതുവഴി യേശു പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ അക്രമവും അനീതിയുംകൊണ്ടോ സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല. എന്നുപറഞ്ഞാൽ, അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും, നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്കു പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ, നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർ

പ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, “ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ” (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ  നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്കു നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടു വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു  നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (Fratelli Tutti, 223). ചിലപ്പോൾ ദയാവായ്പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താത്പര്യമെടുത്തും ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും പ്രോത്സാഹജനകമായ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്കു പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid, 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തിരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു(cf. മത്താ 6:6)വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ, 'എല്ലാറ്റിനെയും നവീകരിക്കുന്ന' (cf. വെളി 21:1-6) ദൈവത്തിന്, ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

'സാമൂഹികസ്നേഹം' നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്കാരത്തിലേക്കു കുതിക്കുന്നതിനുള്ള സാധ്യതയൊരുക്കുന്നു. സ്നേഹം അതിന്റെ സാർവത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനു ശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (Fratelli Tutti, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും ശ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപ്പാത്രവും മാവിൻകലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7–16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിനു വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:30 44). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. “ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു” (ഏശ 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്കു നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ

മാത്രമാണെന്നും അതുവഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാവിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൻചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

റോമിൽനിന്ന്, 11 നവംബർ 2020
ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

**Prot. No. 215-2021** **30.03.2021**

## Declaration of Election & Constitution of Election Commission to XIII Eparchial Presbyteral Council, Eparchy of Palai

Dear Very Rev / Rev. Fathers,

The Code of Canons of the Eastern Churches states "A Presbyteral Council must be established in the eparchy, that is a body of priests representing the presbyterate, and which, in accord with the norm of the law, assists the eparchial bishop by its advice in those things that regard the needs of pastoral activity and the good of the eparchy" (Can. 264). I am pleased to inform you that the *XII Eparchial Presbyteral Council* has rightly completed its term of office and election to the *XIII Presbyteral Council* is hereby declared.

A Committee is constituted with **Very Rev. Fr. Joseph Thadathil** (Syncellus, Eparchy of Palai) as its Chairman and **Very Rev. Fr. Sebastian Padickakuzhippil** (Vicar, Ss. Gervasis and Prothasis Forane Church, Kothanalloor), **Rev. Fr. Joseph Kaduppil** (Professor, Institute of Eastern Canon Law, Paurastya Vidyapitham, Vadavathoor) and **Rev. Fr. Mathew Alappattumedayil** (Asst. Professor, St. Thomas College & Warden, CR Hostel, Arunapuram, Pala) as its members to conduct the election to the new Presbyteral Council. Election will be conducted according to the Statutes of the Eparchial Presbyteral Council. I solicit your cooperation and request your earnest participation in the election.

Yours in Christ Our Lord

Bishop Joseph Kallarangatt
Bishop, Eparchy of Palai

Fr. Jose Kakkallil
Chancellor

MAR JOSEPH KALLARANGATT
DUC IN ALTUM
BISHOP OF PALAI

---

Copy to: 1. Very Rev. Fr. Joseph Thadathil, Syncellus, Eparchy of Palai, Bishop's House Palai, 2. Very Rev. Fr. Sebastian Padickakuzhippil, Vicar, Ss. Gervasis and Prothasis Forane Church, Kothanalloor, 3. Rev. Fr. Joseph Kaduppil, Professor, Institute of Eastern Canon Law, Paurastya Vidyapitham, Vadavathoor, 4. Rev. Fr. Mathew Alappattumedayil, Asst. Professor, St. Thomas College & Warden, CR Hostel, Arunapuram, Pala.

Ref: 3466/K-5/KCBC/OL/DS

## കുടുംബവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

(19.03.2021 - 26.06.2022)

വന്ദ്യവൈദികരേ, ബഹു. സന്ന്യസ്തരേ, വത്സല സഹോദരരേ,

തിരുക്കുടുംബപാലകനായ വി. യൗസേപ്പിതാവിനെ സാർവ്വത്രികസഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച, "വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ'ത്തിലാണല്ലോ തിരുസഭ. ഈ വർഷത്തിൽ ത്തന്നെ കുടുംബവർഷാചരണംകൂടി പരിശുദ്ധ പാപ്പാ പ്രഖ്യാ പിച്ചിരിക്കുകയാണ്. ഫ്രാൻസിസ് പാപ്പാ കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന തന്റെ അപ്പസ്തോലിക പ്രബോധനം 'അമോരിസ് ലെത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാം വാർഷികത്തിലാണ് കുടുംബവർഷാചരണം പ്രഖ്യാപിച്ചിരി ക്കുന്നത്. 2021 മാർച്ച് 19 നു തുടങ്ങി 2022 ജൂൺ 26 ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടെ കുടുംബവർഷാ ചരണം സമാപിക്കും. എല്ലാ രൂപതകളിലും ഇടവകകളിലും മാർച്ച് 19-ാം തീയതിയോ അതു കഴിഞ്ഞുവരുന്ന ഞായ റാഴ്ചയോ സമുചിതമായി കുടുംബവർഷാചരണത്തിനു തുടക്കം കുറിക്കേണ്ടതാണ്.

ഓരോ കുടുംബവും യേശു സ്ഥാപിച്ച സഭയുടെ ചെറു പതിപ്പാണ്. അല്ല, സഭതന്നെയാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്നു വിളിക്കുന്നത്. ക്രൈസ്തവജീവിതത്തിന്റെ മൂലക്കല്ലായ കൂട്ടായ്മയുടെ പ്രകടമായ രൂപം കാണുന്നത് കുടുംബ

ത്തിലാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വീക്ഷണത്തിൽ, "ദൈവികപദ്ധതിയിൽ കുടുംബം സ്ഥാപിച്ചിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരൊറ്റ കൂട്ടായ്മയായിട്ടാണ്" (കുടുംബം ഒരു കൂട്ടായ്മ നം.17). കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്ത്, വിവാഹവാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് തങ്ങളുടെ കൂട്ടായ്മയിൽ നിരന്തരം വളർച്ച പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവംതന്നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്ഥാപകനും സംരക്ഷകനും ആയതുകൊണ്ടു ഒരു മഹാരഹസ്യമായാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിവാഹത്തെ കാണുന്നത് (എഫേ. 5,32). ഒരർത്ഥത്തിൽ പരിശുദ്ധ ത്രിത്വം ഒരു രഹസ്യമായിരിക്കുന്നതുപോലെ, ത്രിത്വത്തെ വെളിവാക്കുന്ന കുടുംബവും ഒരു രഹസ്യമായി നിലകൊള്ളുന്നു. ത്രിതൈകരഹസ്യം മഹാരഹസ്യമായി നിലകൊള്ളുമ്പോഴും മാനവരക്ഷയ്ക്കായി അവതാരം ചെയ്യുകയും മാനവർക്ക് ആ രക്ഷ അനുഭവവേദ്യമാവുകയും ചെയ്തതുപോലെ ഓരോ കുടുംബവും സമൂഹത്തിന് നന്മയുടെ ഉറവിടമായി മാറണം. "സന്തോഷത്തിന്റെ സമാധാനം പേറുന്ന കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാവുകയും ഇരുളടഞ്ഞ ലോകത്തിനു പ്രകാശമായി മാറുകയും വേണം' (സ്നേഹത്തിന്റെ ആനന്ദം, നം. 66).

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, 'സ്നേഹത്തിന്റെ ആനന്ദം' എന്ന തന്റെ പ്രബോധനത്തിലൂടെ ഓർമ്മിപ്പിച്ച വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും പല കർമ്മപരിപാടികളിലൂടെയും കുടുംബങ്ങളെ നവീകരിക്കുവാനുമുള്ളതാണ് ഈ കുടുംബവർഷം. തങ്ങളെത്തന്നെ വീണ്ടെടുക്കുവാനും

നവീകരിക്കുവാനുമുള്ള ദൗത്യമാണ് പാപ്പാ ഓരോ കുടുംബ ത്തിനും ഈ വർഷം നൽകുന്നത്. 'കുടുംബങ്ങളുടെ നവീകര ണവും വീണ്ടെടുപ്പും' എന്ന ഈ കുടുംബവർഷത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ രൂപത കുടുംബത്തിന്റെയും ഇടവക കുടുംബങ്ങളുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കു കയും വേണം.

കുടുംബജീവിതത്തിന്റെ പവിത്രതയും പഴയ കെട്ടുറപ്പും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് വിവാഹ ത്തകർച്ചകളും വിവാഹമോചനങ്ങളും ഏറി വരുന്നുവെന്നത് ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്. കുടുംബജീവി തത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് അതിനായി വേണ്ട ഒരുക്കവും പരിശീലനവുമുണ്ടെങ്കിൽ വിവാഹത്തെയും തുടർന്നുള്ള ജീവിതത്തെയും ശക്തിപ്പെടുത്തുവാൻ അത് സഹായകമാകും. പൊതുവായ മതബോധനവും വിവാഹാർ ത്ഥികളുടെ വ്യക്തിപരമായ ഒരുക്കവും നടക്കുന്നതോടൊപ്പം വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ പരിശീലനപരിപാടികൾ സംഘടി പ്പിക്കേണ്ടതാണ്. രൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾക്കു പുറമേ ഇടവകതലത്തിൽ കൗമാരക്കാരായ കുട്ടികൾക്ക് വിവാഹ ഒരുക്ക പരിശീലനം നൽകാവുന്നതാണ്.

കുടുംബത്തെ അടിസ്ഥാനപരമായി ഗാർഹികസഭയായി കാണുമ്പോൾ മാനുഷികവും ധാർമ്മികവുമായ എല്ലാ മൂല്യ ങ്ങളും വളരേണ്ടതും പക്വത പ്രാപിക്കേണ്ടതും കുടുംബത്തി ലാണെന്ന് സഭ അടിവരയിട്ടു പഠിപ്പിക്കുന്നു. നവ മാധ്യമങ്ങളുടെ അതിപ്രസരംമൂലം പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും നന്മകൾ കുടുംബങ്ങളിൽ ശിഥിലമായിക്കൊണ്ടിരിക്കുകയും ഓരോരുത്തരും ഭവനങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളായി

മാറുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്ത് 'മാധ്യമമുക്ത കുടുംബ മണിക്കൂർ' (Digital Free Family Hour) കുടുംബങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ കുടുംബങ്ങൾ പ്രാർത്ഥനയുടെയും പരസ്പരമുള്ള സ്നേഹസംഭാഷണങ്ങളുടെയും ഇടമായി മാറും.

കുടുംബങ്ങളുടെ വീണ്ടെടുപ്പിനും നവീകരണത്തിനുമായി ഇടവകതലത്തിൽ ഈ വർഷം വിവിധങ്ങളായ കുടുംബസംഗമങ്ങൾ നടത്തുന്നത് അഭിലഷണീയമാണ്. വൈദികരുടെയും സന്ന്യസ്തരുടെയും കുടുംബസംഗമങ്ങൾ, നവദമ്പതിമാരുടെ കുടുംബസംഗമങ്ങൾ, വിവാഹം കഴിഞ്ഞ് പല വർഷങ്ങളിലായിരിക്കുന്നവരുടെ കുടുംബസംഗമങ്ങൾ... ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുടുംബസംഗമങ്ങൾ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുവാനും ദൃഢമാക്കുവാനും ഉപകാരപ്പെടും.

പ്രത്യേകമായ കരുതലും സ്നേഹവും പരിഗണനയും ആവശ്യപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സന്ദർശിക്കുവാനും ആ കുടുംബങ്ങളെ വീണ്ടെടുക്കുവാനുമുള്ള ശ്രമങ്ങൾ കൂടുതലായും ഈ വർഷം നടത്തപ്പെടണം. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും അസ്വസ്ഥതകൾ അലട്ടുന്ന കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെയും സ്നേഹത്തിന്റെ ആനന്ദം സമ്മാനിക്കാനും കഴിയണം.

കുടുംബവർഷത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം. ഇടവകകളിൽ പ്രോ-ലൈഫ് സമിതികൾക്ക് രൂപം നൽകുകയും ജീവനെതിരേയുള്ള എല്ലാ തിന്മകൾക്കും നേരേ ജ്വലിക്കുന്ന ശബ്ദമായി മാറുകയും വേണം.

ഇടവകകളിലെ വലിയ കുടുംബങ്ങളെ കണ്ടെത്തി സാധ്യമാകുന്ന വേദികളിൽ ആദരിക്കുകയും സാമ്പത്തിക

പരാധീനതകൾ നേരിടുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾക്കു രൂപം നൽകുകയും വേണം. വിവാഹപ്രായമെത്തിയ യുവതീയുവാക്കളെ കുടുംബജീവിതത്തിലേക്കു പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വിവാഹപ്രായം കഴിഞ്ഞിട്ട് വിവാഹിതരാകാതിരിക്കുന്നവർക്കു പ്രത്യേക കരുതൽ നൽകുകയും വേണം.

വിവാഹം ഒരു കൂദാശയായി സ്വീകരിക്കാതെ പാപാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളെ വീണ്ടെടുക്കുവാൻ പരിശ്രമിക്കണം. വിവാഹമോചനക്കേസുകളിൽ തീർപ്പു കല്പിച്ചു കിട്ടുന്നതിന് ഉത്സാഹം കാട്ടാനും ബദ്ധശ്രദ്ധരാകണം.

കുടുംബവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ ഫോറങ്ങൾക്കു രൂപം നൽകുകയും അവ സജീവമായി പ്രവർത്തിക്കാനുള്ള പരിശീലനങ്ങളും തുടർപരിപാടികളും ക്രമീകരിക്കുകയും ചെയ്യണം. അതുപോലെതന്നെ കുടുംബവുമായി ബന്ധപ്പെട്ട് ഓർത്തിരിക്കേണ്ട ദിനങ്ങൾ അതിപ്രാധാന്യത്തോടെ അനുസ്മരിക്കുകയും ആഘോഷിക്കുകയും ക്രിയാത്മകമായി സംഘടിപ്പിക്കുകയും ചെയ്യണം.

കുടുംബം ഒരു വിളിയും ഉത്തരവാദിത്വവുമാണ്. കുടുംബങ്ങളിലെ പ്രശ്നങ്ങളെ തലനാരിഴ കീറി പരിശോധിക്കുന്നതിനെക്കാൾ അവർക്കൊപ്പമുണ്ട് എന്ന ഉറപ്പു നൽകാനാകണം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണംവഴിയാണ്. "കുടുംബജീവിതം നയിക്കുന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ, കുടുംബത്തിന്റെ പാതയാണ് സഭയുടെ പാത" (വി. ജോൺപോൾ രണ്ടാമൻ). ആത്മീയമായും ഭൗതികമായും കുടുംബങ്ങളെ വീണ്ടെടുക്കുന്ന ഒരു വർഷമായി ഈ വർഷം മാറട്ടെയെന്നും അതുവഴി യഥാർത്ഥസ്നേഹവും ആനന്ദവും ഓരോ

കുടുംബങ്ങളിലും നിറയട്ടെയെന്നും പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസുകളോടെ,

✠ **ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി**
(ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

NB: 2021 മാർച്ച് 21-ാം തീയതിയിലേക്കായി നല്കപ്പെട്ട കെ.സി.ബി.സി സർക്കുലർ

**സർക്കുലർ - 278**

## കേരള ലേബർ മൂവ്മെന്റ്

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

1891 ൽ ലിയോ പതിമൂന്നാമൻ പാപ്പാ പ്രസിദ്ധീകരിച്ച 'റേരും നൊവാറും' എന്ന ചാക്രികലേഖനത്തോടെയാണ് തിരുസഭയുടെ ഔദ്യോഗിക സാമൂഹിക ശുശ്രൂഷകളിലൊന്നായി തൊഴിലാളിപ്രേഷിതത്വം മാറുന്നത്.

എല്ലാ തൊഴിലാളികളുടെയും പ്രത്യേകമായി അസംഘടിത വിഭാഗത്തിന്റെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, ആരോഗ്യ സുരക്ഷ, കുടുംബസുരക്ഷ, വാർദ്ധക്യകാലസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്ത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് കെ.സി.ബി.സി. ലേബർ കമ്മീഷൻ. ഈ കമ്മീഷന്റെ സാമൂഹിക സന്നദ്ധ സംഘടനയെന്ന രജിസ്ട്രേഷനോടുകൂടിയ ഔദ്യോഗിക തൊഴിലാളിസംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.). സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം.

ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്നു ശതമാനവും അസംഘടിത തൊഴിലാളികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാൽപ്പത്തഞ്ചുകോടി വരുന്ന ഇവരാണ് യഥാർഥ അദ്ധ്വാനശക്തിയെങ്കിലും അവകാശനിഷേധവും അവസരനിഷേധവുംവഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാനകാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ശ്രദ്ധിക്കേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിതതൊഴിലാളികളിലാണ്. തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ

എന്നിവ സംലഭ്യമല്ലാത്ത തൊഴിലാളികളാണു അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നറിയപ്പെടുന്നത്. പ്രഭാതംമുതൽ പ്രദോഷംവരെ അദ്ധ്വാനിച്ചിട്ടും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ച് ഏക്കർ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട കർഷകർവരെ അസംഘടിതതൊഴിലാളി വിഭാഗത്തിലാണ് സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ മൂന്നിൽ രണ്ടുഭാഗം പേരും കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, നിർമാണമേഖല, ചെറുകിട വ്യാപാരം എന്നീ പ്രാഥമിക മേഖലകളിലാണു ഉപജീവനം കണ്ടെത്തുന്നത്.

തൊഴിലാളികളുടെ അദ്ധ്യാത്മികവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ സമഗ്രവളർച്ചയ്ക്കുവേണ്ടിയാണ് ഈ സംഘടന പ്രവർത്തിക്കുന്നത്. തൊഴിലാളികളെ അവരവരുടെ തൊഴിലുകളുടെ സാഹചര്യങ്ങളിൽ സംഘടിപ്പക്കുകയും അവരിൽനിന്നുതന്നെ നേതാക്കളെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അവരുടെ നേതൃത്വത്തിൽത്തന്നെ തൊഴിൽസാഹചര്യങ്ങളും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുകയാണ് മറ്റൊരു പ്രവർത്തനരീതി. **നിർമ്മാണത്തൊഴിലാളിഫോറം, കർഷത്തൊഴിലാളിഫോറം, ഗാർഹികത്തൊഴിലാളിഫോറം, ചെറുകിട തോട്ടം തൊഴിലാളിഫോറം, തയ്യൽത്തൊഴിലാളിഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളിഫോറം** തുടങ്ങിയ ആറ് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ.എൽ.എം. സംഘടിപ്പിച്ചുവരുന്നു. ഇടവകകളിൽ എല്ലാ തൊഴിലാളികളെയും പ്രത്യേകിച്ച് അസംഘടിതരായവരെ ഉൾപ്പെടുത്തി കെ.എൽ.എം-ന്റെയും തൊഴിലാളിഫോറങ്ങളുടെയും യൂണിറ്റുകൾ രൂപീകരിക്കുകയും സംഘാടനത്തിലൂടെയും ശക്തീകരണ പ്രവർത്തനങ്ങളിലൂടെയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യുന്നു. കൂടാതെ, സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂ

ഷികളുടെയും സാമൂഹിക സുരക്ഷ പദ്ധതി നടപ്പിലാക്കാനും പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും നേതൃത്വവും നൽകാനും കെ.എൽ.എം-നെയാണ് കെ.സി.ബി.സി ചുമതലപ്പെടുത്തിയിരിക്കുന്നത്. ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ അയൽസംസ്ഥാനങ്ങളിൽനിന്ന് ഇവിടെ ജോലിക്കായി എത്തുന്ന തൊഴിലാളികളുടെ സംഘാടനവും ശക്തീകരണവും കെ.എൽ.എം- ന്റെ ഉത്തരവാദിത്വമാണ്.

**കെ.എൽ.എം നേതൃത്വത്തിൽ നടന്നുവരുന്ന പ്രധാന പദ്ധതികൾ**

**1. തൊഴിലാളിഫോറങ്ങളിലൂടെയുള്ള സംഘാടനവും ശക്തീകരണവും, തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷ ഫണ്ടുകളിൽ അംഗത്വവും**

ട്രെയ്ഡ് യൂണിയൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കെ.എൽ.എം. തൊഴിലാളിഫോറങ്ങളിൽ അംഗത്വം എടുപ്പിക്കുകയും തൊഴിലാളികളുടെ കുടുംബസുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതികളിൽ, അതായത്, സംസ്ഥാന ക്ഷേമനിധി ഫണ്ടുകൾ, ആരോഗ്യസുരക്ഷപദ്ധതികൾ, പരസ്പര സഹായ സാമൂഹികസുരക്ഷാ ഫണ്ടുകൾ, വാർദ്ധക്യകാല സുരക്ഷാപദ്ധതികൾ, അടൽ പെൻഷൻ യോജന പോലുള്ള സർക്കാർ പദ്ധതികളിലും പങ്കാളികളാക്കുകയും ചെയ്യുന്നു. ജനനംമുതൽ മരണംവരെ വിവിധ ആവശ്യങ്ങളിൽ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തികമായി സഹായങ്ങൾ ഉറപ്പുതരുന്നതും തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്തിവരുന്നതുമായ സർക്കാർ/കെ.എൽ.എം പദ്ധതികളാണിവ. തൊഴിലാളികളുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുവാൻ സഹായിക്കുകയും അവയുടെ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക അച്ചടക്കവും സമ്പാദ്യശീലവും പരിശീലിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു. കൂടാതെ, തൊഴിൽ

നൈപുണ്യ പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ ജാതിമതഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണപ്രവർത്തനങ്ങളും നടത്തുന്നു.

**2. തൊഴിലാളികളുടെ വാർദ്ധക്യകാല സുരക്ഷ/പെൻഷൻ ഉറപ്പുവരുത്തുന്ന പദ്ധതികൾ**

കേന്ദ്ര പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അഥോറിറ്റിയുടെ തൊഴിലാളികൾക്കുവേണ്ടി രൂപീകരിച്ച് നടപ്പിലാക്കിവരുന്ന പെൻഷൻ ഫണ്ടുകളിലും സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലും അസംഘടിത തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് കെ.എൽ.എം-ന്റെ മറ്റൊരു ലക്ഷ്യം. ഇടവക യൂണിറ്റുകളുടെ നേതൃത്വത്തിൽ ഈ ക്രമീകരണം കൂടുതൽ ഫലവത്താക്കാൻ സാധിക്കും. ഇപ്പോൾ പല പദ്ധതികളിലും ബാങ്കുകൾ വഴിയാണ് സേവനങ്ങൾ നൽകുന്നത്. എന്നാൽ കെ.എൽ.എം-ലൂടെ നമ്മുടെ തൊഴിലാളികൾക്കിടയിൽ ഈ പദ്ധതികളുടെ ഗുണഫലങ്ങൾ പ്രചരിപ്പിക്കുകയും ആവശ്യമായ സാങ്കേതികസഹായങ്ങൾ നല്കുകയും ചെയ്യുന്നു.

**3. തൊഴിലാളികൾക്കായുള്ള ആരോഗ്യ സുരക്ഷാപദ്ധതികളിൽ അംഗത്വം**

ഓരോ കുടുംബത്തിലും വരുമാനം കൊണ്ടുവരുന്ന വ്യക്തി അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന വെല്ലുവിളിയാണ് അയാളുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യപ്രശ്നങ്ങളോട് അനുബന്ധമായ ഭാരിച്ച സാമ്പത്തികച്ചെലവുകൾ കണ്ടെത്തുകയെന്നത്. ഇത്തരം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സഹായകമായ പദ്ധതികൾ കണ്ടെത്തി അവയിൽ പങ്കാളികളാക്കി ചികിത്സാസഹായം ലഭ്യമാക്കാൻ വഴിയൊരുക്കുന്നു.

**4. തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ധനസഹായപദ്ധതികൾ**

തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻവേണ്ടി പഠനസാമഗ്രികളുടെ വിതരണം, ധനസ

ഹായ വിതരണം, പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടി യവർക്കു സമ്മാനങ്ങൾ, തുടർപഠനത്തിന് സ്കോളർഷിപ്പുകൾ, ഉന്നതവിദ്യാഭ്യാസം അർഹിക്കുന്ന കുട്ടികൾക്ക് സാങ്കേതിക സഹായങ്ങൾ എന്നിവയെല്ലാം ഈ പദ്ധതിയിലൂടെ കെ.എൽ. എം. നടത്തിവരുന്നു.

**5. മരണാനന്തര സഹായപദ്ധതികൾ**

തൊഴിലാളികളുടെ മരണശേഷം അവരെ ആശ്രയിച്ചു കഴിയുന്നവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രാഥമിക വെല്ലു വിളികളെ അതിജീവിക്കുവാൻ ചില മരണാനന്തരസഹായ ഫണ്ടുകൾ സർക്കാർ തലത്തിൽത്തന്നെ നിലവിലുണ്ട്. കൂടാ തെ, കെ.എൽ.എം സംഘടനയിൽ അംഗങ്ങളാകുന്നവരുടെ പര സ്പരസഹകരണത്തോടെ നടത്തുന്ന പ്രത്യേക ഫണ്ടുകളും പ്രാബല്യത്തിലുണ്ട്. ഇവയിലെല്ലാം സജീവ പങ്കാളികളാക്കി ക്കൊണ്ട് അവരുടെ കുടുംബസുരക്ഷ ഉറപ്പാക്കുന്നു.

**6. നേതൃത്വപരിശീലനപദ്ധതികൾ**

സമൂഹത്തിലും തൊഴിലാളിമണ്ഡലങ്ങളിലും നേതൃത്വം നല്കുവാൻ കഴിയുംവിധം പ്രാഗല്ഭ്യവും അറിവുമുള്ള തൊഴി ലാളിസമൂഹത്തെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി യുടെ ലക്ഷ്യം. സംസ്ഥാനത്തും ജില്ലയിലും രൂപതയിലും തൊഴി ലാളി പ്രവർത്തനങ്ങൾക്ക്, പ്രത്യേകമായി, അസംഘടിത തൊഴി ലാളികളുടെ സംഘാടനത്തിന് ഇടവകകളിൽനിന്നു നേതാക്കൾ രൂപപ്പെടേണ്ടതുണ്ട്. ഓരോ ഇടവകയിലെയും തൊഴിലാളിക ളിൽ മഹാഭൂരിപക്ഷവും അസംഘടിത തൊഴിലാളികൾ ആയ തിനാൽ അവരുടെ ഇടയിലെ കാര്യക്ഷമവും ഫലപ്രദവുമായ അജപാലനശുശ്രൂഷയ്ക്ക് ഈ പരിശീലനം ലഭിച്ചവർ ഉണ്ടാ കുന്നത് വളരെയേറെ നല്ലതാണ്. മാത്രമല്ല, പരിശീലനം ലഭിച്ച ഇവരെ ഉൾപ്പെടുത്തി അസംഘടിതതൊഴിലാളികളുടെ ഇടയിൽ കൂടുതൽ ക്രിയാത്മകമായ /കാര്യക്ഷമമായ പ്രവർത്തനങ്ങൾ സാധ്യമാക്കാവുന്നതാണ്. ക്രിസ്തുദർശനങ്ങളും സഭാപ്രബോ ധനങ്ങളും ഉൾക്കൊള്ളുന്ന പ്രസ്ഥാനത്തിന്റെ ദർശനങ്ങളും നിയമാവലിയും അംഗീകരിക്കുന്ന തൊഴിലാളി പ്രവർത്തകരെ

സംഘടിപ്പിച്ച് തൊഴിലിനോട് ആഴമേറിയ പ്രതിബദ്ധതയും ഉയർന്ന ഉത്പാദനക്ഷമതയും മെച്ചപ്പെട്ട സാങ്കേതികവൈദഗ്ദ്ധ്യവും പ്രാവീണ്യവും കരഗതമാക്കുവാൻ പരിശീലിപ്പിക്കുന്നു.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ ഒഴികെയുള്ളവർക്കും, വാർഷിക വരുമാനം അഞ്ചു ലക്ഷത്തിൽ താഴെയുള്ളവർക്കും മുകളിൽ പറഞ്ഞിട്ടുള്ള ഫോറത്തിൽ അംഗമാകാവുന്നതാണ്.

**ഉപസംഹാരം**

രൂപത കെ.എൽ.എം. ഓഫീസ് വഴി നൽകപ്പെടുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് കേരള ലേബർ മൂവ്മെന്റിന്റേയും ഇതിനോടകം കെ.എൽ.എം. ന്റെ നേതൃത്വത്തിൽ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്ന ട്രെയ്ഡ് യൂണിയൻ രജിസ്ട്രേഷൻ ഉള്ള തൊഴിലാളി ഫോറങ്ങളുടെയും ആഭിമുഖ്യത്തിൽ മുകളിൽ സൂചിപ്പിച്ച പദ്ധതികൾ ഇടവകകളിൽ നടത്തേണ്ടതാണ്. കേരളസഭയുടെ വിവിധ ശുശ്രൂഷകളിൽ ഒന്നായ തൊഴിലാളി ശുശ്രൂഷയുടെ ഭാഗമായ കെ.എൽ.എം. ന്റെ യൂണിയനുകൾ ഇതുവരെയും ആരംഭിക്കാത്ത ഇടവകകളിൽ തുടങ്ങണമെന്നും മേൽപ്പറഞ്ഞ തൊഴിലാളിഫോറങ്ങളിലൂടെ ഇടവകയിലെ അസംഘടിതതൊഴിലാളികളുടെ ശക്തീകരണത്തിനും കൂടിവരവിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തണമെന്നും ബഹുമാനപ്പെട്ട അച്ചന്മാരെ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 12.03.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ മാർച്ച് 14-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുന്നതിനായി നല്കപ്പെട്ടതാണ്.

Ref: 3442/K-5/KCBC/OL/DS 10.2.2021

## മദ്യവിരുദ്ധ ഞായർ, 2021 മാർച്ച് 14

മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി ലോകമാസകലം ഭീഷണിയുയർത്തുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തരപ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്. ഈ വിപത്തിൽനിന്നു മോചനം പ്രാപിക്കുവാനും മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹിക - വിദ്യാഭ്യാസപ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്തുതോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയപ്പാർട്ടികളുടെ പ്രകടനപത്രികകളിലും മദ്യോപയോഗത്തെ സാമൂഹികതിന്മയായും ജനങ്ങളുടെ ആരോഗ്യത്തെയും മനസ്സിനെയും തകർക്കുന്ന ആഗോളപ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചുവരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് രാജിലെ 232, 447 വകുപ്പുകൾ സർക്കാർ

റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി. അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതിവിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29 ൽനിന്ന് 20 ഇരട്ടി വർദ്ധിച്ച് 586 ൽ എത്തിനില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ 4500 കോടി രൂപ കേരള സർക്കാർ ചെലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചെലവഴിക്കുന്നതെന്നു ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.

മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നുപോകുമെന്നത് വാസ്തവവിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കു പ്രകാരം ബാറുകളടച്ചിട്ട 2016 നെക്കാൾ 1,15,053 വിദേശ ടൂറിസ്റ്റുകളും 4774 കോടി രൂപാ വരുമാനവും 2014 ൽ ലഭിച്ചു. ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജപ്രചാരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെയും മൂലകാരണം മദ്യവും മറ്റു ലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്നു വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയുംവേണം. മദ്യസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയപ്പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽനിന്ന് അവരെ അകറ്റിനിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.

സന്തോഷവും സമാധാനവുമുള്ള ഒരു ജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തെയും മറ്റുള്ളവരുടെ സ്വൈര്യജീവിതത്തെയും മദ്യലഹരികൾക്ക് അടിമകളായിട്ടുള്ളവർ തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽനിന്ന് പാടേ പിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന

ഈ വിപത്തിൽനിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്. 'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. 'മാരകവിഷമാണ് മദ്യം' എന്ന ലേബലിൽ മദ്യക്കച്ചവടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47-ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമേ മദ്യം ഉത്പാദിപ്പിക്കാൻ പാടുള്ളൂ. മദ്യപാനികൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല (1 കൊറി 6:10) എന്ന വേദവാക്യം നാം മറന്നുപോകരുത്. വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കണ്ട.

വീഞ്ഞ് അനേകരെ നശിപ്പിച്ചിട്ടുണ്ട് (പ്രഭ. 31:25). ഈ തിരുവചനഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇതുമൂലം നാട്ടിൽ ക്രമസമാധാനനില തകരുന്നു, റോഡപകടങ്ങളും പീഡനങ്ങളും ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യനിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ, കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം വിസ്മരിക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽനിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്.

മദ്യവിമുക്തസഭയുംസമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ചു പരിശ്രമിക്കാം. മദ്യത്തിന്റെ ദൂഷ്യം മാനവസമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരേ പോരാടാൻ നമുക്കു കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക്

ഊർജ്ജം പകരാൻ ഇടവകകൾതോറും കർമ്മനിരതരായ അംഗ ങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാ ലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസുകളായി മാറണം. ദൈവ ത്തിന്റെ സ്വന്തം നാടായ കേരളവും കേരളജനതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തിക്കുകയും തീക്ഷ്ണതയോടെ, പ്രാർത്ഥിക്കുകയുംവേണം. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹായ സഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യ വിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധ പ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ച യിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**

(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**

(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

പി.ഒ.സി, കൊച്ചി - 682025

---

NB:- 2021 മാർച്ച് മാസം 14-ാം തീയതിലേക്കായി നല്കപ്പെട്ട കെ.സി.ബി. സി. സർക്കുലർ

Prot. No. 0241/2021

# സിനഡ് അനന്തര സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോ മലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹിക രാഷ്ട്രീയ വിഷയങ്ങളാണ് ആറു ദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതികൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർത്താൻ സമർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹസാന്നിധ്യംവഴി ലോകത്തിനു മുഴുവൻ മാർഗ്ഗദർശിയായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമായ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മരിച്ചു. എല്ലാവരും സഹോദരർ (Fratelli Tutti) എന്ന പാപ്പായുടെ പുതിയ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹികബോധനമാണ്. കോവിഡിന്റെ അന്ധകാരത്തിനിടയിലും ദൈവം തെളിച്ച നക്ഷത്രങ്ങൾപോലെ സീറോമലബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷിക്തരായി എന്നത് അഭിമാനകരമാണ്.

**അനുസ്മരണയും അഭിനന്ദനവും**

സീറോ മലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി, ആർച്ചുബിഷപ് ജോസഫ് ചേന്നോത്ത് എന്നീ പിതാക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർത്ഥനാപൂർവ്വം അനുശോചനം രേഖപ്പെടുത്തി. തന്റെ ഇടയശുശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോമലബാർ സഭയുടെ ആരാധനക്രമനവീകരണത്തിനും സഭയുടെ പ്രത്യേകനിയമസംഹിത (Particular Law)യുടെ രൂപീകരണത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ട ആർച്ചുബിഷപ് ജോസഫ് ചേന്നോത്ത് പിതാവിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗവൺമെന്റ് ആദരിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വന്ദ്യപിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയവഴിയിൽ എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു. സീറോ മലബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യമായി അഭിവന്ദ്യപിതാവിന്റെ നിയമനത്തെ നമുക്കു മനസ്സിലാക്കാം.

**യുവജന ശുശ്രൂഷകൾ**

സീറോ മലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന 'സീറോ മലബാർ യൂത്ത് മൂവ്മെന്റ്' (SMYM) ആണ്. കേരളത്തിലെ മൂന്നു വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മയായാണ് കെ.സി. വൈ.എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM ലെ അംഗത്വംവഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ.സി.

വൈ.എം. ന്റെ ഭാഗമാകുന്നത്. സീറോ മലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാവശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാതലത്തിൽ വരുത്തുന്നതാണ്.

**ആരാധനക്രമം**

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾ നടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർത്ഥനകൾക്കു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബ്ബാനകളിൽ വായിക്കുന്നതിനു പരമ്പരാഗതമായുണ്ടായിരുന്ന വായനാപഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാപഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധ തിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീക

രിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാനവട്ടചർച്ചകളും സിനഡിൽ നടന്നു.

**ക്രൈസ്തവപീഡനം**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയവിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർ മാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ സഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷവഴികളിൽ ധീരമായി മുന്നേറാൻ പീഡിതസഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

**കർഷകസമരം**

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോ മലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾ പോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടി വരുന്ന സാഹചര്യമാണ് പുതിയ കാർഷികബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉത്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണനിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുതിയ കാർഷികനിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ്

പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനില്പിനായി തെരുവിലിറങ്ങേണ്ടിവന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ, പരിസ്ഥിതി ലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

**സഭയിലെ അച്ചടക്കം**

കത്തോലിക്കാസഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിനു സുപ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോ മലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായ്മയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തുവരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തര വേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണനടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയിരുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനപരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും

സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ടു പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡ് വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുന്ന നോമ്പുകാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേപ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സലപിതാവിന്റെ സംരക്ഷണത്തിനു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021 ആണ്ട് ഫെബ്രുവരി മാസം 10-ാം തിയതി നൽകപ്പെട്ടത്.



**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2021 മാർച്ച് 7-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നല്കപ്പെട്ടതാണ്.

Ref: 3423/K-5/KCBC/OL/DS 18.01.2021

# 2021 ഫെബ്രുവരി 14
# തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനംകൂടി സമാഗതമായിരിക്കുന്നു. ഭാരതസഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ചുകൊണ്ട് ആഗോളകത്തോലിക്കാ സഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843 ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. "കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാകുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചു കൊണ്ട് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അപ്പസ്തോലികലേഖ

നത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദിന ത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. "പാത്രിസ് കോർദെ" (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോ ലികലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴു സവിശേഷഗുണ ങ്ങളെ പാപ്പാ എടുത്തുപറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴിലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവതരി പ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

"ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് യേശു വിനെ സ്നേഹിച്ചു" എന്ന മനോഹരവാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പാ തന്റെ അപ്പസ്തോലികലേഖനം ആരംഭി ക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി യേശുവിന്റെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയമാതൃക പാപ്പാ തുടർന്ന് അവതരിപ്പിക്കുന്നു. പരിശുദ്ധ മറിയത്തെയും ഉണ്ണിയേശുവിനെയും വാത്സല്യത്തോടെ സംര ക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവ രോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. "ജോസഫിൽ യേശു ദൈവ ത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു" എന്നു പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും ഏറ്റവും ആദ്യ മായും അധികമായും കുട്ടികളിലേക്കു പകർന്നു നൽകപ്പെടു ന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽനിന്നാണ് എന്ന് പാപ്പാ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോ ടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാ ന്തരീക്ഷം രൂപപ്പെടുത്തുന്നതുവഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹികപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാ ക്കൾക്കു കഴിയും. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ

സാമൂഹികനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെക്കുറിച്ച് വിചിന്തനം നടത്താൻകൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പാ, "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം" (സ്നേഹത്തിന്റെ ആനന്ദം 287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരേയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുമ്പോൾ മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തിയും മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്കു സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃതജീവിതവും അനുദിനം തുടരുന്ന പ്രാർത്ഥനാജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് യേശു മാനുഷികമായ പക്വതയിലേക്കു വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്ജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്യസ്നേഹം അനുഭവിച്ചുകൊണ്ടുമാണ്. നാലു സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തിക്കിട്ടിയ ദൈവഹിതം, ഉണ്ണിയേശുവിന്റെയും മറിയത്തിന്റെയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വസ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാവിന്റെ ഹിതം അനുസരിക്കാൻ യേശു പഠിച്ചത് നസ്രത്തിലെ 'ജോസഫിന്റെ സ്കൂളിൽ' നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ യേശുവും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വസന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെടുന്നു എന്ന് പാപ്പാ ദുഃഖത്തോടെ മുന്നറിയിപ്പു നൽകുന്നു. ഒരു പിതാവായിരിക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ചു നടത്തുക എന്നതാണ്. കുടുംബാംഗങ്ങളോടുള്ള, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാവശ്യമാണ്. കോവിഡ് 19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവുമധികം സമയം വീട്ടിൽതന്നെ ചെലവഴിക്കുമ്പോഴും 'അകന്നു' കഴിയുന്ന മാതാപിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് ടി.വി. യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യ

മായിത്തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്കു കുട്ടികൾ ഒതുങ്ങിക്കൂടുകയും ആത്മീയമായ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലികലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

യേശുവുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്ന് പാപ്പാ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ ഒരു പിതാവിനെപ്പോലെ ഉണ്ണിയേശുവിനെ സംരക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീകവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലെ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് അവർ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹികമാധ്യമങ്ങൾവഴിയും ടെലിഫോൺ ഉപയോഗംവഴിയും കുട്ടികൾ തെറ്റിപ്പോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിതസംരക്ഷണം നല്കു

കയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പാ പറയുന്നത് ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്ന്യസ്ത ജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറിക്കഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം.

തിരുബാലസഖ്യദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കുകാണാം. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണി യേശുവിനു സമർപ്പിക്കുന്നു. സമൂഹത്തിനു മക്കൾ മുതൽക്കൂട്ടുകളായി ഭവിക്കട്ടെ. യേശുവിനെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

---

NB: 2021 ഫെബ്രുവരി 14-ാം തീയതിലേക്കായി നല്കപ്പെട്ട കെ.സി.ബി.സി സർക്കുലർ

Prot. No. 1480/2020

## സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2021

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാത്തിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിതതീക്ഷ്ണതയാൽ നിറഞ്ഞ്, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിത വാരം ലക്ഷ്യംവയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായസഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലികലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി

പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിതസന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിതസാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശ വാഹകരാകുവാൻ, ആരാണ് എനിക്കായി പോവുക (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവമാനവികതയുടെ നിർമാണത്തിനായി പരിശ്രമിക്കുവാൻ 'എല്ലാവരും സോദരർ' എന്ന തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷ പ്രഘോഷണം വർണ-വർഗ-ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നല്കുന്നതുമാകണമെന്ന് മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിനു തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിനു വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ.

4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാന മാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്കു മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്ന് അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിനു സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്ന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്ന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനങ്ങൾ നല്കുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക - സമർപ്പിതജീവിതം തിരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായസഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്. സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിത ചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ, ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റശൈലികളും ഉള്ളടക്ക

ങ്ങളും പ്രസരിപ്പിക്കുന്നതുവഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിത മൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങ ളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരി ക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽത്തന്നെ ഒരു പുതിയ മാധ്യമ സംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയി ച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്കു ലഭ്യ മായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹാധികാരികളെയും അല്മായനേതൃത്വത്തെ യും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനു വേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹി പ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തികസംഭാവനകൾ നല്കിയും നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ സഹായി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്ര ത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകരുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യ അത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട്, നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാ രെന്ന് ലോകം അറിയും (യോഹ 13:35). ശിഷ്യരുടെ ജീവിത ത്തിന്റെ ഉത്കൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും

അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതംകൊണ്ടും പ്രഘോഷണംകൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾകൊണ്ടും സഹായിക്കാം. അങ്ങനെ, സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നല്കി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾകൊണ്ടുതന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിതതാതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2020-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,



**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർസഭയുടെ മേജർ ആർച്ചു ബിഷപ്

---

NB: 1. 2021 ജനുവരി 17-ാം തീയതിയിലേക്കായി നല്കപ്പെട്ട മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ.

2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3414 /K-5/KCBC/OL/DS 24.12.2020

# 2021 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. പാടത്തും പറമ്പിലും രാപകലില്ലാതെ അദ്ധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ ഫലമാണ് അന്നം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രം മുഴുവനും കർഷകരോടു കടപ്പെട്ടിരിക്കുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആഹരിച്ച് ലഭിക്കുന്ന ഊർജത്തിന്റെ പിൻബലമില്ലാതെ ഒരു വ്യവസായവും ഒരു വികസനവും സാധ്യമല്ല. ദൈവത്തെപ്പോലും ഒരു പ്രാപഞ്ചിക കർഷകനായി ചിത്രീകരിക്കുന്ന 65-ാം സങ്കീർത്തനം ഫലത്തിൽ, കാർഷികവൃത്തിയുടെ ദൈവികഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

അടുത്തകാലത്ത് കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കൊണ്ടുവന്ന പുതിയ നിയമങ്ങൾ ഈ രാജ്യത്തെ സാധാരണ കർഷകനുമേൽ കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കൃഷി വിശുദ്ധമായ ഒരു ജീവിതവൃത്തിയായി കണക്കാക്കുന്ന കോടിക്കണക്കിനു മനുഷ്യരുള്ള ഈ രാജ്യത്തിന്റെ ഭരണകർത്താക്കൾ രാജ്യത്തിന്റെ കാർഷികപാരമ്പര്യത്തെ കോർപ്പറേറ്റ് വ്യവസായ ഭീമൻമാർക്ക് തീറെഴുതിക്കൊടുക്കാനുള്ള ശ്രമമാണ് ഈ പുതിയ നിയമങ്ങൾ പ്രഖ്യാപിക്കുകവഴി നടത്തിയത്.

അന്നമുണ്ടാക്കുന്നവരുടെ അന്നംമുട്ടിക്കാനുള്ള ശ്രമങ്ങൾക്കെതിരേ രാജ്യമെമ്പാടുമുള്ള കർഷകജനത ഉണർന്നെഴുന്നേല്ക്കുന്നതിന്റെ ചിത്രമാണ് ഇക്കഴിഞ്ഞ നാളുകളിൽ ഡൽഹിയിൽ നാം കണ്ടത്. സംഘടിക്കാനും സമരം ചെയ്യാനും സമയമില്ലാത്ത കർഷകർ, കൃഷിയിടങ്ങൾ വിട്ട് തെരുവീഥികളിലേക്കിറങ്ങിയത് നിശ്ശബ്ദരായിരുന്നാൽ നിലനില്പുതന്നെ അപകടത്തിലാകുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. നിരവധി

സ്വതന്ത്രകർഷകസംഘടനകളുടെ കൂട്ടായ്മയാണ് ഈ സമരത്തെ നയിച്ചത്. അസംഘടിതരായ കർഷകർ തങ്ങൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിശ്ശബ്ദമായി അദ്ധ്വാനിക്കുന്ന കർഷകന്റെ ശബ്ദമാകാൻ രണ്ടു പതിറ്റാണ്ടുമുമ്പ് സ്ഥാപിതമായ കർഷകസംഘടനയാണ് ഇൻഫാം. കർഷകരോടൊപ്പം നിന്ന് കർഷകരുടെ പ്രശ്നങ്ങൾ സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്താനും കർഷകർക്കനുകൂലമായ നിരവധി തീരുമാനങ്ങൾ നേടിയെടുക്കാനും കഴിഞ്ഞ കാലങ്ങളിൽ ഇൻഫാമിനു കഴിഞ്ഞിട്ടുണ്ട്. രാജ്യമെമ്പാടുമുള്ള കർഷകജനത സംഘടിക്കാനും ഒന്നിച്ചുനിന്ന് അവകാശങ്ങൾക്കുവേണ്ടി പോരാടാനും സന്നദ്ധരായിരിക്കുമ്പോൾ കേരളത്തിലെ കർഷകജനതയും ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ഈ കർഷകമുന്നേറ്റത്തിനു നേതൃത്വം നല്കാൻ മത, രാഷ്ട്രീയ ഭേദമെന്യേ സകല കർഷകരെയും ഒന്നിപ്പിച്ചു നിർത്തുന്ന ഒരു സ്വതന്ത്രകർഷകസംഘടന എന്ന നിലയിൽ ഇൻഫാമിനു സാധിക്കും.

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വന്യമൃഗശല്യത്തിനെതിരേ ഇൻഫാം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു നിരന്തരമായി നല്കിയ നിവേദനങ്ങളുടെയും വിവിധതലങ്ങളിൽ നടത്തിയ ചർച്ചകളുടെയും ഫലമായി വിവിധ സ്ഥലങ്ങളിൽ സൗരോർജവേലികൾ, ആനമതിലുകൾ തുടങ്ങിയവ നിർമിക്കാനാരംഭിക്കുകയും കാട്ടുപന്നികളെ വെടിവയ്ക്കാനുള്ള ഉത്തരവുണ്ടാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും ഈ വിഷയത്തിൽ സർക്കാരുകൾ കർഷകപക്ഷത്തുനിന്നുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനുള്ള സമ്മർദം ഇൻഫാം തുടർന്നുകൊണ്ടാണിരിക്കുന്നത്.

നിരവധി കർഷകരെ പ്രതികൂലമായി ബാധിക്കുന്നതരത്തിൽ വന്യമൃഗസങ്കേതങ്ങൾക്കു ചുറ്റും ബഫർസോൺ പ്രഖ്യാപിച്ച വിഷയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷകസംഘടനകൾ ചേർന്നു നടത്തിയ സമരങ്ങളും സമ്മർദങ്ങളും പുനർവിചിന്തനത്തിന് സർക്കാരിനെ പ്രേരി

പ്പിച്ചു. നിശ്ശബ്ദരായിരുന്നാൽ കർഷകന്റെ ഭൂമി കയ്യേറുന്ന തിനോ കുടിയിറക്കിവിടുന്നതിനോ ഒരു സർക്കാരും മടിക്കില്ല എന്നതിന്റെ തെളിവാണ് ബഫർസോൺ വിഷയം. എന്നാൽ, കർഷകൻ ഒന്നിച്ചുനിന്നാൽ കരിനിയമങ്ങൾക്കെതിരേ പ്രതി രോധം തീർക്കാനാവുമെന്ന് ബഫർസോൺ വിഷയത്തിലുള്ള ഇടപെടലുകളും ഡൽഹിയിലെ കർഷകസമരവും നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഇൻഫാം കുറെക്കാലമായി മുന്നോട്ടുവച്ചിട്ടുള്ള ആശയ മായ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും മൂല്യവർധിത ഉത്പന്നങ്ങളായി കാർഷികവിഭവങ്ങളെ മാറ്റാനുള്ള സംരംഭ ങ്ങളും കേന്ദ്രസർക്കാർ ഉത്തേജകപാക്കേജിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത് ശുഭോദർക്കമായ കാര്യ മാണ്. വിവിധ രൂപതകളുടെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കർഷ കർക്കൊപ്പം നില്ക്കാനും അവരുടെ ഉത്പന്നങ്ങൾക്കു ന്യായ മായ വില ഉറപ്പാക്കാനുമുള്ള ഇത്തരം സംരംഭങ്ങളെ ബഹുജന പിന്തുണ നല്കി പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻ പന്തിയിലുണ്ടാകും.

കർഷകസംഘടനകളെ തളർത്തുകയും ഇല്ലാതാക്കു കയും ചെയ്യുക ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് മുതലാളി മാരുടെയും അജണ്ടയാണ്. കർഷകരെ ചൂഷണം ചെയ്ത് കീശ വീർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് എപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നതും അവരുടെ കുടിലപദ്ധതികളെ തകർക്കുന്നതും കർഷകന്റെ സംഘടിതശക്തിയാണ്. കർഷകസംഘടനകൾ ദുർബലമാവുകയോ തകരുകയോ ചെയ്താൽ കർഷകർ അടി മകളാകാമെന്നും നിരാലംബരായിത്തീരുമെന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട്, ഇൻഫാം എന്ന കർഷകപ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതും ഊർജസ്വലമാ ക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ജനുവരി 15-ാം തീയതി ഇൻഫാം കർഷകദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷക ദിനം സമുചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ

ചെയ്യുമല്ലോ. ഏറ്റവും പ്രധാനമായി ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും യൂണിറ്റുകൾ ആരംഭിക്കുവാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈ എടുക്കണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷികസെമിനാറുകൾ, ബോധവത്കരണക്ലാസ്സുകൾ, വെബിനാറുകൾ തുടങ്ങിയവ നടത്തണം. മാതൃകാകർഷകരെ ആദരിക്കുവാനും പുതുതലമുറയെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കണം.

കാർഷികവൃത്തിക്ക് പുതിയ ഉണർവും ഉന്മേഷവും നല്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും കർഷകന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന ബഹുജനസംഘടനയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇൻഫാമിനെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ഇൻഫാം പ്രവർത്തകരെയും നേതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും കർഷകദിനത്തിന്റെ ആശംസകൾ നേരുന്നു.

ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ ലില്ലികളെ പരിപാലിക്കുകയും ചെയ്യുന്ന നല്ലവനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB : 2021 ജനുവരി 10-ാം തീയതിയിലേക്കായി നല്കപ്പെട്ട കെ.സി.ബി.സി. സർക്കുലർ

**സർക്കുലർ 277**

# പാലാ രൂപത
# കേരള ക്രൈസ്തവരുടെ സാമൂഹിക - സാമ്പത്തിക സ്ഥിതി പഠനം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, അല്മായസഹോദരങ്ങളേ,

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക - സാമ്പത്തികസ്ഥിതികൾ പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുവാൻ കേരള സംസ്ഥാന ഗവണ്മെന്റ് 2020 നവംബർ 5-ാം തീയതി ജസ്റ്റിസ് ജെ.ബി. കോശി അധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്ന വിവരം ഇതിനോടകം ഏവരും അറിഞ്ഞു കാണുമല്ലോ. വളരെ നാളുകളായി നമ്മുടെ സമുദായത്തിന്റെ അതിജീവനവുമായി ബന്ധപ്പെട്ട അടിയന്തരപ്രശ്നങ്ങൾ പഠനവിധേയമാക്കണമെന്ന് പിതാക്കന്മാരും സംഘടനാ അല്മായ നേതാക്കളും ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ കമ്മീഷനെ നിയമിച്ചിരിക്കുന്നത്.

കേരളത്തിലെ മറ്റുചില സമുദായങ്ങളുടെ സാമ്പത്തിക സാമൂഹികസ്ഥിതി പഠിക്കുവാൻ സംസ്ഥാനഗവൺമെന്റ് രൂപീകരിച്ച കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആ സമുദായങ്ങൾക്ക് ക്ഷേമപദ്ധതികളിലും മറ്റും വർധിച്ചതോതിലുള്ള പങ്കാളിത്തം ലഭിക്കുകയുണ്ടായി. ഇപ്പോൾ നമ്മൾക്കായി നിയമിക്കപ്പെട്ടിരിക്കുന്ന ഈ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ നമ്മുടെ സമുദായത്തിന് ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെയും മറ്റ് ഗവൺമെന്റ് ആനുകൂല്യങ്ങളുടെയും ഫലം ലഭിക്കുന്നത്. അതുകൊണ്ട് വളരെ ഗൗരവത്തോടെ കമ്മീഷൻ പ്രവർത്തനങ്ങളിൽ നമ്മുടെ ഭാഗഭാഗിത്വം ഉണ്ടാവണം.

നമ്മുടെ സമുദായം ഇന്ന് സാമൂഹികമായും സാമ്പത്തികമായും വലിയ പ്രതിസന്ധി നേരിടുകയാണ്. കാർഷിക പ്രശ്നങ്ങളും വിദേശരാജ്യങ്ങളിൽനിന്നുള്ള മടങ്ങിവരവും മറ്റു നിരവധി സാമൂഹികപ്രശ്നങ്ങളും നമ്മൾ നേരിടുന്നു. നമ്മുടെ യഥാർത്ഥസ്ഥിതി ഗവണ്മെന്റിനെ ബോധ്യപ്പെടുത്താൻ നമുക്കു ലഭിച്ചിരിക്കുന്ന സുവർണാവസരമാണ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ നിയമനം. ഈ സാഹചര്യം പരമാവധി നാം പ്രയോജനപ്പെടുത്തണം.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സിറ്റിങ്ങിനായി എത്തിയേക്കും. ഈ കമ്മീഷൻ മുമ്പാകെ നമ്മുടെ സാമൂഹിക – സാമ്പത്തിക അവസ്ഥയും കാർഷികമേഖലയിലും മറ്റും നമ്മൾ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായും ശാസ്ത്രീയമായും പഠിച്ച് വ്യക്തമായ സ്ഥിതിവിവരക്കണക്ക് സമർപ്പിക്കേണ്ടതായുണ്ട്. കേരളത്തിലെ എല്ലാ ക്രൈസ്തവസഭകളിലും രൂപതകളിലും നടത്തുന്ന സാമ്പിൾ സർവേയുടെ ഭാഗമായി നമ്മുടെ രൂപതയിലും എത്രയും നേരത്തേ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് തയ്യാറാകേണ്ടതുണ്ട്. ഒന്നാം ഘട്ടത്തിൽ ശാസ്ത്രീയമായി നിശ്ചയിക്കപ്പെടുന്ന 800 ഓളം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പഠനം നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ മുഴുവൻ കുടുംബങ്ങളും ഉൾപ്പെടുന്ന സെൻസസ് സർവേ ലക്ഷ്യം വയ്ക്കുന്നു. പള്ളിക്കമ്മിറ്റിക്കാരുടെയും കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെയും എ.കെ.സി.സി., പിതൃവേദി, മാതൃവേദി, എസ്.എം.വൈ.എം. ഉൾപ്പെടെയുള്ള സംഘടനകളുടെയും പങ്കാളിത്തം ഈ കാര്യങ്ങളിൽ ഉണ്ടാവണം. പള്ളിക്കമ്മിറ്റി അംഗങ്ങളായി ഒരോ വാർഡുകളിലുമുള്ളവർ ഇതിനു നേതൃത്വം നൽകണം. സർവേയിലെ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരങ്ങൾ നൽകി എല്ലാവരും സഹകരിക്കണം. സമയബന്ധിതമായിട്ടുള്ള ഒരു സംരംഭമായതുകൊണ്ട് നിശ്ചിത തീയതികൾക്കുള്ളിൽ ഈ സർവേ ഫോം തിരികെ ലഭിക്കുകയും വേണം.

ഇതുമായി ബന്ധപ്പെട്ട് നമ്മുടെ രൂപതയിൽ രൂപീകരിച്ചിട്ടുള്ള പബ്ലിക് അഫയേഴ്സ് കമ്മിറ്റിയിൽനിന്നു ലഭിക്കുന്ന നിർദേശങ്ങൾ ഇടവകകളിൽ നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പ്രസ്തുത കമ്മിറ്റിയുടെ കൺവീനർ ബിഷപ് മാർ ജേക്കബ് മുരിക്കനും സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിലുമാണ്. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ നമ്മുടെ സമുദായത്തിന്റെ ക്ഷേമപദ്ധതികൾ ഗവണ്മെന്റ് ആവിഷ്കരിക്കുന്നത്. വ്യക്തമായുള്ള ഒരു ശാസ്ത്രീയപഠനം നടത്തിയാണ് നമ്മൾ സ്ഥിതിവിവരക്കണക്കുകൾ നൽകുന്നതെന്ന് കമ്മീഷനെ ബോധ്യപ്പെടുത്താൻ ഒരു സർവേ അനിവാര്യമാണ്. അതുകൊണ്ട് ബഹു. അച്ചന്മാരുടെയും ഇടവക ജനങ്ങളുടെയും വേണ്ടത്ര ഉത്സാഹവും ജാഗ്രതയും ഈ സർവേ നടത്തിപ്പിൽ ഉണ്ടാവണം. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 04.01.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB : 04-01-2021 ൽ നല്കപ്പെട്ട സർക്കുലർ

Ref: 3415 /K-5/KCBC/OL/DS 24.12.2020

## 2021 യൗസേപ്പിതാവർഷമായി മാർപാപ്പ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

*“ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു”* (മത്താ. 1:24).

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

‘പിതൃഹൃദയത്തോടെ’ (Patris corde) എന്ന അപ്പോസ്തോലികലേഖനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. യൗസേപ്പിതാവിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് അമലോദ്ഭവമാതാവിന്റെ തിരുനാൾദിനത്തിൽ ഇത്തരമൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്.

1870 ൽ ഒമ്പതാം പീയൂസ് മാർപാപ്പയാണ് യൗസേപ്പിതാവിനെ സാർവത്രികസഭയുടെ മധ്യസ്ഥനും സംരക്ഷകനുമായി പ്രഖ്യാപിച്ചത്. രോഗികളുടെ മധ്യസ്ഥനായും നന്മരണത്തിന്റെ മധ്യസ്ഥനായും അതുവരെയും യൗസേപ്പിതാവിനെ പ്രത്യേകം വണങ്ങിയിരുന്നു. ദൈവമാതാവായ മറിയത്തിന്റെയും ദൈവപുത്രനായ യേശുക്രിസ്തുവിന്റെയും കരങ്ങളിൽ അദ്ദേഹം മരിച്ചു എന്ന പാരമ്പര്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു വണക്കം സഭയിൽ അന്നു തുടങ്ങിയത്.

നീതിയിലധിഷ്ഠിതമായ സാർവത്രികസാഹോദര്യത്തിന്റെയും സാമൂഹികസൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ ഒരു ആഗോളകുടുംബം രൂപപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ

'ഏവരും സോദരർ' (Fratelli Tutti) എന്ന സാമൂഹിക ചാക്രികലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് നീതിമാനും കുടുംബങ്ങളുടെ സംരക്ഷകനുമായ യൗസേപ്പിതാവിനെ ലോകത്തിനു മുമ്പിൽ മാതൃകയും മധ്യസ്ഥനുമായി ഫ്രാൻസിസ് പാപ്പാ പുനഃപ്രതിഷ്ഠ നടത്തിയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

നൂറ്റിയൻപതു വർഷങ്ങൾക്കുമുമ്പ് ഒമ്പതാം പീയൂസ് മാർപാപ്പ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ സാർവത്രികസഭയെ ഭരമേല്പിക്കുമ്പോൾ വളരെ കലുഷിതവും ഗൗരവവുമായ ഒരു കാലഘട്ടത്തിലൂടെയായിരുന്നു ലോകം യാത്ര ചെയ്തിരുന്നത്. കാപ്പിറ്റലിസത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായി രൂപംകൊണ്ട വ്യത്യസ്ത മേഖലകളിലുണ്ടായ തകർച്ച സമൂഹത്തെയും കുടുംബങ്ങളെയും വിശ്വാസജീവിതത്തെയും ബാധിച്ച ഒരു കാലഘട്ടമായിരുന്നു അത്. നൂറ്റിയൻപത് വർഷങ്ങൾക്കുശേഷം ഫ്രാൻസിസ് പാപ്പാ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒത്തിരി സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

കോവിഡ്-19 മഹാമാരി വിതച്ച വിനകളുടെ നടുവിൽ ഭക്ഷ്യമേഖലയിലും തൊഴിൽ മേഖലയിലും സാമ്പത്തിക മേഖലയിലുമൊക്കെയായി നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും അനുദിനമെന്നോണം നമ്മളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അജപാലനപരമായ മേഖലയിലും ഒത്തിരിയേറെ പരിമിതികൾ ഇന്ന് നമുക്കുണ്ട്. കൂടാതെ, സാമൂഹികസ്പർദ്ധയും മതതീവ്രവാദവും പരിസ്ഥിതി പ്രശ്നങ്ങളും ദാരിദ്ര്യവും തുടങ്ങി ധാരാളം പ്രശ്നങ്ങൾ വേറേയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യസഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും നല്കുന്നു.

'പിതൃഹൃദയത്തോടെ'എന്നാണ് അപ്പോസ്തോലിക ലേഖനത്തിന് ഫ്രാൻസിസ് പാപ്പാ പേരുനല്കിയിരിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ സ്നേഹിച്ച (യോഹ 3:16) പിതാവായ ദൈവത്തിന്റെ അനുകമ്പാർദ്രമായ സ്നേഹവും കരുതലും വിശുദ്ധഗ്രന്ഥത്തിൽ ഉടനീളം വെളിപ്പെടുന്നുണ്ടല്ലോ. ദൈവ പിതാവിന്റെ പ്രതിനിധിയായിട്ടാണ് യൗസേപ്പിതാവ് യേശു വിന്റെ വളർത്തുപിതാവായി നിയമിക്കപ്പെട്ടത് എന്നത് എത്രയോ മഹനീയമായ കാര്യമാണ്. ദൈവത്തെ 'പിതാവേ' എന്നു വിളിച്ച ദൈവപുത്രൻ വളർത്തുപിതാവിനെയും പിതാവേ എന്നു വിളിക്കുന്നത് എത്രയോ വലിയ ആദരവാണ്. കുടുംബ ജീവിതത്തിൽ ഒരു പിതാവിനുള്ള സ്ഥാനം ഏറെ ആദരിക്ക പ്പെടേണ്ടതാണ് എന്നത് നമ്മൾ വിസ്മരിച്ചുകൂടാ. മാതാപിതാ ക്കളെ ബഹുമാനിക്കുക (ലേവ്യ 19:3) എന്ന ദൈവകല്പന ഗൗര വപൂർവം പാലിക്കപ്പെടണം.

'പിതൃഹൃദയത്തോടെ' എന്ന അപ്പോസ്തോലിക ലേഖന ത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് മാതൃകയാ ക്കേണ്ട സവിശേഷമായ ഏഴു ഗുണങ്ങളെ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നുണ്ട്. യൗസേപ്പിതാവ് വാത്സല്യമുള്ള പിതാ വായിരുന്നു എന്നതാണ് ഒന്നാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവിനെ പ്പോലെയുള്ള ഒരു വളർത്തുപിതാവിനെ യേശുവിന്റെ രൂപീക രണകാലഘട്ടത്തിൽ ആവശ്യമുണ്ടായിരുന്നു. യേശു ജ്ഞാന ത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2:52) എന്ന തിരുവ ചനഭാഗം ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. യൗസേപ്പിതാവ് അലിവുള്ള പിതാവായിരുന്നു എന്നതായിരുന്നു മറ്റൊരു പ്രത്യേ കത. ധൂർത്തപുത്രന്റെ ഉപമയിൽ അലിവുള്ള പിതാവിനെ അവ തരിപ്പിക്കാൻ യേശുവിനെ പ്രേരിപ്പിച്ചത് യൗസേപ്പിതാവുമാ

യുള്ള അവിടുത്തെ അനുഭവങ്ങളായിരിക്കാമെന്ന് ഫ്രാൻസിസ് പാപ്പാ എഴുതുന്നു. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണശീലമാണ് മൂന്നാമത്തെ സവിശേഷതയായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിച്ചതും എല്ലാ പ്രതിസന്ധികളെയും ദുർഘടസാഹചര്യങ്ങളെയും തരണംചെയ്ത് യേശുവിനെ സംരക്ഷിച്ചു വളർത്തിയതുമെല്ലാം ദൈവസ്വരത്തിന് അദ്ദേഹം പൂർണ്ണമായും വിധേയപ്പെട്ടായിരുന്നു. ദൈവത്തോട് ഒന്നിനെക്കുറിച്ചും യാതൊരു വിശദീകരണവും ചോദിക്കാതെ വേദനകളും സന്തോഷങ്ങളുമെല്ലാം ഒരുപോലെ പൂർണമനസോടെ സ്വീകരിച്ചയാളാണ് യൗസേപ്പിതാവ് എന്നതാണ് നാലാമത്തെ ഗുണവിശേഷണമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവ് ധീരനായിരുന്നു എന്നതാണ് അദ്ദേഹത്തിൽനിന്നു പഠിക്കാവുന്ന അഞ്ചാമത്തെ പാഠം. യൗസേപ്പിതാവിന്റെ ധീരമായ നിലപാടുകളായിരുന്നു മറിയത്തിനും യേശുവിനും പ്രതിസന്ധികളിൽ സംരക്ഷണമൊരുക്കിയത്. വിശുദ്ധിയുടെ അടയാളമായ ധീരത തികഞ്ഞ ദൈവാശ്രയബോധത്തിൽനിന്നു രൂപപ്പെടുന്നതാണ്.

യൗസേപ്പിതാവ് തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റിവളർത്തി എന്നതാണ് ആറാമത്തെ സവിശേഷത. തച്ചന്റെ മകനായാണ് സ്വദേശത്ത് യേശു അറിയപ്പെട്ടത് (മത്താ 13:55; മർക്കോ 6:3). അധ്വാനിച്ചു ഭക്ഷിക്കുന്നതിന്റെ മൂല്യവും അന്തസും ആനന്ദവും എന്താണെന്ന് യൗസേപ്പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഏതു തൊഴിലാണു ചെയ്യുന്നതെങ്കിലും അതുവഴി നമ്മൾ ദൈവത്തോടു സഹകരിക്കുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. നീതിമാനായ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട ഏഴാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവത

രിപ്പിക്കുന്നത്, സ്വർഗീയപിതാവിന്റെ നിഴലായിട്ടാണ് യൗസേപ്പിതാവ് ഭൂമിയിൽ ജീവിച്ചത് എന്നാണ്. യൗസേപ്പിതാവിന്റെ ജീവിതത്തെ മുൻനിർത്തിക്കൊണ്ട്, "പിതാക്കന്മാർ ജനിക്കുകയല്ല, രൂപപ്പെടുകയാണ്" എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒരു കുഞ്ഞിനു ജൻമം കൊടുത്തതുകൊണ്ടു മാത്രം ഒരാൾ പിതാവാകുന്നില്ല. മറിച്ച്, ആ കുഞ്ഞിന്റെ വളർച്ചയിലും രൂപീകരണത്തിലും പൂർണ്ണമായ ഉത്തരവാദിത്വങ്ങളും കടമകളും ഏറ്റെടുത്ത് നിർവഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ പിതാവാകുന്നത്. ഓരോ കുഞ്ഞും ഓരോ രഹസ്യമാണ്. ആ രഹസ്യത്തെ വെളിച്ചത്തു കൊണ്ടുവരാൻ ഒരു പിതാവിനേ കഴിയൂ എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിൽ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തിലും ചില ഉത്തരവാദിത്വങ്ങൾ നമ്മൾ നിർവഹിച്ചുകൊടുക്കുമ്പോൾ ഒരർത്ഥത്തിൽ നമ്മൾ പിതാക്കൻമാർ ആയിത്തീരുകയാണ്. മാനുഷികവും ആത്മീയവുമായ കാര്യങ്ങളിൽ മറ്റുള്ളവരെ സഹായിച്ചുകൊണ്ട് ഇക്കാര്യം നമുക്ക് നിർവഹിക്കാനാകും. പൗലോസ് അപ്പോസ്തോലൻ കോറിന്തോസ് സഭയെ ഓർമ്മിപ്പിച്ചതുപോലെ, "നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായേക്കാം. എന്നാൽ, പിതാക്കന്മാർ അധികമില്ല. സുവിശേഷപ്രസംഗംവഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു ജന്മം നല്കിയത് ഞാനാണ്" (1 കോറി 4:15). സഭയ്ക്കും സമൂഹത്തിനും പിതാക്കന്മാരെ ആവശ്യമുണ്ട്. യൗസേപ്പിതാവിന്റെ മാതൃകയും ഗുണഗണങ്ങളും ജീവിതത്തിൽ പകർത്താൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേല്പിക്കാം. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് രൂപത - ഇടവകതലങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും വണക്കത്തിലും കൂടുതൽ ശ്രദ്ധയോടെ ജീവിച്ചുകൊണ്ട്

നമ്മുടെ വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും നവീകരിക്കാൻ ഈ വർഷാചരണം നമ്മളെ ഏവരെയും സഹായിക്കട്ടെ.

**കാർഡിനൽ ജോർജ്  ആലഞ്ചേരി**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**

വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**

സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

N:B: 2021 ജനുവരി 3-ാം തീയതിലേക്കായി നല്കപ്പെട്ട കെ.സി.ബി.സി സർക്കുലർ

**സർക്കുലർ - 276**

# Reservation for the Economically Weaker Section

ഈശോയിൽ പ്രിയ വൈദികസഹോദരന്മാരേ,

EWS (Economically Weaker Section) സംവരണം വിവിധ രീതികളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കിവരികയാണല്ലോ. മുന്നണിവ്യത്യാസമില്ലാതെ കേന്ദ്രത്തിലും സംസ്ഥാനത്തും ഈ സാമ്പത്തികസംവരണ ത്തെക്കുറിച്ച് ശ്രദ്ധയുണ്ട്. സംവരണവിഷയത്തിൽ മതിയായ പഠനങ്ങളും കാലോചിതമായ മാറ്റങ്ങളും ആവശ്യമാണെ ന്നിരിക്കെത്തന്നെ പുതിയ EWS സാമ്പത്തികസംവരണം 'പാവങ്ങളോടുള്ള പക്ഷംചേരൽ' എന്ന സഭയുടെ വലിയ ദൗത്യത്തെ സാധൂകരിക്കുന്ന ഒന്നാണ്. ഇന്ത്യയിൽ പൊതു വേയും കേരളത്തിൽ പ്രത്യേകിച്ചും, സംവരണമൊന്നുമില്ലാ ത്തവരിലെ പാവപ്പെട്ടവർക്കുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ മനസ്സിലാക്കി നമ്മുടെ സഭാമക്കൾക്ക് ഉപകരിക്കുന്ന രീതിയിൽ അവ എല്ലാവരെയും ബോധ്യപ്പെടുത്തുന്നതിന് നാം ശ്രമി ക്കേണ്ടിയിരിക്കുന്നു.

+1 മുതലുള്ള പ്രവേശനങ്ങളിലും ഉന്നതവിദ്യാഭ്യാസ മേഖലകളിലും സർക്കാർ പരീക്ഷകളിലും ഗവൺമെന്റ് ഉദ്യോഗനിയമനങ്ങളിലും 10% സാമ്പത്തികസംവരണ സാധ്യത തുറന്നത് ഗവൺമെന്റ് ജോലി, സർക്കാർ സംവിധാനങ്ങളി ലൂടെയുള്ള വ്യത്യസ്തമായ ഉപരിപഠനസാധ്യതകൾ എന്നിവ യിൽ നമ്മുടെ സമുദായത്തെ, വിശിഷ്യ, സാമ്പത്തിക ഞെരു ക്കമുള്ള ഇടത്തരം കർഷകമക്കളെ പ്രോത്സാഹിപ്പിക്കാൻ ഒരു പ്രചോദനമായി മാറുന്നുണ്ട്. സർക്കാർ സർവീസുകളിൽ

ക്രൈസ്തവസാന്നിധ്യം കുറയുന്നത് നമ്മുടെ സമൂഹത്തിന്റെ നിലനില്പിനെത്തന്നെ സാരമായി ബാധിക്കുന്നുണ്ടല്ലോ. ഈ മേഖലയിൽ ഒരു ആശ്വാസവും പ്രതീക്ഷയുമാണ് EWS ലൂടെ തുറക്കുന്നത്.

നമ്മുടെ കുട്ടികൾ മതിയായ 'കരിയർ ഓറിയന്റേഷൻ' ഉള്ളവരായി ചെറുപ്പംമുതൽ വളരാൻ മാതാപിതാക്കൾ, അധ്യാപകർ, വൈദികർ, സമർപ്പിതർ, കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കുമുള്ള വിവിധ അല്മായ സംഘടനകൾ എന്നിവർ നിരന്തരം ശ്രദ്ധിക്കണം. നമ്മുടെ രാജ്യത്തുതന്നെയുള്ള പഠന - ജോലിസാധ്യതകളെ പ്രയോജനപ്പെടുത്താതെ നാടുവിട്ടുള്ള പഠന - ജോലി ഭ്രമം അത്ര നല്ലതല്ലെന്നു പറയാതെ വയ്യ. കുട്ടികളെ അവരവരുടെ അഭിരുചികൾക്കനുസരിച്ച് വളരാനും അതിനുയോജിച്ച തൊഴിലുകൾ നേടാനും സജ്ജരാക്കേണ്ടതുണ്ട്. മാന്യവും സംതൃപ്തവുമായ ഒരു തൊഴിൽ സംസ്കാരവും ധനസമ്പാദനമാർഗവും നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഉടൻ പണം, കൂടുതൽ സമ്പത്ത് എന്ന ലക്ഷ്യത്തോടെ മാതാപിതാക്കൾ കുട്ടികളെ ചില തൊഴിലുകൾക്കു മാത്രമായി പരിശീലിപ്പിക്കുന്നത് രോഗാതുരമായ ഒരു സംസ്കാരമാണ്. സമ്പത്തിന്റെ ദൈവശാസ്ത്രം, വചനാടിത്തറ എന്നിവയിൽ അധിഷ്ഠിതമായി ധനം സമ്പാദിക്കുന്നതിലും വിനിയോഗിക്കുന്നതിലും കുട്ടികളെ അതനുസരിച്ചു വളർത്തുന്നതിലും നമ്മൾ പലപ്പോഴും പരാജയപ്പെടുകയാണ്. മക്കൾ അവരവരുടെ കഴിവനുസരിച്ചും അഭിരുചിയനുസരിച്ചും സ്വദേശത്തോ വിദേശത്തോ ഉള്ള വ്യത്യസ്തമായ പഠന - തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനൊപ്പം തന്നെ കൃഷിസംസ്കാരം ഉപേക്ഷിക്കാതിരിക്കാനും നാം ശ്രദ്ധിക്കണം. പ്രകൃതിയുടെയും മനുഷ്യവംശത്തിന്റെയും സ്വാഭാവിക സന്തുലിതാവസ്ഥ നഷ്ടപ്പെടാൻ ഇടയാകാതെ നമ്മൾ വളരെ കരുതലുള്ളവരായിരിക്കണം.

സംവരണമില്ലാത്തതിനാൽ നിലവിൽ 50% സാധ്യതയിലാണ് ജനറൽ കാറ്റഗറിയിൽ നമ്മുടെ യുവാക്കൾ സംവര

ണമുള്ളവരോടും ഇല്ലാത്തവരോടും മത്സരിക്കുന്നത്. കൂടാതെ, പിഎസ്സിയിലൂടെയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വഴിയോ അല്ലാതെയുള്ള രാഷ്ട്രീയ പ്രേരിതമായ താത്കാലിക നിയമനങ്ങൾ, ആശ്രിതനിയമനങ്ങൾ, കരാർ നിയമനങ്ങൾ മുതലായവയിലെല്ലാം ക്രമവിരുദ്ധ നടപടികൾ ഉണ്ടാകുന്നുണ്ട്. ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 എന്ന വിചിത്ര അനുപാതവും പിഎസ്സി കോച്ചിംഗ് സെന്ററുകൾ സർക്കാർ മേഖലയിൽ ലഭ്യമല്ലാത്തതും നമ്മുടെ സമൂഹത്തെ സാരമായി ബാധിക്കുന്നുണ്ട്. വിവാഹപ്രായം, മക്കളുടെ എണ്ണം തുടങ്ങിയ വിഷയങ്ങളും അടിയന്തരശ്രദ്ധ അർഹിക്കുന്നു. സ്വന്തം കാര്യം മാത്രം നോക്കുന്ന നിലയിൽനിന്ന് 'വിശ്വാസികളെല്ലാം ഒരു കുടുംബം' എന്ന നിലയിലേക്ക് മുമ്പെന്നതുപോലെ ക്രൈസ്തവരേവരും മാറണം. ദളിത് വിഷയത്തിലും രാഷ്ട്രീയ - സാംസ്കാരിക - മാധ്യമലോകത്തും സാമൂഹികമാധ്യമങ്ങളിലും ക്രൈസ്തവഅവഗണനകളും വിരോധവും കൂടിവരുന്നത് നമുക്കു കണ്ടില്ലെന്നു നടിക്കാനാവില്ല. ഭരണ - ഉദ്യോഗതലങ്ങളിൽ കൂടുതൽ ക്രൈസ്തവ പ്രാതിനിധ്യത്തിനായി നാം കൂട്ടായി പരിശ്രമിക്കണം. ഇതിനുള്ള ശ്രമങ്ങൾ സഭാനേതൃത്വവും വിശ്വാസികളും സഭാതലത്തിലും രൂപതാതലത്തിലും ഫൊറോനാതലത്തിലും ഇടവകതലത്തിലും സംഘടനാതലത്തിലും ഒന്നിച്ചു നടത്തുമ്പോഴാണ് ഇവ ഫലവത്താക്കാൻ നമുക്ക് സാധിക്കുന്നത്.

EWS സംബന്ധിച്ച വിശദാംശങ്ങൾ ചേർത്ത് ഒരു പഠനം അടുത്ത ദിവസംതന്നെ അയച്ചുതരുന്നതാണ്. അവ കൃത്യമായി വായിച്ചു പഠിച്ച് അർഹരായ നമ്മുടെ ജനങ്ങളെയെല്ലാം EWS ൽ ചേർക്കാൻ ബഹു. അച്ചൻ എല്ലാ ശ്രമങ്ങളും നടത്തണമെന്ന് ഓർമ്മിപ്പിക്കട്ടെ. EWS സംബന്ധിച്ച് രൂപതാതലപ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ നമ്മുടെ ശലോം പാസ്റ്ററൽ സെന്റർ കേന്ദ്രമാക്കി ഒരു ഓഫീസ് തുറക്കുകയാണ്. ബഹു. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചനും

ബഹു. ജോസ് കുറ്റിയാങ്കൽ അച്ചനും ബഹു. സിറിൽ തോമസ് തയ്യിൽ (കോർഡിനേറ്റർ) അച്ചനും ഇതിനുവേണ്ട നേതൃത്വം നല്കുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 16-11-2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB : 16-11-2020 ൽ നൽകപ്പെട്ട സർക്കുലർ

# കച്ചേരിക്കാര്യം

# Transfer and Appointment

## GENERAL TRANSFER & APPOINTMENT 2021
## (with effect from Saturday 06 February 2021)

**Very Rev / Rev Father**

| No | Name | New Office |
|---|---|---|
| 1. | Alencheril Joseph | Pastoral Assistant, Lalam Old (additional) & Residence at Lalam Old Presbytery |
| 2. | Arackaparampil Mathew | Vicar, Palayam |
| 3. | Brahmanavelil Thomas | Vicar, Kalathookadavu |
| 4. | Chamakalayil Sebastian | Asst.Vicar, Kaduthuruthy |
| 5. | Cheeramkuzhy Michael | Vicar, Vakakad |
| 6. | Choorakkatt George (Jr.) | Asst.Vicar, Palai Cathedral |
| 7. | Chovelukudiyil James | Asst.Vicar, Manvettam |
| 8. | Edathinal Francis | Asst.Vicar, Elanji |
| 9. | Ennackapally Mathew | Vicar, Kayyoor |
| 10. | Eruppakkattu Philip | Vicar, Gagultha |
| 11. | Ettackakunnel George | Asst.Vicar, Ramapuram |
| 12. | Illimoottil Joseph | Vicar, Nelliyany |
| 13. | Illimoottil Thomas | Vicar, Yenthayar |
| 14. | Kadaplackal Sebastian | Vicar, Adivaram |
| 15. | Kaitholil Joseph | Pastoral Ministry, Palai Mission in the Eparchy of Adilabad |
| 16. | Kalayil Kurian | Vicar, Forane Moolamattam |
| 17. | Karamvely George | Vicar, Melukavumattam |

| | | |
|---|---|---|
| 18. | Kolath Mathew | Pastoral Ministry, Sabarmathi Mission, Gujrat in the Eparchy of Shamshabad |
| 19. | Koonanickal Joseph | Pastoral Ministry, Sabarmathi Mission, Gujrat in the Eparchy of Shamshabad |
| 20. | Kottayil Kurian | Vicar, Manathoor |
| 21. | Kudilil James | Vicar, Manalumkal |
| 22. | Kumbuckal Thomas | Asst.Vicar, Poonjar |
| 23. | Kumbulunkal Mathew | Asst.Vicar, Kadaplamattam |
| 24. | Kurisummoottil Mathew | Asst.Vicar, Cherpunkal |
| 25. | Kuruppasseriyil Joseph | Asst.Vicar, Chemmalamattom |
| 26. | Kuttarapallil John | Asst.Vicar, Thudanganad |
| 27. | Kuttiyanickal Mathew | Pastoral Assistant, Cherpunkal (additional) & Residence at Cherpunkal Presbytery (relieved from Warden, St. Peter's Hostel, Kummannoor |
| 28. | Kuzhinjalil Joseph | Director, Nursing College (additional) & Residence at Cherpunkal Presbytery |
| 29. | Malayilputhenpura Thomas | Pastoral Assistant, Kuravilangad |
| 30. | Manalel Thomas CRM | Asst.Vicar, Yenthayar |
| 31. | Mandapathil George | Retired & Chaplain, Nelliyany |

| | | |
|---|---|---|
| 32. | Mannukuzhumpil George | Vicar, Arakulam New |
| 33. | Mattamundayil John | Bursar, St. Joseph's College Engineering & Technology Pala (additional) |
| 34. | Mattel Francis | Pastoral Ministry, Palai Mission in the Eparchy of Adilabad |
| 35. | Meyickal Joseph | Vicar, Vakkad |
| 36. | Moloparambil Scaria | Pastoral Ministry in the Eparchy of Great Britain |
| 37. | Mundunadackal Mathew | Pastoral Ministry in the Eparchy of Great Britain |
| 38. | Nadackal Antony | Vicar, Cholathadam (relieved from Manager, Woodind Cherpunkal ) |
| 39. | Nadackal George | Retired & Residence in Vianney Priest Home, Muttuchira |
| 40. | Naduviladom Paul | Vicar, Valachira |
| 41. | Narithookil Kuriakose | Retired & Residence in Mar Aprem Priest Home Pala |
| 42. | Nellikunnucherivupurayidom George | Residence in Shalom Pastoral Centre |
| 43. | Njarakattil Joseph | Vicar, Maranagttupally |
| 44. | Padickakuzhippil Sebastian | Vicar, Forane Kothanalloor |
| 45. | Palithottam John | Vicar, Sibygiri |
| 46. | Panachickal Karottu James | Asst.Vicar, Poovarany & Director, KCSL |

| | | |
|---|---|---|
| 47. | Pandaraparambil Jacob | Bursar, Deva Matha College & Senior Asst. Vicar, Kuravilangad |
| 48. | Panthiruvelil Martin | Manager, Green Valley Estate, Koothrapally |
| 49. | Panthiruvelil Mathew | Asst.Vicar, Mutholapuram |
| 50. | Paravummel Joseph | Vicar, Mallikasserry |
| 51. | Pariath Joseph | Vicar, Marangoly |
| 52. | Pathickalputhenpura Kuriakose | Assistant Manager, St. Thomas Press & Book Stall, Assistant Director, Deepanalam Society-Palai and Associate Editor of Deepanalam Weekly |
| 53. | Pendanam Sebastian | Asst.Vicar, Moolamattam |
| 54. | Pezhumkattil Abraham | Retired & Residence in Mar Aprem Priest Home, Pala |
| 55. | Polakatt Kurian | Manager, Industrial Estate, Pala (additional) & Residence in Industrial Estate |
| 56. | Pottakulam Jacob | Vicar, Kudayathor |
| 57. | Purayidathilmattel Joseph | Asst.Vicar, Bharananganam |
| 58. | Puthenpura Joseph | Chaplain, Rose Bhavan, Monipally |
| 59. | Puthiyaparampil George | Retired & Residence at Home, Parathanam |

| | | |
|---|---|---|
| 60. | Puthiyidath Mathew | Mission Co-Ordinator, Palai Mission in the Eparchy of Adilabad |
| 61. | Puzhakkara Sebastian | Asst.Vicar, Muttuchira |
| 62. | Pympillil George | Study, Leuven University, Belgium |
| 63. | Thannickapara Jacob | Formator, Mar Aprem Seminary |
| 64. | Thekkel Mathew | Vicar, Poovarany |
| 65. | Theruvil Joseph | Vicar, Eravimangalam |
| 66. | Thonikuzhy Sebastian | Principal, BVM Mar Sleeva College, Cherpunkal |
| 67. | Thuruthippallil Mathew | Asst. Rector, St. Alphonsa Shrine & Pilgrim Church, Bharananganam |
| 68. | Vadakkethottiyil George | Chaplain, Fathima Mission Hospital, Kozhuvanal |
| 69. | Valayampallil Mathew | Asst.Vicar, Teekoy |
| 70. | Valiaveettil Kalappura Sebastian | Vicar, Manjamattam |
| 71. | Valiaveettil Thomas | Pastoral Assistant, Mannarappara & Residence at Mannarapara Presbytery |
| 72. | Valimalayil Joseph CRM | Asst.Vicar, Vadakara |
| 73. | Valummel Thomas | Vicar, Urulikunnam & Director, Pala Communications |
| 74. | Vanchipura Joseph | Study, SB College Changnacherry |

| | | |
|---|---|---|
| 75. | Vanchipurackal George | Vicar, Forane Pravithanam |
| 76. | Varickamackal Augustine | Vicar, Arunoottimangalam |
| 77. | Vattamattam Phililp | Vicar, Ayyampara |
| 78. | Vattappalam Devasiachan | Director, ADAART (Additional) & Residence in ADAART |
| 79. | Vedikunnel Thomas | Relieved, Director, Nursing College & Residence in Mar Aprem Priest Home, Pala |
| 80. | Vellachalil Kuriakose | Excecutive Director, Home Pala Project & Residence in the Bishop's House, |
| 81. | Velooparambil George | Director, Mar Sleeva Medicity Pala Cherpunkal |
| 82. | Vettukallel Mathew | Vicar, Paingalam |

## Transfer & Appointment March 2021

| | | |
|---|---|---|
| 1. | Vellilamthadam Mani, | Relieved from Chaplain, Devamatha Hospital, Koothattukulam and Residence in Vianney Priest Home, Muttuchira (w.e.f. 06.03.2021) |
| 2. | Narithookil Kuriakose, | Appointment as Chaplain, Devamatha Hospital, Koothattukulam (w.e.f. 06.03.2021) |

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സർക്കുലർ നമ്പർ 272 പ്രകാരം കോവിഡ് 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ എല്ലാ ഇടവകകളിലും പ്രതിനിധിയോഗംകൂടി ആണ്ടുതിരട്ട് പാസ്സാക്കാവുന്നതാണ്.
2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നൽകേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.
3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ്. (Statutory)**.
4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്കു അയച്ചുതരേണ്ടതാണ്.** (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ കോപ്പികളും രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.
5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ

ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കുവാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.
7. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
8. ആണ്ടുതിരട്ടിനു മുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
9. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാ റിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
10. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.
12 ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽപേർ വരുന്നതു പ്രോത്സാഹിപ്പിക്കുന്നില്ല.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്.

വിവിധയിനത്തിലുള്ള നേർച്ച വരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം (50:50), പലവക വരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (Cathedraticum) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നും 20000 രൂപ കുറച്ച് (ഇരുപതിനായിരം രൂപായെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽനിന്ന് 40000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund Trust ലേക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ

രൂപത ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടു ഫോറം ഇവയുടെ തുകയും ചേർന്നാണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 10-05-2021 Monday | Palai Cathedral (9am-9:30am)<br>Mutholy (11:10am-11:30am) | Kudakachira (9:30am-10am)<br>Palakadu (11:30-12 Noon) | Lalam Old (10am-10:30am)<br>Thodanal (12 Noon-12:30pm) | Moonnani (10:30am-11am)<br>Urilikunam (12:30pm-1:00pm) |
| 11-05-2021 Tuesday | Aruvithura (9am-9:30am)<br>Moonilavu (11:10am-11:30am) | Chennadu (9:30am-10am)<br>Maniamkulam (11:30-12 Noon) | Edamaruku (10am-10:30am)<br>Nellapara (12 Noon-12:30pm) | Kalathookadavu (10:30am-11am)<br>Valavoor (12:30pm-1:00pm) |
| 12-05-2021 Wednesday | Bharananganam (9am-9:30am)<br>Idamattom (11:10am-11:30am) | Amparanirappel (9:30am-10am)<br>Plassanal (11:30-12 Noon) | Choondacherry (10am-10:30am) | Edapady (10:30am-11am) |
| 14-05-2021 Friday | Cherpunakal (9am-9:30am)<br>Manalumkal (11:10am-11:30am) | Alphonsagiri (9:30am-10am)<br>Manjamattom (11:30-12 Noon) | Kanjiramattom (10am-10:30am)<br>Paduva (12 Noon-12:30pm) | Karimpani (10:30am-11am)<br>Palayam (12:30pm-1:00pm) |
| 15-05-2021 Saturday | Elanji (9am-9:30am)<br>Mutholapuram (11:10am-11:30am) | Josegiri (9:30am-10am)<br>Santhipuram (11:30-12 Noon) | Kakkoor (10am-10:30am)<br>Thirumarady (12 Noon-12:30pm) | Mulakulam (10:30am-11am)<br>Xavierpuram (12:30pm-1:00pm) |
| 17-05-2021 Monday | Kadanadu (9am-9:30am)<br>Urumbukavu (11:10am-11:30am) | Anthinadau (9:30am-10am)<br>Aimcomb (11:30-12 Noon) | Kavumkandam (10am-10:30am)<br>Kurumannu (12 Noon-12:30pm) | Manathoor (10:30am-11am)<br>Geovalley (12:30pm-1:00pm) |
| 18-05-2021 Tuesday | Kaduthuruthy (9am-9:30am)<br>Poozhikol (11:10am-11:30am) | Arunoottimangalam (9:30am-10am)<br>Thuruthipally (11:30-12 Noon) | Keezhoor (10am-10:30am) | Mannar (10:30am-11am) |

| | | | | |
|---|---|---|---|---|
| 20-05-2021 Thursday | Koottickal (9am-10am)<br>Parathanam (11:10am-11:30am) | Cholathadam (9:30am-10am)<br>Velanilam (11:30-12 Noon) | Kavaly (10am-10:30am)<br>Yendayar (12 Noon-12:30pm) | Malayinchipara (10:30am-11am) |
| 21-05-2021 Friday | Kothanalloor (9am-9:30am)<br>Nambiakulam (11:10am-11:30am) | Kalathoor (9:30am-10am)<br>Perumthuruth (11:30-12 Noon) | Mannarappara (10am-10:30am)<br>Sleevapuram (12 Noon-12:30pm) | Manvettam (10:30am-11am)<br>Vedagiri (12:30pm-1:00pm) |
| 24-05-2021 Monday | Kuravilangad (9am-9:30am)<br>Monipally (11:10am-11:30am) | Kattampak (9:30am-10am)<br>Udayagiri (11:30-12 Noon) | Kurichithanam (10am-10:30am)<br>Vayala (12 Noon-12:30pm) | Mannackanad (10:30am-11am) |
| 25-05-2021 Tuesday | Moolamattom (9am-9:30am)<br>Elapally (11:10am-11:30am) | Arakulam New (9:30am-10am)<br>Kudayathoor (11:30-12 Noon) | Arakulam Old (10am-10:30am)<br>Kulamavu (12 Noon-12:30pm) | Edadu (10:30am-11am)<br>Lourdes Mount (12:30pm-1:00pm) |
| 26-05-2021 Wednesday | Muttuchira (9am-9:30am)<br>Malapuram (11:10am-11:30am) | Fathimapuram (9:30am-10am)<br>Valachira (11:30-12 Noon) | Jaigiri (10am-10:30am)<br>Alphonsapuram (12 Noon-12:30pm) | Kanjirathanam (10:30am-11am)<br>Vimalagiri(Chakkikavu) (12:30pm-1:00pm) |
| 28-05-2021 Friday | Poonjar (9am-9:30am)<br>Maniankunnu (11:10am-11:30am | Adivaram (9:30am-10am)<br>Payyanithottam (11:30-12 Noon) | Kaipally (10am-10:30am)<br>Peringulam (12 Noon-12:30pm) | Kunnonny (10:30am-11am)<br>Thakady (12:30pm-1:00pm) |
| 29-05-2021 Saturday | Pravithanam (9am-9:30am)<br>Kayyoor (11:10am-11:30am) | Elamthottam (9:30am-10am)<br>Narianganam (11:30-12 Noon) | Kaveekunnu (10am-10:30am)<br>Ullanad (12 Noon-12:30pm) | Mundankal (10:30am-11am)<br>Vezhanganam (12:30pm-1:00pm) |
| 01-06-2021 Tuesday | Ramapuram (9am-9:30am)<br>Ezhacherry (11:10am-11:30am) | Anthialam (9:30am-10am)<br>Karoor (11:30-12 Noon) | Chakkampuzha (10am-10:30am)<br>Kondad (12 Noon-12:30pm) | Chittar (10:30am-11am)<br>Kurinji (12:30pm-1:00pm) |
| 02-06-2021 Wednesday | Teekoy (9am-9:30am)<br>Mavady (11:10am-11:30am) | Ayyampara (9:30am-10am)<br>Santhigiri (11:30-12 Noon) | Adukkam (10am-10:30am)<br>Vagamon (12 Noon-12:30pm) | Mangalagiri (10:30am-11am)<br>Vellikulam (12:30pm-1:00pm) |

| | | | | |
|---|---|---|---|---|
| 03-06-2021<br>Thursday | Thudanganad<br>(9am-9:30am)<br>Maryland<br>(11:10am-11:30am) | Gagultha<br>(9:30am-10am)<br>Melukavumattom<br>(11:30-12 Noon) | Jose Mount (Illiary)<br>(10am-10:30am)<br>Neeloor<br>(12 Noon-12:30pm) | kakombu<br>(10:30am-11am)<br>Sibigiri<br>(12:30pm-1:00pm) |
| 05-06-2021<br>Saturday | Arunapuram<br>(9am-9:30am)<br>Mevida<br>(11:10am-11:30) | Kizhathadiyor<br>(9:30am-10:00am)<br>Nelliyani<br>(11:30-12:00pm) | Lalam New (10:00am-10:30 am)<br>Paingalam (12:00pm-12:30pm) | Meenachil<br>(10:30am-11:00am)<br>Poovarany<br>(12:30pm-1:00pm) |
| 07-06-2021<br>Monday | Varianikad<br>(9am-9:30am)<br>Thidanad<br>(11:10am-11:30) | Chemmalamattom<br>(9:30am-10:00am)<br>Vakakkad<br>(11:30-12:00pm) | Chettuthodu<br>(10:00am-10:30 am)<br>Velliamattom<br>(12:00pm-12:30pm) | Piusmount<br>(10:30am-11:00am)<br>Neeramthanam<br>(12:30pm-1:00pm) |
| 08-06-2021<br>Tuesday | Chempilavu<br>(9am-9:30am)<br>Mangalaram<br>(11:10am-11:30) | Kadaplamattom<br>(9:30am-10:00am)<br>Mattakkara<br>(11:30-12:00pm) | Kozhuvanal<br>(10:00am-10:30 am)<br>Moozhoor<br>(12:00pm-12:30pm) | Kuruvinal<br>(10:30am-11:00am)<br>Poovakulam<br>(12:30pm-1:00pm) |
| 09-06-2021<br>Wednesday | Koothattukulam<br>(9am-9:30am)<br>Vadakara<br>(11:10am-11:30) | Marangoly<br>(9:30 -10:00am)<br>Pala Town Chapel<br>(11:30-12:00pm) | Periappuram<br>(10:00am-10:30 am) | Piravom<br>(10:30am-11:00am) |
| 11-06-2021<br>Friday | Kalikavu<br>(9am-9:30am)<br>Ratnagiri<br>(11:10am-11:30) | Koodalloor<br>(9:30 -10:00am)<br>Vakkad<br>(11:30-12:00pm) | Marangattupally<br>(10:00am-10:30 am)<br>Kochukottaram<br>(12:00pm-12:30pm) | Palakattumala<br>(10:30am-11:00am) |
| 12-06-2021<br>Saturday | Kizhaparayar<br>(9am-9:30am)<br>Vilakumadom<br>(11:10am-11:30) | Mallikasserry<br>(9:30 am-10:00am)<br>Alphonsa Shrine<br>(11:30-12:00pm) | Paika<br>(10:00am-10:30am)<br>Eravimangalam<br>(12.00 - 12.30 pm | Poovathodu<br>(10:30am-11:00am) |

+Jacob Murikan

മെത്രാസനമന്ദിരം, പാലാ
01.04.2021

**മാർ ജേക്കബ് മുരിക്കൻ**
പാലാ രൂപത സഹായമെത്രാൻ

NB: ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ മെയ് 10 നുമുമ്പ് സമർപ്പിക്കാവുന്നതാണ്.

## ബഹു. വൈദികരുടെ വാർഷികധ്യാനം

രൂപതയിലെ വൈദികരുടെ 2021 ലെ വാർഷിക ധ്യാനം ഒക്ടോബർ മാസത്തിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രണ്ടു ബാച്ചുകളിലായി ക്രമീകരിക്കുന്നു. വിൻസെൻഷ്യൻ സഭയുടെ സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാൽ പെരി. ബഹു. മാത്യു കക്കാട്ടുപിള്ളി അച്ചനായിരിക്കും വാർഷികധ്യാനം നയിക്കുന്നത്.

**ആദ്യ ബാച്ച് 2021 ഒക്ടോബർ 03 - 07 (ഞായർ - വ്യാഴം)**
**രണ്ടാം ബാച്ച് 2021 ഒക്ടോബർ 10 - 14 (ഞായർ - വ്യാഴം)**

ബാച്ചനുസരിച്ചുള്ള വൈദികരുടെ ലിസ്റ്റ് പിന്നീട് അറിയിക്കുന്നതാണ്.

### 1. സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന

നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി ഏപ്രിൽ 1 പെസഹാ വ്യാഴാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി ലഭിച്ച തുക മെയ് 8-നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

### 2. വിശുദ്ധ നാടിനുള്ള സംഭാവന

വിശുദ്ധനാടിന്റെ സംരക്ഷണാർത്ഥം ദുഃഖവെള്ളിയാഴ്ച പിരിഞ്ഞുകിട്ടിയ തുക മെയ് 8-നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

## എഡിസിപി എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പ്

പ്രിയ എഡിസിപി അംഗങ്ങളേ,

നമ്മുടെ വൈദികസംഘടനയായ എഡിസിപിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി ഏപ്രിൽ മാസത്തിൽ അവസാനിക്കുകയാണ്. അടുത്ത മൂന്നു വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തിരഞ്ഞെടുപ്പിനുനേതൃത്വം നൽകുവാൻ മോൺ ജോസഫ് തടത്തിൽ, ഫാ. ദേവസ്യാ കൊല്ലംപറമ്പിൽ, ഫാ. ജോസഫ് കടുപ്പിൽ എന്നിവരെ തിരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് നടപടിക്രമം മുന്നോട്ടു പോകുന്നതാണ്. രണ്ടു ഘട്ടങ്ങളിലായി നടത്തപ്പെടുന്ന ഇലക്ഷനിൽ ഇലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം വോട്ട് രേഖപ്പെടുത്തി എഡിസിപി ഓഫീസിലേക്കു അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ തോമസ് പനയ്ക്കക്കുഴി**

സെക്രട്ടറി എഡിസിപി

## പാലാ രൂപത ചരിത്രഗ്രന്ഥം

പാലാ രൂപതയുടെ സമഗ്ര ചരിത്രം പ്രതിപാദിക്കുന്ന കൃപയുടെ നാൾവഴികൾ എന്ന ചരിത്രഗ്രന്ഥം രൂപത ഫിനാൻസ് ഓഫീസിൽ 1500/- രൂപ (മുഖവില 2000/-) നിരക്കിൽ ലഭ്യമാണ്.

**ഫിനാൻസ് ഓഫീസർ**

## പാലാ രൂപത നിയമാവലി

പരിഷ്കരിച്ച പാലാ രൂപത നിയമാവലി രൂപത ഫിനാൻസ് ഓഫീസിൽ അഞ്ഞൂറുരൂപ (Rs. 500/-) നിരക്കിൽ ലഭ്യമാണ്. എല്ലാ ഇടവകകളിലും ഒരു കോപ്പി നിർബന്ധമായും സൂക്ഷിക്കുമല്ലോ.

**ഫിനാൻസ് ഓഫീസർ**

# മൈനർ സെമിനാരി പ്രവേശനം

ഇന്റർവ്യൂ: 2021 മെയ് 7

സമയം: 9:30 am– 12:00 pm

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ 2021 മെയ് 5–ാം തീയതിക്കു മുമ്പ് വെരി. റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട് – കരൂർ പി. ഓ. 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിപരീക്ഷാ യോഗ്യതയുള്ളവരോ ആയിരിക്കണം. സെമിനാരി പ്രവേശനത്തിന്റെ ഇന്റർവ്യൂ മെയ് 7–ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 9:30 മുതൽ 12 മണിവരെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു.

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണങ്കിൽ ഹാൾടിക്കറ്റ് നമ്പർ എന്നീവിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരും സൽസ്വഭാവികളുമായ യുവാക്കന്മാരെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപത മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നുതാത്പര്യപ്പെടുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.03.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: ബഹു. വികാരിയച്ചന്മാർ ഇക്കാര്യം മെയ് 2 ഞായറാഴ്ച്ച എല്ലാദൈവാലയങ്ങളിലും വി.കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്. CBSE, ICSE പരീക്ഷകൾ പൂർത്തിയായില്ലെങ്കിലും അവരെ Interviewവിന് പറഞ്ഞുവിടുന്നതിൽ തടസമില്ല.

# NEEDY CHURCH FUND 2020 – 2021

| Sl.No. | Parish | Sanctioned Amount |
|---|---|---|
| 1 | Adivaram | 1,00,000/- |
| 2 | Adukkom | 50,000/- |
| 3 | Alphonsapuram | 50,000/- |
| 4 | Chittar | 6,00,000/- |
| 5 | Choondachery | 50,000/- |
| 6 | Edadu | 2,00,000/- |
| 7 | Elamthottam | 50,000/- |
| 8 | Jaigiri | 2,00,000/- |
| 9 | Kakkombu | 50,000/- |
| 10 | Kayyoor | 4,00,000/- |
| 11 | Koothattukulam | 2,00,000/- |
| 12 | Kulamavu | 1,00,000/- |
| 13 | Kurinji | 1,00,000/- |
| 14 | Malapuram(Ayamkudi) | 3,00,000/- |
| 15 | Malayinchipara | 1,00,000/- |
| 16 | Maniamkulam | 1,00,000/- |
| 17 | Mannackanad | 1,00,000/- |
| 18 | Mannarappara (Eravimangalam) | 2,00,000/- |
| 19 | Mattakkara | 50,000/- |
| 20 | Moonnani | 2,50,000/- |
| 21 | Moonnilavu | 1,50,000/- |
| 22 | Narianganam | 2,00,000/- |
| 23 | Payyanithottam | 2,00,000/- |
| 24 | Perumthuruth | 1,50,000/- |
| 25 | Piravom | 1,00,000/- |
| 26 | Santhigiri | 1,50,000/- |
| 27 | Thirumarady | 1,50,000/- |
| 28 | Udayagiri | 1,00,000/- |
| 29 | Vagamon | 1,00,000/- |
| 30 | Vakkad | 1,25,000/- |
| 31 | Vayala | 1,00,000/- |
| 32 | Vedagiri | 1,50,000/- |
| 33 | Vellikulam | 2,50,000/- |
| 34 | Vezhanganam | 1,00,000/- |
| 35 | Vimalagiri (Chakkikavu) | 3,00,000/- |
| 36 | Gujarath Mission | 5,00,000/- |
| 37 | Pala communications | 1,50,000/- |
| 38 | Santhwana Counselling Centre | 1,50,000/- |
| 39 | DCMS | 50,000/- |
| | **Total** | **64,25,000/-** |

# പാലാ ഹോം പ്രോജക്ട്

| | പണി പൂർത്തിയായ വീടുകൾ | ഇടവകയിൽനിന്ന് നൽകിയ തുക |
|---|---|---|
| 1. | രഞ്ജിത്ത് തോട്ടാക്കുന്നേൽ കാവുംകണ്ടം | 1124476 |
| 2. | ബിനോയി ചാലിൽ, കാവുംകണ്ടം | 185886 |
| 3. | തങ്കച്ചൻ കിഴക്കേനാത്ത് കാവുംകണ്ടം | 253560 |
| 4. | ബെന്നി ചെമ്മലയിൽ കാവുംകണ്ടം | 18100 |
| 5. | വിജയൻ കളപ്പുരയ്ക്കൽ കാവുംകണ്ടം | 202051 |
| 6. | ജോർജ് മതിച്ചിപ്പറമ്പിൽ കാവുംകണ്ടം | 141355 |
| 7. | അപ്പച്ചൻ കരിഞ്ഞാങ്കൽ കാവുംകണ്ടം | 61439 |
| 8. | വിൻസെന്റ് പാതിരിയിൽ കാവുംകണ്ടം | 36340 |
| 9. | കുഞ്ഞുവർക്കി വല്യാത്ത് കാവുംകണ്ടം | 58256 |
| 10. | സാബു കറിക്കല്ലിൽ കാവുംകണ്ടം | 77480 |
| 11. | ജോബി താളംപ്ലാക്കിയിൽ വലവൂർ | 1020000 |
| 12. | ഏലി അന്ത്രയോസ് കളരിമുകളേൽ, കൂട്ടിക്കൽ | 185000 |
| 13. | തുഷാര കിഴക്കേടത്ത് കത്തീഡ്രൽ, പാലാ | 650000 |
| 14. | ഷാജി കണ്ണന്തറ കത്തീഡ്രൽ, പാലാ | 300000 |
| 15. | ജോൺ കുന്നിൻപുരയിടം, പെരിങ്ങുളം | 889862 |
| 16. | ചാക്കോച്ചൻ മാണിവേലിൽ, പാളയം | 25000 |

| | സ്ഥലം നല്കിയവർ | |
|---|---|---|
| 1. | സെന്റ് ജോസഫ് ചർച്ച്, വാരിയാനിക്കാട് | 10 സെന്റ് |
| 2. | അലക്സാണ്ടർ കല്ലറയ്ക്കൽ (വരിക്കമാക്കൽ), തുടങ്ങനാട് | 5 സെന്റ് |
| 3. | ബിജു കെണയനാനിക്കൽ, പെരിങ്ങുളം | 5 സെന്റ് |
| | **സ്ഥലം ലഭിച്ചവർ** | |
| 1. | സിബി വട്ടംകുഴി, തുടങ്ങനാട് | 5 സെന്റ് |
| 2. | സജീവ് പാറേപുരയിടത്തിൽ, വാരിയാനിക്കാട് | 3 സെന്റ് |
| 3. | അലക്സ് പുളിയൻമാവിൽ, വാരിയാനിക്കാട് | 3 സെന്റ് |
| 4. | ജോബിൻ പെരുന്നിലത്ത്, വാരിയാനിക്കാട് | 3 സെന്റ് |
| 5. | ജോൺ കുന്നിൻപുരയിടം, പെരിങ്ങുളം | 5 സെന്റ് |

**സാമ്പത്തിക സഹായം ലഭിച്ചവർ**

| | | |
|---|---|---|
| 1 | മരിയ ഗൊരേത്തി ചർച്ച്, കാവുംകണ്ടം | 50000 |
| 2 | സെന്റ് അഗസ്റ്റ്യൻ ഫൊറോനാ ചർച്ച്, രാമപുരം | 100000 |
| 3 | സേക്രട്ട്ഹാർട്ട് ചർച്ച്, പെരിങ്ങുളം | 75000 |
| 4 | സെന്റ് മേരീസ് ചർച്ച്, മൂന്നിലവ് | 100000 |
| 5 | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിയാനി | 30000 |
| 6 | സെന്റ് ജോർജ് ചർച്ച്, മുത്തോലി | 10000 |
| 7 | സെന്റ് മേരീസ് ചർച്ച്, ളാലം ഓൾഡ് | 480000 |
| 8 | മിനി റെജി കൊന്നയ്ക്കൽ, തിടനാട് | 50000 |
| 9 | ജസ്ലിൻ മുകളേൽ, തിടനാട് | 50000 |

**സാമ്പത്തികസഹായം നല്കിയവർ**

| | | |
|---|---|---|
| 1 | അന്നമ്മ മുട്ടത്തിൽ കുറുപ്പൻതറ | 436200 |
| 2 | മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയം, കുറവിലങ്ങാട് | 100000 |
| 3 | മാത്യു സെബാസ്റ്റ്യൻ മേടയ്ക്കൽ, പാലാ | 100000 |
| 4 | റോസമ്മ കുര്യൻ കൊല്ലംപറമ്പിൽ, ചേർപ്പുങ്കൽ | 50000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്റർ ആരംഭിച്ചു.**

ചേർപ്പുങ്കൽ: മാർ സ്ലീവാ മെഡിസിറ്റിയുടെ പുതുവത്സര സമ്മാനമെന്നോണം ജനങ്ങൾക്കായി ജനുവരി ഒന്നുമുതൽ ചേർപ്പുങ്കൽ ഷോപ്പിംഗ് കോംപ്ലക്സിൽ മാർസ്ലീവാ മെഡിസിറ്റി സർവീസ് സെന്റർ പാലാരൂപത അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ആശീർവാദത്തോടെ പ്രവർത്തനം ആരംഭിച്ചു.

**കോവിഡ് 19 വാക്സിൻ ഡ്രൈ റൺ ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കി**

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള കോവിഡ് വാക്സിൻ ഡ്രൈ റണ്ണിൽ മാർ സ്ലീവാ മെഡിസിറ്റിയും ഭാഗമായിരുന്നു. കോട്ടയം ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടന്ന ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചത് അഭിമാന നേട്ടമായി മാറി.

**ഞായറാഴ്ചകളിലും ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി**

ജനുവരിമുതൽ ഞായറാഴ്ചകളിലും ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി ജനറൽ മെഡിസിൻ, പീഡിയാട്രിക്സ് എന്നീ ഡിപ്പാർട്ടുമെന്റുകൾ ഇനിമുതൽ എല്ലാ ഞായറാഴ്ചകളിലും മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തിക്കുന്നു.

**'ദി മാർ സ്ലീവാ ജേർണൽ ഓഫ് മെഡിസിൻ' പ്രകാശനം ചെയ്തു**

മാർ സ്ലീവാ മെഡിസിറ്റിയുടെ മെഡിക്കൽ റിസർച്ച് ജേർണലായ 'ദി മാർ സ്ലീവാ ജേർണൽ ഓഫ് മെഡിസിൻ, അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു. ആശുപത്രിയിലെ വിവിധ ഡോക്ടർ മാർ തയ്യാറാക്കിയ ആർട്ടിക്കിൾസ്, കേസ്സ്റ്റഡീസ് എന്നിവയാണ് ജേർണലിലെ ഉള്ളടക്കം.

**ഫെല്ലോഷിപ്പ് ഇൻ ആർത്രോപ്ലാസ്റ്റി ആർത്രോസ്കോപ്പി ആരംഭിച്ചു**

ഡോ. ഒ.റ്റി. ജോർജിന്റെ നേതൃത്വത്തിൽ ഫെല്ലോഷിപ്പ് ഇൻ ആർത്രോപ്ലാസ്റ്റി & ആർത്രോസ്കോപ്പി കോഴ്സുകൾ മാർസ്ലീവാ

മെഡിസിറ്റിയിൽ ആരംഭിച്ചു. മൂന്നു മാസമാണ് കോഴ്സുകളുടെ കാലയളവ്.

**റിപ്പബ്ലിക്ദിനം ആചരിച്ച് മാർ സ്ലീവാ മെഡിസിറ്റി**

72-ാമത് റിപ്പബ്ലിക് ദിനം ആചരിച്ച് മാർ സ്ലീവാ മെഡിസിറ്റി. പാലാ. ഹോസ്പിറ്റൽ ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ ദേശീയപതാക ഉയർത്തി. ഹോസ്പിറ്റൽ സെക്യൂരിറ്റി സ്റ്റാഫ് നടത്തിയ പരേഡ് ആഘോഷങ്ങളുടെ ഭാഗമായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി ഹെൽത്ത് ടി വി ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റി ഹെൽത്ത് ടിവിയുടെ സ്വിച്ച് ഓൺ കർമ്മം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. കാര്യങ്ങൾ ജനങ്ങളിലേക്ക് കൃത്യതയോടെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ ചാനൽ മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ നയിക്കുന്ന ക്ലാസുകൾ, ആരോഗ്യരംഗത്തെ വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, ഡോക്ടറുമാരുമായി നടത്തുന്ന ഇന്റർവ്യൂകൾ, ആശുപത്രി സംവിധാനങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ, വിവിധ രോഗങ്ങളെക്കുറിച്ചും ചികിത്സകളെക്കുറിച്ചുമുള്ള വിവരണങ്ങൾ, ആശുപത്രിയിൽ നടത്തുന്ന ചടങ്ങുകൾ എന്നിവയെല്ലാം ആശുപത്രിമുറികളിൽ ലഭ്യമാക്കുന്നു. ആശുപത്രിയുടെ എല്ലാ വിവരങ്ങളും ആഘോഷങ്ങളും എല്ലാവരുമായി തത്സമയം പങ്കുവയ്ക്കാൻ ഇതു സഹായകരമാകുന്നു. CXXn യൂട്യൂബിലും തത്സമയം ലഭ്യമാണ്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ബ്രെസ്റ്റ് ക്ലിനിക് ആരംഭിച്ചു**

ലോകക്യാൻസർദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ ബ്രെസ്റ്റ് ക്ലിനിക് ആരംഭിച്ചു. മെഡിക്കൽ ആൻഡ് സർജിക്കൽ ഓങ്കോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലാണ് ബ്രെസ്റ്റ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അലർജി ആൻഡ് ആസ്ത്മ ക്ലിനിക് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി അലർജി ആൻഡ് ആസ്ത്മ ക്ലിനിക് ആരംഭിച്ചു. പീഡിയാട്രിക ്സ്, പൾമനറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ വിഭാഗങ്ങൾ ഒരുമിച്ചു ചേർന്നാണ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റി ഡയറക്ടർ ഫാ. ജോസഫ് പര്യാത്തിനു യാത്രയയപ്പ് നൽകി**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ഡയറക്ടർ ആയിരുന്ന ഫാ. ജോസഫ് പര്യാത്തിനു യാത്രയയപ്പ് നൽകി. 2016 ൽ മാർസ്ലീവാ മെഡിസിറ്റി പാലായിൽ ഡയറക്ടർ ആയി ചുമതലയേറ്റ അദ്ദേഹം ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിക്കുകയും ഹോസ്പിറ്റലിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റി ഡയറക്ടറായി ഫാ. ജോർജ് മൊളോപ്പറമ്പിൽ ചുമതലയേറ്റു**

മാർസ്ലീവാ മെഡിസിറ്റിയുടെ പുതിയ ഡയറക്ടറായി ഫാ. ജോർജ് മൊളോപ്പറമ്പിൽ ചുമതലയേറ്റു. ബ്രാൻഡിംഗ് & ഹെൽത്ത് കെയർ പ്രൊമോഷൻസ്, ആയൂർവേദ, പാലിയേറ്റീവ് കെയർ, ഹോം കെയർ, ഇന്റർനാഷണൽ പേഷ്യന്റ് റിലേഷൻസ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ ഡയറക്ടറായാണ് ചുമതലയേറ്റിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വെരികോസ് വെയ്ൻ ക്ലിനിക് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ വെരികോസ് വെയ്ൻ ക്ലിനിക് ആരംഭിച്ചു. ജനറൽ ആൻഡ് ലാപ്പറോസ്കോപിക് സർജറി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലികിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു**

അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ആശീർവാദത്തോടെ ലികിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് മാർ സ്ലീവാ മെഡിസിറ്റിയിൽ സ്ഥാപിച്ചു.

**കുറഞ്ഞ കാലയളവിലൂടെ മികച്ച ആശുപത്രിക്കുള്ള അവാർഡ് നേടി മാർ സ്ലീവാ മെഡിസിറ്റി പാലാ**

വളരെക്കുറഞ്ഞ കാലയളവിൽ കോട്ടയം ജില്ലയിലെ മികച്ച ആശുപത്രികളിലൊന്നായി മാറിയ മാർ സ്ലീവാ മെഡിസിറ്റിയെ അവാർഡ് നൽകി ആദരിച്ചു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം. മണിയിൽനിന്ന് ഹോസ്പിറ്റൽ മാനേജിങ്

ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ അവാർഡ് സ്വീകരിച്ചു.

**ഒബീസിറ്റി ദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ ലൈഫ്സ്റ്റൈൽ ചേഞ്ച് ക്ലിനിക് ആരംഭിച്ചു.**

ലോകഒബീസിറ്റി ദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ ലൈഫ്സ്റ്റൈൽ ചേഞ്ച് ക്ലിനിക് ആരംഭിച്ചു. എൻഡോക്രൈനോളജി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

**കോവിഡ് വാക്സിൻ കുത്തിവയ്പ്പിനു സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി**

മാർച്ച് ഒന്നു മുതൽ ആരംഭിച്ച രണ്ടാംഘട്ട കോവിഡ്-19 വാക്സിൻ വിതരണത്തിൽ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയും. കോട്ടയം ജില്ലയിൽ വാക്സിൻ വിതരണം നടത്തുന്ന സ്വകാര്യ ആശുപത്രികളിലൊന്നായ മാർ സ്ലീവാ മെഡിസിറ്റി, കഴിഞ്ഞ ജനുവരിയിൽ നടത്തിയ വാക്സിൻ ഡ്രൈ റൺ വിജയകരമായി പൂർത്തിയാക്കിയിരുന്നു.

**മാർച്ച് 8 മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനം ആചരിച്ചു.**

ലോകവനിതാദിനമായ മാർച്ച് 8 മാർസ്ലീവാ മെഡിസിറ്റി പാലായിൽ വനിതാദിനം ആചരിച്ചു. വനിതകളെ ആദരിക്കുന്ന ദിനത്തിൽ ആശുപത്രിയിൽ എത്തിയ എല്ലാ വനിതാരോഗികൾക്കും റോസാപ്പൂക്കൾ നൽകിയാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ വനിതാജീവനക്കാർ സ്വീകരിച്ചത്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഡിമെൻഷ്യ ക്ലിനിക് ആരംഭിച്ചു**

മാർസ്ലീവാ മെഡിസിറ്റിയിൽ ഡിമെൻഷ്യ ക്ലിനിക് ആരംഭിച്ചു. ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

**മാർസ്ലീവാ മെഡിസിറ്റിയിൽ പൾമനറി റീഹാബിലിറ്റേഷൻ ക്ലിനിക് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ പൾമനറി റീഹാബിലിറ്റേഷൻ ക്ലിനിക് ആരംഭിച്ചു. പൾമനറി & ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

## New Doctors list (ജനുവരി, ഫെബ്രുവരി & മാർച്ച്)

ഡോ. റോയ് ഏബ്രഹാം കള്ളിവയലിൽ
- സീനിയർ കൺസൾറ്റന്റ് - സൈക്യാട്രി

ഡോ. അഗിതകുമാരി - സീനിയർ കൺസൾറ്റന്റ്
- ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി

ഡോ. മെറിൻ യോഹന്നാൻ - കൺസൾറ്റന്റ്
- പൾമനറി & ക്രിട്ടിക്കൽ കെയർ മെഡിസിൻ

ഡോ. ആൽവിൻ ജോസ്പി - കൺസൾറ്റന്റ് - യൂറോളജി

ഡോ. ഷിജോ ജോൺ ജോസഫ് - കൺസൾറ്റന്റ് - സൈക്യാട്രി

ഡോ. അനൂജ കെ.ഇ. - കൺസൾറ്റന്റ് - എമർജൻസി മെഡിസിൻ

ഡോ. ലിബിജി പാപ്പച്ചൻ - കൺസൾറ്റന്റ്
- അനസ്തേഷ്യോളജി & പെരി ഓപ്പറേറ്റീവ് മെഡിസിൻ

ഡോ. സാനു സാജൻ - കൺസൾറ്റന്റ്
- അനസ്തേഷ്യോളജി & പെരി ഓപ്പറേറ്റീവ് മെഡിസിൻ

ഡോ. ജോൺ മാത്യു - കൺസൾറ്റന്റ് - ഇൻടി & ലാരിങ്കോളജി

ഡോ. റോണി മാത്യു - സീനിയർ രജിസ്ട്രാർ
- അനസ്തേഷ്യോളജി & പെരി ഓപ്പറേറ്റീവ് മെഡിസിൻ

ഡോ. ഹർഷറീഗൻ ഇ. കെ - സീനിയർ രജിസ്ട്രാർ -
ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി

ഡോ. മിഥുൻ മുരളി - രജിസ്ട്രാർ - ഓങ്കോളജി

ഡോ. സംഗീത എസ് - രജിസ്ട്രാർ - കാർഡിയോളജി

**മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ**
(എക്സിക്യൂട്ടീവ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ)

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

# പീഡാനുഭവവാരവും തിരുക്കർമ്മങ്ങളും

പിഡാനുഭവ ആഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ജനപങ്കാളിത്തത്തോടുകൂടിയ തിരുക്കർമ്മങ്ങൾ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്രമീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ.

1. ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങളിൽ പതിവുപോലെ പങ്കെടുക്കുന്നവർക്കുവേണ്ടി കുരുത്തോല വാഴ്ത്തൽ ശുശ്രൂഷ നടത്താവുന്നതാണ്. ഓശാന ഞായറാഴ്ച മാർ തെയദോറിന്റെ കുർബാനക്രമം (രണ്ടാമത്തെ കൂദാശക്രമം) ഉപയോഗിക്കുന്ന പതിവാണ് നമുക്കുള്ളത്.

2. തിങ്കൾ, ചൊവ്വ, ബുധൻ പ്രത്യേക പ്രാർത്ഥനാ ദിനങ്ങളായി പ്രയോജനപ്പെടുത്തണം.

3. സാധാരണയായി നമ്മുടെ പാരമ്പര്യമനുസരിച്ച് പെസഹാ വ്യാഴാഴ്ച ഒരു വിശുദ്ധ കുർബാന മാത്രമാണല്ലോ നാം അർപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ വിശ്വാസികൾക്കും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനുവേണ്ടി ഈ വർഷം ഒന്നിൽ കൂടുതൽ വിശുദ്ധ കുർബാനകൾ അർപ്പിക്കുവാൻ ബഹു. വൈദീകർക്ക് അനുവാദം ഉണ്ട് (സീറോ മലബാർ സഭയുടെ മേജർആർച്ച് ബിഷപ്പ് 2021 മാർച്ച് 2-ാം തീയതി നല്കിയ സർക്കുലർ - പ്രൊട്ടോ നമ്പർ. 0285/202).

4. കാലുകഴുകൽ ശുശ്രൂഷ പ്രധാന വിശുദ്ധ കുർബാനയോടനുബന്ധിച്ച് മാത്രമേ പാടുള്ളൂ. അന്നേ ദിവസം അർപ്പിക്കുന്ന മറ്റു വിശുദ്ധ കുർബാനകളോടനുബന്ധിച്ച് കാലുകഴുകൽ ശുശ്രൂഷ ആവർത്തിക്കുവാൻ പാടില്ല. കാല്പാദം കഴുകിയതിനുശേഷം നടത്തിവന്നിരുന്ന കാല്പാദചുബനം ഒഴിവാക്കേണ്ടതാണ്.

5. പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസ്സിന്റെ കുർബാന ക്രമമാണ് (മൂന്നാമത്തെ കൂദാശക്രമം) ഉപയോഗിക്കേണ്ടത്.

6. പെസഹാ വ്യാഴാഴ്ച നടത്താറുള്ള സ്തോത്രകാഴ്ച നമ്മുടെ രൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനു വേണ്ടിയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

7. പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ച് നടത്താറുണ്ടായിരുന്ന മൂറോൻ കൂദാശ തിരുക്കർമ്മം ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. ആവശ്യമെങ്കിൽ ഇടവകകളിലേക്കുള്ള മൂറോൻ ബഹു. വികാരിയച്ചനോ അസ്തേന്തി അച്ചനോ കത്തീഡ്രൽ പള്ളിയിൽ നേരിട്ട് വന്ന് സ്വീകരിക്കാവുന്നതാണ്.

8. പെസഹാ വ്യാഴാഴ്ച ഭവനങ്ങളിലെ പെസഹാഭക്ഷണം അല്ലെങ്കിൽ അപ്പം മുറിക്കൽ ശുശ്രൂഷ മുടക്കം വരാതെ നടത്തേണ്ടതാണ്.

9. പീഡാനുഭവ വെള്ളിയിലെ കർമ്മങ്ങളും കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് നടത്താവുന്നതാണ്. സ്ലീവാ വണങ്ങുവാനുള്ള അവസരം തിക്കും തിരക്കും ഉണ്ടാകാത്ത വിധത്തിൽ ക്രമീകരിക്കണം. എന്നാൽ സ്ലീവാ ചുംബിക്കുകയോ സ്പർശിക്കുകയോ ചെയ്യേണ്ടതില്ല. ഈശോയുടെ പീഡാനുഭവവും മരണവും കബറടക്കവും ഓർത്ത് ധ്യാനിച്ചുകൊണ്ട് നിശബ്ദതയിൽ കഴിയേണ്ട ദിവസമാണ് പീഡാനുഭവ വെള്ളി. ഈശോയുടെ പീഡാനുഭവത്തോട് ബന്ധപ്പെട്ട സുവിശേഷഭാഗങ്ങൾ വീടുകളിൽ കൂടുതലായിട്ട് വായിക്കുവാൻ എല്ലാവരും ശ്രമിക്കണം.

ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും ഉത്ഥിതന്റെ സമാധാനാശംസയും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 25.03.2021

NB: 25.03.2021 ൽ നല്കപ്പെട്ട അറിയിപ്പ്

ലേഖനം

# യൗസേപ്പിന്റെ പക്കലേക്കു പോവുക

**മാർ ജോസഫ് കല്ലറങ്ങാട്ട്**

ക്രൈസ്തവലോകത്തിൽ ഏറ്റവും പ്രിയപ്പെട്ട മൂന്നു വാക്കുകളാണ് 'ഈശോ മറിയം യൗസേപ്പേ' എന്നത്. ഭാരതനസ്രാണികളുടെയിടയിൽ ഏറ്റവും വലിയ പ്രാർത്ഥനാരൂപമായി ഇതിനെ കണ്ടിരുന്നു. ഈ ഓർമകളിലാണ് ഓരോ കുട്ടിയും വിശ്വാസത്തിൽ പരിശീലിപ്പിക്കപ്പെടുന്നത്. 'ഭൂമിയിലെ ത്രിത്വ'മെന്ന് ഈശോ മറിയം യൗസേപ്പിനെ വിശേഷിപ്പിച്ചിരുന്നു. മറിയത്തിലൂടെയും യൗസേപ്പിലൂടെയും ഈശോയിലേക്കെന്ന വലിയ ദൈവശാസ്ത്രചിന്തയിലേക്ക് ഈ പ്രാർത്ഥനാരൂപം വളർന്നു (Per Mariam et Joseph ad Jesum). രക്ഷാകരപദ്ധതി മുഴുവനും ഈ ചെറിയ പ്രാർത്ഥനാരൂപത്തിൽ കൂട്ടിയിണക്കിയിട്ടുണ്ട്. ഈശോയിൽ എത്തിച്ചേരാൻ നമുക്ക് മറിയത്തെയും യൗസേപ്പിനെയും കൂട്ടുപിടിക്കാം. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലികലേഖനംവഴി മാർ യൗസേപ്പിന്റെ തന്മ എടുത്തുകാണിച്ചു. യൗസേപ്പിന്റെ വഴിയിലൂടെ നടന്ന് സ്വർഗം പ്രാപിക്കാനുള്ള മാർഗങ്ങൾ പറഞ്ഞുതരുകയാണ്, പാപ്പാ. പരിശുദ്ധ അമ്മയോടുള്ള ആഴമായ ബന്ധത്തിലാണ് മാർ യൗസേപ്പിനെയും നാം മനസ്സിലാക്കേണ്ടത്.

അതിനാലാണ് ഡിസംബർ 8 മുതൽ (2020) ഒരു വർഷത്തേക്ക് (ഡിസംബർ 8, 2021) മാർ യൗസേപ്പിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. കത്തോലിക്കാസഭയുടെ മധ്യസ്ഥനായി മാർ യൗസേപ്പിനെ ഒൻപതാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് ഈ അപ്പസ്തോലികപ്രബോധനം പുറത്തിറക്കിയത്. മറിയത്തിന്റെയും ഈശോയുടെയും കരങ്ങളിൽക്കിടന്ന് യൗസേപ്പ് ഈ ലോകത്തോടു യാത്ര പറഞ്ഞുവെന്ന വിശുദ്ധ പാരമ്പര്യമാണ് സഭയിലുള്ളത്. ജോസഫാത്ത് താഴ്വരയിലാണ് അദ്ദേഹത്തിന്റെ ശൂന്യമായ കല്ലറ.

**1. യൗസേപ്പിന്റെ നിശ്ശബ്ദത വാല്യങ്ങൾ സംസാരിക്കുന്നു.**

പരിശുദ്ധ ബനഡിക്ട് പിതാവിന്റെ വാക്കുകളാണ് Joseph's Silence Speaks Volumes. യൗസേപ്പ് നിശ്ശബ്ദനായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അദ്ദേഹം ഒരു വാക്കുപോലും സംസാരിക്കുന്നതായി കാണുന്നില്ല. സഭയും ദീർഘനാൾ യൗസേപ്പിനെക്കുറിച്ചു മൗനം പാലിച്ചു. വിസ്മരിക്കപ്പെട്ട വിശുദ്ധൻ എന്നുപോലും അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. 'താപസവരനായ മാർ യൗസേപ്പ് പുണ്യമഹാമുനി' എന്ന ഗാനരൂപവും നമുക്ക് ഏറെ സുപരിചിതമാണ്. താപസാഭിമുഖ്യങ്ങളുള്ള മാർ യൗസേപ്പ് പുണ്യവാനും മൗനം ദീക്ഷിച്ചവനുമാണ്. നിശ്ശബ്ദത നഷ്ടപ്പെട്ടു ശബ്ദകോലാഹലങ്ങളിലൂടെ നീങ്ങുന്ന ആധുനികലോകത്തിന് മാർ യൗസേപ്പ് ഒരു ഉത്തമമാതൃകയാണ്. ദൈവത്തിന്റെ വഴികളെ ചോദ്യം ചെയ്യാത്ത യൗസേപ്പിനെയാണ് വിശുദ്ധഗ്രന്ഥത്തിൽ നാം കാണുന്നത്. ദൈവിക പദ്ധതിക്കു തന്നെത്തന്നെ പൂർണമായും സമർപ്പിച്ചതിന്റെ അടയാളമാണ് ഈ നിശ്ശബ്ദത. ദാർശനികനായ കീർക്കഗാർഡ് പറഞ്ഞു: "ഞാൻ ഒരു ഡോക്ടറായിരിക്കുകയും എന്റെ പക്കൽ ചികിത്സയ്ക്കായി രോഗികൾ വരികയും ചെയ്താൽ ഞാൻ ആദ്യം ചെയ്യുക അവരെ നിശ്ശബ്ദതയിലേക്കു പ്രവേശിപ്പിക്കുകയെന്നതായിരിക്കും."

ലോകത്തോടുള്ള വ്യർത്ഥസംഭാഷണങ്ങളിൽനിന്നു മാറിനില്ക്കുമ്പോൾ പ്രാർത്ഥനയും നിശ്ശബ്ദതയുംവഴി ദൈവത്തോടു കൂടുതൽ സംഭാഷണത്തിൽ ഏർപ്പെടാൻ സാധിക്കും. ദൈവവചനം ഉള്ളിൽ വളരുമ്പോൾ മനുഷ്യന്റെ വാക്കുകൾ അപ്രത്യക്ഷമാകും. (Verbo crescente Verba deficiunt).

മാർച്ചുമാസം ആദ്യവാരത്തിൽ ഫ്രാൻസിസ് മാർപാപ്പാ മെസപ്പൊട്ടോമിയൻ സംസ്കാരത്തിന്റെ അടയാളങ്ങൾ ഇപ്പോഴും പേറുന്ന ഇറാക്കിലേക്കു നടത്തിയ ചരിത്രസന്ദർശനമായിരുന്നു അന്താരാഷ്ട്രമാധ്യമങ്ങളിലെ പ്രധാനപ്പെട്ട ചർച്ചാവിഷയം. ഇറാക്ക് സന്ദർശിക്കുന്ന ആദ്യത്തെ മാർപാപ്പയാണ് ഫ്രാൻസിസ് പാപ്പാ എന്നതാണ് ഈ ചരിത്രസന്ദർശനത്തിനു കൂടുതൽ ശ്രദ്ധ കൈവരുവാൻ കാരണം. കൂടാതെ, ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദത്തിന്റെ കാൽച്ചുവട്ടിൽ ഞെരിഞ്ഞമരേണ്ടിവന്ന മധ്യപൂർവദേശത്തെ ക്രിസ്

ത്യാനികളും യസീദികളും ഉൾപ്പടെയുള്ള മതന്യൂനപക്ഷങ്ങളുടെ കദനകഥകൾ ലോകത്തെ പിടിച്ചുകുലുക്കിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലും മാർപാപ്പായുടെ സന്ദർശനത്തിനു വലിയ പ്രാധാന്യം ലഭിക്കുകയുണ്ടായി. കൂടാതെ, ഹാഗിയ സോഫിയ ദൈവാലയമുൾപ്പടെയുള്ളവയെ പിടിച്ചെടുത്തുകൊണ്ട് മധ്യപൂർവദേശത്ത് ഒരു പാൻ ഇസ്ലാമിക് ദേശീയത സൃഷ്ടിക്കുവാനുള്ള സിറിയയുടെയും പ്രസിഡന്റ് ബർഹാം സാലിഹിന്റെയും ശ്രമങ്ങൾ ആഗോളതലത്തിൽത്തന്നെ വലിയ ചർച്ചയാകുമ്പോഴാണ് മാർപാപ്പാ ഇറാഖ് സന്ദർശിച്ചത് എന്ന ചരിത്രപ്രാധാന്യംകൂടി ഇതിനുണ്ട്. മാർച്ച് ആദ്യവാരം നാലുദിവസത്തെ സന്ദർശനത്തിന് ബാഗ്ദാദിലെ അലി റ്റാല്യ വിമാനത്താവളത്തിൽ എത്തിച്ചേർന്ന ഫ്രാൻസിസ് മാർപ്പാപ്പായ്ക്ക് അത്യുജ്ജ്വലസ്വീകരണമാണു നൽകപ്പെട്ടത്. ഷിയാ മുസ്ലീം സംഘടനകൾ മാർപാപ്പായുടെ സന്ദർശനത്തിനെതിരേ പ്രതിഷേധം ഉയർത്തിയ പശ്ചാത്തലത്തിൽ പതിനായിരത്തോളം വരുന്ന സുരക്ഷാസൈന്യത്തെയാണ് മാർപാപ്പായുടെ സുരക്ഷയ്ക്കുവേണ്ടി വിന്യസിച്ചിരുന്നത് എന്നതുകൂടി ശ്രദ്ധേയമാണ്. ഷിയാ ഇസ്ലാമിന്റെ ഏറ്റവും മുതിർന്ന നേതാവായ ഗ്രാന്റ് അലി ആയത്തുള്ള അൽ നിസ്താനിയുടെ മേൽനോട്ടത്തിലാണ് മാർപാപ്പായുടെ സന്ദർശനപരിപാടികൾ ക്രമീകരിച്ചിരുന്നത് എന്നതുകൂടി വലിയ വാർത്താപ്രാധാന്യം നേടുകയുണ്ടായി.

ലോകത്തോടുള്ള വ്യർത്ഥസംഭാഷണങ്ങളിൽനിന്നു മാറിനില്ക്കുമ്പോൾ പ്രാർത്ഥനയും നിശ്ശബ്ദതയുംവഴി ദൈവത്തോടു കൂടുതൽ സംഭാഷണത്തിൽ ഏർപ്പെടാൻ സാധിക്കും. ദൈവവചനം ഉള്ളിൽ വളരുമ്പോൾ മനുഷ്യന്റെ വാക്കുകൾ അപ്രത്യക്ഷമാകും. (Verbo crescente Verba deficiunt).

### 2. യൗസേപ്പ് ജീവിതത്തിൽ ദൈവത്തിന് ഒന്നാംസ്ഥാനം നല്കി; പുതിയ സാധ്യതകൾ കണ്ടെത്തി

അതിശക്തമായ ഒരു ആന്തരികതയുടെ ഉടമയാണ് മാർ യൗസേപ്പ്. ഉള്ളിൽനിന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു അധ്യാപകനാണ് (Magister Interior) യൗസേപ്പ്. ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവനായിരുന്നു യൗസേപ്പ്. നാലു സ്വപ്നങ്ങളിലൂടെ തന്നിലെത്തിയ ദൈവഹിതം നിറവേറ്റാൻ യൗസേപ്പ് സദാ സന്നദ്ധനായി

രുന്നു. യൗസേപ്പ് നിദ്രവിട്ട് ഉണർന്ന് കർത്താവിന്റെ ദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു. മാർ യൗസേപ്പിനെ അനുസരണയുള്ള പിതാവ് എന്ന് ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നതിന്റെ കാരണം ഇതത്രേ. മാർ യൗസേപ്പ് ജീവിതത്തിൽ എളുപ്പവഴികൾ അന്വേഷിച്ചില്ല. നടന്നുനീങ്ങിയതെല്ലാം ഇടുങ്ങിയ വഴികളിലൂടെ(Via Angusta) യായിരുന്നു. ജീവിതയാഥാർത്ഥ്യങ്ങളെ നേരിട്ടവനാണ് യൗസേപ്പ്. ദൈവത്തിന് ഒന്നാം സ്ഥാനം നല്കാൻ തീരുമാനിച്ചപ്പോൾ യൗസേപ്പ് പിന്നീട് മറ്റൊന്നിനെയുംകുറിച്ചു ചിന്തിച്ചില്ല. ദൈവികശക്തിയിൽ വിശ്വസിച്ച് എല്ലാ പ്രതിസന്ധികളിലും പുതിയൊരു സാധ്യത കണ്ടെത്തിയവനാണ് യൗസേപ്പ്. മാർ യൗസേപ്പ് ഇന്ന് വലിയൊരു സർഗാത്മകശക്തിയായി ക്രൈസ്തവ ആത്മീയതയിൽ സ്ഥാനം പിടിച്ചു. സഭാഗാത്രത്തെ മുന്നോട്ടുനയിക്കുന്ന ഒരു ആത്മീയ ഇന്ധനമാണദ്ദേഹം. മാർ യൗസേപ്പ് വലിയ ധാർമികശക്തിയുംകൂടിയാണ്. ആർക്കും ഇളക്കിമാറ്റാനോ വെളിച്ചം കുറയ്ക്കാനോ പറ്റാത്ത ധ്രുവനക്ഷത്രം (North Star) ആയി ക്രൈസ്തവലോകത്ത് സ്ഥാനം പിടിച്ചുകഴിഞ്ഞു. ജീവിതത്തിൽ ദൈവത്തെ നിരന്തരം ശ്രവിച്ചവനാണ് മാർ യൗസേപ്പ്. യഥാർത്ഥ ശ്രവണം നമ്മെ രൂപാന്തരപ്പെടുത്തും.

### 3. യൗസേപ്പിനെക്കുറിച്ചുള്ള ഓർമയില്ലാതെ സഭയ്ക്കു ഭാവിയില്ല

സഭയുടെ അമൂല്യനിക്ഷേപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് മാർ യൗസേപ്പ്. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമകളിലേക്കു കടന്നാൽ സഭയ്ക്കു ഭാവിയുണ്ട്. നിങ്ങൾ കടക്കാൻ മടിക്കുന്ന ഗുഹയ്ക്കുള്ളിലാണു നിങ്ങളുടെ നിക്ഷേപം എന്നൊരു ചൊല്ലുണ്ടല്ലോ. പൂർവയൗസേപ്പിനെക്കുറിച്ചുള്ള തിരുവചനം ഏറെ കീർത്തി കേട്ടതാണല്ലോ. 'യൗസേപ്പിന്റെ പക്കലേക്കു പോവുക' (ഉത്പ. 41 : 55). മാർ യൗസേപ്പിനെ മനസ്സിലാക്കിയ തിരുസഭയും ഇന്നു പറയുന്നത് യൗസേപ്പിന്റെ പക്കലേക്കു പോവുക എന്നത്രേ. ലാളിത്യവും വിനയവും മാനുഷികതയും ദൈവോന്മുഖതയും എല്ലാം അവിടെ കാണാൻ കഴിയും. മാർ യൗസേപ്പിലൂടെ ദൈവത്തിന്റെ പദ്ധതി നടപ്പിലായി. മാർ യൗസേപ്പിനെക്കുറിച്ചുള്ള ഓർമ നഷ്ടപ്പെടുന്നവർക്ക് ക്രിസ്തീയതയുടെ ഒട്ടനവധി മൂല്യങ്ങൾ

കൈമോശം വരും. ഈ ഭൂമിയിൽ ഉണ്ണീശോയെ കൈപിടിച്ചു നടത്തിയത് മാർ യൗസേപ്പാണ്. സഭയെയും യൗസേപ്പ് കൈപിടിച്ചു നടത്തേണ്ടതുണ്ട്. സഭ ഇനിയും വിനയത്തിന്റെയും പങ്കുവയ്ക്കലിന്റെയും വഴികൾ കണ്ടെത്തേണ്ടതുണ്ട്. കൈപിടിക്കാൻ നമ്മൾ കുനിഞ്ഞുകൊടുക്കേണ്ടതാണ്. വാത്സല്യനിധിയും സ്നേഹസമ്പന്നനുമായ മാർ യൗസേപ്പിനെക്കുറിച്ചുള്ള ഓർമകളിൽ നാം അനുദിനം വളരേണ്ടതുണ്ട്. യൗസേപ്പ് ആരുടെയും നേരേ കൈചൂണ്ടിയില്ല, ഭീഷണിപ്പെടുത്തിയില്ല. ആദ്യം യൗസേപ്പ് അണുകുടുംബത്തിന്റെ (Embryonic Church), മറിയത്തിന്റെയും ഈശോയുടെയും കുടുംബത്തിന്റെ സംരക്ഷകനായിരുന്നെങ്കിൽ, ഇന്ന് സാർവത്രിക സഭയുടെ സംരക്ഷകനാണ്.

**4. ഉറങ്ങുന്ന യൗസേപ്പ്; യൗസേപ്പ് ഒരു അദ്ഭുതമാണ്**

പരിശുദ്ധ ഫ്രാൻസിസ് പിതാവ് പറയുന്നു: "എനിക്ക് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, ഞാൻ ഒരു കുറിപ്പെഴുതി, ഉറങ്ങുന്ന യൗസേപ്പിന്റെ തിരുസ്വരൂപത്തിന്റെ കീഴിൽ വയ്ക്കും. ഇപ്പോൾ എന്റെ പരാതിക്കുറിപ്പുകളുടെ മെത്തയിലാണ് യൗസേപ്പ് ഉറങ്ങുന്നത്." പ്രതിസന്ധികളിൽപ്പെട്ടിരിക്കുന്ന എല്ലാവർക്കും യൗസേപ്പ് പ്രത്യാശയുടെ ഒരു വഴി കാണിച്ചുതരുന്നുണ്ട്." ദൈവികപദ്ധതി നടപ്പിലാക്കാൻ ദൈവം തിരഞ്ഞെടുത്ത ഒരു അദ്ഭുത(Thauma) മാണ് യൗസേപ്പ്. ആധുനിക ദൈവശാസ്ത്രത്തിൽ യൗസേപ്പ് വീണ്ടും അദ്ഭുതവും വിസ്മയവുമായി മാറിക്കൊണ്ടിരിക്കുന്നു. യൗസേപ്പ് ഒരു ഉത്തരവും ഉത്തരവാദിത്വവുമാണ്. നസ്രത്തിലെ കുടുംബത്തിന്റെ നിത്യച്ചെലവിനായി മരപ്പണിയിൽ ഏർപ്പെട്ടിരുന്ന മരപ്പണിക്കാരനായിരുന്നു (Carpentarius, Tekton) യൗസേപ്പ്. ഉത്തരവാദിത്വമേറ്റെടുക്കാത്ത കുടുംബനാഥന്മാരുടെ എണ്ണം കൂടിവരുന്ന ആധുനികകാലത്ത് മാർ യൗസേപ്പ് എല്ലാ കുടുംബനാഥന്മാർക്കുമുള്ള ഉത്തരമായി നിലനില്ക്കുന്നു. അധ്വാനിക്കാൻ മനസ്സില്ലാതെ അലസതയിലും മദ്യപാനത്തിലും വിമർശനങ്ങളിലും സമയം നഷ്ടപ്പെടുത്തുന്ന എല്ലാവരും അവരുടെ ദൃഷ്ടികൾ മാർ യൗസേപ്പിലേക്കു തിരിക്കട്ടെ. 'തൊഴിൽ ചെയ്യുന്ന പിതാവ്' എന്ന് ഫ്രാൻസിസ് പിതാവ് മാർ യൗസേപ്പിനെ വിശേഷിപ്പിക്കുമ്പോൾ എല്ലാ കുടുംബനാഥന്മാരെയും അധ്വാനത്തിന്റെ വഴികളിലൂടെയുള്ള

ഓട്ടത്തിലേർപ്പെടാൻ പ്രേരിപ്പിക്കുകയാണ്. എല്ലാ കുടുംബനാഥന്മാരും കുടുംബത്തെയും കുട്ടികളെയും സംരക്ഷിക്കുന്ന ഉത്തരവാദിത്വം ഏറ്റെടുക്കണം. യഥാർത്ഥ പിതാക്കന്മാരുടെ അഭാവത്തിൽ അനാഥരാകുന്നവരുടെ എണ്ണം കൂടിവരുകയാണ്.

**5. മാർ യൗസേപ്പ് സഭാചരിത്രത്തിൽ**

ആദിമസഭയിൽത്തന്നെ മാർ യൗസേപ്പിനെക്കുറിച്ചുള്ള രചനകളും ഒപ്പം വിവാദങ്ങളും നിലനിന്നിരുന്നു. ഒന്നാം നൂറ്റാണ്ടിൽത്തന്നെ മാർ യൗസേപ്പുഭക്തി ഉണ്ടായിരുന്നു. ആദിമസഭാപിതാക്കന്മാർ പലരും അന്ന് സഭ പൂർണമായും അംഗീകരിക്കാത്ത അപ്രമാണികഗ്രന്ഥങ്ങളെ ആശ്രയിച്ചതായി കാണാം. പൗരസ്ത്യസഭകളിലാണ് ആദ്യം ഈ ഭക്തി ആരംഭിച്ചത്. ലത്തീൻസഭയിൽ അഞ്ചാം നൂറ്റാണ്ടോടുകൂടിയാണ് തെളിവുകൾ കാണുന്നത്. ഒരിജൻ, എപ്പിഫാനിയൂസ്, നിസ്സായിലെ ഗ്രിഗറി, അലക്സാൻഡ്രിയായിലെ സിറിൾ, തെയഡോററ്റ്, ക്രിസോസ്തോം, അംബ്രോസ്, ഹിലാരി തുടങ്ങിയവരെല്ലാം മാർ യൗസേപ്പിനെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം ആദിമസഭയിൽ വിസ്മരിക്കപ്പെട്ട (forgotten) വിശുദ്ധൻ എന്നു പറയുന്നത് അത്ര ശരിയല്ല. അൽഫോൻസ് ലിഗോറിയുടെ വാക്കുകൾ: "യൗസേപ്പിന്റെ പക്കലേക്കു പോവുക, അവൻ പറയുന്നതു ചെയ്യുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, മറിയവും ഉണ്ണിയും അനുസരിച്ചതുപോലെ നീയും യൗസേപ്പിനെ അനുസരിക്കുക. യൗസേപ്പിന്റെ പക്കലേക്കു പോവുക, അവൻ അവരോടു സംസാരിച്ചതുപോലെ നീയും സംസാരിക്കുക. യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനോട് ആലോചനകൾ നടത്തിയതുപോലെ നീയും ആലോചിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനെ ബഹുമാനിച്ചതുപോലെ നീയും ബഹുമാനിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക അവർ അവനോടു നന്ദിയുള്ളവനായിരുന്നതുപോലെ നിങ്ങളും നന്ദിയുള്ളവരായിരിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹിക്കുക." ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട വിശുദ്ധൻ മാർ യൗസേപ്പാണ്.

തോമസ് അക്വീനാസ് വളരെ ശ്രദ്ധേയമായ ചിന്തകളാണു നല്കുന്നത്: "വിശുദ്ധന്മാരെല്ലാം സ്വർഗത്തിൽ വലിയ സ്വാധീനമുള്ള

വരാണ് എന്നതിൽ സംശയമില്ല. പക്ഷേ, അവർ ദൈവത്തോടു ശുശ്രൂഷകർ എന്ന നിലയിലാണ് ഇടപെടുന്നതും അനുഗ്രഹം ചോദിക്കുന്നതും; മാസ്റ്റേഴ്സ് എന്ന നിലയില്ല. ഭൂമിയിൽ വച്ച് ഈശോ മാർ യൗസേപ്പിന്റെ പരിചരണത്തിലും അധികാരത്തിൻകീഴിലുമായിരുന്നു. യൗസേപ്പ് സ്വർഗത്തിൽ എന്ത് ആഗ്രഹിക്കുന്നുവോ, ആവശ്യപ്പെടുന്നുവോ അതെല്ലാം ലഭിക്കും. നമ്മുടെ എല്ലാ ആവശ്യങ്ങളിലും സഹായിക്കുന്ന ഏക വിശുദ്ധൻ മാർ യൗസേപ്പാണ്."

വി. അമ്മത്രേസ്യായും ഇതുതന്നെയാണു പറയുന്നത്: "മറ്റു വിശുദ്ധർക്കെല്ലാം ഏതാനും ചില കാര്യങ്ങളിൽ മാത്രം സഹായിക്കാൻ സാധിക്കുമ്പോൾ മാർ യൗസേപ്പിന് എല്ലാക്കാര്യങ്ങളിലും മനുഷ്യരെ സഹായിക്കാൻ കഴിയും." വാഴ്ത്തപ്പെട്ട വില്യം ജോസഫ് ഷാമിനേസ് പറയുന്നു: "ഒരർത്ഥത്തിൽ യൗസേപ്പ് രക്ഷകന്റെ രക്ഷകനാണ് (saviour of the saviour). കാരണം, ഭൂമിയിലായിരുന്നപ്പോൾ അപകടകരമായ പല സാഹചര്യങ്ങളിലും യൗസേപ്പാണ് ഉണ്ണിയെ രക്ഷിച്ചത്." ഏറ്റവും അനുഗൃഹീതനായ വിശുദ്ധൻ എന്നത്രേ മാർ അപ്രേം പറഞ്ഞുവച്ചിരിക്കുന്നത്. കൃപാസാഗരമാണ് മാർ യൗസേപ്പ്. ഒൻപതാം പീയുസ് മാർപാപ്പാ പറഞ്ഞു, യൗസേപ്പ് കത്തോലിക്കാ സഭയുടെ രക്ഷാകർത്താവാണ് എന്ന്. പന്ത്രണ്ടാം പീയൂസ് യൗസേപ്പിനെ 'തൊഴിലാളികളുടെ മധ്യസ്ഥൻ' എന്നു വിശേഷിപ്പിച്ചു. പൗലോസ് മാർപാപ്പാ പറഞ്ഞു: "സഭ യൗസേപ്പിന്റെ സംരക്ഷണം ഏറ്റുപറയുന്നു. കാരണം, യൗസേപ്പിൽ തിളങ്ങിയിരുന്നതുപോലെ യഥാർത്ഥ സുവിശേഷഗുണങ്ങളാൽ വിളങ്ങിയിരുന്ന അവളുടെ പഴയ ജീവിതരീതി നവീകരിക്കപ്പെടാൻ അവൾ (സഭ) ആഗ്രഹിക്കുന്നു." ബെനഡിക്ട് പിതാവ് യൗസേപ്പിനെ നിശ്ശബ്ദതയുടെ ഐക്കണാക്കി. വി. ജോൺപോൾ രണ്ടാമൻ പാപ്പാ, യൗസേപ്പ് രക്ഷകന്റെ പാലകനാണ് എന്നു പഠിപ്പിച്ചു. ഫ്രാൻസിസ് പിതാവ് 'പിതൃഹൃദയത്തോടെ' എന്ന തിരുവെഴുത്തിൽ മാർ യൗസേപ്പിന്റെ സമഗ്രവ്യക്തിത്വം വെളിപ്പെടുത്തുന്നു.

**6. നീതികെട്ട ലോകവും നീതിമാനായ മാർ യൗസേപ്പും**

മാർ യൗസേപ്പ് തിരുക്കുടുംബത്തിന്റെയും സഭയുടെയും സംരക്ഷകനാണ്. മാർ യൗസേപ്പിനെക്കുറിച്ചുള്ള ഏറ്റവും നല്ല ഒരു വിശേഷണം അദ്ദേഹം നീതിമാനായിരുന്നു (Dikaios) എന്നത്രേ. ഇന്ന്

യഥാർത്ഥ സംരക്ഷകനാകാൻ (custos) പലർക്കും സാധിക്കുന്നില്ല. ഒരുതരം ഹെറോദുമാരുടെ സംഖ്യ വർദ്ധിച്ചുവരികയുമാണ്. നീതികെട്ട ലോകത്തിൽ നീതിമാനായ യൗസേപ്പ് ഒരു വെല്ലുവിളിതന്നെയാണ്. അനീതിക്കും അധാർമികതയ്ക്കുമെതിരേ സ്വരമുയർത്തിയപ്പോൾ യോഹന്നാനു നഷ്ടപ്പെട്ടത് സ്വന്തം ശിരസ്സാണ്. ശിരസ്സ് നഷ്ടപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ ശബ്ദം ഇന്നും മുഴങ്ങിക്കേൾക്കാം. മാർ യൗസേപ്പിന്റെ നിശ്ശബ്ദതയിൽ അദ്ദേഹത്തിന്റെ നീതിബോധവും മിഴിവാർന്നു നില്ക്കുന്നു. നമുക്കു ഹൃദയത്തിൽ സംവഹിക്കാവുന്ന ഒരു സുവിശേഷമായി (Portable Gospel) യൗസേപ്പ് സ്ഥാനം പിടിക്കുകയാണ്. പൂർവയൗസേപ്പ് രാജാവിന്റെ സ്വപ്നമാണു വ്യാഖ്യാനിച്ചതെങ്കിൽ മാർ യൗസേപ്പ് ദൈവത്തിന്റെ സ്വപ്നം വ്യാഖ്യാനിക്കുകയും ജീവിക്കുകയും ചെയ്തവനാണ്. പൂർവയൗസേപ്പ് ആറ്റുതീരത്തു നട്ട വൃക്ഷമായിരുന്നെങ്കിൽ മാർ യൗസേപ്പ് തിരുസഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവനാണ്. പൂർവയൗസേപ്പ് ഭൗമികാഹാരങ്ങളുടെ കലവറയാണു സ്ഥാപിച്ചതെങ്കിൽ മാർ യൗസേപ്പ് ഈശോയാകുന്ന ദിവ്യരഹസ്യത്തിന്റെ കലവറയാണു സ്ഥാപിച്ചത്. ദൈവപിതാവിന്റെ നിഴലാണ് (umbra) മാർ യൗസേപ്പ്.

**7. ഭാര്യയും കുട്ടികളും ഉപേക്ഷിക്കപ്പെടുന്ന കാലത്തും മാർ യൗസേപ്പ് അനുധാവനം ചെയ്യുന്ന ഭർത്താവ്**

യൗസേപ്പ് ഭാര്യയെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹത്തിൽ വിളങ്ങി ശോഭിച്ച കൃപയും നീതിബോധവും അതിനു സമ്മതം കൊടുത്തില്ല. "ജോസഫ് നിദ്രയിൽനിന്നുണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു" (മത്തായി 1:24). കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക" (മത്തായി 2:13). ഇവിടെ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന പദം paralambano - അനുധാവനം ചെയ്യുക – എന്നത്രേ. യാത്രയിൽ കൂട്ടത്തിൽ പോവുക; സ്വന്തം വീട്ടിൽ എന്നതുപോലെ സ്വീകരിക്കുക; ഒന്നിച്ചു നടക്കുക എന്നൊക്കെയാണ് അർത്ഥം. ഇത് മാർ യൗസേപ്പിനെ ശിശുവിന്റെ വളർത്തുപിതാവും മറിയത്തിന്റെ സംരക്ഷകനുമായി മാറ്റുന്നു. യൗസേപ്പ് തന്നെത്തന്നെ പൂർണമായും

മറിയത്തിനും ഉണ്ണീശോയ്ക്കുംവേണ്ടി വ്യയം ചെയ്യുകയാണ്. സ്നേഹം എല്ലാ ആശങ്കകളെയും ഇല്ലാതാക്കുന്നു. ഏറെ വ്യാകുലങ്ങൾ അനുഭവിച്ചവനാണ് യൗസേപ്പ്. എല്ലാ വ്യാകുലതകളെയും അനുഗ്രഹങ്ങളാക്കി അദ്ദേഹം മാറ്റി. വിശ്വസിച്ചവളും വിശ്വസിച്ചവനും ഭാഗ്യമുള്ളവരായി, അനുഗൃഹീതരായി (Makarioi). യൗസേപ്പ് തിരുക്കുടുംബത്തെ ചേർത്തുപിടിച്ചതും അനുഗൃഹീതമായി മാറി. ദൈവസ്വരം കേട്ട് തങ്ങളുടെ ജീവിതത്തെ ധന്യമാക്കാൻ പരിശ്രമിക്കുന്ന ആർക്കും യൗസേപ്പിന്റെ ജീവിതം ഒരു അടയാള (emblematic)മാണ്.

**8. വ്രതവാഗ്ദാനങ്ങളോടുകൂടിയ കുടുംബജീവിതം**

യൗസേപ്പ് എന്നത് ഉത്തരവാദിത്വമാണ്. ദൈവികസ്വരത്തെ പിൻതുടർന്നുള്ള ജീവിതം എപ്പോഴും ശാന്തവും മധുരതരവുമാകണമെന്നില്ല. മാർ യൗസേപ്പിന്റെ ജീവിതം സ്വയം മറന്നുകൊണ്ടുള്ള ജീവിതമായിരുന്നു. സ്വന്തം കാര്യം വിട്ടുകളയുന്ന ജീവിതം. വിവാഹം കഴിക്കുകയും എന്നാൽ തനിച്ചായിരിക്കുകയും ചെയ്യുന്ന ഒരു ജീവിതക്രമമുണ്ട്. ആത്മാവിലുള്ള സന്തോഷം മാത്രമാണ് പങ്കുവയ്ക്കുന്നത്. വ്രതവാഗ്ദാനങ്ങളോടുകൂടി, കന്യാത്വത്തോടുകൂടി കുടുംബജീവിതം നയിക്കാം എന്നു മാർ യൗസേപ്പ് പഠിപ്പിക്കുന്നു. ശാരീരികബന്ധം മടുത്തതിനുശേഷം ഉപേക്ഷിക്കുകയല്ല, ആരംഭംമുതലേ വേണ്ടെന്നു വയ്ക്കുകയാണ്. പണ്ഡിതനായ ബിഷപ് ഷീൻ പറയുന്നു: "നക്ഷത്രപ്രകാശം പ്രപഞ്ചത്തെ കൂട്ടിയിണക്കുന്നു. പക്ഷേ, നക്ഷത്രങ്ങൾ കൂടിച്ചേരുന്നില്ല; പൂന്തോട്ടത്തിലെ പൂക്കൾ സൗരഭ്യം പരത്തുന്നു. എങ്കിലും, അവർ പരസ്പരം സ്പർശിക്കുന്നില്ല; ഹൃദയങ്ങൾ തമ്മിലുള്ള വിവാഹം പാട്ടുകച്ചേരിപോലെയാണ്. വലിയ താളങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ, ഉപകരണങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നില്ല." കൃപാവരപൂർണയായ മറിയം ഒരർത്ഥത്തിൽ യൗസേപ്പിനെയും ദൈവകൃപകൊണ്ടു നിറച്ചു. യൗസേപ്പ് വൃദ്ധനായിരുന്നില്ല. സ്നേഹംകൊണ്ടു കത്തിജ്വലിച്ച യുവാവായിരുന്നു. മറിയവും യൗസേപ്പും തമ്മിൽ സ്നേഹിച്ചതുപോലെ ഈ ലോകത്തിൽ മറ്റാരും സ്നേഹിച്ചുകാണില്ല. ലെയോ പതിമൂന്നാമന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: "മറിയത്തിനും യൗസേപ്പിനും ഒരിക്കൽപ്പോലും ശാരീരികബന്ധത്തിൽ ഏർപ്പെടേണ്ടിവന്നില്ല.

കാരണം, അവരുടെ സ്നേഹം മുഴുവനും ഉണ്ണിയായ ഈശോയിലായിരുന്നു. Voluptas cordium - ശാരീരികതയുടെ ഒരു ചിന്തപോലുമില്ലായിരുന്നു. ഹൃദയത്തിന്റെ സന്തോഷം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറിയവും യൗസേപ്പും തമ്മിൽ ശാരീരികമായി ഒന്നിക്കുകയല്ല ചെയ്തത്. ഈശോയാണ് അവരെ ഒന്നിപ്പിച്ചത്. ഈശോയിലാണ് അവരും ഒന്നിച്ചത്." യൗസേപ്പിന്റെ പക്കലേക്കു പോവുക ( Ite Joseph).

---

NB : 2021 മാർച്ച് 18 ന് ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# ഉത്ഥാനാനുഭവത്തിന്റെ പ്രത്യയശാസ്ത്രം

**ബിഷപ് ജേക്കബ് മുരിക്കൻ**

ലോകചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹാസംഭവമാണ് ഈശോയുടെ ഉത്ഥാനം. ചരിത്രവും വിശ്വാസവും ഒരു നേർരേഖയിൽ സംഗമിച്ചിരിക്കുന്നതുകൊണ്ടുതന്നെ ചരിത്രപരമായി ഈ സംഭവം അനന്യമാണ്. ഈ സംഭവത്തിൽ വിശ്വാസത്തിനോ ചരിത്രത്തിനോ പ്രാധാന്യമെന്നു ചോദിച്ചാൽ ഉത്തരം ചരിത്രാധിഷ്ഠിതമായ വിശ്വാസസത്യം എന്നായിരിക്കും. കാരണം, ഈശോയുടെ ജീവിതകാലത്ത് അവിടുന്നിൽ വിശ്വസിക്കാത്തവർക്ക് ഉത്ഥാനസംഭവം ഉൾക്കൊള്ളാനാവാത്ത ഒരു യാഥാർത്ഥ്യമായി നിലകൊള്ളുക സ്വാഭാവികംമാത്രം. അതുകൊണ്ടുതന്നെ ഉത്ഥാനസംഭവം വിശ്വാസത്തിന്റെ പ്രത്യയശാസ്ത്രമാണ്. ഈ സംഭവം ഒരു ഭൂതകാലയാഥാർത്ഥ്യമായി തളയ്ക്കപ്പെടുന്നതല്ല, എല്ലാക്കാലത്തും പ്രസക്തമായ ഒരു സംഭവമാണ്. അതുകൊണ്ടുതന്നെ ഇത് സംഭവങ്ങളുടെയെല്ലാം മഹാസംഭവവും എല്ലാം ഈ സംഭവത്തിൽ കേന്ദ്രീകൃതവുമാണ്. യുഗാന്ത്യോന്മുഖമായ ഒരു യാഥാർത്ഥ്യമായി ഈ സംഭവം കാലാകാലങ്ങളെ വിസ്മയിപ്പിച്ചുകൊണ്ട് സജീവമായി തുടരുന്നു. ഉത്ഥാനസംഭവം മനുഷ്യരക്ഷയ്ക്കുള്ള ദൈവപദ്ധതിയുടെ കേന്ദ്രമായതുകൊണ്ട് ഇത് ദൈവദത്തമായ ഒരു പ്രത്യയശാസ്ത്രവുമാണ്.

ഉത്ഥാനസംഭവത്തിന്റെ ചരിത്രപരതയെ അന്വേഷിക്കുമ്പോൾ, ഈ സംഭവം ആദ്യം അറിയാൻ ഇടയായത് സ്ത്രീകൾക്കാണ് എന്നത് രക്ഷാകരചരിത്രത്തിലെ അതിസ്വാഭാവിക അർത്ഥതലങ്ങളിലേക്കു നയിക്കുന്ന ഒന്നാണ്. സ്ത്രീകൾ കല്ലറയിലേക്കു പോകുന്നത് മൃതദേഹത്തിൽ സുഗന്ധതൈലം പൂശുക എന്ന ലക്ഷ്യത്തോടെയാണ്. ഈശോയെ സംസ്കരിച്ചപ്പോൾ ഈ ആചാരം സാബത്തുമൂലം സാധിക്കാതെ പോയത് സാക്ഷാത്കരിക്കാനാണ് സ്ത്രീകളുടെ ഉദ്യമം. പക്ഷേ, കല്ലറയിൽ പ്രവേശിക്കുന്നതിനു തടസ്സമായിരുന്നത് ഈശോയുടെ കല്ലറ മുദ്രവച്ചിരുന്ന വലിയ പാറക്കല്ലാണ്. സാധാരണ മനുഷ്യർ വിചാരിച്ചാൽ മാറ്റാനാവാത്തവിധം പട

യാളികൾ ഒരു വലിയ കല്ലുകൊണ്ട് കല്ലറ മുദ്രവച്ചിരുന്നു. ആ കല്ല് ആരു മാറ്റും എന്ന ചിന്തയോടെ കല്ലറയെ സമീപിച്ച സ്ത്രീകൾ കണ്ടത് കല്ല് ഉരുണ്ടുമാറിയിരിക്കുന്നതാണ്. ഇത് അവരെ അതിശ യിപ്പിച്ചു. മൂലക്കല്ലായ അവിടുത്തെക്കാൾ വലിയതൊന്നും ഇല്ലെ ന്നു പഠിപ്പിക്കാനാണ് അവിടുത്തെ കല്ലറയുടെ മുകളിൽനിന്നുള്ള വലിയ പാറയ്ക്ക് സ്ഥാനചലനം സംഭവിച്ചത്. അവിടുന്നാണ് അടി സ്ഥാനശില.

ഈ വലിയ കല്ലിന്റെ ഉരുട്ടിമാറ്റം പുതിയ ഉടമ്പടിപ്രകാരം അനാ ച്ഛാദനമാണ്. പഴയ ഉടമ്പടിക്കു പകരം പുതിയ ഉടമ്പടി ഉണ്ടായിരി ക്കുന്നു. അത് രക്ഷയുടെ പുതിയ പ്രത്യയശാസ്ത്രത്തിന്റെ യുഗപ്പി റവിയായിരുന്നു. യുഗാന്ത്യംവരെ നീളുന്ന രക്ഷയുടെ പ്രത്യാശാജ നകമായ കവാടങ്ങൾ തുറക്കപ്പെടുകയായിരുന്നു. ഇനി കല്ലറ ജീർ ണിക്കലിന്റേതല്ല; മറിച്ച്, നിത്യജീവനിലേക്കുള്ള സുവർണപാതയാ ണ്.

എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുള്ള ദൈവനിശ്ചയങ്ങളാണ് കല്ലറയിൽ അനാവരണം ചെയ്യപ്പെട്ടത്. ഇനി ഒരിക്കലും അടയ്ക്ക പ്പെടാനാവാത്തവിധം ദൈവകരുണയുടെ, ജീവന്റെ ഉറവയുടെ പ്രഭവകേന്ദ്രമായി മാറി ഈശോയുടെ കല്ലറ. അതുകൊണ്ട് ഈ ശോയുടെ കല്ലറ മനുഷ്യരക്ഷയ്ക്കുള്ള ദൈവപദ്ധതിയുടെ ഗർഭ ഗൃഹമായി. ഈ കല്ലറ ഈശോയിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യതയുടെ ഭവനമായി പരിണമിച്ചു. ഉത്ഥാനസംഭവം വിശ്വസി ക്കുന്നവർക്ക് രക്ഷയുടെ അച്ചാരമായി ഭവിക്കുകയും ഈശോയിൽ വിശ്വസിക്കാത്തവർക്കു ഭോഷത്തമായി, കല്ലറയിൽ തളയ്ക്കപ്പെട്ട ഒരു സംഭവം മാത്രമായി, ചുരുക്കപ്പെടുകയും ചെയ്തു.

സ്ത്രീകൾ കല്ലറയിലെത്തിയപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു വനെ മാത്രമാണ് അവിടെ കണ്ടെത്തിയത്. വി. ലൂക്കാ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടുപേർ എന്നും വി. മർക്കോസ് വെള്ള വസ്ത്രം ധരിച്ച ഒരാൾ എന്നും അവരുടെ സാന്നിധ്യം കല്ലറയുടെ വലതുഭാഗത്തായിരുന്നുവെന്നും പ്രതിപാദിച്ചിരിക്കുന്നു. വെള്ളവ സ്ത്രം - വസ്ത്രത്തിന്റെ തിളക്കം, വലതുഭാഗത്തുള്ള സാന്നിധ്യം - അമാനുഷികമായ ശക്തി തെളിയിക്കുന്ന വലിയ കല്ലിന്റെ സ്ഥാ നചലനം എന്നിവ ഇത് ദൈവദൂതന്റെ അടയാളമായി ഗണിക്കപ്പെ

ടുന്നു. ദൈവദൂതൻ സ്ത്രീകളോടു പറഞ്ഞു: ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവർ തുടർന്നു പറഞ്ഞു: അവൻ ഇവിടെ ഇല്ല. ഉയർപ്പിക്കപ്പെട്ടു. ഈശോയുടെ ഉത്ഥാനം മരണത്തിന്മേലുള്ള അവിടുത്തെ ശാശ്വതമായ വിജയം കുറിക്കുകയായിരുന്നു. ദൈവത്തിലുള്ള വിശ്വാസമാണ് മരിച്ചവരുടെ ഉയിർപ്പിനു നിദാനം. ദൈവപുത്രനായ ഈശോമിശിഹായുടെ ഉത്ഥാനത്തിന്റെ ഫലമായ നിത്യരക്ഷയ്ക്കു വിശ്വാസത്തിലൂടെയാണു യോഗ്യത നേടുന്നത്. അവിശ്വാസികൾ കല്ലറയിങ്കൽ തുടർന്നും തളയ്ക്കപ്പെടുന്നു.

ഉത്ഥാനാനുഭവം മിശിഹായിലുള്ള സ്നേഹത്തിന്റെ ഏറ്റവും ഹൃദയസ്പർശിയായ ആവിഷ്കാരമാണ്. കല്ലറയിങ്കൽ എത്തിയ സ്ത്രീകൾ ജീവിച്ചിരുന്നപ്പോൾത്തന്നെ ഈശോയെ അനുഗമിച്ചിരുന്നവരാണ്. അതിന്റെ ഏറ്റവും നല്ല തെളിവാണ് ഈശോയുടെ കുരിശിനു പിന്നാലെയുള്ള അവരുടെ യാത്ര. അതുകൊണ്ടുതന്നെ സ്ത്രീകളുടെ കല്ലറയിങ്കലുള്ള സാന്നിധ്യത്തിനു വിശ്വാസപരമായും ചരിത്രപരമായും സാമൂഹികമായും വലിയ പ്രാധാന്യമുണ്ട്. ഈശോയെ സ്നേഹിച്ചിരുന്നവർ എന്ന നിലയിൽ വിശ്വാസപരമായും സാക്ഷ്യം വഹിച്ചവർ എന്നതുകൊണ്ട് ചരിത്രപരമായും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്ന സ്ത്രീകൾക്ക് ഇത്തരമൊരു ഭാഗ്യമുണ്ടായി എന്ന നിലയിൽ സാമൂഹികമായും ഈ സംഭവത്തിനു കൂടുതൽ മിഴിവുണ്ടാകുന്നു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ അറിയിപ്പ് സ്വീകരിക്കുവാൻ ആദ്യം ഇടയന്മാർക്ക് അവസരമൊരുക്കിയ ദൈവികപദ്ധതി ലോകത്തിന്റെ മുൻഗണനാക്രമങ്ങളെ കീഴ്മേൽ മറിക്കുന്നതാണ്. സമൂഹത്തിൽ അസമത്വത്തിന്റെയും അവഗണനയുടെയും ഭാരം പേറിയിരുന്ന സ്ത്രീകൾക്കാണ് ഉത്ഥാനസംഭവത്തിന്റെ ആദ്യദൃക്സാക്ഷികളാകാൻ ഇടയാക്കിയതെന്നതു കേവലം യാദൃച്ഛികമല്ല; പ്രത്യുത, ദൈവികരഹസ്യങ്ങളുടെ വെളിപ്പെടുത്തലുകളാണ്.

സ്നേഹത്തിന്റെ പ്രകാശനത്തിനുള്ള ആത്മാർത്ഥതയ്ക്കു ലഭിച്ച സ്വാഭാവികവും എന്നാൽ ദൈവനിശ്ചയത്തിന്റെ ഭാവാത്മകവുമായ ഫലമാണ് ഉത്ഥാനസംഭവത്തിനുള്ള സാക്ഷ്യം വഹിക്കൽ. സ്ത്രീകളിൽനിന്ന് ഉത്ഥാനസന്ദേശമറിഞ്ഞ ശ്ലീഹന്മാരിൽ കേപ്പാ

യും ഈശോ സ്നേഹിച്ചിരുന്ന ശിഷ്യനും കല്ലറയിങ്കലേക്ക് ഓടി. ഈശോ സ്നേഹിച്ചിരുന്ന ശിഷ്യൻ കൂടുതൽ വേഗത്തിൽ ഓടി ആദ്യം കല്ലറയിങ്കൽ വന്നു. ഈശോയോടുള്ള സ്നേഹമാണ് ശിഷ്യന്മാരുടെ പാദങ്ങൾക്കു വേഗം നല്കിയത്. കൂടുതൽ സ്നേഹം അറിഞ്ഞവൻ കൂടുതൽ വേഗത്തിലോടി. സ്നേഹം എല്ലാ പ്രതിബന്ധങ്ങളെയും ഉല്ലംഘിക്കുന്നതാണ് ഇവിടെയും നാം കാണുന്നത്. ആദ്യം ഓടിയെത്തിയ ശിഷ്യൻ കല്ലറയിങ്കലേക്കു പ്രവേശിക്കാതെ ശിഷ്യപ്രമുഖനായ കേപ്പായ്ക്കുവേണ്ടി കാത്തുനിന്നു. കേപ്പാ അകത്തു പ്രവേശിച്ച് ശൂന്യമായ കല്ലറയും ഈശോയുടെ ശരീരം പൊതിഞ്ഞിരുന്ന കച്ചയും കണ്ടു. തുടർന്ന്, മറ്റേ ശിഷ്യനും പ്രവേശിച്ച് കണ്ടു വിശ്വസിച്ചുവെന്ന് സുവിശേഷകൻ വിവരിക്കുന്നു. സ്നേഹം വിശ്വാസത്തെ എളുപ്പമാക്കുന്നു. ഗലീലിത്തീരത്തുവച്ച് ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവിടെയും ആദ്യം ഈശോയെ തിരിച്ചറിഞ്ഞത് ഈശോ സ്നേഹിച്ചിരുന്ന ശിഷ്യനാണ്. ഈശോയോടുള്ള സ്നേഹം അവിടുത്തെ തിരിച്ചറിയുവാനും ഉത്ഥാനസംഭവം വിശ്വസിക്കുവാനും കാരണമായി. അതുകൊണ്ടു തന്നെ ഉത്ഥാനസംഭവം വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യയശാസ്ത്രമാണ്.

ശൂന്യമായ കല്ലറപോലെതന്നെ അവിടുത്തെ ഉത്ഥാനത്തിന്റെ തെളിവാണ് ശരീരം പൊതിഞ്ഞിരുന്ന കച്ച കല്ലറയിങ്കൽ കാണപ്പെടുന്നത്. പറുദീസായിൽ ദൈവകല്പന ലംഘിച്ച ആദിമനുഷ്യൻ തന്റെ ശരീരം മറച്ചു. ദൈവസന്നിധിയിൽനിന്നു മുഖം മറച്ചു. ഈശോ കല്ലറയിങ്കൽ തന്റെ വസ്ത്രങ്ങൾ ഉപേക്ഷിച്ചത് പാപം ചെയ്തു തിരസ്കൃതനാകുന്നതിനുമുമ്പ് ആയിരുന്നതുപോലെ വസ്ത്രത്തിന്റെ മറ കൂടാതെ ആദത്തിനു പറുദീസായിൽ പ്രവേശിക്കുന്നതിനുവേണ്ടിയാണെന്ന് മാർ അപ്രേം വ്യാഖ്യാനിക്കുന്നു. വസ്ത്രധാരിയായി പറുദീസാവിട്ട് ഇറങ്ങിയ ആദം ഇപ്പോൾ വസ്ത്രം ഉപേക്ഷിച്ച് വീണ്ടും പറുദീസായിലേക്കു പ്രവേശിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൻ വസ്ത്രമുപേക്ഷിച്ചത് മരിച്ചവരുടെ ഉത്ഥാനരഹസ്യം വെളിപ്പെടുത്താനാണ്. നമ്മുടെ കർത്താവ് വസ്ത്രമില്ലാതെ മഹത്ത്വത്തിലേക്കു പ്രവേശിച്ചതുപോലെ നാമും വസ്ത്രവുമായല്ല പ്രത്യുത നമ്മുടെ സൽകർമങ്ങളുമായിട്ടാണ് മഹത്ത്വത്തിലേ

ക്കു പ്രവേശിക്കുന്നത്. മിശിഹായിലുള്ള വിശ്വാസം സദ്പ്രവൃത്തികളാൽ അലംകൃതമായ ജീവിതം വഴി മഹത്ത്വം പ്രാപിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഈശോയുടെ ഉയിർപ്പിന്റെ വിവരണങ്ങൾ സുവിശേഷകന്മാർ നല്കുന്നത് ശൂന്യമായ കല്ലറയും അവിടുത്തെ പ്രത്യക്ഷീകരണങ്ങളുമായും ബന്ധപ്പെട്ടാണ്. ശൂന്യമായ കല്ലറ മരിച്ചയാൾതന്നെയാണ് ഉയിർത്തെഴുന്നേറ്റത് എന്നു സാക്ഷ്യപ്പെടുത്തുമ്പോൾ, പ്രത്യക്ഷീകരണം മരിച്ചയാൾ വ്യത്യസ്തനായിട്ടാണ് ഉയിർത്തെഴുന്നേറ്റത് എന്നു വ്യക്തമാക്കുന്നു. അതായത്, മഹത്ത്വീകൃതമായ ശരീരത്താൽ അവിടുന്ന് ഉയിർത്തെഴുന്നേറ്റു. ഉത്ഥാനത്തിന്റെ വിശ്വാസോന്മുഖമായ പ്രത്യയശാസ്ത്രമാണ് ഇവിടെ പ്രതിബിംബിക്കുന്നതെങ്കിലും ചരിത്രപരത നേർവെളിച്ചംപോലെ വ്യക്തമാണ്. കാലാതീതമായ ഒരു സംഭവമെന്ന നിലയിൽ ഉത്ഥാനാനുഭവം യുഗാന്ത്യോന്മുഖവും ലോകരക്ഷകനായ ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ്. വ്യാഖ്യാനങ്ങൾക്കും വിവരണങ്ങൾക്കുമപ്പുറം ആഴമായ ഒരു മിശിഹാനുഭവത്തിലാണ് ഉത്ഥാനനുഭവത്തിന്റെ പ്രത്യയശാസ്ത്രം ഉൾച്ചേർന്നിരിക്കുന്നത്.

---

NB: 2021 ഏപ്രിൽ 1 ന് ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ലേഖനം




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**ജനുവരി 2021**

2. ശനിയാഴ്ചകളിൽ വൈകുന്നേരത്തെ വി. കുർബാന, ആരാധന

02/01/2021 **ആരാധന**

ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ, ഫാ. തോമസ് പാറയ്ക്കൽ, ഫാ. മാത്യു മതിലകത്ത്, ഫാ. ജെയിംസ് ചൊവ്വേലിക്കുടി എന്നിവർ നേതൃത്വം നൽകി.

**4. രാത്രി ആരാധന** 30/01/2021)

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. റവ. ഫാ. റ്റോണി കുഴുപ്പിള്ളിൽ സി.എസ്.ആർ. വചനസന്ദേശം നൽകി.

**ഫെബ്രുവരി 2021**

**യാത്രയയപ്പു സമ്മേളനം**

അൽഫോൻസാ തീർത്ഥടനകേന്ദ്രത്തിലെ ഫിനാൻസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ജോസഫ് കുഴിഞ്ഞാലിലച്ചനും ബഹു. ജോസഫ് മേയ്ക്കലച്ചനും സമുചിതമായ യാത്രയപ്പു നൽകി.

**സ്ഥലംമാറ്റം**

രണ്ടു വർഷക്കാലം തീർത്ഥാടനകേന്ദ്രത്തിലെ റിലീജിയസ് ആർട്ടിക്കിൾ സെന്ററിന്റെ ചുമതല വഹിച്ചിരുന്ന അസി. റെക്ടർ ഫാ. ജോസഫ് മേയിക്കൽ വാക്കാട് ഇടവകയുടെ വികാരിയായി സ്ഥലംമാറി. കഴിഞ്ഞ ആറു മാസക്കാലമായി പാലാ രൂപത മ്യൂസിയം ഡയറക്ടറായി ഇവിടെ ചാർജെടുത്തിരുന്ന ബഹുമാനപ്പെട്ട ഫാ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ചേർപ്പുങ്കൽ നേഴസിംഗ് കോളജിന്റെ മാനേജരായി സ്ഥലംമാറി.

**ചാർജെടുത്തു**

തിർത്ഥാടനകേന്ദ്രത്തിലെ അസിസ്റ്റന്റ്റെക്ടറായി ഫാ. മാത്യു തുരുത്തിപ്പള്ളി ചാർജെടുത്തു. രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീദിനപ്രർത്ഥനയ്ക്കും ആരാധനയ്ക്കും ഫാ. മാത്യു മതിലകത്ത് നേതൃത്വം നൽകി.

**ശനിയാഴ്ചകളിൽ വൈകുന്നേരത്തെ ആരാധന**

6/2/2021 ആരാധന : സി. ജൂലിറോസ് എഫ്.സിസി. സ്നേഹഭവൻ 13/2/2021, ഡി.എസ്.റ്റി. സിസ്റ്റേഴ്സ് ഭരണങ്ങാനം, 20/2/2021, ഫാ. മാർട്ടിൻ കല്ലറയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**രാത്രി ആരാധന (26/11/2020)**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. റവ. ഫാ. ജോസ് വടക്കേടം സി.എം.എഫ്. വചനസന്ദേശം നൽകി.

**മാർച്ച് 2021**

2. ശനിയാഴ്ചകളിൽ വൈകുന്നേരത്തെ ആരാധന 06/02/2021

ആരാധന: സി. മേഴ്സിൻ എഫ്.സി.സി,.

13/03/2021 ഫാ. തോമസ് ഓലായത്തിൽ എന്നി നേതൃത്വം നൽകി.

3. 20/03/2021 - കൊറോണാ വൈറസിന്റെ വ്യാപനംമൂലം ഒരു വർഷമായി മുടങ്ങിയിരുന്ന ജപമാല മെഴുകുതിരി പ്രദക്ഷിണം വീണ്ടും ആരംഭിച്ചു. പതിവുപോലെ എല്ലാ കുർബാനകളും ആരംഭിച്ചു.

**4. ജനറൽ ബോഡി മീറ്റിങ്**

23-03-2021 ൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ മാനേജിങ് ബോർഡ് യോഗം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു.

**5. രാത്രി ആരാധന 30/01/2021)**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. റവ. ഫാ. ജിനു മച്ചുകുഴിയിൽ. വചനസന്ദേശം നൽകി.

**കബറിടം സന്ദർശിച്ച പ്രമുഖർ**

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
മാർ സ്റ്റാൻലി റോമൻ
മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജേക്കബ് മുരിക്കൻ
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലനക്ലാസ്സുകൾ**

ഞായറാഴ്ചതോറുമുള്ള ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകൾ പുരോഗമിക്കുന്നു. ഓരോ ക്ലാസിലെയും പന്ത്രണ്ട് അധ്യായങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ പൂർത്തിയായി. ബൈബിൾ ക്വിസ്, നമസ്കാരപഠനപരിശീലനം, പാഠാനുബന്ധപ്രവർത്തനങ്ങൾ എന്നിവയും ക്ളാസ്സുകളോടൊപ്പം നൽകി വരുന്നു.

**2. Sessional Examination**

ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകൾ പുരോഗമിക്കുന്നതിനനുസരിച്ചു നടത്തുന്ന സെഷണൽ പരീക്ഷകളിൽ രണ്ടാമത്തേത് 2020 നവംബർ 8 ഞായറാഴ്ച നടത്തി. ഓരോ ക്ലാസിലെയും പാഠപുസ്തകത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങളെ അധികരിച്ചുള്ള പരീക്ഷയാണ് നടന്നത്. അടുത്ത sessional examination 2021 ജനുവരി 10 ഞായറാഴ്ച നടക്കും.

**3. സൂവാറ**

ഈശോയുടെ പിറവിത്തിരുന്നാളിനൊരുങ്ങാൻ കുട്ടികളെ സഹായിക്കുന്നതിനായി സൂവാറ എന്ന പേരിൽ പ്രാർത്ഥനാകാർഡ് നൽകി. ഡിസംബർ 1 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ഉപയോഗിക്കുന്നതിനായി ഓരോ ദിവസവും വായിക്കുന്നതിനുള്ള വചനഭാഗം, പ്രാർത്ഥന, സുകൃതജപം, പ്രവൃത്തി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഡാണ് നൽകിയത്.

**4. C.T.P. റിസൾട്ട്**

2019-2020 അധ്യയനവർഷത്തിൽ നടത്തിയ Catechists' Training Programme-ൽ പങ്കെടുത്ത് കോഴ്സ് പൂർത്തിയാക്കിയ 147 പേർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**5. വിശ്വാസപരിശീലകരുടെ തുടർപരിശീലനം**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഓൺലൈൻ ബൈബിൾ ക്ലാസ്സുകൾ എല്ലാ വിശ്വാസപരിശീലകർക്കുമായി നൽകിവരുന്നു. പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റുമായി സഹകരിച്ചുകൊണ്ടാണ് ഈ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

**6. തിരുബാലസഖ്യം സെമിനാർ**

തിരുബാലസഖ്യത്തിലെ അംഗങ്ങളായ കുട്ടികൾക്കായി 2020 ഒക്ടോബർ നാല് ഞായറാഴ്ച സംഘടനയെക്കുറിച്ചും സംഘടനയുടെ ലക്ഷ്യങ്ങളെക്കുറിച്ചും വിശദീകരിക്കുന്ന ഒരു ഓൺലൈൻ സെമിനാർ നടത്തി. സൺഡേ സ്കൂളിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ ഈ സെമിനാറിൽ പങ്കെടുത്തു.

**7. എന്റെ ഡയറി മത്സരം**

തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി "എന്റെ ഡയറി" മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രത്തെ അടിസ്ഥാനമാക്കിയാണ് ഡയറികൾ തയ്യാറാ

ക്കേണ്ടത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കാവുന്നത്. 2021 ജനുവരി 21 നു മുമ്പായി ഡയറികൾ വിശ്വാസപരിശീലന കേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**8. മിഷൻ സെമിനാർ**

മിഷൻലീഗ് അംഗങ്ങളായ കുട്ടികൾക്കായി 2020 ഒക്ടോബർ നാല് ഞായറാഴ്ച മിഷൻ സെമിനാർ നടത്തി. ശ്രീ ബെന്നി മുത്തനാട്ട്, ഫാ. മാത്യു വളയംപള്ളിൽ എന്നിവർ സെമിനാർ നയിച്ചു.

**9. സ്കൂൾ മതബോധന-സന്മാർഗശാസ്ത്ര പഠനരംഗം**

സ്കൂൾതലത്തിലുള്ള ഓൺലൈൻ മതബോധന-സന്മാർഗശാസ്ത്ര ക്ലാസ്സുകളും പരീക്ഷകളും പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സഹകരണത്തോടെ നൽകിവരുന്നു.

**10. സ്കോളർഷിപ്പ് വിതരണം**

2019-2020 അധ്യയനവർഷത്തിൽ നടത്തിയ സ്കൂൾ മതബോധന-സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പുകളും ഉന്നതവിജയം നേടിയ സ്കൂളുകൾക്കുള്ള ട്രോഫികളും വിതരണം ചെയ്തു. 2020 ഡിസംബർ 19 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്ന ചടങ്ങിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വിജയികളെ അഭിനന്ദിച്ചു സംസാരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സെക്രട്ടറി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം അനുമോദനസന്ദേശം നൽകി.

**1. വിശ്വാസപരിശീലനക്ലാസ്സുകൾ**

വിശ്വാസപരിശീലനപാഠാവലിയിലെ ഓരോ ക്ലാസിലെയും പുസ്തകങ്ങളെ അധികരിച്ച് ഞായറാഴ്ച തോറും നടത്തിവന്നിരുന്ന online വിശ്വാസ പരിശീലനക്ലാസ്സുകൾ 2021 ഫെബ്രുവരി 21 ഞായറാഴ്ച പൂർത്തിയായി. ബൈബിൾ ക്വിസ്, നമസ്കാരപഠനപരിശീലനം, പാഠാനുബന്ധപ്രവർത്തനങ്ങൾ എന്നിവയും ക്ലാസ്സുകളോടൊപ്പം നൽകിയിരുന്നു.

**2. Sessional Examination**

Online വിശ്വാസപരിശീലനക്ലാസുകൾ പുരോഗമിക്കുന്നതിനനുസരിച്ചു കുട്ടികൾക്ക് sessional പരീക്ഷകൾ നടത്തിയിരുന്നു. അവസാനത്തെ രണ്ടു sessional പരീക്ഷകൾ യഥാക്രമം 2021 ജനുവരി 10, ഫെബ്രുവരി 28 തീയതികളിലായി നടത്തി.

**3. വർക്ക് ബുക്ക് പ്രവർത്തനങ്ങൾ**

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ സാധാരണനിലയിലുള്ള വിശ്വാസോത്സവം ഉണ്ടായിരിക്കുകയില്ല. എന്നാൽ, വിശ്വാസോത്സവത്തിന്റെ ഭാഗമായുള്ള വർക്ക് ബുക്ക് പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. online വിശ്വാസപരിശീലനക്ലാസ്സുകൾ പൂർത്തിയായശേഷം 2021 ഫെബ്രുവരി 28 ഞായറാഴ്ച മുതലുള്ള 6 ഞായറാഴ്ചകളിലായിട്ടാണ് വിശ്വാസോത്സവത്തിന്റെ

വർക്ക് ബുക്ക് പ്രവർത്തനങ്ങൾ ചെയ്യുന്നത്. വർക്ക് ബുക്കുകളുടെ വിതരണം 2021 ഫെബ്രുവരി ഒന്നാം തീയതി ആരംഭിച്ചു.

**4. X, XI, XII ക്ലാസ്സുകളുടെ വാർഷികപ്പരീക്ഷ**

X, XI, XII ക്ലാസുകളുടെ വാർഷികപ്പരീക്ഷ 2021 മാർച്ച് 21 ഞായറാഴ്ച നടത്തി. പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം 2021 മാർച്ച് 20 ശനിയാഴ്ച നടത്തി. X, XII ക്ലാസുകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി പരീക്ഷയുടെ പിറ്റേദിവസം വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിച്ചു.

**5. വിശ്വാസപരിശീലക അവാർഡ്**

ദിവംഗതനായ ബഹു. സെബാസ്റ്റ്യൻ നടയ്ക്കലച്ചന്റെ ഓർമ്മ നിലനിർത്തുവാനും അദ്ദേഹം ചെയ്ത മഹത്തായ സേവനങ്ങളെ അനുസ്മരിക്കുവാനുമായി ഓരോ വർഷവും പാലാ രൂപതയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു വിശ്വാസപരിശീലകന്/ വിശ്വാസപരിശീലകയ്ക്കു നൽകുന്ന വിശ്വാസ പരിശീലക അവാർഡിനായുള്ള അപേക്ഷ സ്വീകരിച്ചു.

**6. വിശ്വാസപരിശീലകരുടെ തുടർപരിശീലനം**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഓൺലൈൻ ബൈബിൾ ക്ലാസ്സുകൾ എല്ലാ വിശ്വാസപരിശീലകർക്കുമായി നൽകി. പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ സഹകരണത്തോടെയാണ് ഈ ക്ലാസ്സുകൾ നൽകിയത്.

**7. സൗമാ റമ്പാ**

നോമ്പുകാലം വചനവിചിന്തനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ കുട്ടികളെ സഹായിക്കാനുതകുന്ന ഒരു പ്രാർത്ഥനാകാർഡ് "സൗമാ റമ്പാ" എന്ന പേരിൽ തയ്യാറാക്കി നൽകി.

**8. തിരുബാലസഖ്യം "എന്റെ ഡയറി" മത്സരം**

തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി നടത്തിയ എന്റെ ഡയറി മത്സരവിജയികൾ:

I[st] ആൻഡ്രിയ ബിലൻ വെള്ളാരംകാലായിൽ, ഗാഗുൽത്താ ഇടവക

II[nd] മാത്യൂസ് ജോമോൻ നടുവിലേക്കുറ്റ്, കടനാട് ഇടവക

III[rd] ജെർലിയ മരിയ ഷിനു പുത്തൻപറമ്പിൽ, അരുവിത്തുറ

ഇടവകമത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകുന്നതാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**9. X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനം യഥാക്രമം 2021 ഏപ്രിൽ 11, 18 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കും. സമ്മേളനം രാവിലെ 9 മണിക്ക് ആരംഭിക്കുന്നതാണ്.

**10. കുഞ്ഞുമിഷനറി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ പ്രസിദ്ധീകരണമായ കുഞ്ഞുമിഷനറി മാസിക കുട്ടികൾക്ക് pdf ഫോർമാറ്റിൽ നൽകി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**യാത്രയയ്പ്പു സമ്മേളനം**

അദിലാബാദ് രൂപതയിലെ പാലാ മിഷനിൽ കോഡിനേറ്ററായി സ്തുത്യർഹസേവനത്തിനുശേഷം മേലുകാവുമറ്റം പള്ളി വികാരിയായി നിയമിതനായ റവ. ഫാ. ജോർജ് കാരംവേലിക്ക് ജനുവരി 28 വ്യാഴ്ച യാത്രയയപ്പു നൽകുകയും പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. ഈ യോഗത്തിൽ ബിഷപ് മാർ ജോസഫ് കുന്നത്ത് പ്രധാന അതിഥിയായിരുന്നു.

**സ്വാഗതം**

അദിലാബാദ് രൂപതയിലെ പാലാ മിഷനിലേക്ക് പുതിയ കോഡിനേറ്ററായി റവ. ഫാ. മാത്യു പുതിയടത്തും അദ്ദേഹത്തോടൊപ്പം ഫാ. ജോസഫ് കൈതോലിൽ, ഫാ. ഫ്രാൻസിസ് മാട്ടേൽ എന്നീ വൈദികരും പാലാ മിഷനിൽ സേവനം ചെയ്യാനായി പാലാ രൂപതയിൽനിന്ന് ഫെബ്രുവരി 12 വെള്ളിയാഴ്ച എത്തിച്ചേർന്നു. പുതിയ കോർഡിനേറ്ററച്ചനും മറ്റ് രണ്ട് വൈദികർക്കും പാലാ മിഷനിലേക്കു സ്വാഗതം.

പാലാ മിഷനിലുള്ള വൈദികരുടെയും സന്ന്യസ്തരുടെയും സംഗമം മാർച്ച് 23 ന് നടന്നു. അന്നേദിവസം തിരുമണിക്കൂർ ആരാധനയോടെ Year of St. Joseph ഉദ്ഘാടനം നടത്തി. പുതിയ കോഡിനേറ്റർക്കും പുതുതായി പാലാ മിഷനിലേക്ക് കടന്നുവന്ന വൈദികർക്കും സിസ്റ്റേഴ്സിനും സ്വാഗതം ആശംസിക്കുകയും ജൻമദിനവും തിരുനാൾദിനവും ആഘോഷിച്ചവർക്ക് ആശംസകൾ നേരുകയും ചെയ്തു.

മാർച്ച് 9-ാം തിയതി കൊത്തഗുഡം, നെന്നല എന്നീ ഗ്രാമങ്ങൾക്ക് സംയുക്തമായി സംഘടിപ്പിച്ച ധ്യാനത്തിന് അദിലാബാദ് രൂപതാ മെത്രാൻ മാർ പ്രിൻസ് ആന്റണി നേതൃത്വം നൽകി.

നാല്പതാം വെള്ളിയാഴ്ച ഗൊല്ലപ്പള്ളി ഗ്രാമത്തിൽനിന്ന് മൈലാരം ഗ്രാമത്തിലേക്ക് ആഘോഷമായ കുരിശിന്റെ വഴി നടത്തി.

**വീട് വെഞ്ചരിപ്പ്**

പാലാ മിഷനിലെ എല്ലാ മിഷൻ സ്റ്റേഷനുകളിലും നോമ്പുകാലത്ത് വീട് വെഞ്ചിരിപ്പു നടത്തി.

**കുരിശിന്റെ വഴി**

അദിലാബാദ് രൂപതയിൽനിന്ന് ബൊക്കലഗുട്ടയിൽ നടത്തിയ പൊതുവായ കുരിശിന്റെവഴിയിൽ പാലാ മിഷനിലെ വൈദികരും സിസ്റ്റേഴ്സനും വിശ്വാസ സമൂഹവും പങ്കെടുത്തു.

നോമ്പുകാലത്ത് എല്ലാ വെള്ളിയാഴ്ചകളിലും ആഘോഷമായ കുരിശിന്റെവഴി പാലാ മിഷനിലെ എല്ലാ മിഷൻ സ്റ്റേഷനുകളിലും നടത്തി.

ഗൊല്ലപ്പള്ളി മിഷൻ സ്റ്റേഷനിൽ നോമ്പുകാലത്തെ ചൊവ്വ, ബുധൻ, വ്യാഴം, ശനി എന്നീ ദിവസങ്ങളിൽ വീടുകളിൽ കുരിശിന്റെ വഴി നടത്തി.

വെങ്കിട്ടപുരം മിഷൻ സ്റ്റേഷനിൽ നോമ്പുകാലത്തില തിങ്കൾ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ കുരിശിന്റെ വഴി നടത്തി.

**നോമ്പുകാല ഏകദിനധ്യാനം**

വെങ്കിട്ടപുരം, ഗൊല്ലപ്പള്ളി, നെന്നല, കോനംപേട്ട, മന്നഗുഡം എന്നീ സ്ഥലങ്ങളിൽ ഫെബ്രുവരി 21, 28, മാർച്ച് 9, 10, 11 എന്നീ തീയതികളിൽ അദിലാബാദ് രൂപതാ ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തി.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഗുജറാത്ത് സെന്റ് തോമസ് സബർമതി മിഷനിലെ പ്രവർത്തനങ്ങൾ

**1. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ ആചരണം**

മണിനഗർ ഇടവകയിൽ മദ്ധ്യസ്ഥനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ (03-02-2021) സമുചിതമായി ആഘോഷിച്ചു. തിരുനാൾ റാസ റവ. ഫാ. ജോബി എം.എസ്.റ്റി, റവ. ഫാ. ടോം വടക്കേക്കര, റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഡീക്കൻ മേരി ദാസ് കുളങ്ങര എന്നിവർ ചേർന്ന് അർപ്പിച്ചു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

**2. പ്രഥമ ദിവ്യകാരുണ്യസ്വീകരണം**

മണിനഗർ ഇടവകയിലെ ആറ് കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം ഫെബ്രുവരി 7 ന് നടത്തപ്പെട്ടു. രാജ്കോട്ട് രൂപാതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് ചിറ്റൂപ്പറമ്പിൽ മുഖ്യ കാർമ്മികനായിരുന്നു.

**3. അമ്പുതിരുനാൾ**

ആനന്ദ് ഇടവകയിൽ ജനുവരി 31 ന് വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. ഇടവകയിലെ എല്ലാ ഭവനങ്ങളിലും ഇടവകവികാരിയുടെയും കമ്മിറ്റിയംഗങ്ങളുടെയും നേതൃത്വത്തിൽ രാവിലെ കഴുന്ന് എഴുന്നള്ളിച്ചുകൊണ്ടുപോവുകയും തുടർന്ന് വൈകുന്നേരം ആഘോഷപൂർവ്വമായ തിരുനാൾ കുർബാനയും തിരുനാൾ പ്രദക്ഷിണവും നടത്തപ്പെടുകയും ചെയ്തു.

**4. നവാഗതർക്കു സ്വാഗതം.**

സബർമതി മിഷനിലെ ശുശ്രൂഷകൾക്കായി പാലാ രൂപതയിൽനിന്നു പുതുതായി അയയ്ക്കപ്പെട്ട റവ. ഫാ. ജോസഫ് കൂനാനിക്കലിനെയും റവ. ഫാ. മാത്യു കോലത്തിനെയും ഷംഷാബാദ് രൂപതയുടെ, ഗുജറാത്ത് റീജൺ വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് വിമാനത്താവളത്തിൽ വച്ച് അഹമ്മദാബാദ് - ബറോഡാ സോണുകളിലെ വൈദികർ എല്ലാവരും ചേർന്ന് സ്വീകരിച്ചു.

**5. New Appointments**

റവ. ഫാ. ജോസഫ് കൂനാനിക്കൽ, ബാപ്പുനഗർ, മദർ മേരി സീറോ മലബാർ വിശ്വാസി സമൂഹത്തിന്റെ വികാരിയായും റവ. ഫാ. മാത്യു കോലത്ത് അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയുടെ പ്രോ- വികാരിയായും ചുമതലയേറ്റെടുത്തു.

**6. മാസധ്യാനം**

ഷംഷാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കായുള്ള മാസധ്യാനം ഫെബ്രുവരി 15 ന് zoom വഴി നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വചനം പങ്കുവച്ചു.

**7. വീടു വെഞ്ചരിപ്പ്**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും നോമ്പുകാലത്ത് വൈദികർ ഭവനങ്ങൾ സന്ദർശിക്കുകയും അവ വെഞ്ചരിക്കുകയും ചെയ്തു.

**8. വാർഷികധ്യാനം**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും മാർച്ച് മാസം 21 നും 31 നും ഇടയിൽ വാർഷികധ്യാനങ്ങൾ നടത്തപ്പെട്ടു.

**9. തിരുപ്പട്ടസ്വീകരണം**

ഷംഷാബാദ് രൂപതയ്ക്കായി ഗുജറാത്ത് റീജിയണിൽനിന്ന് ആദ്യമായി തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങുന്ന ഡീക്കൻ മേരിദാസ് കുളങ്ങരയുടെ തിരുപ്പട്ട സ്വീകരണം ഏപ്രിൽ 10 ന് ബാപ്പുനഗർ മദർ മേരി ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾക്കായി ഇടവക വികാരി റവ. ഫാ ജോസഫ് കൂനാനിക്കലിന്റെ നേതൃത്വത്തിലുള്ള സമിതിയെ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ചുമതലപ്പെടുത്തി.

**10. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരണം**

അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. വി. യൗസേപ്പ് നാമധാരിയായ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ തിരുനാൾ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**11. ഫീസ്റ്റ് ആചരണം**

മാർച്ച് 19-ാം തീയതി അഹമ്മദാബാദ് - ബറോഡാ സോണുകളിലെ വൈദികർ മണിനഗറിൽ ഒരുമിച്ചുകൂടി അന്നേദിവസം നാമഹേതുകത്തിരുനാൾ ആചരിച്ച ഗുജറാത്ത് റീജൺ വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചനും ബാപ്പുനഗർ വികാരി റവ. ഫാ ജോസഫ് കൂനാനിക്കലിനും നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ നേർന്നു.

**12. നന്ദിയോടെ**

ഓശാന ഞായറാഴ്ച വിതരണം ചെയ്യുവാനുള്ള കുരുത്തോലകൾ സബർമതി മിഷനിലേക്ക് അയച്ചുതരുവാൻ സന്മനസ്സു കാണിച്ച കുറവിലങ്ങാട്, ചേർപ്പുങ്കൽ ഇടവകകളെ ഏറെ നന്ദിയോടെ ഓർക്കുന്നു.

**ബഹു. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# കെ.സി.എസ്.എൽ.

**1. സമ്മാനവിതരണം നടത്തി**

ഈ വർഷം ഓൺലൈൻവഴി നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനവിതരണം ജനുവരി മാസം കെ.സി.എസ്.എൽ. ഓഫീസിൽ വച്ച് നടത്തി.

**2. യാത്രയയപ്പു സമ്മേളനം**

ഫെബ്രുവരി 3 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ യാത്രയയപ്പു സമ്മേളനം നടത്തി. കോവിഡ് പ്രതിസന്ധിഘട്ടത്തിലും അമരത്തുനിന്ന് കെ.സി.എസ്.എൽ നെ മുന്നോട്ടു നയിച്ച ഡയറക്ടർ ജോസഫ് തെരുവിലച്ചന് ടീച്ചേഴ്സ് എക്സിക്യൂട്ടീവ് യാത്രാമംഗളങ്ങൾ നേർന്നു. പ്രസിഡന്റ് സാലി കെ.ജെയും ഓർഗനൈസർ സോജൻ കെ.ജെയും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും അച്ചന് പ്രാർത്ഥനാശംസകൾ നേർന്നു. ഇരവിമംഗലത്തെ നിത്യസഹായമാതാദൈവാലയത്തിലെ പ്രഥമ വികാരിയായിട്ടാണ് അച്ചൻ സ്ഥലം മാറിപ്പോകുന്നത്.

**3. പുതിയ ഡയറക്ടറച്ചനു സ്വാഗതം**

ഫെബ്രുവരി 6 ന് കെ.സി.എസ്.എൽ ന്റെ പുതിയ ഡയറക്ടറായി ഫാ. ജീമോൻ ജെയിംസ് പനച്ചിക്കൽ കരോട്ട് ചുമതലയേറ്റു. പൂവരണി തിരുഹൃദയ ദൈവാലയത്തിലെ അസിസ്റ്റന്റ് വികാരിയും ഇന്റർനെറ്റ് മീഡിയായുടെ അസിസ്റ്റന്റുമാണ് അദ്ദേഹം. കഴിഞ്ഞ രണ്ടുവർഷക്കാലം മാൻവെട്ടം പള്ളിയിൽ സഹവികാരിയായി സേവനം ചെയ്തുവരികയായിരുന്നു.

**4. ക്രൂശിതനെ ഉത്ഥിതനെ**

കെ.സി.എസ്.എൽ. പാലായുടെ ആഭിമുഖ്യത്തിൽ 50 നോമ്പിനോട് അനുബന്ധിച്ച് 'ക്രൂശിതനെ ഉത്ഥിതനെ' എന്ന ഓൺലൈൻ ബൈബിൾ വിചാരങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും വീഡിയോരൂപത്തിൽ ഫെബ്രുവരി 15 മുതൽ സോഷ്യൽ മീഡിയായിലൂടെ നൽകിവരുന്നു. കുട്ടികൾ എത്രത്തോളം മനസ്സിലാക്കി എന്നറിയുന്നതിനായി 50 ദിവസത്തെയും വീഡിയോയെ ആസ്പദമാക്കി രണ്ടുതരം മത്സരങ്ങൾ നടത്തുന്നു. ഓരോ ദിവസത്തെയും ചിന്തകൾ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ബുക്ക് രൂപത്തിലാക്കുന്നതും ബുക്കിലെഴുതിയിരിക്കുന്ന കാര്യങ്ങൾ മനഃപാഠമാക്കി വീഡിയോ രൂപത്തിൽ അവതരിപ്പിക്കുന്നതുമാണ് മത്സരങ്ങൾ. നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പിനോടനുബന്ധിച്ച് നടത്തുന്ന ഈ മത്സരങ്ങൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.

**5. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫെബ്രുവരി 18 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പുതിയതായി ചാർജ്ജെടുത്ത ഡയറക്ടറച്ചന്റെ ആദ്യത്തെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പ്രസിഡന്റ് സാലി കെ.ജെ പൂച്ചെണ്ട് കൊടുത്ത് അച്ചനെ സ്വാഗതം ചെയ്തു. വാർഷികപ്പരീക്ഷയ്ക്കു

മുന്നോടിയായി നടത്തേണ്ട പരീക്ഷ ഒരുക്ക ധ്യാനത്തെക്കുറിച്ച് മീറ്റിംഗിൽ ചർച്ച ചെയ്തു.

**6. പരീക്ഷ ഒരുക്ക ധ്യാനം**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികളും അവരുടെ മാതാപിതാക്കളും നേരിടുന്ന മാനസികസംഘർഷങ്ങളെ പരിഗണിച്ച് കെ.സി. എസ്.എൽ. പാലായും എസ്.എച്ച്. മീഡിയാ പാലായും സംയുക്തമായി മാർച്ച് 10,11,12 തീയതികളിൽ പരീക്ഷ ഒരുക്ക ധ്യാനം നടത്തി. ദിവസം അരമണിക്കൂർ വീതമുള്ള മൂന്നു ദിവസത്തെ ധ്യാനം പാലാ രൂപതയിലെ ബഹുമാനപ്പെട്ട വൈദികർ ഫാ. ജോൺ മറ്റമുണ്ടയിൽ, ഫാ. ജോർജ് കാരാംവേലി, ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് എന്നിവരാണ് നയിച്ചത്.

**ഫാ. ജീമോൻ ജെയിംസ് പനച്ചിക്കൽ കരോട്ട്** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. വാർഷികം (ഗ്ലോറിയ)**

ജനുവരി രണ്ടാം തീയതി എസ്.എം.വൈ.എം. പാലാ രൂപതയുടെ വാർഷികം പാലാ അൽഫോൻസാ കോളജിൽ വച്ച് നടത്തപ്പെട്ടു. ഗ്ലോറിയയിൽ 2020 പ്രവർത്തനസമിതിയുടെ വാർഷിക റിപ്പോർട്ട് അവതരണവും രൂപത തലത്തിലെ മികച്ച ഫൊറോനകൾക്കും യൂണിറ്റുകൾക്കും ഫൊറോന തലത്തിലെ മികച്ച യൂണിറ്റുകൾക്കും കലോത്സവജേതാക്കൾക്കും പുരസ്കാരങ്ങൾ സമ്മാനിച്ചു.

**2. യൂത്ത് സിനഡ്**

ജനുവരി 2 ശനിയാഴ്ച രാവിലെ 10 മണിമുതൽ 11.30 വരെ പാലാ അൽഫോൻസാ കോളജിൽവച്ച് രൂപതയിലെ യുവജനങ്ങൾക്കായി യൂത്ത് സിനഡ് നടത്തപ്പെട്ടു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ നടന്ന പ്രസ്തുത സിനഡിൽ എല്ലാ യൂണിറ്റിലെയും ഫൊറോന കൗൺസിലർമാർ, ഫൊറോനകളിലെ ഭാരവാഹികൾ, വിവിധ മിനിസ്ട്രികളുടെയും ബാച്ചുകളുടെയും ദേശത്തു നസ്രാണി യൂത്ത് ഫോറങ്ങളുടെയും കൗൺസിലർമാർ എന്നിവർ പങ്കെടുത്തു.

**3. രൂപത തിരഞ്ഞെടുപ്പ് 2021**

2021 വർഷത്തെ എസ്.എം.വൈ.എം. പാലാ രൂപതയുടെ പ്രവർത്തനസമിതിയുടെ തിരഞ്ഞെടുപ്പ് ജനുവരി രണ്ടാം തീയതി പാലാ അൽഫോൻസാ കോളജിൽ വച്ച് നടത്തപ്പെട്ടു. 2021 സമിതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡയറക്ടർ | ഫാ. തോമസ് തയ്യിൽ |
| ജോ. ഡയറക്ടർ | സി. ജോസ്മിത എസ്.എം.എസ്. |
| പ്രസിഡന്റ് | സാം സണ്ണി ഓടയ്ക്കൽ |
| വൈസ് പ്രസിഡന്റ് | സുസ്മിത സ്കറിയ |
| ജന. സെക്രട്ടറി | കെവിൻ ടോം |
| വൈസ് പ്രസിഡന്റ് | ജോയൽ ജോസഫ് |
| സെക്രട്ടറി | അമൽ ജോർജ് |

| | |
|---|---|
| ജോ. സെക്രട്ടറി | ജുവൽറാണി സോമി |
| ട്രഷറർ | അജോ ജോസഫ് |
| കൗൺസിലർ | നിഖിൽ ഫ്രാൻസിസ് |
| റീജിയണൽ കൗൺസിലർ | ആൽവിൻ ജോസ് |
| റീജിയണൽ കൗൺസിലർ | അഞ്ചുമോൾ ജോണി |

**4. രാക്കുളിത്തിരുനാൾ**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും പാലാ ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ ജനുവരി അഞ്ചാം തീയതി വൈകുന്നേരം പാലാ ഭദ്രാസനപ്പള്ളിയിൽ വച്ച് രാക്കുളിത്തിരുനാൾ പൗരസ്ത്യവിധികളോടെ ആചരിച്ചു. രാക്കുളിത്തിരുനാളിന്റെ ഭാഗമായി നടത്തപ്പെട്ട പുറത്തുനമസ്കാരത്തിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കൽവിളക്ക് തെളിച്ചു.

**5. സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി ഒൻപതാം തീയതി ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് 2020 രൂപത സമിതിയും 2021 ലെ പുതിയ രൂപത സമിതിയുംകൂടി ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**6. സഭൈക്യവാരാചരണം**

ആഗോള സഭൈക്യവാരാചരണത്തിന്റെ ഭാഗമായി രൂപതയിലെ യുവാക്കൾ രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ ഓരോ വ്യക്തിസഭയുടെയും പള്ളികളിലെത്തുകയും സായാഹനനമസ്കാരത്തിലും സഭൈക്യചർച്ചകളിലും പങ്കെടുക്കുകയും ചെയ്തു.

ജനുവരി 18 പാലാ സി.എസ്.ഐ. ചർച്ച്
ജനുവരി 19 സെന്റ് മേരീസ് മലങ്കര കാതോലിക് ചർച്ച്, മാലം
ജനുവരി 20 കോട്ടയം ക്നാനായ സുറിയാനി സഭയുടെ യാക്കോബായ സെന്റ് ജോസഫ്സ് സുറിയാനി ഓർത്ത്ഡോക്സ് ചർച്ച്
ജനുവരി 21 യാക്കോബായ ചേർപ്പുങ്കൽ പുതിയ പള്ളി
ജനുവരി 22 മർത്തോമാ സുറിയാനി സഭ - സെന്റ് പോൾസ് ചർച്ച്, പാലാ
ജനുവരി 23 ഓർത്ത്ഡോക്സ് സഭ - സെന്റ് മേരീസ് ചർച്ച്, പാലാ
ജനുവരി 24 പാലാ ഗ്വാഡയുടെ ലത്തീൻപള്ളി

സമാപനദിനത്തിൽ 25 ന് 6 മണിക്ക് പകലോമറ്റം പള്ളിയിൽ മാർ ജോസഫ് കല്ലറങ്ങാട്ട് നേതൃത്വം നല്കിയ റംശപ്രാർത്ഥനയോടെ സമാപിച്ചു. വിവിധ പ്രതിനിധികൾ സംബന്ധിച്ചു.

**7. പ്രവർത്തനവർഷ ഉദ്ഘാടനം 2021**

എസ്.എം.വൈ.എം. പാലാ രൂപതയുടെ 2021 വർഷത്തെ സമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും സത്യപ്രതിജ്ഞാചടങ്ങും ജനുവരി 26 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് രാമപുരം മാർ അഗസ്റ്റിനോസ് ഫൊറോനപ്പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്രാത്ര ഉദ്ഘാടനകർമ്മം നിർവഹിച്ചു. എ.കെ.സി.സി. രൂപത ഡയറക്ടർ വെരി. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റുകളും പ്രസ്തുതപരിപാടിയിൽ സംബന്ധിച്ചു.

**8. ഓൺലൈൻ യൂത്ത് റിട്രീറ്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും ഇലഞ്ഞി ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ ഇലഞ്ഞിയിൽ വച്ച് ജനുവരി 26-ാം തീയതി യുവജന ധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. 'റിജോയ്സ്' എന്ന പേരിൽ നടത്തപ്പെട്ട യുവജനകൺവൻഷൻ വൈകുന്നേരം 4.30 നു വി. കുർബാനയോടെ ആരംഭിച്ചു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ധ്യാനിപ്പിച്ചു. ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ നേതൃത്വം നല്കി.

**9. YATP (Youth Animators Training Programme)**

വൈ.എ.റ്റി.പി. 28-ാം ബാച്ചിന്റെ ആദ്യത്തെ ക്യാമ്പ് ജനുവരി 31-ാം തീയതി പാലാ അൽഫോൻസാ കോളജിൽ വച്ച് വൈകുന്നേരം 6.30 ഓടെ ആരംഭിച്ച് ഫെബ്രുവരി ഒന്നാം തീയതി വൈകുന്നേരം നാലു മണിയോടെ അവസാനിക്കുന്ന വിധത്തിൽ നടത്തപ്പെട്ടു. ഒരു വർഷം 12 ക്യാമ്പുകളാണ് നടത്തപ്പെടുന്നത്. രണ്ടാം സെഷൻ മാർച്ച് 6,7 തീയതികളിലും മൂന്നാം സെഷൻ മാർച്ച് 20,21 തീയതികളിലും നടത്തപ്പെട്ടു.

**10. കരിയർ ഓറിയന്റേഷൻ**

മുണ്ടാങ്കൽ ഇടവകയിലെയും സമീപപ്രദേശങ്ങളിലെയും യുവാക്കൾക്കായി കരിയർ ഓറിയന്റേഷൻ രൂപത ഡയറക്ടർ അധ്യക്ഷത വഹിച്ച് വികാരി ജനറാൾ മോൺ ജോസഫ് മൂലേച്ചാലിൽ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. മാത്യു കിഴക്കേക്കര എന്നിവർ നേതൃത്വം നല്കി.

**ഇന്ധനവിലവർധനവിനെതിരെ പ്രതിഷേധിച്ചു.**

വർധിച്ചുവരുന്ന ഇന്ധനവിലയ്ക്കെതിരേ എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ഫെബ്രുവരി ഏഴാം തീയതി കാളവണ്ടി ഉന്തി പ്രതിഷേധിച്ചു. ഷലോം പാസ്റ്ററൽ സെന്ററിൽനിന്നു തുടങ്ങിയ പ്രതിഷേധ റാലി പാലാ കുരിശുപള്ളി ജംഗ്ഷനിൽ അവസാനിച്ചു. വിവിധ യൂണിറ്റുകളിലെ യുവജനങ്ങളും രൂപത പ്രസിഡന്റ് സാം കൗൺസിലർ നിഖിൽ, ട്രഷറർ അജോ എന്നിവർ നേതൃത്വം നല്കി. കുടക്കച്ചിറ യൂണിറ്റ് മുമ്പാകെ എടുത്തു നടത്തിയ സൈക്കിൾ റാലി വികാരി ഫാ. മാത്യു കാലായിൽ ഫ്ളാഗ് ഓഫ് ചെയ്തു. രൂപത ഡയറക്ടർ സന്നിഹിതനായിരുന്നു.

**11. വനിതാദിനാഘോഷം**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 27-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഹെയർ ഡൊണേഷൻ ക്യാമ്പെയ്ൻ ജില്ല വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി പി.എൻ. ശ്രീദേവി ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നുള്ള യുവതികൾ തലമുടി ദാനം ചെയ്തു. ഹെയർ ഡൊണേഷൻ ക്യാമ്പിന്റെ രണ്ടാം സെക്ഷൻ മാർച്ച് 6 നു നടത്തപ്പെട്ടു.

**12. പി.എസ്.സി. കോച്ചിംഗ് ഓറിയന്റേഷൻ പ്രോഗ്രാം**

എസ്.എം.വൈ.എം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓൺലൈൻ പി.എസ്.സി. കോച്ചിംഗിന്റെ ഓറിയന്റേഷൻ ക്ലാസ് ഫെബ്രുവരി 27-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത

പ്പെട്ടു. മുൻ പി.എസ്.സി. മെമ്പർ പ്രൊഫ. ലൂപസ് മാത്യു കാഞ്ഞിരപ്പള്ളി എലൈറ്റ് എഡ്യൂക്കേഷൻ ആന്റ് പബ്ലിക്കേഷനിൽനിന്ന് നിഥിൻ ചെറിയാൻ എന്നിവർ സംസാരിച്ചു.

**13. ചർച്ച**

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹികസാമ്പത്തിക സ്ഥിതികൾ പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുവാൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ അധ്യക്ഷ തയിൽ കമ്മീഷനെ നിയമിച്ച സാഹചര്യത്തിൽ പി.ഒ.സിയിൽ വച്ച് മാർച്ച് 7-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ട ചർച്ചയിൽ രൂപത പ്രസിഡന്റ് സാം സണ്ണി ഓടയ്ക്കൽ, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ പ്ലാശനാൽ പള്ളി വികാരി ഫാ. തോമസ് പേഴുംകാട്ടിൽ എന്നി വർ പങ്കെടുത്തു.

**15. വനിത കൺവൻഷൻ**

കെ.സി.വൈ.എം. സംസ്ഥാന വനിത കൺവൻഷൻ 'ജ്വാല' 2021 മാർച്ച് 18-ാം തീയതി ഇടുക്കിയിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപത മെത്രാൻമാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. പാലാ രൂപതയിൽനിന്ന് വൈസ് പ്രസിഡന്റ് സുസ്മിത ജോയി സെക്രട്ടറി, ജുവൽ, കൺവീനർ ടിയ എന്നി വർ പങ്കെടുത്തു.

**16. പാറേമാക്കൽ ഗോവർണ്ണദോർ അനുസ്മരണം**

പാറേമാക്കൽ തോമാ ഗോവർണ്ണദോറിന്റെ അനുസ്മരണദിനത്തോടനുബ ന്ധിച്ച് മാർച്ച് 19-ാം തീയതി വൈകുന്നേരം തോമ്മാ ഗോവർണ്ണദോറിന്റെ കബറി ടത്തിൽ റംശപ്രാർത്ഥന നടത്തി.

**17. പാറേമാക്കൽ ഗോവർണ്ണദോർ അനുസ്മരണ സിംബോസിയം**

പാറേമാക്കൽ റിസേർച്ച് സെന്ററിന്റെ നേതൃത്വത്തിൽ മാർച്ച് 20 നു രാവിലെ 10 ന് രാമപുരത്തുവച്ച് പാറേമാക്കൽ ഗോവർണ്ണദോർ അനുസ്മരണ സിംബോ സിയം നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. എസ്.എം.വൈ.എം. അംഗങ്ങൾ പ്രസ്തുത സിംബോസിയത്തിൽ പങ്കെടുത്തു.

**18. കോതനല്ലൂർ ഫൊറോന യൂത്ത് സിനഡ്**

മാർച്ച് 11 ന് രൂപത ഡയറക്ടറുടെ കാർമ്മികത്വത്തിൽ അർപ്പിച്ച പരി. കുർബാ നയോടെ കോതനല്ലൂർ ഫൊറോന യൂത്ത് സിനഡ് നടത്തപ്പെട്ടു ഫൊറോനാവി കാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിയിൽ, ഡയറക്ടർ ഫാ. ജോസഫ് കുറുമുട്ടത്ത്, യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ വരിക്കമാക്കൽ, രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ എന്നിവർ നേതൃത്വം നല്കി. ഒരിടവക യിൽനിന്നൊഴികെ കെ. മറ്റെല്ലാ ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു. യുവാക്കൾ തുറന്ന ചർച്ചകൾ നടത്തി.

**17. ആത്മ 2021**

കേരളത്തിലെ കെ.സി.വൈ.എം. രൂപത ഡയറക്ടർമാരുടെയും ആനിമേ റ്റർ സിസ്റ്റേഴ്സിന്റെയും സമ്മേളനം കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**18. നേർവഴി**

സാമൂഹ്യനീതിവകുപ്പും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംഘടിപ്പിച്ച നേർവഴി സെമിനാരി പാലാ രൂപതയിലെ യുവാക്കൾ സംബന്ധിച്ചു. കുറ്റകൃത്യങ്ങൾ തടഞ്ഞ്, സമൂഹത്തെ നവീകരിക്കുന്ന വിഷയത്തിലാണ് സെമിനാർ നടന്നത്.

**19. പെനുവേൽ 2021**

മാർച്ച് 22,28,29 തീയതികളിൽ എസ്.എം.വൈ.എം. ഗ്ലോബൽ യൂത്ത് മീറ്റിംഗ് ഓൺലൈനായി നടത്തപ്പെട്ടു.

**20. രൂപത സമിതി എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി 16, ഫെബ്രുവരി 27 തീയതികളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**21. ഫൊറോനാ പ്രവർത്തനവർഷോദ്ഘാടനം**

അരുവിത്തുറ ഫൊറോനാ (ഫെബ്രുവരി 20 ഞായർ തിടനാട് വച്ച്), കോതനല്ലൂർ ഫൊറോന (ഫെബ്രുവരി 27 കോതനല്ലൂരിൽവച്ച്), തുടങ്ങനാട് ഫൊറോനാ (ഫെബ്രു. 28 തുടങ്ങനാട് വച്ച്), കടത്തുരുത്തി ഫൊറോനാ (ഫെബ്രുവരി 28 കടുത്തുരുത്തി വച്ച്) നടത്തപ്പെട്ടു.

**22. യൂണിറ്റുകളുടെ പ്രവർത്തനവർഷോദ്ഘാടനം**

വേദഗിരി യൂണിറ്റ് ജനുവരി 17 നു കുടയത്തൂർ യൂണിറ്റ് ഫെബ്രുവരി 21 നും വാരിയാനിക്കാട്ട് യൂണിറ്റ് ഫെബ്രുവരി 23 നും ഇടപ്പാടി യൂണിറ്റ് ഫെബ്രുവരി 28 നും ഏഴാച്ചേരി യൂണിറ്റ് മാർച്ച് 18 നും കാഞ്ഞിരമറ്റം യൂണിറ്റ് മാർച്ച് 28 നും കുടക്കച്ചിറ യൂണിറ്റ് മാർച്ച് 28 നും രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

**ഫാ. സിറിൽ തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ജനുവരി 2021**

**1. രാത്രി ആരാധന**

എല്ലാ വെള്ളിയാഴ്ചയും രാത്രി 8.30 മുതൽ 11.30 വരെ ഓൺലൈനായി രാത്രി ആരാധന നടത്തപ്പെടുന്നു.

**2. പ്രോലൈഫ് ടീം**

പാലാ രൂപതാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ജനുവരി ഒന്നിന് പ്രോലൈഫ് ടീം രൂപീകൃതമായി. ഷാരോൺ മാത്യു (മാർ ആഗസ്തിനോസ് കോളജ് രാമപുരം) ഡോൺ മാത്യു (സെന്റ് തോമസ് കോളജ്) എന്നിവർ നേതൃത്വം കൊടുക്കുന്നു.

**3. ഹൗസ് ഹോൾഡ് സമ്മേളനം**

അരുവിത്തുറ മേഖലയുടെ ഹൗസ് ഹോൾഡ് സമ്മേളനം ഓൺലൈനായി ജനുവരി മൂന്നിന് നടത്തപ്പെട്ടു.

**4. മംഗളവാർത്താധ്യാനം**

ഗർഭിണികൾക്കും അവരുടെ ഭർത്താക്കന്മാർക്കും 'കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്ന ദമ്പതികൾക്കുള്ള മംഗളവാർത്താധ്യാനം' ജനുവരി 4 മുതൽ

15 വരെ ഓൺലൈനായി നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് മുള ങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്, ഫാ. ജയിംസ് പനച്ചി ക്കൽകരോട്ട്, ശശി ഇമ്മാനുവൽ, ഡോ. ഷിന്റോ, ഡോ. ശാന്തി, ജോൺസൺ കണ്ടത്തിൽ, ഔതച്ചൻ, ജോസ് മാത്യു, ജോസുകുട്ടി ജേക്കബ് എന്നിവർ നേതൃത്വം നല്കി. 100 ദമ്പതികൾ പങ്കെടുത്തു.

**5. വെരിത്താസ്**

കോളജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന വെരിത്താസ് പ്രോഗ്രാം ജനു വരി 15 മുതൽ17 വരെ ഓൺലൈനായി നടന്നു. ഫാ കുര്യൻ മറ്റം, ശശി ഇമ്മാനു വൽ, സുബിൻ ലൂക്കോസ്, ആശിസ് ജോസ്, സച്ചിൻ ഷാജി, ഷാലറ്റ് ബാബു എന്നിവർ നേതൃത്വം നല്കി. 150 ലധികം പേർ സംബന്ധിച്ചു.

**6. ജപമാല റാലി**

വെരിത്താസ് പ്രോഗ്രാമിനു മുന്നോടിയായി Walk with Mary എന്ന പേരിൽ പല സ്ഥലങ്ങളിൽനിന്ന് ഭരണങ്ങാനത്തേക്ക് ജപമാല റാലി നടത്തപ്പെട്ടു.

**7. നന്ദിപ്രകാശനറാലി**

ജീസസ് യൂത്ത് മുന്നേറ്റത്തിന് 35 വർഷമായി ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി സൂചകമായി ജനുവരി ആറിന് അരുണാപുരം പള്ളിയിൽ ഫാ. കുര്യൻ മറ്റം കൃതജ്ഞതാബലി അർപ്പിച്ചു. തുടർന്നുള്ള ആഘോഷങ്ങൾ കേക്കു മുറി ച്ചുകൊണ്ട് അരുണാപുരം പള്ളി വികാരി ഫാ. മാത്യു പുല്ലുകാല ഉദ്ഘാടനം നിർവഹിച്ചു.

**8. സ്കൂൾ സമ്മേളനം - വിളക്കുമാടം**

വിളക്കുമാടം സെന്റ് ജോസഫ്സ് സ്കൂളിൽ ജനുവരി 24 ന് ജീസസ് യൂത്ത് സമ്മേളനം നടന്നു.

**9. ആരാധന**

എല്ലാ ശനിയാഴ്ചകളിലും സോണൽ തലത്തിൽ ആരാധന നടത്തപ്പെട്ടു. ജനുവരി 31 ന് പാലാ ഹൗസ് ഹോൾഡ് നടന്നു.

**10. ബലിയർപ്പണം**

ജനുവരി 31 ന് ഷാലോമിൽ വച്ച് സോണൽ കൗൺസിൽ മീറ്റിംഗും ജീസസ് യൂത്ത് കുടുംബത്തിൽനിന്ന് മരണംമൂലം വേർപിരിഞ്ഞ സജി അറക്കുളത്തിന്റെ ആത്മശാന്തിക്കായി ബലിയർപ്പണവും നടന്നു.

**ഫെബ്രുവരി**

**11. അഭിഷേകപ്രാർത്ഥന**

പുതിയ പ്രോലൈഫ് ടീമിന്റെ അഭിഷേകശുശ്രൂഷ ഫാ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 2 ന് നടന്നു.

**12. കോറൽ ജൂബിലി**

ജീസസ് യൂത്ത് കോറൽ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ക്ലസ്റ്റർ മീറ്റിംഗുകളും വിവിധ രാജ്യങ്ങളിലെ ഹൗസ് ഹോൾഡ് സമ്മേളനങ്ങൾ സംയു ക്തമായി നടത്തപ്പെട്ടു.

**13. ജൂബിലി സമ്മേളനം**

ജീസസ് യൂത്തിന്റെ കോറൽ ജൂബിലി സമ്മേളനം ഫെബ്രുവരി 13 ന്

ഓൺലൈനായി നടത്തപ്പെട്ടു. വിവിധ രാജ്യങ്ങളിൽനിന്നായി പതിനായിരത്തിലധികം പേർ പങ്കെടുത്തു.

**14. പ്രോ–ലൈഫ് വെബിനാർ**

ജീസസ് യൂത്ത് പ്രോലൈഫ് ടീമിന്റെയും അൽഫോൻസാ കോളജിന്റെയും നേതൃത്വത്തിൽ 'ഇഡൻ' (Eden) എന്ന പേരിൽ പ്രോ–ലൈഫ് വെബിനാർ നടത്തപ്പെട്ടു. ഡോ. മാമ്മൻ ചെറിയാൻ ക്ലാസുകൾ നയിച്ചു.

**15. ജീസസ് യൂത്ത് സെമിനാർ – ഉഴവൂർ കോളജ്**

പാലാ സോണൽ ടീമിന്റെ നേതൃത്വത്തിൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ ഒന്നാംവർഷ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 15 ന് സെമിനാർ നടന്നു.

**മാർച്ച് 2021**

**16. മിഷൻഡേ**

മാർച്ച് അഞ്ച് മിഷൻ പ്രാർത്ഥനാദിനമായി ജീസസ് യൂത്ത് ആചരിച്ചു.

**17. വെരിത്താസ് സെമിനാർ**

ജീസസ് യൂത്തിന്റെ വെരിത്താസ് പ്രോഗ്രാമിന്റെ അനുബന്ധപ്രോഗ്രാം മാർച്ച് 13 ന് ഷലോം സെന്ററിൽ നടന്നു. രൂപതയിലെ കോളജിലെ പ്രതിനിധികൾ പങ്കെടുത്തു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി എന്നിവർ നേതൃത്വം നല്കി.

**18. ഹൗസ് ഹോൾഡ് അരുവിത്തുറ**

മാർച്ച് 7 ന് അരുവിത്തുറ ഹൗസ് ഹോൾഡ് വല്യച്ചൻ മലയിൽ വച്ചുനടന്നു.

**19. സെമിനാർ – പയസ് മൗണ്ട്**

മാർച്ച് 21 ന് പയസ് മൗണ്ട് ഇടവകയിൽ ജീസസ് യൂത്ത് സെമിനാർ നടന്നു.

**20. പ്രോലൈഫ് എക്സിബിഷൻ – കിഴതടിയൂർ**

ജീസസ് യൂത്തിന്റെയും എസ്.എം.വൈ.എംന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുടുംബവർഷത്തോടനുബന്ധിച്ച് കിഴതടിയൂർ പള്ളിയങ്കണത്തിൽ മാർച്ച് 23 ന് പ്രോലൈഫ് എക്സിബിഷൻ നടത്തി. ഫാ. തോമസ് പനങ്കുഴി, ഫാ. ജോസഫ് ചീനോത്തുപറമ്പിൽ, ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, തോമസ്കുട്ടി, ഷാരോൺ മാത്യു എന്നിവർ നേതൃത്വം നല്കി.

**21. മംഗളവാർത്താധ്യാനം**

മാർച്ച് 19 മുതൽ 25 വരെ മംഗളവാർത്താധ്യാനം നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല, ഫാ. ജയിംസ് പനച്ചിക്കൽകരോട്ട്, ഡോ. ശാന്തി, ഡോ. ഷിന്റോ, ശശി ഇമ്മാനുവൽ, ഔതച്ചൻ, ജോസ് മാത്യു എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**22. ജയിൽ സന്ദർശനം**

മാർച്ച് 27 ന് ജീസസ് യൂത്തിന്റെയും അഡാർട്ടിന്റെയും നേതൃത്വത്തിൽ മുട്ടം ജയിൽ സന്ദർശിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. ദേവസ്യാച്ചൻ വട്ടപ്പലം, അമല മരിയ, ക്ലിജോ കണിയാംപടി എന്നിവർ നേതൃത്വം നല്കി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

14/01/2021 ഞായറാഴ്ച കാവുകണ്ടം ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഒത്തുചേരൽ നടന്നു. ഇടവക വികാരി ബഹു. സ്കറിയാ വേകത്താനം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ സെക്രട്ടറി ശ്രീ ജോണി സിറിയക് വേലംകുന്നേൽ ക്ലാസ്സ് എടുത്തു.

രൂപത കുടുംബക്കൂട്ടായ്മയുടെ സജീവപ്രവർത്തകനും ഇലഞ്ഞി ഫൊറോനാ സെക്രട്ടറിയുമായിരുന്ന ശ്രീ ജോളി ജോസഫ് (54) മടക്കക്കുളങ്ങര, പെരിയപ്പുറം ജനുവരി 29 ന് ഒരു വാഹനാപകടത്തിൽ നിര്യാതനായി. ജനുവരി 31 ന് നടന്ന സംസ്കാരശുശ്രൂഷകൾക്ക് രൂപത ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചൻ നേതൃത്വം നൽകി. കൂട്ടായ്മാഭാരവാഹികൾ പങ്കെടുത്തു.

25/02/2021 ൽ കുടുംബക്കൂട്ടായ്മ രൂപത കൗൺസിലിന്റെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 ന് ജപമാലയോടെ ആരംഭിച്ച യോഗത്തിന് ബഹു. ഡയറക്ടർ വിൻസെന്റ് മുങ്ങാമാക്കൽ അധ്യക്ഷത വഹിച്ചു. നിര്യാതനായ ഇലഞ്ഞി ഫൊറോനാ സെക്രട്ടറി ശ്രീ ജോളി ജോസഫ് മടക്കക്കുളങ്ങരയുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും പരേതനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭരണങ്ങാനം ഫൊറോന കോ ഓർഡിനേറ്റർ ശ്രീ ബാബു പോൾ പെരിയപ്പുറത്തിനെയും പ്രവിത്താനം ഫൊറോനാ കോ-ഓർഡിനേറ്റർ ശ്രീ ദേവസ്യാച്ചൻ തെക്കേടത്തിനെയും യോഗത്തിന് പരിചയപ്പെടുത്തുകയും ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് കോവിഡ് കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അംഗങ്ങൾ അനുഭവങ്ങൾ പങ്കുവച്ചു. രൂപതസമതിയുടെ പ്രതിമാസസമ്മേളനങ്ങൾ പുനരാരംഭിക്കാൻ യോഗം തീരുമാനിച്ചു. ഇടവകകളിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളെ ഉൾക്കൊള്ളിച്ച് പുതിയതായി രൂപീകരിക്കുന്ന വാട്സ് ആപ്പ് ഗ്രൂപ്പിലേക്ക് വിവരങ്ങൾ ശേഖരിക്കുവാൻ എല്ലാവരും പരിശ്രമിക്കണമെന്ന് ബഹു. വിൻസെന്റച്ചൻ ഓർമിപ്പിച്ചു. 12 മണിക്ക് ചായസൽക്കാരത്തോടെ യോഗം അവസാനിച്ചു.

7/03/2021 ൽ എറണാകുളം പി.ഒ.സി. ൽ വച്ച് ന്യൂനപക്ഷ കമ്മീഷന്റെ വിവരശേഖരണം സംബന്ധിച്ചുള്ള സെമിനാറിൽ കുടുംബക്കൂട്ടായ്മയിൽനിന്ന് അഞ്ചു ഭാരവാഹികൾ പങ്കെടുത്തു.

10/03/2021 ൽ അന്തരിച്ച ഇലഞ്ഞി ഫൊറോനാ സെക്രട്ടറി ശ്രീ ജോളി ജോസഫ് മടക്കക്കുളങ്ങരയുടെ 41-ാം ചരമദിനത്തിൽ രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മുങ്ങാമാക്കലച്ചൻ പെരിയപ്പുറം ഇടവകപ്പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും പരേതന്റെ ഭവനത്തിൽ എത്തി പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ, ഫൊറോനാ ഭാരവാഹികൾ ശുശ്രൂഷകളിൽ പങ്കെടുത്തു.

11/03/2021 രൂപതാ സമതിയുടെയും റിസോഴ് ടീം അംഗങ്ങളുടെയും

സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. വിൻസന്റ് മൂങ്ങാമാക്കലച്ചൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കോശി കമ്മീഷന്റെ നിയമനത്തെക്കുറിച്ചും ക്രൈസ്തവന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥയെക്കുറിച്ചും ബഹു. വിൻസെന്റച്ചൻ വിശദമായി സംസാരിച്ചു. കമ്മീഷൻ സമർപ്പിക്കേണ്ട വിവരങ്ങൾ കുടുംബങ്ങളിൽനിന്നു ശേഖരിക്കേണ്ടതു സംബന്ധിച്ചു ബഹു. ഡയറക്ടറച്ചൻ വിശദീകരിച്ചു.

തുടർന്ന് കെ.എൽ.എം., കെയർ ഹോം ഡയറക്ടർ ബഹു. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിലച്ചൻ യോഗത്തിൽ സംസാരിച്ചു. സാമ്പത്തിക സ്ഥിതിയിൽ നമ്മുടെ സമുദായം പിന്നിലാണെന്നും ന്യൂനപക്ഷക്ഷേമപദ്ധതികൾ നമ്മുടെ അവകാശമാണെന്നും ബഹു. ജോർജ് അച്ചൻ ഓർമ്മിപ്പിച്ചു. ഇപ്പോൾ നിലവിലുള്ള ആറു ക്ഷേമപദ്ധതികളെക്കുറിച്ചും ഇതിൽ അംഗങ്ങൾ ആകുന്നവർക്കു ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചു. അർഹരായ മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ ചേർക്കുന്നതിന് കുടുംബക്കൂട്ടായ്മ ഭാരവാഹികൾ ഇടവകകളിൽ പോയി ബോധവത്കരണ ക്ലാസ്സുകൾ എടുക്കുവാൻ തീരുമാനിച്ചു. അതിലേക്കായി റിസോഴ്സ് ടീമിനുള്ള ട്രെയിനിംഗ് ഉടനെതന്നെ ഷലോം പാസ്റ്ററൽ സെന്ററിൽ ആരംഭിക്കാൻ തീരുമാനിച്ചു.

പി.ഒ.സി.യിൽ നടത്തപ്പെട്ട ന്യൂനപക്ഷ കമ്മീഷനു നൽകേണ്ട വിവരശേഖരണത്തെപ്പറ്റിയുള്ള വർക്ക്ഷോപ്പിന്റെ വിശദാംശങ്ങൾ ശ്രീ സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപം വിശദീകരിച്ചു. അടുത്ത സയുക്തയോഗം 18/03/2021 ൽ രാവിലെ 10 ന് എസ്.പി.സിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ഒരുമണിയോടെ യോഗം സമാപിച്ചു.

16/03/2021 രൂപത സെക്രട്ടറി ജോണി സിറിയക്ക് വേലംകുന്നേലിന്റെ മാതാവിന്റെ നിര്യാണത്തിൽ രൂപതാസമതി അനുശോചനം രേഖപ്പെടുത്തി. വികാരി ജനറാൾ പെരി. ബഹു. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചനും രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മുങ്ങാമാക്കലച്ചനും മൂന്നിലവിലുള്ള ഭവനത്തിൽ എത്തി പ്രാർത്ഥിക്കുകയും സംസ്കാരശുശ്രൂഷകൾക്കു നേതൃത്വം നല്കുകയും ചെയ്തു.

18/03/2021 ൽ കുടുംബക്കൂട്ടായ്മയുടെ സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ 10 മണിക്ക് ജപമാല പ്രാർത്ഥനയോടെ ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ പ്രാരംഭസന്ദേശം നൽകി. തുടർന്ന് കെ.എൽ.എം. ഡയറക്ടർ ബഹു. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിലച്ചൻ വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികളെക്കുറിച്ച് പവർ പോയിന്റ് പ്രസന്റേഷൻ നടത്തി ക്ലാസെടുക്കുകയും യോഗാംഗങ്ങളുടെ സംശയങ്ങൾക്കു മറുപടി നൽകുകയും ചെയ്തു. കെ.എൽ.എം. വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനു ഇടവകകളിൽ ക്ലാസ്സ് എടുക്കുന്നതിനുള്ള റിസോഴ്സ് ടീമിന് ട്രെയിനിംഗ് തുടർന്നുള്ള ദിവസങ്ങളിൽ നടത്തുന്നതിനും തീരുമാനിച്ചു.

മാർച്ച് 22, 27 തീയതികളിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

### 1. സർട്ടിഫിക്കറ്റ്

**ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 540 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

2021 ഏപ്രിൽ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2021 മെയ് 31 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

### 3. കുടുംബവർഷോദ്ഘാടനം

ഫ്രാൻസീസ് മാർപ്പാപ്പാ പ്രഖ്യാപിച്ച ആഗോള കുടുംബവർഷത്തിന്റെ പാലാ രൂപതാതല ഉദ്ഘാടനം മാർച്ച് 20 ശനിയാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രലിൽ നടത്തപ്പെട്ടു. അന്നേ ദിവസം രാവിലെ 6.45 ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പരിശുദ്ധ കുർബാനയർപ്പിച്ച് കുടുംബവർഷത്തിന്റെ രൂപതാതല ആഘോഷങ്ങൾക്ക് തിരി തെളിച്ചു. കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന "അമോരിസ് ലെത്തീസ്യാ' (സ്നേഹത്തിന്റെ ആനന്ദം) എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ ശ്ലൈഹിക പ്രബോധനം പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാം വാർഷികത്തിലാണ് കുടുംബവർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. 2021 മാർച്ച് 19 ന് ആരംഭിച്ച് 2022 ജൂൺ 26 ന് കുടുംബവർഷാചരണം സമാപിക്കും. പാലാ സെന്റ് തോമസ് കത്തീഡ്രലിൽ പരിശുദ്ധ കുർബാനയോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഡോ. ജോസഫ് കുറ്റിയാങ്കൽ, രൂപത പിതൃവേദി - മാതൃവേദി - പ്രോലൈഫ് സമിതി ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

### 4. ഫാമിലി ഡയറക്ടേഴ്സ് മീറ്റ്

തിരുക്കുടുംബത്തിന്റെ പാലകനായ മാർ യൗസേപ്പിനെ സാർവ്വത്രിക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിൽ മാർപ്പാപ്പ പ്രഖ്യാപിച്ച മാർ യൗസേപ്പിന്റെ വർഷാചരണത്തിന്റെ മധ്യേയാണ് കുടുംബവർഷം പ്രഖ്യാപിച്ചിരിക്കുന്നത്. കുടുംബവർഷാചരണത്തിന്റെ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാർച്ച് 3-ാം തീയതി കാക്കനാട് പിഒസിയിൽ വച്ച് ഫാമിലി ഡയറക്ടേഴ്സ് മീറ്റ് നടത്തപ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ മീറ്റിങ്ങിൽ സംബന്ധിച്ചു. 2021 മാർച്ച് 19 ന് ആരംഭിച്ച് 2022 ജൂൺ 26 ന് റോമിൽ നടക്കുന്ന ആഗോളകുടുംബസംഗമത്തോടെയാണ് കുടുംബവർഷാചരണം സമാപിക്കുന്നത്.

**5. ഇതരപ്രവർത്തനങ്ങൾ**

കുടുംബവർഷകർമ്മപരിപാടികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാർച്ച് 18-ാം തീയതി ചേർപ്പുങ്കൽ ബി.വി.എം. കോളജ് കുട്ടികൾക്ക് രൂപതയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരണം ചെയ്ത് മനസ്സിലാക്കിക്കൊടുത്തു.

## B. മാതൃ- പിതൃവേദികൾ

**1. ധ്യാനം**

ജനുവരി 28 ന് ഇലഞ്ഞി മേഖല മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ പിതാക്കൻമാർക്കും മാതാക്കൾക്കുമായി ഫാ. ജോസഫ് പുത്തൻപുരയ്ക്കലിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തപ്പെട്ടു. രൂപതഡയറക്ടർ റവ. ഡോ. ജോസ് കുറ്റി യാങ്കൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

**2. കുരിശിന്റെ വഴി**

മാർച്ച് 5-ാം തീയതി മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് കുരിശിന്റെ വഴി നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**3. ക്ലാസ്സ്**

അമ്പാറനിരപ്പേൽ ഇടവകയിൽ മാർച്ച് 14-ാം തീയതി മാതൃ-പിതൃ വേദികളുടെ പ്രവർത്തനോദ്ഘാടനം നടത്തി. വി. യൗസേപ്പിതാവിന്റെ മരണ ത്തിരുനാളിന്റെ അനുസ്മരണദിനത്തോടനുബന്ധിച്ച് വി. യൗസേപ്പിനെക്കുറിച്ച് മാതൃ- പിതൃവേദി അംഗങ്ങൾക്കായി രൂപതഡയറക്ടർ റവ. ഡോ. ജോസ് കുറ്റി യാങ്കൽ ക്ലാസ്സെടുത്തു.

## C. പിതൃവേദി

**1. നിയമാവലി പരിഷ്കരണം**

ഫെബ്രുവരി 15 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ അച്ചന്റെ നേതൃത്വത്തിൽ പിതൃവേദി നിയമാവലി പരിഷ്കരണം നടത്തപ്പെട്ടു. രൂപത ഭാരവാഹികൾ എല്ലാവരും പരിപാടിയിൽ പങ്കെടുത്തു.

## D. മാതൃവേദി

**1. തിരുനാൾ സന്ദേശം**

ജനുവരി 6-ാം തീയതി കാവുംകണ്ടം പള്ളി തിരുനാളിനോടനുബന്ധിച്ച് മാതാക്കൾക്കായി കുർബാന സന്ദേശം നല്കി.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ഫെബ്രുവരി 10, മാർച്ച് 5, മാർച്ച് 18 തീയതികളിൽ പാലാ ഷലോം പാസ്റ്റ റൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദിയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും തുടർന്ന് നടപ്പിലാക്കേണ്ട പരിപാ ടികളെക്കുറിച്ച് രൂപത ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കലും മാതൃവേദി

എക്സിക്യൂട്ടീവ് അംഗങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു.

**3. ഹല്ലേൽ സംഗീതമത്സരം**

അന്താരാഷ്ട്ര മാതൃവേദി ഹല്ലേൽ സംഗീതമത്സരം നടത്തപ്പെടുകയും പാലാ രൂപതയിലെ മാതൃവേദി അംഗങ്ങൾ ഒന്നാം സ്ഥാനം - റ്റെസ ആൻ മാത്യു കാക്കനാട്ട്, ഇലഞ്ഞിയും നാലാം സ്ഥാനം-മരിയ ജോർജ് ഇളംതോട്ടം, ജാൻസി തോമസ് രത്നഗിരിയും കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും കരസ്ഥമാക്കി. രൂപത ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ ഏവർക്കും അഭിനന്ദനം അർപ്പിക്കുകയും ചെയ്തു.

**E. പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

മാർച്ച് 19 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് അംഗങ്ങൾ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. തദവസരത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ അച്ചന് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**2. വല്യച്ചൻമലയിലേക്കു തീർത്ഥാടനം**

മാർച്ച് 25-ാം തീയതി പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് തീർത്ഥാടനം നടത്തപ്പെട്ടു.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. കോർ ഡയറക്ടേഴ്സ് മീറ്റിങ്**

ജനുവരി 15, മാർച്ച് 16 തീയതികളിൽ ഗൂഗിൾ മീറ്റിങ് വഴി സീറോ മലബാർ മാട്രിമണിയുടെ കോർ ഡയറക്ടേഴ്സും ദീപിക മാട്രിമണി ഡയറക്ടറും സംയുക്തമായി കാര്യങ്ങൾ ചർച്ച ചെയ്തു. മാട്രിമണിയുടെ കൂടുതൽ വിപുലമായ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു.

**3. രൂപത ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയുടെ എല്ലാ രൂപതയിലെ ഡയറക്ടേഴ്സും സൂം മീറ്റിങ്ങിലൂടെ ഒരുമിച്ചുകൂടി കോർ ഡയറക്ടേഴ്സും ദീപിക മാട്രിമണിയും നടത്തിയ പുതിയ പ്രവർത്തനങ്ങൾ പരസ്പരം പറയുകയും 2021 ഏപ്രിൽ 1 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

പുതുതായി തിരഞ്ഞെടുത്ത പാക്കേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2999 (6 മാസം)
2. 3999 ( 1 വർഷം)
3. 4999 (1 വർഷം)
4. 9999 (Till you Marry)

**G. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി വാകക്കാട്, മരങ്ങോലി, വെള്ളികുളം (2), കാഞ്ഞിരത്താനം, ഇടമറുക്(2), കടുത്തുരുത്തി, ചെമ്മലമറ്റം, പൂവത്തോട് (2), തുരുത്തിപ്പള്ളി, പാലാ കത്തീഡ്രൽ, ഇടമറ്റം(2), മോനിപ്പള്ളി(2), മുത്തോലി, ചേർപ്പുങ്കൽ(3), രാമപുരം, മാവടി, പയ്യാനിത്തോട്ടം, വലവൂർ, തിടനാട് (2), മീനച്ചിൽ, കുറുമണ്ണ്, വെള്ളിയാമറ്റം(2), അയ്യംമ്പാറ, മുത്തോലപുരം (2), ചെമ്മലമറ്റം, കൂത്താട്ടുകുളം, കുടയത്തൂർ, ഇടവകകളിലെ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

## പെട്രോൾ വിലവർദ്ധനവിനെതിരെ പ്രതിഷേധജ്വാല സമരം

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതസമിതിയുടെ ആഭിമുഖ്യത്തിൽ പെട്രോൾ വിലവർദ്ധനവിനെതിരേ സായാഹ്നധർണ്ണയും പ്രതിഷേധജ്വാലാസമരവും സംഘടിപ്പിച്ചു. കോർപ്പറേറ്റുകളുടെ താത്പര്യസംരക്ഷണത്തിനുവേണ്ടി രാജ്യത്തെ ജനങ്ങളെ കൊള്ളയടിക്കുന്ന ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ രാമപുരത്ത് വച്ച് ഫെബ്രുവരി 19 ന് വൈകുന്നേരം ആറുമണിക്ക് നടത്തപ്പെട്ട ജ്വാലാസമരം രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നികുതി കുറയ്ക്കണമെന്നും വില നിയന്ത്രണം സർക്കാർ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. രൂപത പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച സമരത്തിൽ ഇമ്മാനുവൽ നിധീരി, സാജു അലക്സ്, ജേക്കബ് മുണ്ടാങ്കൽ, സാബു പൂണ്ടികുളം, ജോസ്

വട്ടക്കുളം, ജോയി കണിപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റ്, ഫൊറോന തിരഞ്ഞെടുപ്പുകൾ**

കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ പ്രവർത്തന കാലയളവിലേക്കുള്ള യൂണിറ്റ്, ഫൊറോന തിരഞ്ഞെടുപ്പുകൾ പൂർത്തിയായി. 120 യൂണിറ്റുകളിലും 17 ഫൊറോനകളിലും പുതിയ ഭരണസമിതി ചുമതലയെടുത്തു.

**പുതിയ രൂപത നേതൃത്വം**

കത്തോലിക്ക കോൺഗ്രസ് പാലാ രൂപത സമിതിയുടെ 2021–24 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ:**

പ്രസിഡന്റ് – ഇമ്മാനുവൽ നിധീരി (കുറവിലങ്ങാട്), ജന. സെക്രട്ടറി – ജോസ് വട്ടുകുളം (കാഞ്ഞിരത്താനം), ട്രഷറർ – അഡ്വ. ജോൺസൺ വീട്ടിയാങ്കൽ (മൂന്നിലവ്), ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി – രാജീവ് കൊച്ചുപറമ്പിൽ (ളാലം ഓൾഡ്), സാജു അലക്സ് (അന്ത്യാളം), വൈസ് പ്രസിഡന്റുമാർ – സാജു പൂണ്ടികുളം (മലയിഞ്ചിപ്പാറ), ജോയി കണിപറമ്പിൽ (മഞ്ഞാമറ്റം), സി.എം. ജോർജ് (മാൻവെട്ടം), ആൻസമ്മ സാബു (കുറവിലങ്ങാട്)

സെക്രട്ടറിമാർ – പയസ് കവളംമാക്കൽ (തീക്കോയി), ബേബി ആലുങ്കൽ (കൂത്താട്ടുകുളം), ജോൺസൻ ചെറുവള്ളിൽ (അരുവിത്തുറ), അഡ്വ. സണ്ണി മാന്തറ (അൽഫോൻസാഗിരി), ജോസ് മലയിലൽ (പിഴക്), ഫ്രാൻസിസ് കരിമ്പാനി (കുടയത്തൂർ), സിന്ധു ജെയ്ബു പാംബ്ലാനി (പൈക).

എക്സിക്യൂട്ടീവ് മെമ്പേഴ്സ് – എം.എം. ജേക്കബ് മുണ്ടങ്കൽ, ബെന്നി പാലക്കാത്തടം, ബേബിച്ചൻ അഴിയാത്ത്, റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസഫ് പരുത്തിയിൽ, ബെന്നി കിണറ്റുകര, രാജു ലൂക്കോസ്, മെജോ നിക്കോളാസ്, ജിമ്മി കനാനാട്ട്, സാഗർ കരിങ്ങോട്ടിൽ, ബെന്നി കൊഴുപ്പൻകുറ്റി, ലിബി തമ്പി, ബെല്ലാ സിബി കൂടാതെ 40 അംഗ ഗ്ലോബൽ പ്രതിനിധി സഭാംഗങ്ങളെയും തിരഞ്ഞെടുത്തു.

**രൂപതാ നേതൃസമ്മേളനം ബിഷപ്സ് ഹൗസിൽ**

കത്തോലിക്കാ കോൺഗ്രസ് രൂപതാഭാരവാഹികളുടെ സത്യപ്രതിജ്ഞയും നേതൃസമ്മേളനവും ഫെബ്രുവരി 28 ഞായർ 2 മണിക്ക് പാലാ ബിഷപ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സാമൂഹികപ്രശ്നങ്ങളിലും സമുദായപ്രശ്നങ്ങളിലും കത്തോലിക്കാ കോൺഗ്രസിന്റെ നിലപാടുകളും പ്രതികരണങ്ങളും മാതൃകാപരമാണെന്നും ശക്തമായ നിലപാടുകൾ ഇനിയും തുടരണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. കഴിഞ്ഞ ഭരണസമിതിയെ പ്രത്യേകം അഭിനന്ദിക്കുകയും പുതിയ ഭരണസമിതിക്ക് എല്ലാവിധ ആശംസകൾ നേരുകയും അനുഗ്രഹിക്കുകയും ചെയ്തു. തുടർന്ന് പുതിയ ഭാരവാഹികൾ രൂപത ഡയറക്ടർ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു ചുമതലയേറ്റു.

**എക്സിക്യൂട്ടീവ് കമ്മിറ്റി മാർച്ച് 20 ന്**

പുതിയ രൂപത ഭരണസമിതിയുടെ പ്രഥമ എക്സിക്യൂട്ടീവ് കമ്മിറ്റി മാർച്ച് 20 ന് രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്ത

പ്പെട്ടു. വരുന്ന പ്രവർത്തനകാലയളവിലേക്കുള്ള പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ചർച്ച ചെയ്യപ്പെട്ട യോഗത്തിൽ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. രൂപത ഭാരവാഹികൾക്ക് ഫൊറോനകളുടെ ചുമതലകൾ വിഭജിച്ച് നൽകിയ യോഗത്തിൽ എല്ലാ ഫൊറോനകളിലെയും കൗൺസിലുകൾ ചേർക്കാൻ തീരുമാനിച്ചു. ഏപ്രിൽ 14 ന് ഏകദിന നേതൃത്വക്യാമ്പ് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുവാനും തീരുമാനിച്ചു. ജന. സെക്രട്ടറി ജോസ് വട്ടുകുളം, മുൻ പ്രസിഡന്റുമാരായ രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ജേക്കബ് മുണ്ടാങ്കൽ, ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ എന്നിവർ പ്രസംഗിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കർഷകദശകം ഉദ്ഘാടനം ചെയ്തു.**

രൂപതയുടെ കർഷകദശകത്തിന്റെ ഔപചാരികമായ ഉദ്ഘാടനം വിവിധ പരിപാടികളോടെ പാലായിൽ നടന്നു. അഗ്രിമ അങ്കണത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമം നിർവഹിച്ചു. അഗ്രിമ ഇക്കോഷോപ്പിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനവും അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിന്റെ പുനസമർപ്പണം വികാരി ജനറാൾ മോൺ. ജോസഫ് നടത്തിലും ആശാകിരണം ചാരിറ്റി ബോക്സ് ഉദ്ഘാടനം വികാരി ജനറാൾ മോൺ ജോസഫ് മലേപ്പറമ്പിലും നിർവഹിച്ചു.

കാർഷികസഹനത്തെ മാതൃകാപ്രവർത്തനങ്ങൾക്കുള്ള പാലാ രൂപതയുടെ കർഷകവർഷം 2020 അവാർഡുകളുടെ വിതരണം മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു. നബാർഡ് എം.ഇ.ഡി.പി. സർട്ടിഫിക്കറ്റുകളുടെ വിതരണം നബാർഡ് ജില്ലാ മാനേജർ കെ.ബി. ദിവ്യയും നിർവഹിച്ചു.

**വനിതാദിനം ആഘോഷിച്ചു.**

സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8 ന് പാലായിൽ വനിതാദിനം ആചരിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റൂബി ജോസ് വനിതാദിനം ഉദ്ഘാടനം ചെയ്തു. നബാർഡിന്റെ ആഭിമുഖ്യത്തിൽ കേരളാ ബാങ്കിന്റെ സഹകരണത്തോടെ നടത്തിയ സാമ്പത്തിക സാക്ഷരതാ സെമിനാറിന് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിൽ അനുമോൾ സി.എ. നേതൃത്വം നല്കി. വനിതാ ജനപ്രതിനിധികൾക്ക് സമ്മേളനമദ്ധ്യേ സ്വീകരണം നല്കി.

**നേർവഴി പദ്ധതി സെമിനാർ**

കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് ജില്ലാ പ്രൊബേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നേർവഴി പദ്ധതി അവബോധന സെമിനാർ സംഘടിപ്പിച്ചു. പാലാ ഷാലോമിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ജി. പത്മകുമാറിന്റെ അധ്യക്ഷതയിൽ അഡീഷണൽ

സിസ്ട്രിക്റ്റ് ആന്റ് സെഷൻ ജഡ്ജ് കെ.പി. പ്രദീപ് സെമിനാർ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, കെ.എ. സി.എ ജില്ലാ പ്രസിഡന്റ് സി.ജെ. പുരുഷോത്തമൻനായർ, ഫാ. ഗീവർഗീസ് കിഴക്കേടത്ത്, റ്റി.സി. ജോർജുകുട്ടി, അഡ്വ. സാംസണ്ണി എന്നിവർ ആശംസകൾ നേർന്നു. ഡാന്റീസ് കൂനാനിക്കൽ ക്ലാസിന് നേതൃത്വം നല്കി.

**നബാർഡ് ദശദിന പരിശീലനം**

സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി നബാർഡിന്റെ ദശദിന തൊഴിൽ പരിശീലനപരിപാടി പാലായിൽ സംഘടിപ്പിച്ചു. 40 വനിതകൾക്ക് പേപ്പർ ക്യാരിബാഗ് നിർമാണത്തിലാണ് പരിശീലനം നല്കിയത്. പരിശീലനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**കർഷകവർഷം 2020 കുടുംബകൃഷി പുരസ്കാരം നേടിയവർ**

ഡൊമിനിക് ജോസഫ് മഠത്തിപ്പറമ്പിൽ – നീലൂർ
എൽസി ജോൺ ഈഴക്കുന്നേൽ – മണ്ണയ്ക്കനാട്
സെബാസ്റ്റ്യൻ കെ.ജെ. കല്ലിടുക്കിൽ – പ്രവിത്താനം

**വൈദികർക്കായുള്ള 'മന്നാ' അവാർഡിന് അർഹരായവർ**

ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ – മുണ്ടാങ്കൽ
ഫാ. തോമസ് ഓലിക്കൽ പ്ലാശനാൽ
ഫാ. ജോസഫ് അമ്മനത്തുകുന്നേൽ – പാലക്കാട്ടുമല

**സിസ്റ്റേഴ്സിനുവേണ്ടിയുള്ള 'ഹന്നാ' അവാർഡ് തേടിയവർ**

എഫ്.സി. നോവിഷ്യേറ്റ് ഹൗസ് വളക്കാട്ടുകുന്ന് – രാമപുരം
സി.എം.സി. – മുത്തോലി
അഡോറേഷൻ കോൺവെന്റ് കാഞ്ഞിരമറ്റം & എസ്.എച്ച്. കോൺവെന്റ്– മൂന്നിലവ്

**വ്യക്തിഗത സംരംഭക അവാർഡ് നേടിയവർ**

എബി മാത്യു പുഞ്ചപ്പറമ്പിൽ– കൂടല്ലൂർ
ഓമന സൂരജ് പുതനപ്രകുന്നേൽ – തീക്കോയി
സെലിൻ ജോഷി പുളിക്കിയിൽ – പാലക്കാട്ടുമല

**കർഷകമിത്ര അവാർഡ് സംഘംതലത്തിൽ നേടിയവർ**

കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി
മൂഴൂർ കാർഷിക വിപണന കേന്ദ്രം
മിത്രം ഫുഡ് പ്രോജക്ട്സ് മൂഴൂർ

**അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് ആലോചനയോഗം**

രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ മുണ്ടുപാലം സ്റ്റീൽ ഇൻഡ്യ കോംപ്ലക്സിൽ ആരംഭിക്കുന്ന നിർദിഷ്ട അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സംബന്ധിച്ച ആലോചനായോഗം നടന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ റബ്ബർ ബോർഡ് മുൻചെയർമാൻ പി.സി. സിറിയക് ഐ.എ.എസ്., നബാർഡ് മുൻ ഡപ്യൂട്ടി ജനറൽ മാനേജർ ഷാജി സഖറിയ, മുൻ കൃഷി ഓഫീസർമാരായ ജോർജ് ജോസഫ്, പ്രീത പോൾ, ജോ പൈനാപ്പിള്ളി, ജോജി ജോസഫ്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പ്രൊക്യു

റേറ്റർ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ഫാ. തോമസ് കിഴക്കേൽ, ഫാ. സിറിൾ തയ്യിൽ, ഫാ. കുര്യൻ പോളയ്ക്കാട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**കർഷക ഉത്പാദക സംഘടന സംസ്ഥാനതല സെമിനാർ**

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ജില്ലാ രൂപതകളിലും ആരംഭിക്കേണ്ട ഫാർമർ പ്രൊഡ്യൂസർ കമ്പിനി രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സോഷ്യൽ സർവീസ് ഫോറം പാലാ രൂപതയിലെ കാഞ്ഞിരമറ്റത്ത് സംസ്ഥാനതല സെമിനാർ സംഘടിപ്പിച്ചു. കെ.എസ്.എസ്.എഫ്. ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ ബിഷപ് മാർ ജേക്കബ് മുരിക്കൻ സെമിനാർ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫാ. മാത്യു വെണ്ണായിപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു. കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി ഭാരവാഹികൾക്ക് പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**വിത്തുമേള**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വിത്തുമേള ആരംഭിച്ചു. ചേന, കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, മഞ്ഞൾ, കസ്തൂരിമഞ്ഞൾ, ഇഞ്ചി, മാങ്ങാ ഇഞ്ചി, അടുതാപ്പ്, കൂർക്ക, കച്ചോലം തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളുടെ വിത്തുകൾ, നാടൻ ഹൈബ്രീഡ് പച്ചക്കറിവിത്തുകൾ തുടങ്ങിയ വിവിധയിനം വിത്തുകളും തൈകളും മേളയിലൂടെ വിപണനം ചെയ്തു വരുന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ വിത്തുമേളയുടെ ഉദ്ഘാടനം ചെയ്തു.

**സ്വാശ്രയസംഘം കർഷകദള ഫെഡറേഷൻ വാർഷികങ്ങൾ**

കൂട്ടിക്കൽ, പറത്താനം, കളത്തുക്കടവ്, അടിവാരം, മണിയംകുളം, ചേന്നാട്, കടുത്തുരുത്തി, മുട്ടുചിറ, വേദഗിരി, കാക്കൂർ തുടങ്ങിയ സ്ഥലങ്ങളിൽ വാർഷികങ്ങൾ നടന്നു.

**കർഷകദളം രൂപീകരണ സെമിനാറുകൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പുതിയ കർഷകദളങ്ങൾ രൂപീകരിക്കുകയെന്ന ഉദ്ദേശ്യത്തോടെ പ്ലാശനാൽ, മുണ്ടാങ്കൽ, പാലാ ളാലം പുത്തൻപള്ളി, അരുണാപുരം, തിടനാട്, ചേറ്റുതോട് എന്നീ സ്ഥലങ്ങളിൽ

**നവജീവൻ പദ്ധതി (Disaster Clinics)**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ തീക്കോയി, പൂഞ്ഞാർ, തെക്കേക്കര ഗ്രാമപഞ്ചായത്തുകളിൽ നവജീവൻ പദ്ധതിയുടെ ഭാഗമായുള്ള ദുരന്തലഘൂകരണ ബോധവത്കരണ യജ്ഞത്തിനു തുടക്കമായി അടിവാരം, ചോലത്തടം, കൈപ്പള്ളി, മലയിഞ്ചിപ്പാറ പ്രദേശങ്ങളിൽനിന്നുള്ളവർക്കായി കുന്നോനി പള്ളിയിലും തീക്കോയി എസ്റ്റേറ്റ് മലമേൽ, കാര്യക്കാട് എന്നീ പ്രദേശങ്ങളിൽനിന്നുള്ളവർക്കായി തീക്കോയി പള്ളിയിലും ഒറ്റ ഇരുട്ടി, വേലത്തുശ്ശേരി, വെള്ളികുളം എന്നീ പ്രദേശങ്ങളിലുള്ളവർക്കായി വെള്ളികുളം പള്ളിയിലും Disaster Clinics ആരംഭിച്ചു. കുന്നോന്നി പള്ളിയിൽ വികാരി ഫാ. ജോസഫ് താഴത്ത് വരിക്കയിലും തീക്കോയി പള്ളിയിൽ റവ.ഫാ.തോമസ് മേനാച്ചേരിയിലും ഫാ. ജോസഫ് പുരയിടത്തുമാട്ടയിലും വെള്ളികുളം പള്ളിയിൽ റവ.ഫാ. മൈക്കിൾ വടക്കേക്കരയും പരിപാടികളുടെ

ഉദ്ഘാടനം നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷനായിരുന്നു. പൂഞ്ഞാറിലും തീക്കോയിലും പദ്ധതി ബോധവത്ക്കരണ ബോർഡുകളും സ്ഥാപിക്കപ്പെട്ടു.

**മരിയസദനം - ധനസഹായം നല്കി.**

സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു നടത്തുന്ന ആശാകിരണം ക്യാൻസർ സുരക്ഷ പദ്ധതിയുടെ ഭാഗമായി മരിയസദനത്തിലേക്കായി ധനസഹായം നല്കി. മരിയസദനത്തിനുവേണ്ടി മുണ്ടാങ്കൽ പള്ളി വികാരി റവ.ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ പി.എസ്. ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിൽനിന്ന് സംഭാവന ഏറ്റുവാങ്ങി.

**അന്താരാഷ്ട്ര കാൻസർ ദിനാചരണം**

അനന്തരാഷ്ട്ര കാൻസർ ദിനാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സെന്റ് തോമസ് ബി.എഡ്. കോളജിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വെബിനാർ സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ മെഡിസിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ എബ്രാഹം കൊല്ലിത്താനത്തുമലയിൽ വെബിനാർ ഉദ്ഘാടനം ചെയ്തു. ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിലെ ഡോ. റോണി ബെൻസൺ വെബിനാർ നയിച്ചു. ബി.എഡ്. കോളജ് ബെസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബീനാമ്മ മാത്യു, പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസറുമാരായ ആൽബിൻ ജോസഫ് മാരാംകുഴിയിൽ, ലിറ്റി സി. കൊച്ചോടയ്ക്കൽ, അലീന മാത്യു, സാന്ത്വന ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു.

**സന്നദ്ധസേനപരിശീലനം**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ദുരന്തലഘൂകരണ സന്നദ്ധസേനയ്ക്കുള്ള പരിശീലനപരിപാടി സംഘടിപ്പിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചുനടന്ന ചടങ്ങിൽ വികാരി ഫാ. ജോസഫ് താഴത്തുവരിക്കയിലിന്റെ അധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് മാത്യു അത്തിയാലിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ജനമൈത്രി പോലീസ് എ.എസ്.ഐ. ബിനോയി തോമസ്, വാർഡു മെമ്പർമാരായ ആനിയമ്മ സണ്ണി, ബീന മധുമോൻ എന്നിവർ സംസാരിച്ചു. ഈരാറ്റുപേട്ട ഫയർഫോഴ്സ് ഓഫീസറുമാരായ അനിൽ ജോർജ്, നവീൻ കുമാർ, പി.യു. ഗിരീഷൻ, ജിബി പി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

**സോണൽ വാർഷികവും വനിതാദിനാഘോഷവും**

പൂഞ്ഞാർ സോണിന്റെ വാർഷികം പൂഞ്ഞാർ സെന്റ് മേരീസ് സൺഡേ സ്കൂൾ ഹാളിൽ വച്ചു നടന്നു. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളി വികാരി ഫാ. മാത്യു കടൂക്കുന്നേൽ അധ്യക്ഷതയിൽ നടന്ന സമ്മേളനം പി. എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സോൺ ഡയറക്ടർ ഫാ. തോമസ് കുമ്പുക്കൽ, ഗ്രാമപഞ്ചായത്ത് മെമ്പർ മേരി ചെരുവിൽ, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സാമ്പത്തിക സാക്ഷരത സെമിനാറിന് കേരളാ ബാങ്ക് ഫിനാൻസിയൽ ലിറ്ററസി കൗൺസിലർ അനു സി.എ. ക്ലാസ് നയിച്ചു.

കടുത്തുരുത്തി സോണിന്റെ വാർഷികവും വനിതാദിനാഘോഷവും കടുത്തുരുത്തി പള്ളി പാരിഷ് ഹാളിൽ വെച്ചു നടന്നു. വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമലാ ജിമ്മി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ തോമസ് കിഴക്കേൽ, സോൺ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, പഞ്ചായത്ത് അംഗങ്ങളായ ജിൻസി എലിസബത്ത്, സ്റ്റീഫൻ പാറാവേലിൽ മേരിക്കുട്ടി ലൂക്കാ, സാലി ജോർജ്, റീജിനൽ കോർഡിനേറ്റർ പി.വി. ജോർജ്, കോർഡിനേറ്റർ ലിറ്റി സന്തോഷ് ബ്രദർ ജാക്സൺ കടുതോടിൽ, മേരി ജോർജ് എന്നിവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയികളായ സംഘാംഗങ്ങളെ ആദരിച്ചു. മികച്ച സ്വാശ്രയസംഘത്തിനുള്ള അവാർഡ് കടുത്തുരുത്തിക്കും മികച്ച എസ്.എച്ച്.ജി.ക്കുള്ള അവാർഡ് തുരുത്തിപ്പള്ളിയും കരസ്ഥമാക്കി.

കുറവിലങ്ങാട് സോൺ വാർഷികവും വനിതാദിനസമ്മേളനവും കുറവിലങ്ങാട് മുത്തിയമ്മ പാരിഷ് ഹാളിൽ സോൺ ഡയറക്ടർ ഫാ. തോമസ് കൊച്ചോടയ്ക്കലിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമലാ ജിമ്മി വനിതാദിനസന്ദേശം നല്കി. സോൺ കോർഡിനേറ്റർ ലിജി ജോൺ സോൺ കൺവീനർ റെജി കളപ്പിള്ളിൽ, ജോ. കൺവീനർ മഞ്ജു മാണി എന്നിവർ പ്രസംഗിച്ചു. എസ്.എച്ച്.ജിയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ആദരിച്ചു. ബെസ്റ്റ് എസ്.എസ്., എസ്.എച്ച്.ജി. അവാർഡുദാനം നടത്തി.

മുട്ടുചിറ സോൺ വാർഷികവും വനിതാദിന സമ്മേളനവും മുട്ടുചിറ പാരിഷ് ഹാളിൽ വച്ച് സോൺ ഡയറക്ടർ ഫാ. സണ്ണി മൂലകരിയിലിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം നിർവഹിച്ചു. കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ ഷാജു, പഞ്ചായത്ത് മെമ്പർ ജാൻസി സണ്ണി, സോൺ കൺവീനർ ടോമി മാണി, ജോ. കൺവീനർ സ്വപ്ന ബെന്നി എന്നിവർ ആശംസ നേർന്നു. ജനപ്രതിനിധികളെ ആദരിച്ചു. ബെസ്റ്റ് എസ്.എസ്., എസ്.എച്ച്.ജി. അവാർഡുദാനം നടത്തി.

പ്രവിത്താനം സോൺ വാർഷികവും വനിതാദിനാഘോഷവും പ്രവിത്താനം പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ട റവ.ഫാ. ജോർജ് വഞ്ചിപ്പുരയുടെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു കാടൻകാവിൽ മുഖ്യപ്രഭാഷണം നടത്തി. സി. ജയ റോസ് വനിതാദിനസന്ദേശവും നല്കി. കോർഡിനേറ്റർ സിബി കണിയാംപടി ആശംസ നേർന്നു.

ഭരണങ്ങാനം സോൺ വാർഷികവും വനിതാദിനാഘോഷവും ഭരണങ്ങാനം പാരിഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. റവ. ഫാ. അഗസ്റ്റ്യൻ തെരുവത്തിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് പുരയിടത്തുമാട്ടേൽ മുഖ്യപ്രഭാഷണം ബ്രദർ ജാക്സൺ, സിബി കണിയാംപടി ആശംസകളും അർപ്പിച്ചു.

തീക്കോയി സോൺ വാർഷികവും വനിതാദിനാഘോഷവും തീക്കോയി സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടന്നു. തീക്കോയി സെന്റ് മേരീസ്

ഫൊറോനാ വികാരി റവ.ഫാ. തോമസ് മേനാച്ചേരിയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനം തീക്കോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.സി. ജെയിംസ് കവളംമാക്കൽ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെമ്പർ അമ്മിണി തോമസ് വനിതാദിനസന്ദേശം നല്കി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. സോൺ ഡയറക്ടർ ഫാ. മാത്യു വളയംപ ള്ളിൽ, പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് സെക്രട്ടറി ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, ബ്രദർ ജെക്സൺ കടുതോടിയിൽ, ജെയ്സി മാത്യു, റോയിച്ചൻ മടിക്കാങ്കൽ, സിബിൾ രാജു എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഈരാ റ്റുപേട്ട ബ്ലോക്ക് ഫിനാൻസിയൻ ലിറ്ററസി കൗൺസിലർ ശ്രീ രാജ് മോഹൻ നായർ, സാമ്പത്തിക സാക്ഷരത സെമിനാർ നയിച്ചു.

**മുട്ടത്താറാവ് വിതരണം**

പാലാ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് മുട്ടത്താറാവിൻ കുഞ്ഞു ങ്ങളെ വിതരണം ചെയ്തു.

**ഹൈടെക് കോഴിക്കൂടുകളും മുയൽകൂടും**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്, മുട്ടുചിറ സീയോൻ ഭവൻ എന്നി വിടങ്ങളിൽവച്ച് ഹൈടെക് കോഴിക്കുടുകളും മുയൽക്കൂടുകളും വിതരണം ചെയ്തുവരുന്നു.

**മുട്ടക്കോഴി വിതരണം**

ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി, ഇൻഡിഗോ ബ്രൗൺ ബി.വി. 380 എന്നീയിന ത്തിൽപെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പാലാ, മുട്ടുചിറ, കുടത്തുരുത്തി, കോതന ല്ലൂർ എന്നീ സ്ഥലങ്ങളിൽ വച്ച് വിതരണം ചെയ്തു.

**കേന്ദ്രവാഴഗവേഷണകേന്ദ്രം തിരുച്ചിറപ്പള്ളി, തമിഴ്നാട്, പഠനയാത്ര**

2021 മാർച്ച് എട്ടാംതീയതിയും ഒമ്പതാം തീയതിയുമായി തമിഴ്നാട് തിരു ച്ചിറപ്പള്ളിയിലുള്ള കേന്ദ്ര വാഴഗവേഷണകേന്ദ്രം പഠനയാത്ര സംഘടിപ്പിച്ചു. നബാർഡ് സഹായത്തോടെ നടത്തിയ പഠനയാത്രയിൽ വിവിധ ഫാർമേഴ്സ് ക്ലാസുകളിൽനിന്നായി ഇരുപത്തഞ്ചോളം കർഷകരും പത്ത് വൈദികരും സ്റ്റാഫം ഗങ്ങളും പങ്കെടുത്തു. പാലാ രൂപതാ വികാരി ജനറാൾ ഫാ. എബ്രാഹം കൊല്ലി ത്താനത്തുമലയിന്റെ നേതൃത്വത്തിൽ വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താ നത്ത്, ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഇൻഫാം പാലാ രൂപത ഡയറക്ടർ, ഫാ. ജോസ് തറപ്പേൽ, പാലാ സോഷ്യൽ വെൽഫെ യർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, മുണ്ടാങ്കൽ സെന്റ് ഡോമി നിക്സ് പള്ളി വികാരി, ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ, ഫാ. കുര്യൻ ആനിത്താനം, ഫാ. ആൽവിൻ ഏറ്റുമാനൂക്കാരൻ, ഫാ. സിറിയക് കൊച്ചുകൈപ്പ ട്ടിയിൽ, ഫാ. കുര്യാക്കോസ് പാത്തിക്കൽപ്പുത്തൻപുരയിൽ എന്നീ വൈദികരും പഠനയാത്രയിൽ പങ്കെടുത്തു.

മാർച്ച് എട്ടാം തീയതി വൈകിട്ട് അഞ്ചു മണിക്ക് പഠനയാത്രാസംഘം പാലാ യിൽനിന്നു പുറപ്പെട്ടു. രാത്രിയാത്രയ്ക്കുശേഷം പിറ്റേന്ന് രാവിലെ തമിഴ്നാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആസ്ഥാനത്ത് എത്തി. പ്രഭാതഭക്ഷണ ത്തിനുശേഷം കേന്ദ്രഗവേഷണകേന്ദ്രത്തിൽ 9.30 ന് എത്തിച്ചേർന്നു. പ്രിൻസി

പ്പൽ സയന്റിസ്റ്റ് ഡോ. വി. കുമാറിന്റെ നേതൃത്വത്തിൽ സംഘത്തെ സ്വീകരിച്ചു. വാഴഗവേഷണകേന്ദ്രത്തെപ്പറ്റിയുള്ള ലഘുവിവരണം വ്യക്തമാക്കുന്ന വീഡിയോ പ്രസന്റേഷൻ നടന്നു. കൂടാതെ, ഡോ. രവി ചാമിയും ഡോ. വി. കുമാറും വാഴക്കൃഷിയുടെ വിവിധ രീതികളെക്കുറിച്ചും അനുബന്ധവിഷയങ്ങളെക്കുറിച്ചും വിവരിച്ച ക്ലാസുകൾക്കുശേഷം വാഴക്കൃഷിയുടെ പുതിയ ഇനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന എക്സിബിഷൻ ഹാളിലേക്കു സംഘാംഗങ്ങളെ കൊണ്ടുപോയി. ആരോഗ്യകരമായ രീതിയിൽ വാഴക്കന്നുകൾ എങ്ങനെ തിരഞ്ഞെടുക്കാം, വാഴക്കൃഷിയിലെ ജലപരിപാലനം, ടിഷ്യുകൾച്ചർ തൈകളുടെ ഉത്പാദനം, കയറ്റുമതിക്കുവേണ്ടി വാഴക്കുള ഉത്പാദിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂക്ഷ്മപോഷകങ്ങളുടെ കുറവും ഫംഗസും ബക്ടീരിയായുടെ ആക്രമണവും എങ്ങനെ തടയാം, എന്നതിനെക്കുറിച്ചും അറിവു നൽകി.

വിവിധ വാഴപ്പഴങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കാൻ എക്സിബിഷൻ ഹാളിൽ ഒരു പ്രത്യേക വിഭാഗം സജ്ജീകരിച്ചിരിക്കുന്നു. നൂതന വാഴകൃഷിരീതികളെക്കുറിച്ചുള്ള വിവരങ്ങളും കൈമാറാൻ പാലായിൽ വരാനുള്ള സന്നദ്ധത ഫാക്കൽറ്റി പ്രകടിപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം സംഘം 100 ഏക്കർ വിസ്തൃതിയുള്ള എൻ.ആർ.സി.ബി. യുടെ ഫാം സന്ദർശിച്ചു. ഫാമിൽ ക്രമീകരിച്ചിരിക്കുന്ന ഹോളി ഹൗസും പഠനസംഘം സന്ദർശിച്ചു.

**ഭിന്നശേഷി ക്ഷേമപ്രവർത്തനങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭിന്നശേഷിയുള്ള കുട്ടികൾക്കായ് ഒരു ലക്ഷം രൂപായുടെ ചികിത്സാസഹായം, ഒരു ലക്ഷം രൂപയുടെ വിദ്യാഭ്യാസസഹായം വീട്ടുമെയിന്റൻസ് 7 ന് 50000 രൂപ തുടങ്ങിയ സഹായങ്ങൾ വിതരണം ചെയ്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**സിവിൽ സർവ്വീസ് - മെന്റേഴ്സ് മീറ്റിങ്**

പാലാ രൂപത ഡി.സി.എം.എസ് സമിതി ദളിത് കത്തോലിക്കാ കുട്ടികൾക്കായി നടത്തിവരുന്ന സിവിൽ സർവ്വീസ് കോച്ചിങ് ക്ലാസ്സിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2021 ജനുവരി 09 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സിവിൽ സർവ്വീസ് മെന്റേഴ്സ് യോഗം ചേർന്നു. ശ്രീ പി.ഒ പീറ്റർ, ശ്രീ ജോയി, ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, ശ്രീമതി ഗീതമ്മ, ശ്രീമതി ബീന സേവ്യർ, ശ്രീ സെബാസ്റ്റ്യൻ ചാക്കോ, ശ്രീ സദീപ് കെ.പി എന്നിവർ സംസാരിച്ചു.

**സിവിൽ സർവ്വീസ് - പേരന്റ്സ് മീറ്റിങ്**

സിവിൽ സർവ്വീസ് കോച്ചിങ് ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി 2021 ജനുവരി 16-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പേരന്റ്സ് മീറ്റിങ് നടത്തപ്പെട്ടു. ശ്രീ ജോയി, ശ്രീ പി.ഒ പീറ്റർ,

ശ്രീമതി ഹെലൻ, ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, ശ്രീമതി ഗീതമ്മ, ശ്രീമതി ബീന സേവ്യർ, ശ്രീ സെബാസ്റ്റ്യൻ ചാക്കോ എന്നിവർ സംബന്ധിച്ചു.

**സിവിൽ സർവ്വീസ് - വോളന്റിയേഴ്സ് മീറ്റിങ്**

സിവിൽ സർവ്വീസ് കോച്ചിങ്ങിൽ ഭാഗമാകുന്ന വോളന്റിയേഴ്സിന് പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനായി 2021 ജനുവരി 23 -ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മീറ്റിങ് നടത്തി.

**രൂപതാ കമ്മറ്റി**

2021 ഫെബ്രുവരി 21-ാം തീയതി രാവിലെ 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മാർഗ്ഗ നിർദ്ദേശം നൽകി. ഡി.സി.എം.എസ്. സംഘടനാ തിരഞ്ഞെടുപ്പിനെക്കുറിച്ചു ചർച്ച ചെയ്തു.

**രൂപതാ കൗൺസിൽ**

2021 ഫെബ്രുവരി 21 ന് ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപത കൗൺസിൽ നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. ഡി.സി.എം.എസ്. സംഘടനാ തിരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ച ചെയ്തു.

**എൻട്രൻസ് കോച്ചിങ് - മാതാപിതാക്കളുടെ മീറ്റിങ്**

ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന എൻട്രൻസ് കോച്ചിങിൽ പങ്കെടുക്കുന്ന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും മീറ്റിങ് 2021 മാർച്ച് നാല് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ഡി.സി.എം.എസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്രില്ല്യന്റ് കോച്ചിങ് സെന്റർ മാനേജിംഗ് ഡയറക്ടർ ശ്രീ സെബാസ്റ്റ്യൻ ജി. മാത്യു ഗണപതിപ്ലാക്കൽ, ശ്രീ ജ്യോതിഷ് ജോയി മാപ്പിളക്കുന്നേൽ എന്നിവർ ക്ലാസ്സെടുത്തു.

**ദലിത് കത്തോലിക്ക യുവജനങ്ങൾക്കായുള്ള പി.എസ്.സി. ടെസ്റ്റ് കോച്ചിംഗ് ഉദ്ഘാടനം.**

KCBC SC/ST/BC കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്ക യുവജനങ്ങൾക്കായി PSC കോച്ചിംഗ് ഔപചാരികമായ ഉദ്ഘാടനം ഫെബ്രുവരി 27 ശനിയാഴ്ച പി.ഒ.സിയിൽ വച്ച് നടത്തപ്പെട്ടു. പത്താം ക്ലാസ്സ് പാസ്സായ 18 നും 36 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിൽ പങ്കെടുക്കാം. രണ്ടു രീതിയിലുള്ള കോച്ചിംഗ് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

1. ഞായറാഴ്ചകളിൽ മാത്രമുള്ള മുഴുവൻസമയപരിശീലനം
2. ആഴ്ചയിൽ മൂന്നു ദിവസമുള്ള മുഴുവൻസമയപരിശീലനം.

കേരളത്തിൽ കഴിഞ്ഞ 20 വർഷത്തിനിടയിൽ 5000 ത്തിലധികം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിച്ച് വിജയിപ്പിച്ച് ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ള ലാലച്ചൻസ് അക്കാഡമിയുടെ മേൽനോട്ടത്തിലാണ് പരിശീലനം നടത്തുന്നത്.

ഈ കോച്ചിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 15 ന് മുമ്പ് ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

**ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് സ്വീകരണം**

കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന്റെയും ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 2021 മാർച്ച് 4 വ്യാഴാഴ്ച കോട്ടയം പ്രസ്സ് ക്ലബ് ഓഡിറ്റോറിയത്തിൽ വച്ച് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ DCMS സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച ദലിത് കത്തോലിക്കാ അംഗങ്ങൾക്ക് സ്വീകരണം നൽകി. ബഹു. രൂപത ഡയറക്ടർമാർ, സംസ്ഥാന കൗൺസിൽ അംഗങ്ങൾ, രൂപത ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് പാലാ രൂപതാ ഡി.സി.എം.എസ്. സമിതി സ്കോളർഷിപ്പ് വിതരണം ചെയ്തു.

ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ SSLC, PLUS TWO, DEGREE, PG തുടങ്ങിയ വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ശ്രീ ജോബിൻ സെബാസ്റ്റ്യൻ (പ്രിൻസിപ്പൽ – വിളക്കുമാടം ഹയർ സെക്കൻഡറി സ്കൂൾ) കരിയർ ഗൈഡൻസ് ക്ലാസ്സ് എടുത്തു. തുടർന്ന് ഡി.സി.എം.എസ്. പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വിവിധ പരീക്ഷകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. തദവസരത്തിൽ പാലാ രൂപത ഡി.സി.എം.എസ് പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു, രൂപത ഓർഗനൈസർ ശ്രീ പി.ഒ. പീറ്റർ, രൂപതാ ഖജാൻജി ശ്രീ റ്റി.ഡി കുര്യാക്കോസ്, ശ്രീ സദീപ് കെ.പി, ശ്രീ സെബാസ്റ്റ്യൻ ചാക്കോ എന്നിവർ സംസാരിച്ചു. എബിൻ ജോണി, മെൽബിൻ മാത്യു, ദീപു, ജസ്ന, മെബിൻ, ചിഞ്ചു, അൻസു ചാക്കോ, മാനസി മാത്യു, ആഗിൻസ് ജോസ്, അഞ്ചു ജോസഫ്, ആഷ്‌ലിൻ റോസ് ജേക്കബ്, അമൽ ജോസഫ്, നീതുമോൾ ബാബു, അഞ്ജലി ബേബി എന്നിവർ നേതൃത്വം നൽകി.

**KCBC SC/ST/BC കമ്മീഷൻ സ്കോളർഷിപ്പ് വിതരണം ചെയ്തു.**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള KCBC സ്കോളർഷിപ്പ് KCBC SC/ST/BC കമ്മീഷൻ ചെയർമാനും പാലാ രൂപതാ സഹായമെത്രാനുമായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ വിതരണം ചെയ്തു. പാലാ രൂപത ഡി.സി.എം.എസ്. പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാലാ രൂപതാ ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. തുടർന്ന് വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ദളിത്

കത്തോലിക്കാ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. രൂപത സെക്രട്ടറി ശ്രീ ജോണി പരമല, രൂപത ഓർഗനൈസർ ശ്രീ പി.ഒ. പീറ്റർ, രൂപത ഖജാൻജി ശ്രീ റ്റി.ഡി കുര്യാക്കോസ്, ശ്രീ സദീപ് കെ.പി, ശ്രീ സെബാസ്റ്റ്യൻ ചാക്കോ എന്നിവർ സംസാരിച്ചു. എബിൻ ജോണി, മെൽബിൻ മാത്യു, ദീപു, ജസ്ന, മെബിൻ, ചിഞ്ചു, അൻസു ചാക്കോ, മാനസി മാത്യു, ആഗിൻസ് ജോസ്, അഞ്ചു ജോസഫ്, അമൽ ജോസഫ്, നീതുമോൾ ബാബു, ആഷ്ലിൻ റോസ് ജേക്കബ്, അഞ്ജലി ബേബി എന്നിവർ നേതൃത്വം നൽകി.

**ഡി.സി.എം.എസ്. സംഘടനാ തിരഞ്ഞെടുപ്പ്**

DCMS ന്റെ നിലവിലുള്ള യൂണിറ്റ്, ഫൊറോന (മേഖല), രൂപത, സംസ്ഥാനതലത്തിലുള്ള കമ്മറ്റികൾ, കൗൺസിലുകൾ എന്നിവയുടെ കാലാവധി 2021 മാർച്ച് 31 ന് അവസാനിക്കുകയാണ്. അടുത്ത മൂന്നു വർഷത്തേക്കുള്ള (2021-2024) കമ്മറ്റി, കൗൺസിൽ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ, K.C.B.C SC/ST/BC കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ സാന്നിദ്ധ്യത്തിലും, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിലും 2020 നവംബർ 22-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന് കൂടിയ ഡി.സി.എം.എസ്. സംസ്ഥാന കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും സംയുക്തയോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനപ്രകാരം 2021-2024 വർഷത്തേക്കുള്ള ഡി.സി.എം.എസ് യൂണിറ്റ്, മേഖല, രൂപത കമ്മറ്റിയംഗങ്ങളുടെയും ഭാരവാഹികളുടെയും തിരഞ്ഞെടുപ്പ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തുന്നതാണ്. യൂണിറ്റ് 2021 മാർച്ച് 31 ന് മുമ്പും മേഖല തിരഞ്ഞെടുപ്പ് ഏപ്രിൽ 12നകവും രൂപത തിരഞ്ഞെടുപ്പ് മെയ് 2 നകവും നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോം സന്ദർശനം**

കെയർ ഹോംസിന്റെ വികാരി ജനറാൾ ഇൻചാർജ് വെരി റവ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ശാന്തിഭവൻ, ഉള്ളനാട്, രക്ഷാഭവൻ മണിയംകുളം, ആശാനിലയം വള്ളിച്ചിറ, എഴുമാത്തുരുത്ത്, ആശാനിലയം അന്തീനാട്, ആവേ മരിയ അരുവിത്തുറ, ബാലികാഭവൻ മേലുകാവുമറ്റം, സ്നേഹസദൻ വെള്ളിലാപ്പള്ളി, കടനാട് ഓൾഡേജ് ഹോം, ജ്യോതിഭവൻ ചെത്തിമറ്റം, ദയാഭവൻ ചെത്തിമറ്റം, മരിയസദനം, രക്ഷാഭവൻ പൂവത്തോട് എന്നീ കെയർ ഹോം സ്ഥാപനങ്ങളിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

മേവിട ഇമ്മാനുവൽ ഹോം, ഷലോം ഡി.സി.എം.ആർ എന്നീ സ്ഥാപനങ്ങൾ രൂപത ഡയറക്ടർ സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തി.

**2. മീറ്റിംഗ്**

കുമ്മണ്ണൂർ - സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിൽ മീറ്റിംഗിൽ പങ്കെടുത്തു.

**3. ആശംസകൾ**

കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷ്യൽ സ്കൂളിലെ നയന, പുലിയന്നൂർ ഷലോം ഡിസിഎം.ആർ. സ്പെഷ്യൽ സ്കൂളിലെ അനു സജി എന്നീ കുട്ടികളെ ഫ്ളോർ ബോൾ എന്ന സ്പെഷ്യൽ ഒളിമ്പിക്സ് ഗെയിം ലാസ്റ്റ് നാഷണൽ സെലക്ഷൻ ക്യാമ്പിനായി ഹിമാചൽപ്രദേശിന് യാത്രയായവർക്ക് ആശംസകൾ നേർന്നു.

**4. കോ-ഓർഡിനേറ്റേഴ്സ് നിയമനം**

കെയർ ഹോംസിന്റെ ഫൊറോന കോ-ഓർഡിനേറ്റേഴ്സായി ഫാ. ജോർജ് ചൂരയ്ക്കാട്ട് (Jr.), ഫാ. സ്കറിയ മേനാംപറമ്പിൽ, ഫാ. ജോസഫ് പുരയിടത്തിൽമാട്ടേൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ (Jr.), ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, ഫാ. മാത്യു വാഴചാരിക്കൽ, ഫാ. ജോസഫ് കുറുമുട്ടത്ത്, ഫാ. മാത്യു പാലാക്കാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ഫാ. തോമസ് കുമ്പുയ്ക്കൽ, ഫാ. മാത്യു കാടൻകാവിൽ, ഫാ. ജോർജ് ഈറ്റയ്ക്കകുന്നേൽ, ഫാ. മാത്യു വളയംപള്ളിൽ, ഫാ. ജോൺ കൂറ്റാരപ്പള്ളിൽ എന്നിവരെ നിയമിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ക്ഷേമനിധി ഫോറങ്ങളുടെ രൂപതാതല ഉദ്ഘാടനം**

ളാലം സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിവിധ ക്ഷേമനിധി ഫോറങ്ങളുടെ രൂപതാതല ഉദ്ഘാടനം നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഫാ. ജോൺസൺ പുള്ളീറ്റ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. രൂപത പ്രസിഡന്റ് സന്തോഷ് പി.ജെ. പുതിയാപറമ്പിൽ അദ്ധ്യക്ഷനായിരുന്നു.

**2. സ്കോളർഷിപ്പ് വിതരണം**

വിവിധ ക്ഷേമനിധികളിൽ അംഗമായവരുടെ, പത്ത്, പ്ലസ് ടു പാസ്സായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തി.

**3. പരിശീലന ക്ലാസ്**

ഇടവകകളിൽ വിവിധ ക്ഷേമനിധിയിൽ ചേർക്കുന്നതിനായി കുടുംബ കൂട്ടായ്മ റിസ്സോഴ്സ് ടീമിന് ഒന്നാം ഘട്ടം പരിശീലനം നല്കി.

**4. യൂണിറ്റ് ആരംഭിച്ചു**

കാവുംകണ്ടം സെന്റ് മരിയ ഗൊരോത്തി ചർച്ചിൽ കെ.എൽ.എം. യൂണിറ്റ് ആരംഭിക്കുകയും 35 പേരോളം വിവിധ ക്ഷേമനിധിയിൽ ചേരുകയും ചെയ്തു.

**5. സൂം മീറ്റിംഗുകൾ**

കെ.എൽ.എം. ഡയറക്ടേഴ്സ് മീറ്റിംഗ്, സംസ്ഥാന ഭാരവാഹികളുടെ മീറ്റിംഗ് രൂപത ഭാരവാഹികളുടെ മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തു.

**6. ഇടവകസന്ദർശനം**

ളാലം ഓൾഡ്, ളാലം ന്യൂ, ജോസ്ഗിരി, മുണ്ടാങ്കൽ, മൂലമറ്റം, പാലാ കത്തീഡ്രൽ, പാലാക്കാട്, അരുണാപുരം, മുത്തോലി, കുരുവിനാൽ, പൈങ്ങുളം, പാലക്കാട്ടുമല, മംഗളാരാം, കടപ്ലാമറ്റം, രത്നഗിരി, കൊഴുവനാൽ, കിഴതടിയൂർ, കളത്തൂക്കടവ്, ശാന്തിഗിരി, തീക്കോയി, അടുക്കം, അയ്യമ്പാറ എന്നീ ഇടവകളിൽ ക്ഷേമനിധിയിൽ ചേർക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

**7. വിവിധ ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു**

അംഗങ്ങളെ ക്ഷേമനിധിയിൽ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. **വിശദവിവരങ്ങൾക്ക്: പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ താഴെക്കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.**

**8. കോ-ഓർഡിനേറ്റേഴ്സ് നിയമനം**

കേരള ലേബർ മൂവ്മെന്റിന്റെ ഫൊറോന കോ-ഓർഡിനേറ്റേഴ്സായി ഫാ. ജോർജ് ചൂരയ്ക്കാട്ട് (Jr.), ഫാ. സ്കറിയ മേനാംപറമ്പിൽ, ഫാ. ജോസഫ് പുരയിടത്തിൽമാട്ടേൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ (Jr.), ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, ഫാ. മാത്യു വാഴചാരിക്കൽ, ഫാ. ജോസഫ് കുറുമുട്ടത്ത്, ഫാ. മാത്യു പാലാക്കാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ഫാ. തോമസ് കുമ്പുയ്ക്കൽ, ഫാ. മാത്യു കാടൻകാവിൽ, ഫാ. ജോർജ് ഈറ്റയ്ക്കകുന്നേൽ, ഫാ. മാത്യു വളയംപള്ളിൽ, ഫാ. ജോൺ കൂറ്റാരപ്പള്ളിൽ എന്നിവരെ നിയമിച്ചു.

**Mob: 8304981275 (O), 9400661492 (P)**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ കോഴ്സ് ഓൺലൈനായി നടന്നുവരുന്നു.

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരം 2021 സെപ്തംബർ 26 ന് നടക്കും. ജൂൺ മുതൽ രജിസ്ട്രേഷൻ ആരംഭിക്കും.

**കുടുംബങ്ങൾക്കൊരു സുവിശേഷം**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ 50, 25 നോമ്പുകളിൽ വായിക്കാൻ പറ്റുന്ന ബൈബിൾ വായനയുടെ വിചിന്തനം തയ്യാറാക്കി വിതരണം ചെയ്തു. ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ പിതാവ്

മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം നടത്തുകയും ആദ്യകോപ്പി ഫാമിലി അപ്പ സ്തോലേറ്റ് ഡയറക്ടർ ഫാ. ജോസ് കുറ്റിയാങ്കലിനു നല്കുകയും ചെയ്തു.

**ബൈബിൾ വിചിന്തനം**

ഓൺലൈൻ അമ്പതുനോമ്പിലെ ദിവസങ്ങളിലുള്ള ബൈബിൾ വായന യുടെ വിചിന്തനം ഓൺലൈനായി നല്കുന്നു.

**സമ്മാനവിതരണം**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മൈം, സ്കിപ്റ്റ് മത്സരങ്ങളിലെ വിജയികൾക്ക് പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**ജനുവരി 2021**

**1. ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 1,2,15,22,29 എന്നീ വെള്ളിയാഴ്ചകളിൽ പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് രാവിലെ 9.30 മുതൽ 12 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ജപമാല, ആരാധന, വിശുദ്ധ കുർബാന എന്നിവയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സോണൽ കരിസ്മാറ്റിക് അംഗങ്ങൾ, ഇവാഞ്ചലൈസേഷൻ അംഗ ങ്ങൾ എന്നിവർ നേതൃത്വം നല്കി.

**2. മദ്ധ്യസ്ഥപ്രാർത്ഥന ഷലോമിൽ**

ഈ മാസം 4,6,11,13,18,20,25,27 എന്നീ തീയതികളിൽ രാവിലെ 10 മണിമുതൽ 1 മണിവരെ ഷലോമിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിച്ചു. ശ്രീ മാത്തുകുട്ടി താന്നിക്കൽ, തോമസ് നിരപ്പിൽ, മേരി പാറയിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫെബ്രുവരി 2021**

**1. ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 5,12,19,26 എന്നീ വെള്ളിയാഴ്ചകളിൽ പാലാ കത്തീഡ്രൽ പള്ളി യിൽ വച്ച് രാവിലെ 9.30 മുതൽ 1 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ജപമാല, ആരാധന, കുരിശിന്റെ വഴി, വിശുദ്ധ കുർബാന തുടങ്ങിയ വയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് സോണൽ അംഗങ്ങൾ, ഇവാഞ്ചലൈസേഷൻ അംഗങ്ങൾ നേതൃത്വം നല്കി.

**2. മദ്ധ്യസ്ഥപ്രാർത്ഥന ഷലോമിൽ**

ഈ മാസം 1,38,10,15,17,22,24 ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 1 മണിവരെ ഷലോമിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും

രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥ വഹിച്ച് പ്രാർത്ഥിച്ചു. ശ്രീ മാത്തുകുട്ടി താന്നിക്കൽ, തോമസ് നിരപ്പിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**മാർച്ച് 2021**

**1. ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 2,9,16 എന്നീ വെള്ളിയാഴ്ചകളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9.30 മുതൽ 1 മണിവരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ജപമാല, ആരാധന, കുരിശിന്റെ വഴി, വിശുദ്ധ കുർബാന എന്നിവയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സോണൽ കരിസ്മാറ്റിക് അംഗങ്ങൾ, ഇവാഞ്ചലൈസേഷൻ അംഗങ്ങൾ നേതൃത്വം നല്കി.

**മദ്ധ്യസ്ഥപ്രാർത്ഥന ഷലോമിൽ**

ഈ മാസം 5,7,12,14,19,21,26,28 എന്നീ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 1 മണി വരെ ഷലോമിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിച്ചു. ശ്രീ മാത്തുക്കുട്ടി താന്നിക്കൽ, തോമസ് നിരപ്പിൽ, മേരി പാറയിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ജനുവരി 11 ഉം ഫെബ്രുവരി 13 ഉം തീയതികളിൽ കരിസ്മാറ്റിക് പാലാ ഓഫീസിൽ വച്ചും മാർച്ച് 4 ന് ഓൺലൈനായും നടത്തപ്പെട്ടു.

മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും, എൽ.എസ്.എസ്. ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെക്കുറിച്ച്, ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചും, ഇടവക പ്രാർത്ഥനാ കൂട്ടായ്മകൾ പുനരാരംഭിച്ചതിനെക്കുറിച്ചും പങ്കുവെച്ചു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിന് നേതൃത്വം നൽകി. പുതിയ സാധ്യതകൾ കണ്ടെത്തി എല്ലാ രീതിയിലും പ്രാർത്ഥനാശുശ്രൂഷകൾ നടത്തിയവരെ അഭിനന്ദിച്ചു. അമ്പതു നോമ്പിനോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും നോമ്പുകാലശുശ്രൂഷകൾ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ നിർദ്ദേശിച്ചു. ചർച്ചകൾക്കും തീരുമാനങ്ങൾക്കുശേഷം സേവനസമിതി സമ്മേളനം സമാപന ആശീർവാദ പ്രാർത്ഥനകളിലുടെ സമാപിച്ചു.

**സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറച്ച ട്രെയിനിങ് പ്രോഗ്രാം ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലും ഓൺലൈനായി നടത്തപ്പെട്ടു. ഇതുവരെ 30 ക്ലാസുകൾ നടത്തി. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**L.S.S (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്. നമ്മുടെ രൂപത സോണിൽനിന്ന് 73 ഓളം പേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടിരിക്കുന്നു.

വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധ്യമാകുന്നു. എൽ.എസ്.എസ്. സെൻട്രൽ മോണിറ്ററിങ് ടീം പാലാ സോണൽ മോണിറ്ററിങ് ടീമുമായി ഓൺലൈൻ ട്രെയിങ് പ്രോഗ്രാംസ് നിശ്ചയിച്ചു. മെന്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം ജനുവരി 30 മുതൽ മാർച്ച് 20 വരെ ഓൺലൈൻ ആയി നടത്തപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട 20 പേർ പങ്കെടുത്തു.

**കാരിസ് യൂത്ത് കോൺഫ്രൻസ്**

യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. ആയിരം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCCRST യുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് രണ്ടു പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും മൂന്നുമണിമുതൽ നാലുമണിവരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർത്ഥനാ

ശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. മലപ്പുറം പള്ളിയിൽ ജനുവരി 31 നും കാളികാവ് പള്ളിയിൽ മാർച്ച് 27 നും കുട്ടികൾക്ക് അർദ്ധദിനധ്യാനം നടത്തപ്പെട്ടു അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ. ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**പ്രാർത്ഥനാക്കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു രണ്ടു മണി മുതൽ നാലുമണിവരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാശുശ്രുഷകൾ നടത്തപ്പെടുന്നു.

**വചനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയവർ**

3/1/21 ബ്രദർ ഫ്രാൻസിസ് നിലമ്പൂർ  
10/1/21 ഫാ. ജോസ് കൈതോലിൽ  
17/1/21 Fr. Elkin  
24/1/21 ഫാ. ജോസഫ് ഇഞ്ചമുറിയിൽ  
31/1/21. ബ്രദർ നന്ദു ജോൺ  
7/2/21. ഫാ. ജോർജ് പറമ്പിത്തടത്തിൽ  
14/2/21 ഡോ. കൊച്ചുറാണി ജോസഫ്  
21/2/21 ബ്രദർ ഷിബു ജോസഫ്  
28/2/21 ബ്രദർ സജി പാലാ  
7/3/21. ഫാ. തോമസ് ആഴച്ചേരിയിൽ  
14/3/21 ബ്രദർ സാബു എം. വർഗീസ്  
21/3/21 ഫാ. ജോർജ് കാരാംവേലി  
28/3/21. ബ്രദർ ജോസി എബ്രഹാം എന്നിവർ വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തു.  
രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**കോവിഡ്-19 വ്യാപനത്തിന് എതിരേ മദ്ധ്യസ്ഥപ്രാർത്ഥന**

കോവിഡ് 19 വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ പ്രാർത്ഥനയാണ് നമ്മുടെ ശക്തിയെന്നു മനസ്സിലാക്കിക്കൊണ്ട് സബ്സോണൽ സേവന സമിതിയുടെ നേതൃത്വത്തിൽ കോതനല്ലൂർ, ഇലഞ്ഞി, കുറവിലങ്ങാട്, മുട്ടുചിറ, രാമപുരം, പാലാ, പൂഞ്ഞാർ, കുട്ടിക്കൽ. തുടങ്ങനാട്, കടനാട്, മൂലമറ്റം, ചേർപ്പുങ്കൽ തുടങ്ങിയ സബ്സോണുകളിൽ എല്ലാ ആഴ്ചകളിലും ഒന്നും രണ്ടു മണിക്കൂർ വീതം മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തിവരുന്നു.

**KCCRST സോണൽ സന്ദർശനം കരുതൽ 2021**

കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ സെൻട്രൽ ടീം ചെയർമാൻ റവ. ഫാ. ജോസഫ് താമരവേലിയുടെ നേതൃത്വത്തിൽ മാർച്ച് ഒമ്പതാം തീയതി പാലാ സോൺ സന്ദർശനം നടന്നു.

രാവിലെ 9 മണിക്ക് അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ എന്നിവരെ സന്ദർശിക്കുകയും സന്ദർശനലക്ഷ്യങ്ങൾ പങ്കുവെക്കുകയും ചെയ്തു. തുടർന്ന് 10 മണി മുതൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ ഒന്നിച്ചുകൂടുകയും പ്രാർത്ഥനയോടെ ദൗത്യം ആരംഭിക്കുകയും ചെയ്തു. റവ. ഫാ. ജോസഫ് താമരവേലി സന്ദർശനലക്ഷ്യം വിശദീകരിച്ചുകൊണ്ടു സംസാരിച്ചു.

രൂപതയിലെ 18 സോണുകളുടെയും ഇതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ച് കോഡിനേറ്റർമാരും മിനിസ്ട്രിയുടെ ചുമതല വഹിക്കുന്നവരും സംസാരിച്ചു.

റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ തുടർന്ന് കോവിഡ് 19 കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് സഹായത്താൽ നടത്തിയ സബ്സോൺ സന്ദർശനവും മറ്റ് വിവിധ ശുശ്രൂഷകളെക്കുറിച്ചും പങ്കുവച്ചു. 3.30 ആരംഭിച്ച സ്തുതി ആരാധനയോടെ നാലു മണിയോടെ അവസാനിച്ചു. വലിയ ആത്മീയ ഉണർവാണ് ഈ സന്ദർശനത്തിലൂടെ ഓരോരുത്തർക്കും ലഭ്യമായത്.

**നാല്പതാം വെള്ളി ശുശ്രൂഷകൾ**

മാർച്ച് 26 തീയതി 9 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു. കുരിശിന്റെവഴി പ്രാർത്ഥനകൾ, സന്ദേശം, അരുവിത്തറ വല്യച്ചൻ മലയിൽ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു എല്ലാവർക്കുംവേണ്ടി കോവിഡ് 19 ന്റെ ഈ കാലഘട്ടത്തിൽ പ്രാർത്ഥിച്ചു.

**രാത്രി ആരാധന**

രൂപത സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനം ശനിയാഴ്ചകളിൽ നടത്തിവരുന്ന രാത്രി ആരാധന കോവിഡ് 19 പശ്ചാത്തലത്തിൽ ജനുവരി 30, ഫെബ്രുവരി 27, മാർച്ച് 27 എന്നീ തിയതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. റവ. ഫാ. ജോയി കുഴുമ്പുള്ളിൽ CSSR, റവ. ഫാ.ജോസഫ് വടക്കേടത്ത്, റവ. ഫാ. ജിനു മച്ചുകുഴിയിൽ CMI എന്നിവർ യഥാക്രമം ജനുവരി ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വചനശുശ്രൂഷയും ആരാധനയും നയിച്ചു. ആയിരത്തോളം പേർ ഓൺലൈനായി വിശുദ്ധ കുർബാനയിലും പരിശുദ്ധ ആരാധനയിലും ജപമാലയിലും പങ്കെടുത്തു. വൈകുന്നേരം 5.30 മുതൽ രാത്രി ഒമ്പതു മണിവരെയാണ് ശുശ്രൂഷകൾ നടത്തപ്പെട്ടത്.

റവ. ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ധ്യാനശുശ്രൂഷകൾ**

കരിസ്മാറ്റിക് സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ രാമപുരം, കവീക്കുന്ന്, വയലാ, കരൂർ, പിഴക്, സിബിഗിരി എന്നീ ദൈവാലയങ്ങളിൽ ധ്യാനശുശ്രൂഷകൾ നടത്തപ്പെട്ടു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി 2020 ഏപ്രിൽ പതിനാലാം തീയതി ആരംഭിച്ച ഓൺലൈൻ ധ്യാനം 30-40 മിനിറ്റിന്റെ സെഷനുകളായി തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം, ഈ ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos എന്ന യൂട്യൂബ് ചാനലിലും പ്രക്ഷേപണം ചെയ്യുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികൾ ലഭ്യമാണ്; രണ്ട് പരിപാടികളുടെയും ലിങ്കുകൾ ചുവടെ ചേർക്കുന്നു:

Online Retreat:
http s://www.youtube.com
playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8
Mount Nebo Short Videos: https://www.youtube.com/
results?search_query=mount+nebo+short+videos

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ നാല് പുതിയ പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിച്ചു: പുസ്തകം 21 – മൃദുമനഃസാക്ഷി: ദൈവരാജ്യത്തിന്റെ കാവലാൾ; പുസ്തകം 22 – മുട്ടുകുത്താമോ, കെട്ടുകൾ പൊട്ടിക്കാം; പുസ്തകം 23 – മദ്യപാനം സാത്താനെ ആകർഷിക്കുമെന്നോ!; പുസ്തകം 24 – വീടിന്റെ ആത്മീയനിറവ് കെടുത്തരുത്. പുസ്തകത്തിന്റെ കോപ്പികൾ പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

മാർച്ച് 27 മുതൽ, എല്ലാ രണ്ടാം ശനിയാഴ്ചകളിലും മാസാവസാന ശനിയാഴ്ചകളിലും രാവിലെ പത്തുമണിമുതൽ ഉച്ചയ്ക്ക് ഒരുമണിവരെ വിശുദ്ധ കുർബാന, ദൈവവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക പ്രാർത്ഥന എന്നിവയോടുകൂടി അർദ്ധദിനശുശ്രൂഷകൾ നടത്തപ്പെടുന്നു. കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും അതിന്റെ ക്രമീകരണങ്ങൾ. 9 മണി മുതൽ 10 വരെ ശുശ്രൂഷയ്ക്കൊരുക്കമായി മദ്ധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരിക്കും.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. പാലാ രൂപത നേതൃസമ്മേളനം**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം ആശ്രമദേവാലയ അങ്കണത്തിൽവച്ച് 27-03-2021 ശനിയാഴ്ച രാവിലെ പത്തുമണിമുതൽ എസ്.എഫ്.ഒ. പാലാ രൂപതയിലെ യൂണിറ്റ്, റീജിയൻ, രൂപത ഭാരവാഹികളുടെ നേതൃസമ്മേളനം നടത്തപ്പെടുന്നു. നേതൃസംഗമത്തിൽ എസ്.എഫ്.ഒ. പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോഴിക്കൻ വാരപ്പറമ്പിൽ അധ്യക്ഷത വഹിക്കുന്നതും ആശ്രമം സുപ്പീരിയർ റവ. ഫാ. മാത്യു മുളങ്ങാട്ടിൽ OFM Cap. സമ്മേളനോദ്ഘാടനം നിർവഹിക്കുന്നതുമാണ്. റവ.ഫാ. അരുൺ ഇലവുങ്കൽ OFM Cap. മുഖ്യപ്രഭാഷണം നടത്തുന്നതും രൂപത സ്പിരിചൽ അസ്സസ്മെന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap. വി. കുർബാന അർപ്പിച്ച് നോമ്പുകാല സന്ദേശം നല്കുന്നതുമാണ്.

**യൂണിറ്റ് തല സമ്മേളനങ്ങൾ**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും സാമൂഹിക നിയന്ത്രണങ്ങളുംമൂലം 2020 ഏപ്രിൽ മാസം മുതൽ യൂണിറ്റ് സമ്മേളനങ്ങളും പ്രാർത്ഥനാകൂട്ടായ്മകളും നടത്തുന്നതിന് തടസ്സം നേരിട്ടിരുന്നു. സർക്കാർ നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയ പശ്ചാത്തലത്തിൽ രൂപതയിലെ ഭൂരിഭാഗം യൂണിറ്റുകളിലും ഈ വർഷം ജനുവരി മുതൽ ബഹു. വികാരിയച്ചന്മാരുടെ അനുവാദത്തോടെ യൂണിറ്റ് സമ്മേളനങ്ങളും പ്രാർത്ഥനാകൂട്ടായ്മകളും പുനരാരംഭിച്ചു.

**കർഷകസമരത്തിന് ഐക്യദാർഢ്യം**

ഡൽഹിയിൽ നടക്കുന്ന കർഷകസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എസ്.എഫ്. ഒ. പാലാ രൂപത സമിതിയുടെയും കുരുവിനാൽ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ 2021 ജനുവരി 26-ാം തീയതി റിപ്പബ്ളിക് ദിനത്തിൽ ട്രാക്ടർ ഓടിച്ച് ഐക്യദാർഢ്യറാലി സംഘടിപ്പിച്ചു. കർഷകവിരുദ്ധ നിയമങ്ങൾ പിൻവലിച്ച് കർഷകരുടെ ആശങ്കകൾ അകറ്റി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു പ്രമേയം പാസാക്കി. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ പ്രസ്തുത പരിപാടിയിൽ രൂപത സമിതിയിലെയും കുരുവിനാൽ യൂണിറ്റിന്റെയും എല്ലാ അംഗങ്ങളും പങ്കെടുത്തു. പ്രസ്തുത റാലിക്ക് രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap. രൂപത പ്രസിഡന്റ് സോജൻ മാത്യു, റോഷിൻ തോമസ് തോപ്പിൽ, റ്റിസി രാജു കടലംകോട്ട്, തോമസ് ജോസഫ് കല്ലിടുക്കിൽ എന്നിവർ നേതൃത്വം നല്കി.

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഫാമിലി ഹെൽത്ത് കാർഡ് വിതരണം**

ളാലം ഓൾഡ്, ളാലം ന്യൂ, ജോസ്ഗിരി, മുണ്ടാങ്കൽ, മൂലമറ്റം, പാലാ കത്തീഡ്രൽ, പാലാക്കാട്, അരുണാപുരം, മുത്തോലി, കുരുവിനാൽ, പൈങ്ങുളം, പാലക്കാട്ടുമല, മംഗളാരാം, കടപ്ലാമറ്റം, രത്നഗിരി, കൊഴുവനാൽ, കിഴതടിയൂർ, കള

ത്തൂക്കടവ്, ശാന്തിഗിരി, തീക്കോയി, അടുക്കം, അയ്യമ്പാറ എന്നീ ഇടവകളിൽ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

**2. ഫാമിലി ഹെൽത്ത്കാർഡ്**

മാർ സ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ, മരിയൻ മെഡിക്കൽ സെന്റർ പാലാ, ഹോളി ഗോസ്റ്റ് ഹോസ്പിറ്റൽ മുട്ടിചിറ എന്നിവിടങ്ങളിൽ ഫാമിലി ഹെൽത്ത് കാർഡിന്റെ ആനുകൂല്യങ്ങൾ ആരംഭിച്ചു.

**3.** ദീപികയുടെ കോട്ടയത്തുവച്ചുള്ള മീറ്റിംഗിൽ സംബന്ധിച്ചു

**4. ഫൊറോന ഭാരവാഹികളുടെ മീറ്റിംഗ് നടത്തി**

**5. സംസ്ഥാന നേതൃസംഗമം**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടന്ന ദീപിക സംസ്ഥാന നേതൃസംഗമത്തിൽ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ രൂപത ഭാരവാഹികളും ബ്രദർ റീജന്റും പങ്കെടുത്തു.

**6. രൂപത നേതൃസംഗമം**

അഭിവന്ദ്യപിതാവിന്റെ സാന്നിധ്യത്തിൽ രൂപത കാര്യാലയത്തിൽ വച്ച് ഡിഎഫ്സി നേതൃസംഗമം നടത്തി. ദീപിക എം.ഡി. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, വികാരി ജനറാൾ വെരി റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫൊറോന കോ-ഓർഡിനേറ്റേഴ്സ്, രൂപത ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, ദീപിക ഏജന്റുമാർ, പ്രൊമോട്ടേഴ്സ് എന്നിവർ പങ്കെടുത്തു.

**7. palavisionlive.com Launch ചെയ്തു**

പാലാ രൂപതയിലെ ഇടവക, സ്ഥാപനങ്ങൾ, സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് ഇതര സ്ഥാപനങ്ങൾ ഇവയുടെ വാർത്തകൾ പാലാ രൂപതയിലെ അംഗങ്ങൾക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചതാണ് ഈ ന്യൂസ് ചാനൽ.

**ഇതിൽ വാർത്തകൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക - 9605661249**

**8. കോ-ഓർഡിനേറ്റേഴ്സ് നിയമനം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഫൊറോന കോ-ഓർഡിനേറ്റേഴ്സായി ഫാ. ജോർജ് ചൂരയ്ക്കാട്ട് (Jr.), ഫാ. സ്കറിയ മേനാംപറമ്പിൽ, ഫാ. ജോസഫ് പുരയിടത്തിൽമാട്ടേൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ(Jr.), ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, ഫാ. മാത്യു വാഴചാരിക്കൽ, ഫാ. ജോസഫ് കുറുമുട്ടത്ത്, ഫാ. മാത്യു പാലാക്കാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ഫാ. തോമസ് കുമ്പക്കൽ, ഫാ. മാത്യു കാടൻകാവിൽ, ഫാ. ജോർജ് ഈറ്റക്കാട്ടുകുന്നേൽ, ഫാ. മാത്യു വളയംപള്ളിൽ, ഫാ. ജോൺ കൂറ്റാരപ്പള്ളിൽ എന്നിവരെ നിയമിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ദേശീയസമതി സമ്മേളിച്ചു**

ഇൻഫാം ദേശീയ ഭാരവാഹികളുടെ സമ്മേളനം മാർച്ച് 16-ാം തീയതി എറണാകുളം പി.ഒ.സിയിൽ വച്ച് കൂടി. രക്ഷാധികാരി മാർ റെമജിയൂസ് ഇഞ്ചനാനിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ച് കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. കർഷകർക്കും വേണ്ടി നിലകൊള്ളുന്ന ഗവൺമെന്റ് ഭരണത്തിൽ വരുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. സമ്മേളനത്തിൽ ഫാ. ജോസ് തറപ്പേൽ, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളി എന്നിവൽ പാലായിൽനിന്നു പങ്കെടുത്തു.

**ഫാ. ജോസഫ് ചെറുകരക്കുന്നേൽ ദേശീയ ഡയറക്ടർ**

പാലാ രൂപത വൈദികനും ചെമ്മലമറ്റം ഇവടകാംഗവുമായ ഫാ. ജോസഫ് ചെറുകരക്കുന്നേലിന് ഇൻഫാം ദേശീയ ഡയറക്ടറായി കെ.സി.ബി.സി. നിയമിച്ചു. അച്ചന് ഇൻഫാ പാലാ ഘടകത്തിന്റെ ഹൃദയംഗമമായ അനുമോദനങ്ങൾ.

**ജില്ലാ എക്സിക്യൂട്ടീവ്**

ഇൻഫാം പാലാ ജില്ലാ എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് 23-03-2021 ൽ സമ്മേളിച്ചു. ഏപ്രിൽ അവസാനത്തോടെ യൂണിറ്റു ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും പുതിയ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനും എല്ലാ വികാരി അച്ചന്മാർക്കും കത്തയയ്ക്കാൻ യോഗം തീരുമാനിച്ചു. മെയ് ആദ്യവാരത്തിൽ പാലായിൽ യോഗം കൂടി പാലാ ജില്ലാ (രൂപത) ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും യോഗം തീരുമാനിച്ചു. ഡൽഹിയിൽ നടക്കുന്ന കർഷകസമരത്തിന് യോഗം പിൻതുണ പ്രഖ്യാപിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. മാനേജർ)




# ആദരാഞ്ജലികൾ



## റവ. ഫാ. അഗസ്റ്റിൻ കോലത്ത്

രാമപുരം ഫൊറോനാ പള്ളി ഇടവക കാഞ്ഞിരത്താംകുന്നേൽ കോലത്ത് ആഗസ്തി - ത്രേസ്യ ദമ്പതികളുടെ മകനായി 1952 ആഗസ്റ്റ് 17-ാം തീയതി പാപ്പച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ഫാ. അഗസ്റ്റിൻ കോലത്ത് ജനിച്ചു. 1952 ആഗസ്റ്റ് 21 ന് ജ്ഞാനസ്നാനം സ്വീകരിച്ചു. 1961 നവംബർ 21-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് സ്ഥൈര്യലേപനവും സ്വീകരിച്ചു. എൽ.പി., യു.പി. വിദ്യാഭ്യാസം രാമപുരത്തുള്ള ലിറ്റിൽ ഫ്ളവർ സ്കൂളിലും, ഹൈസ്കൂൾ പഠനം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലും പൂർത്തിയാക്കി. തന്റെ വൈദിക ദൈവവിളി തിരിച്ചറിഞ്ഞ അച്ചൻ പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം ആരംഭിച്ചു. തത്ത്വശാസ്ത്ര പഠന കാലഘട്ടത്തിൽ ജനറൽ സെക്രട്ടറി, ECLA Sectional Secretary എന്ന നിലയിലും ദൈവശാസ്ത്രപഠനകാലഘട്ടത്തിൽ സെക്ഷനൽ സെക്രട്ടറിയായും മിഷൻ സെക്രട്ടറിയായും, പ്രേഷിത കേരളം എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായും അച്ചൻ സേവനം ചെതിട്ടുണ്ട്.

1979 ഡിസംബർ 27-ാം തീയതി ളാലം പഴയപള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. കാഞ്ഞിരമറ്റം, തിടനാട് പള്ളികളിൽ സഹവികാരിയായി സേവനം അനുഷ്ഠിച്ച അച്ചൻ 1984 ചക്കികാവ് പള്ളിയിൽ വികാരിയായി. അച്ചന്റെ അക്ഷീണപരിശ്രമം നിമിത്തം ചക്കിക്കാവിലേക്കു വഴിയും വെളിച്ചവും സാധ്യമായി. 1991 തിരുമാറാടി പള്ളിയിൽ വികാരിയായി. അവിടെ പുതിയ ഒരു ഇടവകപ്പള്ളി പണിതു. പിന്നീട് പാളയം, ഇടമറുക്, എഴാച്ചേരി, വിളക്കുമാടം, പൈക എന്നി പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. പൈക പള്ളിയിൽ വച്ച് അനാരോഗ്യത്തെത്തുടർന്ന് അച്ചൻ കുറച്ചുനാൾ സഹോദരപുത്രന്റെ ഭവനത്തിൽ വിശ്രമിച്ചശേഷം

രൂപതയുടെ വൈദികമന്ദിരത്തിലേക്കു മാറി. 2021 മാർച്ച് 12-ാം തീയതി അദ്ദേഹം തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 14-ാം തീയതി ഞായറാഴ്ച രാവിലെ ഒൻപതുമണിക്ക് സഹോദരപുത്രൻ ജോജോ കോലത്തിന്റെ ഭവനത്തിൽ എത്തിക്കുകയും ഉച്ചയ്ക്ക് 1 മണിക്ക് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കാർമികത്വത്തിൽ ഭവനത്തിലെ കർമ്മങ്ങൾ ആരംഭിക്കുകയും തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും കാർമികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും ഇടവക സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.



## റവ. ഫാ. തോമസ് കളത്തിപ്പുല്ലാട്ട്

കുരുവിനാൽ സെന്റ് മൈക്കിൾസ് ഇടവക കളത്തിപ്പുല്ലാട്ട് (ജീരകത്തിൽ) പരേതരായ സ്കറിയ-മറിയം ദമ്പതികളുടെ നാലാമത്തെ മകനായി 1929 ജനുവരി 27 ന് തോമാച്ചൻ എന്നു വിളിക്കപ്പെടുന്ന ഫാ. തോമസ് കളത്തിപ്പുല്ലാട്ട് ജാതനായി. തോമാച്ചന്റെ മൂത്തസഹോദരനാണ് ജഗദൽപൂർ രൂപതയുടെ ആദ്യമെത്രാനായ പരേതനായ മാർ പൗളിനോസ് ജീരകത്തിൽ. തോമാച്ചൻ പഠനം ആരംഭിച്ചത് കുരുവിനാൽ സെന്റ് മൈക്കിൾസ് എൽ.പിയിലും തുടർന്ന് യു.പി., ഹൈസ്കൂൾ പഠനം കിടങ്ങൂർ സെന്റ് മേരീസിലുമായി പൂർത്തിയാക്കി. ഈ കാലയളവിൽ അൾത്താരബാലനായി ശുശ്രൂഷ തുടങ്ങിയ തോമ്മാച്ചൻ വൈദികപഠനത്തിനായി ചങ്ങനാശ്ശേരി പെറ്റിസെമിനാരിയിലും തുടർന്ന് മംഗലപ്പുഴ സെമിനാരിയിലും പഠനം പൂർത്തിയാക്കി. 15-3-1956 ൽ മംഗലപ്പുഴ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പ്പു ശുശ്രൂഷവഴി വൈദികപട്ടം സ്വീകരിച്ചു 16-3-1956 ൽ കുരുവിനാൽ പള്ളിയിൽവച്ച് നവപൂജാർപ്പണവും നടത്തി. പിന്നീട് കുറവിലങ്ങാട് പള്ളിയിൽ സഹവികാരിയായി സേവനം തുടങ്ങിയ തോമാച്ചൻ വികാരിയായി മോനിപ്പള്ളി, ജിയോവാലി, മലയിഞ്ചിപ്പാറ, ഉരുളികുന്നം, ചക്കാമ്പുഴ, പ്രവിത്താനം, മുത്തോലപുരം, മണ്ണാറപ്പാറ, പൂവരണി, കടപ്ലാമറ്റം എന്നീ പള്ളികളിലും കർമ്മനിരതനായി. ഇതിനിടെ 1966 മുതൽ 1973 വരെ ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ നാമകരണ നടപടികളിലും സഹകരിച്ചു. സജീവവൈദികകർമത്തിൽനിന്നു വിരമിച്ചതിനുശേഷവും മൂലമറ്റം ബിഷപ് വയലിൽ ആശുപത്രിയിൽ ചാപ്ലെനായി അഞ്ചു വർഷം സേവനം ചെയ്തു. അതിനുശേഷം മൂന്നുവർഷം വി. അൽഫോൻസാ പള്ളിയിൽ ആത്മീയ ഉപദേശകനായിരുന്നു. തുടർന്ന് വിശ്രമജീവിതത്തിനായി മാർ അപ്രേം വൈദികമന്ദിരത്തിൽ ആയിരിക്കവേ 9-1-2021 ൽ തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. 11-1-2021 ൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും കാർമികത്വത്തിൽ കുരുവിനാൽ പള്ളി സിമിത്തേരി ചാപ്പലിൽ വിശുദ്ധ കുർബാനയോടെ കബറടക്കശുശ്രൂഷകൾ നടത്തി.



## റവ. സി. റോസ്‌ലിൻ മുട്ടത്തുകുന്നേൽ

കാഞ്ഞിരപ്പള്ളി രൂപതയിൽ ഇളങ്ങുളം ഇടവകയിൽ മുട്ടത്തുകുന്നേൽ കുടുംബത്തിൽ ശ്രീ ജോസഫ് - ഏലി ദമ്പതികളുടെ എട്ടു മക്കളിൽ ആറാമത്തെ സന്താനമായി റോസിലിനമ്മ 14.05.1928 ൽ ജനിച്ചു. 20.05.1928 ൽ റോസ എന്ന പേരിൽ മാമ്മോദീസ സ്വീകരിച്ചു. 1947 ൽ വി.എസ്.എൽ.സി. പാസ്സായശേഷം 1948 ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1949 ൽ ഡ്രോയിംഗ് പാസായി. 27.05.1945 ൽ ആദ്യവ്രതവും 28.05.1957 ൽ നിത്യവ്രതവും അനുഷ്ഠിച്ച് നാഥന്റെ സ്വന്തമായിത്തീർന്നു.

നീണ്ടവർഷങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ ശുശ്രൂഷചെയ്തുകൊണ്ട് ഏറെപ്പേരെ വി. അൽഫോൻസാമ്മയോടുള്ള ഭക്തിയിൽ ഉറപ്പിക്കുകയും വി. അൽഫോൻസാമ്മയുടെ മാധ്യസ്ഥ്യത്താൽ ധന്യരാക്കുകയും ചെയ്ത റോസിലിനമ്മ വി. അൽഫോൻസാമ്മയെപ്പോലെ ആരാലും അറിയപ്പെടാതെ സുകൃതജീവിതം നയിച്ച വ്യക്തിത്വത്തിനുടമായായിരുന്നു. അതിഥികളെ ദൈവമായി കാണുന്ന ഭാരതീയപാരമ്പര്യത്താൽ പ്രചോദിതയായി കാഴ്ചമുറിയിൽ വരുന്നവരോടു വലുപ്പച്ചെറുപ്പഭേദമെന്യേ ഏറെ സ്നേഹത്തോടും കരുണയോടുംകൂടെ വർത്തിച്ചിരുന്നു. നല്ല കൈയ്യക്ഷരം, ചിത്രരചന എന്നിവ റോസിലിനമ്മയുടെ സവിശേഷഗുണങ്ങളാണ്. കൂട്ടിക്കൽ, മണിയംകുന്ന്, കല്ലൂർകുളം, ഇടമറ്റം, അമ്പാറനിരപ്പേൽ, ഭരണങ്ങാനം എന്നീ മഠങ്ങളിൽ താമസിച്ചുകൊണ്ട് മെസ്സ് മാനേജർ, ഫാം സൂപ്പർവൈസർ, പാർലർ സിസ്റ്റർ എന്നിങ്ങനെ വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ ഏറെ വിശ്വസ്തതയോടും ആത്മാർത്ഥതയോടും നിർവഹിച്ചു.

'എന്റെ ദൈവം എന്റെ സമസ്തവും' എന്ന ആദർശവാക്യം ഉൾകൊണ്ട അമ്മ തന്റെ സമർപ്പണജീവിതത്തോട് ഏറെ ആത്മാർത്ഥത പുലർത്തിയിരുന്നു. ലളിതജീവിതം, സന്തോഷപ്രകൃതി, അധ്വാനശീലം, അധികാരികളോടുള്ള വിധേയത്വം, സഹാനുഭൂതി, പ്രാർത്ഥനാചൈതന്യം, ഉത്തരവാദിത്വബോധം, പാവങ്ങളോടുള്ള അനുകമ്പ എന്നീ നന്മകൾ അമ്മയുടെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരുന്നു.

നല്ല ആരോഗ്യവതിയും സദാപ്രവർത്തനനിരതയുമായിരുന്ന റോസിലിനമ്മ മുറിയിൽ വീണതിനെത്തുടർന്ന് ഏതാണ്ട് ആറു വർഷത്തോളം ശയ്യാവലംബിയായി കഴിഞ്ഞുവരുകയായിരുന്നു. വേദനകളെല്ലാം പരാതികൂടാതെ സ്വീകരിച്ചിരുന്ന അമ്മ തന്റെ സഹനത്തിന്റെ വേളകളിലെല്ലാം സ്വർഗത്തിൽ മാളിക പണിയുകയായിരുന്നു.

റോസിലിനമ്മയ്ക്ക് ശ്വാസതടസ്സം നേരിട്ടതിനെത്തുടർന്ന് 22.12.2020 ചൊവ്വാഴ്ച രാത്രി 8.15 ന് ഭരണങ്ങാനം ഫൊറോനാപള്ളി വികാരി റവ.ഫാ. അഗസ്റ്റിൻ തെരുവത്ത് രോഗീലേപനം നൽകി. അതിനുശേഷമുള്ള ദിവസങ്ങളിൽ

ശാന്തമായി കിടന്ന് ഈശോയെ മനസ്സിൽ കണ്ടു മണവാളന്റെ സമീപത്തെത്തുവാൻ റോസിലിനമ്മ ആഗ്രഹിച്ചു കഴിയുകയായിരുന്നു. 28.12.2020 ഉച്ചകഴിഞ്ഞ് 3.30 ന് ശ്വാസതടസ്സം നേരിട്ടതിനെത്തുടർന്ന് റോസിലിനമ്മയുടെ ആത്മാവ് ദിവ്യനാഥന്റെ സവിധേ അഭയം പ്രാപിച്ചു.

പിറ്റേന്ന് 29.12.2020 ചൊവ്വ ഉച്ചകഴിഞ്ഞ് 2 ന് ഭരണങ്ങാനം അസ്സീസി ആശ്രമസുപ്പീരിയർ റവ.ഫാ. മാത്യു മുളങ്ങാശ്ശേരിൽ, ഭരണങ്ങാനം ഫൊറോന പള്ളി അസി . വികാരി റവ.ഫാ. മാത്യു കുരിശുംമൂട്ടിൽ എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ മഠം ചാപ്പലിൽ സമൂഹബലിയോടുകൂടി മൃതസംസ്കാരശുശ്രൂഷ ആരംഭിച്ചു. റവ.ഫാ. മാത്യു മുളങ്ങാശ്ശേരിൽ ബഹു. റോസിലിനമ്മയെ അനുസ്മരിച്ച് ചരമപ്രസംഗം നടത്തി. ഇടവകദൈവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ റവ.ഫാ. ജോസഫ് തടത്തിൽ നേതൃത്വം നല്കി. തുടർന്ന് വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ മൃതദേഹം ഭരണങ്ങാനം ഫൊറോനാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

സഹനത്തിന്റെ ബലിവേദിയിൽ സ്നേഹസംഗീതം പാടിയ ബഹു. റോസിലിനമ്മയെ കാരുണ്യവാനായ ദൈവം നിത്യകിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## റവ. സി. ഫ്രാങ്കോ വയലിൽ

പാലാ രൂപതയിൽ തീക്കോയി ഇടവകയിൽ പുരാതനവും കുലീനവും ദൈവവിളികളാൽ സമ്പന്നവുമായ വയലിൽ കുടുംബത്തിൽ വർക്കി - മറിയം ദമ്പതികളുടെ പത്തുമക്കളിൽ ആദ്യത്തെ സന്താനമായി 27-7-1928 ൽ ഇത്താമ്മ എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന ബഹു. ഫ്രാങ്കോമ്മ ഭൂജാതയായി. 1928 ഓഗസ്റ്റ് മൂന്നാം തീയതി ഭരണങ്ങാനം പള്ളിയിൽ വച്ച് മാമ്മോദീസാ സ്വീകരിച്ചു. മാമ്മോദീസായിൽ കൊച്ചുത്രേസ്യാ എന്ന പേരാണ് നല്കപ്പെട്ടത്. 1948 ൽ പൂഞ്ഞാർ എസ്.എം.വി.എച്ച്.എസ്.ൽനിന്നും എസ്.എസ്.എൽ.സി. പാസായി. തുടർന്ന് നാഥന്റെ വിളിക്ക് ഉത്തരം നല്കികൊണ്ട് 27-4-1950 ൽ പ്രീ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. പോസ്റ്റുലൻസി, നോവിഷ്യേറ്റ് തുടങ്ങിയ സന്ന്യാസജീവിതത്തിന്റെ തീവ്രപരിശീലന ഘട്ടത്തിനുശേഷം 28-5-1954 ൽ ക്ലാര സഭാവസ്ത്രം സ്വീകരിച്ച് സി. ഫ്രാങ്കോ എന്ന പേരു സ്വീകരിച്ചു. ജൂണിയറേറ്റിനുശേഷം 1957 മെയ് മാസം 28-ാം തീയതി നിത്യവ്രതം ചെയ്തു നാഥനായി സമ്പൂർണ സമർപ്പണം നടത്തി. 1955 ൽ വാഴക്കുളം സെന്റ് ജോർജ് ട്രെയിനിംഗ് സ്കൂളിൽനിന്ന് റ്റി.റ്റി.സി. പാസായി.

1950 മുതൽ അധ്യാപനരംഗത്ത് അമ്മ പ്രവർത്തനമാരംഭിച്ചു. സെന്റ് മേരീസ് എച്ച്.എസ്. തീക്കോയി, വാക്കാട്, മണിയംകുന്ന്, മറ്റക്കര എന്നീ സ്കൂളുകളിലായി ഏകദേശം 32 വർഷക്കാലം അധ്യാപികയായി ജോലി ചെയ്തു. അതോടൊപ്പം മതബോധനരംഗത്തും സജീവമായി സേവനം ചെയ്തുകൊണ്ട് അനേകം

കുരുണ്ടു മനസുകളിൽ അറിവിന്റെയും ആദ്ധ്യാത്മികതയുടെയും വെളിച്ചം പകർന്നു നല്കുവാൻ ബഹു. ഫ്രാങ്കോമ്മയ്ക്ക് കഴിഞ്ഞു. കുട്ടികളിൽ അടിയുറച്ച ദൈവവിശ്വാസവും മൂല്യബോധവും വളർത്തിയെടുക്കുവാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അമ്മയുടെ ശിക്ഷ്യഗണത്തിൽപെട്ട ധാരാളം വൈദികരും സിസ്റ്റേഴ്സും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവത്തിനും ദൈവജനത്തിനുമായി പ്രേക്ഷിതവേല ചെയ്യുന്നു.

ദിവ്യനാഥന്റെ വിളിക്ക് ഉത്തരം നല്കികൊണ്ടു നാഥനായി സമ്പൂർണമായി സമർപ്പണം ചെയ്ത നിമിഷംമുതൽ തിരുസഭയ്ക്കായി, എഫ്.സി.സി. യ്ക്കായി കത്തിജ്വലിച്ചുകൊണ്ടിരുന്ന ഒരു കന്യകാരത്നമായിരുന്നു ബഹു. ഫ്രാങ്കോമ്മ. തന്റെ ത്യാഗങ്ങളും സഹനങ്ങളും ഒരു ദഹനബലിയായി തന്റെ ദിവ്യനാഥനു സമർപ്പിച്ച അമ്മ ജീവിതവിളക്കിൽ എണ്ണനിറച്ചു മണവാളനെ കാത്തിരുന്ന വിവേകമതിയായ കന്യകയായിരുന്നു. നിഷ്കളങ്കത, പ്രാർത്ഥനാചൈതന്യം, പരസ്നേഹം, അനുസ്മരണം, അധികാരവിധേയത്വം, സന്തോഷപ്രകൃതി, അധ്വാനശീലം, കൃത്യനിഷ്ഠ എന്നീ ഗുണങ്ങൾ ഫ്രാങ്കോമ്മയിൽ വിളങ്ങിയിരുന്നു. Serve My Lord Jesus with Gladness എന്നതായിരുന്നു അമ്മയുടെ മോട്ടോ.

അവിഭക്ത പാലാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ, സുപ്പീരിയർ, സോഷ്യൽ വർക്കർ, മെസ് മാനേജർ, ബോർഡിംഗ് മിസ്ട്രസ്, ആസ്പിരിൻസ് മിസ്ട്രസ് എന്നീ നിലകളിൽ പാലാ, ഭരണങ്ങാനം പ്രൊവിൻസുകളുടെ ആദ്ധ്യാത്മിക, ഭൗതിക ഭരണതലങ്ങളിൽ നിറസാന്നിധ്യമായിരുന്നു ബഹു. ഫ്രാങ്കോമ്മ. തീക്കോയി, വാകക്കാട്, വിമലഗിരി, മണിയംകുന്ന്, മഞ്ഞാമറ്റം, രത്നഗിരി എന്നീ മഠങ്ങളിൽ താമസിച്ചുകൊണ്ട് തന്റെ സ്നേഹസേവനങ്ങൾ മറ്റുള്ളവർക്കായി നല്കി. തന്റെ സന്ന്യാസജീവിതത്തിന്റെ ഏറിയ ഭാഗവും തീക്കോയി മഠത്തിലാണ് അമ്മ ചെലവഴിച്ചത്.

2004 ൽ നട്ടെല്ലിന് ഓപ്പറേഷൻ ചെയ്തതുമുതൽ ചികിത്സയിലും വിശ്രമത്തിലുമായിരുന്ന ഫ്രാങ്കോമ്മ ഇടവിടാതെ കൊന്ത ചൊല്ലിക്കൊണ്ട് എഫ്.സി.സി. ക്കായി, തിരുസഭയ്ക്കായി പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. 2018 ൽ ഒരു മേജർ സർജറിക്കു വിധേയമാക്കപ്പെട്ടു. 2021 ജനുവരി പതിമൂന്നാം തീയതി ശ്വാസതടസം, പനി എന്നിവയാൽ മരിയനിൽ ഐസിയുവിൽ പ്രവേശിപ്പിച്ചു. ബഹു. ഞാറക്കുന്നേലച്ചനിൽനിന്ന് സുബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. 19-2-2021 വെള്ളിയാഴ്ച പുലർച്ചെ ശക്തമായ ശ്വാസതടസ്സം അനുഭവപ്പെടുകയും ബഹു. മദറും സമൂഹാംഗങ്ങളും പ്രാർത്ഥനാനിരതരായി നോക്കിനില്ക്കെ വെളുപ്പിന് 4.45 ന് ബഹു. ഫ്രാങ്കോമ്മയുടെ പാവനാത്മാവ് തന്റെ ദിവ്യമണവാളന്റെ പക്കലേക്കു പറന്നുയർന്നു.

അന്നുതന്നെ ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. അമ്മയുടെ സഹോദരീപുത്രൻ റവ.ഫാ. ബിനോയ് പുരയിടത്തിൽ ദിവ്യബലിയർപ്പിച്ചു ചരമപ്രസംഗം നടത്തി. മഠത്തിലെ സംസ്കാ

രശുശ്രൂഷകൾക്ക് ബഹു. വികാരി റവ.ഡോ. തോമസ് മേനാച്ചേരിയും അസി. വികാരി മാത്യു വളയംപള്ളിയും നേതൃത്വം നല്കി. തുടർന്ന് മൃതദേഹം പള്ളി യിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ ജോസഫ് തടത്തിലച്ചൻ നേതൃത്വം നല്കുകയും അനുസ്മരണപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും വീട്ടുകാരുടെയും ബന്ധുജനങ്ങളുടെയും ഇടവകജനങ്ങളുടെയും സാന്നിധ്യത്തിൽ ബഹു. ഫ്രാങ്കോമ്മയുടെ ഭൗതികദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

സ്വർഗത്തിലേക്ക് എന്നെ സംവഹിക്കുന്ന ലിഫ്റ്റ് എന്റെ ഈശോയെ അങ്ങയുടെ കരങ്ങളിലാണ്. അതിനാൽ, ഞാൻ ചെറുതാകണമെന്ന വി. കൊച്ചു ത്രേസ്യായുടെ കുറുക്കുവഴി ജീവിതത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ടു തമ്മിൽനിന്നു വേർപിരിഞ്ഞുപോയ ബഹു. ഫ്രാങ്കോമ്മയെ ദിവ്യനാഥൻ തന്റെ കരങ്ങളിൽ സ്വീകരിച്ച് നിത്യകിരീടമണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.




## DECEMBER 2020

| | | |
|---|---|---|
| 1-3 | | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 02 | 03.30 pm | ലിറ്റർജി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 11.00 am | അരമനയിൽവച്ച് പി.എസ്.ഡബ്യ്യു.എസ്.ന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു. |
| 05 | 10.30 am | വിളക്കുമാടം ഇടവകയിൽ ബഹു. ജയിംസ് കുടിലിലച്ചന്റെ പിതാവ് ശ്രീ കെ.ജെ. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 02.30 pm | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 11.30 am | അരുണാപുരം ഇടവകയിൽ എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ പി.എസ്.സി. നിയമനത്തോടു ബന്ധപ്പെട്ട് നടത്തിയ പ്രതിഷേധപരിപാടിയുടെ സമാപനകർമ്മത്തിൽ സംബന്ധിച്ചു. |
| 08 | 05.30 pm | പാലാ കുരിശുപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 09 | 10.30 am | ലിറ്റർജി സൂം മീറ്റിംഗിൽ സംബന്ധിച്ചു. |
| 11-12 | | ബഹു. വൈദികരുടെ ക്രിസ്മസ് സന്ദർശനം |
| 12 | 05.00 pm | വലവൂർ ഇടവകയിൽ മോണ്ടളം വെഞ്ചരിച്ചു. |
| 13 | 12.30 pm | പാലാ വൈദികമന്ദിരം സന്ദർശിച്ചു. |
| | 06.30 pm | മുട്ടുചിറ വൈദികമന്ദിരം സന്ദർശിച്ചു. |
| 14 | 03.00 pm | ബഹു. ജനറാൾസ് & പ്രൊവിൻഷ്യൽസിന് ക്രിസ്മസ് സന്ദേശവും സമ്മാനങ്ങളും നൽകി. |

| | | |
|---|---|---|
| 15-17 | | ബഹു. വൈദികരുടെ ക്രിസ്മസ് സന്ദർശനം |
| 16 | 10.30 am | ലിറ്റർജി സൂം മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് സെന്റ് തോമസ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 08.30 am | വടവാതൂർ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 19-23 | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 19 | 11.00 am | ഭരണങ്ങാനം മാതൃഭവനിൽ വച്ച് സൺഡേ സ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയ സ്കോളർഷിപ്പ് വിതരണം ചെയ്തു. |
| | 03.00 pm | അരമനയിൽ വച്ച് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 02.30 pm | നല്ലതണ്ണിയിൽ ബഹു. സേവ്യർ കൂടപ്പുഴ അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ വജ്രജൂബിലി ആഘോഷത്തിൽ സന്ദേശം നൽകി. |
| 22 | 11.00 am | മുണ്ടാങ്കൽ ഇടവകയിൽ കാർഷിക പുരോഗമന പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| | 02.30 pm | സി.എം.സി. പ്രോവിൻഷ്യൽ ഹൗസിൽ സിസ്റ്റർ ബെനീഞ്ഞ അവാർഡ് വിതരണം ചെയ്തു. |
| 23 | 02.30 am | കുറുമണ്ണ് ഇടവകയിൽ ബഹു. ജോസഫ് കിഴക്കേക്കര അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 24 | 02.30 pm | മണ്ണാറപ്പാറ ഇടവകയിൽ വെട്ടിക്കാട്ടുപറമ്പിൽ ത്രേസ്യാമ്മ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിലെ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 26 | 09.15 am | മൂഴൂർ ഇടവകയിൽ ഡീ. അജയ് നരിപ്പാറ സി.എസ്.റ്റി.ക്ക് പുരോഹിതപട്ടം നൽകി. |
| | 05.30 pm | മണ്ണാറപ്പാറ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 27 | 09.00 am | പിറവം ഇടവകയിൽ പുതുതായി പണികഴിപ്പിച്ച പള്ളിമേട വെഞ്ചിരിച്ചു. |
| | 03.00 pm | അറക്കുളം പുത്തൻപള്ളിയിൽ ബഹു. വിൻസെന്റ് കളരിപ്പറമ്പിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷ യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | 09.15 am | രാമപുരം ഇടവകയിൽ ഡീ. എബിൻ കുന്നത്ത് സി.എം.ഐ.യ്ക്ക് പുരോഹിതപട്ടം നൽകി. |
| 29 | 09.15 am | മറ്റക്കര ഇടവകയിൽ ഡീ. ജോസഫ് തെക്കുംമറ്റത്തിൽ ഒ.സി.ഡി. ക്ക് പുരോഹിതപട്ടം നൽകി. |
| | 03.30 pm | കവീക്കുന്ന് ഇടവകയിൽ കുര്യാക്കോസ് പടവന്റെ അമ്മ ശ്രീമതി പെണ്ണമ്മ ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| 30 | 09.15 am | മേരിലാന്റ് ഇടവകയിൽ ഡീ. ജയിംസ് ചൊവ്വേലിക്കുടിക്ക് പൗരോഹിത്യപട്ടം നൽകി. |
| | 02.15 pm | കൊഴുവനാൽ ഇടവകയിൽ ബഹു. ജോസഫ് വടക്കേക്കുറ്റ് അച്ചന്റെ സഹോദരൻ ശ്രീ ബേബിയുടെ വേർപാടിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| | 04.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 09.15 am | പിറവം ഇടവകയിൽ ഡീ. വർഗ്ഗീസ് വരിക്കശ്ശേരി എം.സി.ബി.എസിനു പൗരോഹിത്യപട്ടം നൽകി. |
| | 05.00 pm | ചേർപ്പുങ്കൽ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 07.00 pm | അരമനയിൽ സെന്റ് തോമസ് കോളജിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| **JANUARY 2021** | | |
| 01 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ ടൗൺ സർവീസ് സെന്റർ വെഞ്ചെരിച്ചു. |
| | 05.00 pm | മലപ്പുറം ഇടവക ദൈവാലയത്തിന്റെ കല്ലിടീൽ കർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 02 | 09.15 am | ചേർപ്പുങ്കൽ ഇടവകയിൽ എം.എസ്.എഫ്.എസ്. സഭാംഗമായ ഡീക്കൻ വിജിൻ കോട്ടൂരിന് പൗരോഹിത്യപട്ടം നല്കി. |
| | 03.00 pm | അരമനയിൽ എസ്.എം.എസ്. ഭാരവാഹികളുടെ എക്സിക്യൂട്ടീവ് മീറ്റിംഗിന് നേതൃത്വം നല്കി. |
| 03 | 05.00 pm | പെരിങ്ങളം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| 04 | 03.30 pm | മൂന്നിലവ് ഇടവകയിൽ പാറംതോട്ട് ഫ്രാൻസിസ് ചേട്ടന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.30 pm | ഇളംതോട്ടം ഇടവകയിൽ മൂന്നുതൊട്ടിയിൽ ശ്രീ ജിതിൻ രാജുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| 05 | 09.15 am | ഇടപ്പാടി ഇടവകയിൽ വിൻസെൻഷ്യൽ സഭാംഗമായ ഡീ. സേവ്യർ അമ്പലമറ്റത്തിലിന് പൗരോഹിത്യപട്ടം നല്കി. |
| 06 | 04.30 pm | കത്തീഡ്രലിൽ ദനഹാത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 07 | 10.00 am | രാമപുരം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| | 03.00 pm | അരമനയിൽ പാലാ കാരിത്താസിന്റെ മീറ്റിംഗിന് നേതൃത്വം നല്കി. |
| 08 | 02.00 pm | മേരിലാന്റ് ഇടവകയിൽ ബഹു. തോമസ് അഞ്ചുകണ്ടത്തിലച്ചന്റെ പിതാവ് ശ്രീ തോമസ് അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിനു നേതൃത്വം നല്കി. |
| 09 | 10.30 am | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രജത, സുവർണജൂബിലികൾ ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| 10 | 02.30 pm | കൊണ്ടാട് ഇടവകയിൽ ആർച്ച് പ്രീസ്റ്റ് ബഹു. അഗസ്റ്റിൻ കൂട്ടിയാനിയിൽ അച്ചന്റെ സഹോദരി ശ്രീമതി മെറീന ഷാജി വടക്കേടത്തിന്റെ വേർപാടിൽ ഭവനത്തിലെ തിരുക്കർമങ്ങൾക്കു നേതൃത്വം നല്കി. |
| | 03.30 pm | കുറവിലങ്ങാട് ഇടവകയിൽ നിധീരിക്കൽ സാറിന്റെ വേർപാടിൽ ഭവനത്തിലെ തിരുക്കർമങ്ങൾക്കു നേതൃത്വം നല്കി. |
| | 06.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിനു നേതൃത്വം നല്കി. |
| 11-16 | 4-7 pm | ഓൺലൈൻ സിനഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 11.00 am | മേരിലാന്റ് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | കുരുവിനാൽ ഇടവകയിൽ ബഹു. തോമസ് കളത്തിപ്പുല്ലാട്ട് അച്ചന്റെ വേർപാടിൽ മൃതസംസ്കാര ശുശ്രൂഷകൾക്കു നേതൃത്വം നല്കി. |
| 17 | 10.00 am | ഇടമറുക് ഇടവകയിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| | 04.00 pm | മുട്ടം സിബിഗിരി ഇടവകയുടെ പള്ളിമേട വെഞ്ചരിച്ചു. |
| 19 | 11.00 am | പാലാ സബ് ജയിൽ പി.എസ്.ഡബ്ല്യു.എസിന്റെ നേതൃത്വത്തിൽ സന്ദർശിച്ചു. |
| | 03.00 pm | അരമനയിൽ നീതി ചർച്ച് ഫണ്ട് മീറ്റിംഗിനു നേതൃത്വം നല്കി. |
| 20 | 03.00 pm | ഏഴാച്ചേരി ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചരിച്ചു. |
| | 04.30 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിനു നേതൃത്വം നല്കി. |
| 23 | 03.00 pm | ചേർപ്പുങ്കൽ ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചരിച്ചു. |
| 24 | 05.00 pm | വടകര ഇടവകയിൽ പുതുതായി പണിതീർത്ത പള്ളിമേടയും പാരിഷ് ഹാളും വെഞ്ചെരിച്ചു. |
| 25 | 11.15 am | കയ്യൂർ ഇടവകയിൽ മാമ്മോദീസ നല്കി. |

| | | |
|---|---|---|
| | 06.00 pm | പകലോമറ്റത്ത് സഭൈക്യവാരസമാപനത്തിൽ സായാഹ്ന പ്രാർത്ഥന ചൊല്ലി സന്ദേശം നല്കി. |
| 26 | 10.30 am | കുറവിലങ്ങാട് ഇടവകയിൽ തിരുനാൾ കുർബാന യർപ്പിച്ചു. |
| | 05.00 pm | ഇരവിമംഗലം ഇടവകയുടെ പ്രഖ്യാപനവും ഇരവി മംഗലം പള്ളിയുടെ വെഞ്ചെരിപ്പും നിർവഹിച്ചു. |
| 27 | 03.00 pm | പാലാ അരമനയിൽ ഫാമിലി ലെയ്റ്റി കമ്മീഷൻ മീറ്റിംഗിന് നേതൃത്വം നല്കി. |
| 28 | 04.30 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 01.30 pm | മൂന്നാനി സി.എം.സി. മഠത്തിൽ ബഹു. ജേക്കബ് കട്ട യ്ക്കലച്ചന്റെ സഹോദരി സി. ബെറ്റിന തെരേസ് കട്ട യ്ക്കലിന്റെ വേർപാടിൽ ഒപ്പീസുചൊല്ലി പ്രാർ ത്ഥിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| | | **FEBRUARY 2021** |
| 01 | 11.30 am | അരമനയിൽ വച്ച് ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ മത്സര ത്തിന്റെ സമ്മാനങ്ങൾ നല്കി. |
| | 04.00 pm | ഇലഞ്ഞി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിക്കു കയും ചെയ്തു. |
| 02 | 11.30 am | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | മുഖ്യമന്ത്രി ശ്രീ പിണറായി വിജയനുമായി വീഡിയോ കോൺഫ്രൻസ് നടത്തി. |
| 03 | 11.00 am | പി.എസ്.ഡബ്ല്യു.എസ്. ന്റെ നവീകരിച്ച കർഷക മാർക്കറ്റിന്റെ വെഞ്ചരിപ്പും കർഷക അവാർഡ് വിത രണവും നിർവഹിച്ചു. |
| | 03.00 pm | അറക്കുളം പുത്തൻപള്ളിയിൽ സ്കൂൾ കെട്ടിട ത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 04 | 08.00 pm | ബഹു. ജേക്കബ് പണ്ടാരപ്പറമ്പിൽ, ജോസഫ് തെരുവിൽ അച്ചന്മാർക്ക് അരമനയിൽ നല്കിയ യാത്രയയപ്പിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 05 | 11.00 am | അരമനയിൽ മുട്ടുചിറ ആശുപത്രിയുടെ മീറ്റിംഗിനു നേതൃത്വം നല്കി. |
| | 04.00 pm | വാലാച്ചിറ ഇടവകയിൽ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 07 | 03.00 pm | കാവുംകണ്ടം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത 10 ഭവനങ്ങൾ വെഞ്ചെരിച്ചു. |
| | 03.00 pm | മണിയംകുന്ന് ഇടവകയിൽ ശ്രീമതി ലിസി മാത്യു വെട്ടുകല്ലുംപുറത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| 08 | 11.00 am | മേരിലാന്റ് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.30 pm | അരമനയിൽ പാലാ രൂപതയുടെ ചരിത്രപുസ്തകത്തിന്റെ നിർമിതിയിൽ സഹകരിച്ചവരെ അനുമോദിച്ചു. |
| 09 | 11.45 am | കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ ജൂബിലിയോടനുബന്ധിച്ചുള്ള മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 10.30 pm | മാനത്തൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 01.00 pm | അരമനയിൽ സെന്റ് തോമസ് കോളജ് നാക് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.15 pm | ഇടമറുക് ഇടവകയിൽ വട്ടപ്പലം കുടുംബത്തിലെ അംഗത്തിന്റെ വേർപാടിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നല്കി. |
| 11 | 08.30 am | ചങ്ങനാശ്ശേരി കത്തീഡ്രലിൽ അഭിവന്ദ്യ പടിയറ പിതാവിന്റെ മരണവാർഷികത്തോടനുബന്ധിച്ചുള്ള വി. കുർബാനയിലും മീറ്റിംഗിലും സംബന്ധിച്ചു. |
| 12 | 09.30 am | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.00 pm | അരമനയിൽ കോശി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 10.30 am | മുണ്ടാങ്കൽ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| 15 | 06.30 am | കത്തീഡ്രലിൽ വിഭൂതി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. |
| 16 | 03.00 pm | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 03.00 pm | അരമനയിൽ എ.ഡി.സി.പി എക്സിക്യൂട്ടീവ് അടിയന്തര മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | പാലാ സെന്റ് തോമസ് കോളജ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 02.30 pm | പാലാ മിണ്ടാമഠം സന്ദർശിച്ചു. |
| 19 | 06.00 pm | പ്ലാശനാൽ ഇടവകയിൽ കുരിശിന്റെ വഴിയായി പണി തീർത്ത റോഡ് ഉദ്ഘാടനം ചെയ്തു. |
| | 07.00 pm | അരുണാപുരം ഇടവകയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.30 pm | മേലുകാവുമറ്റം ഇടവകയിൽ ബഹു. കയ്യാലയ്ക്കൽ അച്ചന്റെ പിതാവിന്റെ സഹോദരിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 20 | 04.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ എൽ.എം.ഒ. സിലിണ്ടർ വെഞ്ചെരിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 03.00 pm | കോതമംഗലം രൂപത അഞ്ചിരി ഇടവകയിൽ ബഹു. ബർക്കുമാൻസ് കുന്നുപുറം അച്ചന്റെ സഹോദരഭാര്യ ശ്രീമതി മേരി ജോസ് കുന്നുംപുറത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| 24 | 03.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 26 | 10.30 am | ളാലം സെന്റ് മേരീസ് സ്കൂളിന്റെ ജൂബിലി സമാപന മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച പാലാ രൂപതാംഗങ്ങളായ ബ്ലോക്ക്, മുൻസിപ്പാലിറ്റി ജനപ്രതിനിധികളെ ആദരിക്കുന്ന ചടങ്ങിന് നേതൃത്വം നല്കി. |
| 27 | 03.30 pm | വലവൂർ ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർന്ന ഭവനം വെഞ്ചെരിച്ചു. |
| 28 | 02.00 pm | അരമനയിൽ എ.കെ.സി.സി.യുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | കൂട്ടിക്കൽ ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർന്ന ഭവനം വെഞ്ചരിച്ചു. |
| **MARCH 2021** | | |
| 02 | 03.00 pm | അരമനയിൽ പാലാ രൂപത അതിർത്തിയിൽനിന്നു വിജയിച്ച ഗ്രാമപഞ്ചായത്ത് മെമ്പേഴ്സിന്റെ മീറ്റിംഗിനു നേതൃത്വം നല്കി. |
| 03 | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളജിൽ ബി.എസ്.ഡബ്ല്യു. കോഴ്സ് ഉദ്ഘാടനം ചെയ്തു. |
| 4-5 | | പറത്താനം സിവ്യൂ എസ്റ്റേറ്റിൽ റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 06 | 08.00 pm | അരമനയിൽ ബഹു. സ്കറിയ മോളോപ്പറമ്പിൽ അച്ചനും സ്കറിയ വേകത്താനത്തച്ചനും സെന്റ് ഓഫ് നല്കി. |
| 08 | 02.00 pm | കൂത്രപ്പള്ളി എസ്റ്റേറ്റ് സന്ദർശിച്ചു. |
| 09 | 07.00 am | ഗോവൻ മുൻ മുഖ്യമന്ത്രി അരമന സന്ദർശിച്ചു. |
| 11 | 09.00 am | ചങ്ങനാശേരി അരമനയിൽവച്ച് പ്രൊവിൻസ് പിതാക്കന്മാരുടെ സിനഡിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.00 pm | മുത്തോലപുരം ഇടവകയിൽ ശമ്പളക്കാട്ട് സാറിന്റെ വേർപാടിൽ ദൈവാലയത്തിലെ മൃതസംസ്കാര കർമ്മങ്ങൾക്കു നേതൃത്വം നല്കി. |
| 12 | 10.30 am | കത്തീഡ്രൽ റ്റി.റ്റി.ഐ. ഹാളിൽ വച്ച് കോർപ്പറേറ്റ് അധ്യാപകരുടെ വിരമിക്കൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | പിതാക്കന്മാരുടെ ഓൺലൈൻ ധ്യാനത്തിൽ സംബന്ധിച്ചു. |
| 13 | 11.00 am | അരമനയിൽ ബഹു. തോമസ് മൂലയിലച്ചന്റെ 'ഷട്ടപ്പ്' എന്ന പുസ്തകത്തിന്റെ പ്രകാശകർമ്മം നിർവഹിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 01.00 pm | രാമപുരം ഇടവകയിൽ ബഹു. അഗസ്റ്റിൻ കോലത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു മുഖ്യകാർമികത്വം നല്കി. |
| | 07.15 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നോവിസിന്റെ മീറ്റിംഗിൽ സന്ദർശിച്ചു. |
| 15 | 03.00 pm | അരമനയിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിനു നേതൃത്വം നല്കി. |
| | 06.30 pm | പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| 16 | 04.00 pm | കത്തീഡ്രലിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത രണ്ടു ഭവനങ്ങൾ വെഞ്ചെരിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 17 | 10.30 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ പി.ഡി.എം. ഇ.റ്റി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 04.00 pm | ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളജിൽ പുതുതായി പണിതീർന്ന ചാപ്പൽ വെഞ്ചെരിച്ചു. |
| 19 | 06.00 am | സെന്റ് ജോസഫിന്റെ തിരുനാളിനോടനുബന്ധിച്ച് അരമന ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | ചീങ്കല്ലേൽ ഇടവകയിൽ മണിയാക്കുപാറ കുരിശുപള്ളിയുടെ തറക്കല്ല് സ്ഥാപിച്ചു. |

| | | |
|---|---|---|
| | 05.45 pm | കുറവിലങ്ങാട് ഇടവകയിൽ കുടുംബവർഷാചരണത്തിന്റെയും ഭവനനിർമാണപദ്ധതിയുടെയും ഭാഗമായി സംഘടിപ്പിച്ച മീറ്റിംഗിൽ സംബന്ധിച്ചു. |
| 20 | 06.45 am | കത്തീഡ്രലിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ കുടുംബവർഷാചരണത്തിന്റെ രൂപതാതല ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. |
| | 09.45 am | രാമപുരം കോളജിൽവച്ച് പാറേമ്മാക്കൽ ഗോവർണ്ണദോർ റിസേർച്ച് സെന്ററിന്റെ ഉദ്ഘാടനവും പുസ്തകപ്രകാശനവും നടത്തി. |
| | 10.00 am | രാമപുരത്ത് പാറേമ്മാക്കൽ ഗോവർണ്ണദോർ റിസേർച്ച് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 03.00 pm | കളത്തൂർ ഇടവകയിൽ കളപ്പുരയ്ക്കൽ ശ്രീമതി റിൻസമ്മ ജോണിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| 21 | 05.00 pm | ഭരണങ്ങാനം ഇടവകയിൽ എൽഡേഴ്സ് ഫോറത്തിനുവേണ്ടി വി. കുർബാനയർപ്പിച്ചു. |
| 22 | 10.00 am | സങ്കീർത്തന ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ ഡി.എഫ്.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 10.30 am | അരമനയിൽ പി.എസ്.ഡബ്ല്യു.എസ്. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ടെക്നോ വേവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. |
| | 04.30 pm | ഭരണങ്ങാനം അൽഫോൻസാ ഷ്റൈൻ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 03.00 pm | ഓലം പഴയപള്ളി ഓഡിറ്റോറിയത്തിൽവച്ച് കെ.എൽ.എം.ന്റെ ഉദ്ഘാടനവും കുടുംബവർഷാചരണത്തിന്റെ ഉദ്ഘാടനവും നടത്തി. |
| 25 | 06.00 pm | പാലാ സെന്റ് തോമസ് കോളജിൽനിന്നു വിരമിക്കുന്ന അധ്യാപകരുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 10.00 am | കുറവിലങ്ങാട് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 12.30 pm | കത്തീഡ്രലിൽ നാല്പതുമണി ആരാധനസമാപനത്തിൽ ആശീർവാദം നല്കി. |

| | | |
|---|---|---|
| | 03.30 pm | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 08.00 pm | അരമനയിൽ വച്ച് പുതുതായി നിയമിതരായ പി.എസ്.സി. മെമ്പേഴ്സിനെ ആദരിച്ചു. |
| 28 | 07.00 am | കത്തീഡ്രലിൽ ഓശാന തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. |
| 30 | 07.00 am | കത്തീഡ്രലിൽ മ്ശംശാന പട്ടത്തിനു മുഖ്യകാർമി കത്വം നല്കി. |
| 31 | 10.00 am | പയസ് മൗണ്ട് ഇടവകയിൽ ബഹു. മാത്യു ഇല്ലിമൂട്ടി ലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമി കത്വം വഹിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2020

| | | |
|---|---|---|
| 1 | 10.00 am | പാലാ പോലീസ് സ്റ്റേഷൻ അങ്കണത്തിൽ വച്ചുനടന്ന രക്തദാന ക്യാമ്പ് ഉദ്ഘാടനച്ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 1-3 | | കെ.സി.ബി.സി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 4 | 06.15 am | സ്നേഹഗിരി ജനറലേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 11.00 am | അരമനയിൽ നൂതന കാർഷിക സംരംഭങ്ങളെക്കുറിച്ചുള്ള മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | പുതുതായി നിർമ്മിച്ച വെള്ളിലാപ്പള്ളി യു.പി.സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 5 | 11.00 am | വിളക്കുമാടം ഇടവകയിൽ ബഹു. ജയിംസ് കുടിലിലച്ചന്റെ പിതാവ് ശ്രീ കെ.ജെ. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | കാഞ്ഞിരമറ്റം, തോടനാൽ, മേവട പള്ളികളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| 6 | 10.00 am | ചേർപ്പുങ്കൽ ഇടവകയിൽ കർമ്മലീത്താ മഠാംഗമായ ബഹു. സി. ഫുൾജൻസ്യ സി.എം.സി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | മരങ്ങാട്ടുപള്ളി, മണ്ണയ്ക്കനാട്, കുറവിലങ്ങാട്, ജയ്ഗിരി പള്ളികളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| | 04.00 pm | വാക്കാട് ഇടവകയിൽ എസ്.എം.വൈ.എം. വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് എസ്.എം.വൈ.എം. വാർഷികസമ്മേളനത്തിലും പങ്കെടുത്തു. |

| | | |
|---|---|---|
| 7 | 9 am- 04 pm | പാലാ സെന്റ് തോമസ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 8 | 08.00 am | പാലാ അമലോദ്ഭവമാതാവിന്റെ ജൂബിലി കപ്പേളയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 01.00 pm | ചേന്നാട്, മണിയംകുളം, നരിയങ്ങാനം, ഉള്ളനാട് എന്നീ പള്ളികളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| | 03.00 pm | ഇന്റർ എപ്പാർക്കിയൽ എഡ്യൂക്കേഷൻ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 03.30 pm | പൂഞ്ഞാർ സി.എം.ഐ. ആശ്രമദൈവാലയത്തിൽവച്ച് ഫാ. ജോസഫ് ആൽബൻ നെടുങ്ങനാൽ സി.എം.ഐ.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 10 | 07.30 am | പാലാ സെന്റ് തോമസ് സ്കൂളിൽ വോട്ടുചെയ്തു സമ്മതിദാനാവകാശം വിനിയോഗിച്ചു. |
| 11 | 9.30 -4 pm | ബഹു. വൈദികരുടെ സന്ദർശനത്തിൽ ക്രിസ്തുമസ് സമ്മാനങ്ങളും ആശംസകളും നൽകി. |
| | 12.00 noon | പുലിയന്നൂർ കലാനിലയം ക്ലാരമഠാംഗമായ ബഹു. സി. ലെക്കോണി എഫ്.സി.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 06.15 am | പാലക്കാട്ടുമല ഇടവകയിൽ സ്നേഹഗിരി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 09.30-4 pm | ബഹു. വൈദികരുടെ സന്ദർശനത്തിൽ ക്രിസ്തുമസ് സമ്മാനങ്ങളും ആശംസകളും നൽകി. |
| 13 | 06.15 am | കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.00 noon | പാലാ അപ്രേം പ്രീസ്റ്റ് ഹോമിൽ ബഹു. വൈദികരെ സന്ദർശിച്ച് സമ്മാനങ്ങൾ നൽകി. |
| | 06.00 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിൽ ബഹു. വൈദികരെ സന്ദർശിച്ച് സമ്മാനങ്ങൾ നൽകി. |
| 14 | 10.00 am | കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.00 pm | അരമനയിൽ വിവിധ സന്ന്യാസസമൂഹത്തിന്റെ ജനറൽ സുപ്പീരിയേഴ്സിന്റെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന്റെയും മീറ്റിംഗിൽ പങ്കെടുത്തു. |
| 15 | 9.30 am -4 pm | ബഹു. വൈദികരുടെ സന്ദർശനത്തിൽ ക്രിസ്മസ് സമ്മാനങ്ങളും ആശംസകളും നൽകി. |
| 16 | 03.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 11.00 am | മലയിഞ്ചിപ്പിറ ഇടവകയിൽ പൂണ്ടിക്കുളത്ത് ശ്രീ പി. ഡി. കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 03.30 pm | ഇന്റർ എപ്പാർക്കിയൽ എഡ്യൂക്കേഷൻ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 11.00 am | തിരുവനന്തപുരം മലങ്കര ഭദ്രാസനത്തിൽവച്ച് കെ. സി.ബി.സി. എസ്.സി./എസ്.റ്റി. /ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കുട്ടികൾക്കായുള്ള സിംഫണി ആർട്സിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു. |
| | 03.00 pm | തിരുവനന്തപുരത്ത് ക്ലിഫ് ഹൗസിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ സാറിനെ കണ്ട് ദളിത് ക്രൈസ്തവവിദ്യാർത്ഥികൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന നിവേദനം സമർപ്പിച്ചു. |
| 19 | 03.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 19-23 | 9pm- 10.45 pm | രൂപതയുടെ ബൈബിൾ കൺവെൻഷനിൽ ഓൺലൈനായി സംബന്ധിച്ചു. |
| 20 | 11.00 am | വേലനിലം ഇടവകയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ കല്ലിടീൽ കർമ്മം ആശീർവദിച്ചു. |
| 21 | 09.30 am | കുറുമണ്ണ് ഇടവകയിൽ ദയ-വികാലാംഗ പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ മെഡിക്കൽ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. |
| 22 | 04.00 pm | ബി.എഡ്. കോളജിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ക്രിസ്തുമസ് ആഘോഷത്തിന് മുഖ്യസന്ദേശം നൽകി. |

| | | |
|---|---|---|
| 23 | 01.30 pm | കുറുമണ്ണ് ഇടവകയിൽ ബഹു. ജോസഫ് കിഴക്കേക്കരയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 05.00 pm | മണ്ണാറപ്പാറ ഇടവകയിൽ വെട്ടിക്കാട്ടുപറമ്പിൽ ത്രേസ്യാമ്മ ജോർജിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 24 | 06.15 am | അമ്പാറനിരപ്പേൽ ഇടവകയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച കുരിശടി വെഞ്ചരിച്ചു. |
| | 07.00 pm | ആരക്കുന്നം ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ജ്യേഷ്ഠൻ ശ്രീ പി. ഡി. ജോർജ് സാറിന്റെ നിര്യാണത്തിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 12.00 am | പാലാ കത്തീഡ്രലിൽ തിരുപ്പിറവിയുടെ കർമ്മങ്ങളിൽ പരിശുദ്ധ കുർബാനയർപ്പിച്ച് ക്രിസ്മസ് സന്ദേശം നൽകി. |
| 26 | 09.15 am | കടനാട് ഫൊറോന പള്ളിയിൽ ഡീ. മാത്യു അഴകത്ത് ഒ.സി.ഡി.ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 12.30 pm | ഭരണങ്ങാനത്ത് സന്മനസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഭക്ഷണക്കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. |
| | 02.00 pm | കടുത്തുരുത്തി വലിയപ്പള്ളി മണലേൽ ശ്രീമതി ലൂസി ടീച്ചറിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | മുത്തോലപുരം ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ജ്യേഷ്ഠൻ ശ്രീ പി.ഡി. ജോർജ് സാറിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ സംബന്ധിച്ചു. |
| | 05.30 pm | മണ്ണാറപ്പാറ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. |
| 27 | 12.00 noon | കുറവിലങ്ങാട് ഫൊറോനാ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

| | | |
|---|---|---|
| | 02.15 pm | അരുവിത്തുറ ഫൊറോനാ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 03.30 pm | അറക്കുളം പുതിയ പള്ളിയിൽ ബഹു. വിൻസെന്റ് കളരിപ്പറമ്പിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. |
| 28 | 07.00 am | കാക്കൂർ ഇടവകയിൽ വി. കുർബാനയിൽ വചന സന്ദേശം നൽകി. |
| | 10.30 am | ഭരണങ്ങാനം ഫൊറോനാപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | കവീക്കുന്ന് ഇടവകയിൽ ശ്രീ കുര്യാക്കോസ് പടവൻ സാറിന്റെ അമ്മ ശ്രീമതി പെണ്ണമ്മ ചെറിയാന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 09.15 am | മരങ്ങാട്ടുപള്ളി ഇടവകയിൽ ഡീ. ജോർജ് പൊന്നം വരിക്കയിൽ എസ്.വി.ഡി. ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 04.00 pm | കവീക്കുന്ന് ഇടവകയിൽ ശ്രീ കുര്യാക്കോസ് പടവൻ സാറിന്റെ മാതാവ് ശ്രീമതി പെണ്ണമ്മ ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 30 | 09.15 am | കരിമ്പാനി ഇടവകയിൽ ഡീ. ജോസഫ് ഉറുമ്പിൽ സി.എസ്.റ്റിക്ക് പൗരോഹിത്യപട്ടം നൽകി. |
| | 02.45 pm | കൊഴുവനാൽ ഇടവകയിൽ ബഹു. ജോസ് വടക്കേക്കുറ്റ് അച്ചന്റെ സഹോദരൻ ശ്രീ ബേബിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 09.00 pm | പ്രവാസി കൂട്ടായ്മയായ ഗ്ലോബൽ കാത്തലിക് മീഡിയ സെല്ലിന്റെ ക്രിസ്തുമസ് - പുതുവത്സര ആഘോഷങ്ങൾ ഓൺലൈനായി പങ്കെടുത്ത് സന്ദേശം നൽകി. |
| 31 | 09.15 am | അൽഫോൻസാഗിരി പള്ളിയിൽ ഡീ. സിറിയക് വെള്ളാപ്പാട്ട് സി.എസ്.റ്റിക്ക് പൗരോഹിത്യപട്ടം നൽകി. |

| | | |
|---|---|---|
| | 07.00 pm | അരമനയിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| **JANUARY 2021** | | |
| 01 | 12.00 noon | കടനാട് ഫൊറോനാ ദൈവാലയത്തിൽ വാളികുളത്ത് ശ്രീമതി കുട്ടിയമ്മ സ്കറിയായുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 02 | 09.15 am | ചക്കാമ്പുഴ ഇടവകയിൽ ഡീക്കൻ സെബാസ്റ്റ്യൻ മുല്ലമംഗലം സി.എം.ഐയ്ക്ക് പൗരോഹിത്യപട്ടം നല്കി ആശീർവദിച്ചു. |
| | 12.00 noon | നീലൂർ ഇടവകയിൽ രണ്ട് വിവാഹവാഗ്ദാനങ്ങൾ ആശീർവദിച്ചു. |
| 04 | 04.00 pm | മൂന്നിലവ് ഇടവകയിൽ പാറംതോട്ട് ഫ്രാൻസിസ് ചേട്ടന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.00 pm | ഇളംതോട്ടം ഇടവകയിൽ മൂന്നുതൊട്ടിയിൽ ശ്രീ ജിതിൻ രാജുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നല്കി. |
| 05 | 09.15 am | പൈക ഇടവകയിൽ ഡീ. മാത്യു പന്തിരുവേലിക്ക് പൗരോഹിത്യപട്ടം നല്കി ആശീർവദിച്ചു. |
| 06 | 04.00 pm | ചങ്ങനാശ്ശേരി അതിരൂപത മണിമല ഹോളിമാഗി പള്ളിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 07 | 06.30 am | പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| | 12.00 noon | പൂഞ്ഞാർ ഫൊറോനാ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.30 pm | മൂന്നാനി പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 08 | 02.45 pm | മേരിലാന്റ് ഇടവകയിൽ ബഹു. തോമസ് അഞ്ചുകണ്ടത്തിലച്ചന്റെ പിതാവ് ശ്രീ തോമസ് അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നല്കി. |
| 09 | 04.00 pm | ഭരണങ്ങാനം ഫൊറോന ദൈവാലയത്തിൽ മാമ്മോദീസാ പരികർമ്മം ചെയ്തു. |

| | | |
|---|---|---|
| | 05.45 pm | ളാലം പഴയപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 10 | 09.30 am | ഇളംതോട്ടം ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | കൊണ്ടാട് ഇടവകയിൽ ആർച്ച് പ്രീസ്റ്റ് ബഹു. അഗസ്റ്റിൻ കൂട്ടിയാനിയുടെ സഹോദരി ശ്രീമതി മെറീന ഷാജി വടക്കേടത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| | 05.00 pm | പ്രവിത്താനം ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 07.30 pm | ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളിയിൽ നടന്ന കാർഷികസമ്മേളനത്തിൽ സമാപനസന്ദേശം നല്കി. |
| 11-16 | 4- 7.00 pm | സൂം കോൺഫറൻസിലൂടെ സിനഡിൽ പങ്കെടുത്തു. |
| 11 | 11.00 am | കാക്കൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 01.00 pm | കുരുവിനാൽ ഇടവകയിൽ ബഹു. തോമസ് കളത്തിപ്പുല്ലാട്ടച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 13 | 08.30 am | മീനച്ചിൽ ഇടവകയിൽ ശ്രീ പി.പി. മാത്യു പരുവനാനിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 14 | 11.00 am | ഭരണങ്ങാനം ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 07.00 pm | കുടക്കച്ചിറ ഇടവകയിൽ ശ്രീ എം.ഒ. അവിര മുരിക്കോലിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.00 pm | കുരുവിനാൽ ഇടവകയിൽ ഭവനം വെഞ്ചരിച്ചു. |
| 15 | 03.00 pm | അരമനയിൽ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. |
| 16 | 4.00 pm | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോനാദൈവാലയത്തിൽ ഒരു വൃദ്ധമന്ദിരത്തിനു കല്ലിടീൽ കർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 18 | 12.30 pm | സന്മനസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ വിതരണം ചെയ്യുന്ന ഭക്ഷണക്കിറ്റുകളുടെ വെഞ്ചരിപ്പു കർമ്മം അരമനയിൽ വച്ചു നടത്തി. |
| | 02.00 pm | ചക്കാമ്പുഴ ഇടവകയിൽ ശ്രീ മാത്യു കുളത്തുങ്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം നല്കി. |
| | 06.30 pm | ളാലം പഴയപള്ളിയിൽ വിവാഹവാഗ്ദാനം ആശീർവ ദിച്ചു. |
| 21 | 9.00 am | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോനാ ദൈവാ ലയത്തിൽ മാമ്മോദീസാ പരികർമ്മം ചെയ്തു. തുടർന്ന് എസ്.എം.വൈ.എം ന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. |
| | 11.00 am | മണ്ണാറപ്പാറ ഇടവകയിൽ ശ്രീ കെ.സി. മാത്യു കണ്ടാ രപ്പള്ളിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 12.30 pm | കത്തീഡ്രലിൽ കൊട്ടാരത്തിൽ ശ്രീമതി ചിന്നമ്മ തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 12.00 noon | കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 01.00 pm | മോനിപ്പള്ളി ഇടവകയിൽ പൂവത്തിനാൽ ഡെന്നീസ് സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| | 02.30 pm | മുണ്ടാങ്കൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 24 | 07.15 am | മുട്ടം സിബിഗിരി പളളിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| | 10.00 am | നീലൂർ ഇടവകയിൽ നെല്ലരികയിൽ കാപ്പിൽ ജോസഫ് അഗസ്റ്റിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | കത്തീഡ്രലിൽ കൊട്ടുകാപ്പള്ളി പുതുമന ശ്രീ ബോബി തോമസിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |

| | | |
|---|---|---|
| | 04.00 pm | മൂന്നിലവ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 25 | 10.00 am | ഉറുമ്പുകാവ് പള്ളിയിൽ ബഹു. തേക്കുംകാട്ടിൽ മാനുവലച്ചന്റെ പൗരോഹിത്യരജതജൂബിലിയോടനുബന്ധിച്ചുള്ള വി. കുർബാനയിൽ വചനസന്ദേശം നല്കി. |
| | 05.00 pm | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോനാ ദൈവാലയത്തിൽ മൂന്നുനോമ്പ് തിരുനാളിനോടനുബന്ധിച്ച് റാസക്കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി. |
| 26 | 03.30 pm | പുതുപ്പള്ളിയിലുള്ള മോചന ഡീ അഡിക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ സാംസ്കാരിക മീറ്റിംഗിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 29 | 01.00 pm | മൂന്നാനി കർമലീത്താമഠത്തിൽ ബഹു. ജേക്കബ് കട്ടയ്ക്കലച്ചന്റെ സഹോദരി സി. ബെറ്റീന തെരേസ് കട്ടയ്ക്കൽ സി.എം.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 11.15 am | വിളക്കുമാടം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | പാലായിൽ മാണിസാർ അനുസ്മരണ മീറ്റിംഗ് 'സ്മൃതിസംഗമ'ത്തിൽ സന്ദേശം നല്കി. |
| 31 | 01.00 pm | മീനച്ചിൽ ഇടവകയിൽ വലിയ ഓടയ്ക്കൽ ശ്രീ ഒ.റ്റി. തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| **FEBRUARY 2021** | | |
| 01 | 12.00 noon | തിടനാട് ഇടവകയിൽ ഞായർകുളം ശ്രീമതി മേഴ്സിയമ്മ വർക്കിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | കുറിച്ചിത്താനം ഇടവകയിൽ ശ്രീമതി ആനിയമ്മ മാണി പഴേവീട്ടിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | കടുത്തുരുത്തി ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 02 | 09.00 am | ഉറുമ്പുകാവ് ഇടവകയിൽ ശ്രീമതി മേരിക്കുട്ടി ജോസ് കാവിപ്പുരയിടത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 05.30 pm | ഇലഞ്ഞി ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 03 | 11.30 am | മുട്ടുചിറയിൽ ഒരു കട വെഞ്ചരിച്ചു. |
| | 03.30 pm | പാദുവാപ്പള്ളിയിൽ മാമ്പുഴയ്ക്കൽ ശ്രീ സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നല്കി. |
| 04 | 03.15 pm | രാമപുരം കർമ്മലീത്താമഠത്തിൽ സി. ലീന മണക്കാട്ടുമറ്റത്തിൽ സി.എം.സിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.00 pm | സ്ഥലം മാറിപ്പോകുന്ന ബഹു. ജേക്കബ് പണ്ടാരപ്പറമ്പിൽ, ജോസഫ് തെരുവിൽ അച്ചന്മാർക്ക് അരമനയിൽ നല്കിയ യാത്രയയപ്പ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 05 | 11.00 am | അരമനയിൽ മുട്ടുചിറ ആശുപത്രിയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | 03.00 pm | അരമന കുടുംബത്തിലേക്ക് എത്തിയ ബഹു. കുര്യാക്കോസ് വെള്ളച്ചാലിലച്ചനെ സ്വീകരിച്ചു. |
| 07 | 3.30 pm | മണിയംകുന്ന് ഇടവകയിൽ ശ്രീമതി ലിസി മാത്യു വെട്ടുകല്ലുംപുറത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം നല്കി. |
| | 05.00 pm | ചെമ്മലമറ്റം പള്ളിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 08 | 02.30 pm | കോതമംഗലം രൂപത മുതലക്കോടം ഫൊറോനാ പള്ളിയിൽ മാമ്മോദീസാ പരികർമ്മം ചെയ്തു. |
| 10 | 01.00 pm | അരമനയിൽ സെന്റ് തോമസ് കോളജ് NAAC ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 06.15 am | പാലാ എസ്.എം.എസ്. ജനറലേറ്റ് ഹൗസിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| | 04.00 pm | ചങ്ങനാശ്ശേരി അതിരൂപത മണിമല ഹോളിമാഗി പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 12 | 01.00 pm | നീലൂർ ഇടവകയിൽ ശ്രീ സാജൻ മാത്യു കാഞ്ഞിരത്തിങ്കലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 02.00 pm | രാമപുരം സി.എം.സി. മഠത്തിൽ സി. തനീഷ്യ അരിപ്പറമ്പിൽ സി.എം.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 12.00 noon | കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 04.15 pm | മണ്ണയ്ക്കനാട് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 05.30 pm | കുറിച്ചിത്താനം പള്ളിയിൽ മാമ്മോദീസാ പരികർമം ചെയ്തു. |
| 14 | 02.30 pm | രാമപുരം ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 15 | 06.30 am | കത്തീഡ്രലിൽ വിഭൂതിതിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. |
| | 12.30 pm | മുട്ടുചിറ ഫൊറോനാ ദൈവാലയത്തിൽ ശ്രീ ചാക്കോ കൊട്ടാരത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.00 pm | മണ്ണാറപ്പാറ ഇടവകയിൽ കുറുപ്പംപറമ്പിൽ ശ്രീ മത്തായി ചാക്കോയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 03.00 pm | The National Assessment and Accreditation Council (NAAC) A++ ഗ്രേഡ് ലഭിച്ച സെന്റ് തോമസ് കോളജിന്റെ അനുമോദനച്ചടങ്ങിൽ സംബന്ധിച്ചു. |
| 20 | 08.30 am | അരുണാപുരം ഇടവകയിൽ പ്രൊഫ. ജോസഫ് ഇട്ടിയവിര കണിയാംപടിക്കലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 21 | 06.00 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 06.00 pm | ഇലഞ്ഞി ഫൊറോനാപ്പള്ളിയിൽ കുപ്പയിൽ ശ്രീമതി മറിയക്കുട്ടി ജോണിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 09.30 am | കുടയത്തൂർ ഇടവകയിൽ പായിക്കാട്ട് ശ്രീമതി ഏലിക്കുട്ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.30 am | കോതമംഗലം രൂപത അഞ്ചിരി ഇടവക, ബഹു. ബർക്കുമാൻസ് കുന്നുംപുറമച്ചന്റെ സഹോദരഭാര്യ ശ്രീമതി മേരി ജോസ് കുന്നംപുറത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 11.00 am | പി.എസ്. ഡബ്ല്യൂ.എസിന്റെ നേതൃത്വത്തിൽ കാഞ്ഞിരമറ്റത്ത് നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 01.30 pm | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോനാ ദൈവാലയത്തിൽ തെങ്ങുംപള്ളിൽ ശ്രീ റ്റി.റ്റി. അഗസ്റ്റിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 24 | 06.00 pm | പാലായിൽ ശ്രീ കെ.എം. മാണിസാറിന്റെ പ്രതിമാനാച്ഛാദനപരിപാടിയിൽ പങ്കെടുത്തു. |
| 25 | 02.30 pm | കോട്ടയത്ത് ട്രാഡാ മീറ്റിംഗിൽ പങ്കെടുത്തു. |
| 26 | 01.30 pm | കിഴതടിയൂർ ഇടവകയിൽ താഴത്തുവീട്ടിൽ ശ്രീ റ്റി. എസ്. തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | പൈക വ്യാപാരഹാളിൽവച്ച് സന്മനസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ ഡയാലിസിസ് കിറ്റ് വിതരണോദ്ഘാടനം നടത്തി. |
| | 03.00 pm | അരമനയിൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച രൂപതാംഗങ്ങളായ മുൻസിപ്പാലിറ്റി ബ്ലോക്ക് അംഗങ്ങളെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു. |
| 27 | 08.30 am | കത്തീഡ്രലിൽ വെട്ടുകാട്ടിൽ ശ്രീ ബേബിച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പി.ഒ.സി. പാലാരിവട്ടത്ത് കെ.സി.ബി.സി എസ്.സി /എസ്.റ്റി, ബി.സി കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് വിദ്യാർത്ഥികൾക്കായി തുടങ്ങുന്ന പി.എസ്.സി. കരിയർ സക്സസ് ലൈൻ പദ്ധതി മീറ്റിംഗിൽ സംബന്ധിച്ചു. |
| **MARCH 2021** | | |
| 01 | 09.30 am | നീലൂർ സാവിയോ ഹോം, അറക്കുളം പുത്തൻപള്ളി, മൂലമറ്റം, എടാട്, എലപ്പള്ളി, ലൂർദ്മൗണ്ട്, വാഗമൺ, വെള്ളികുളം, മാവടി എന്നീ പള്ളികളിൽ ഹ്രസ്വസന്ദർശനം നടത്തി. |

| | | |
|---|---|---|
| 02 | 11.00 am | ജയ്ഗിരി ഇടവകയിൽ വുഴതനപ്പള്ളിൽ ശ്രീമതി പൊന്നമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| 02 | 03.00 pm | അരമനയിൽ പാലാ രൂപത അതിർത്തിയിൽനിന്നു വിജയിച്ച ജില്ല, ബ്ലോക്ക് പ്രതിനിധികളുടെ മീറ്റിംഗിനു നേതൃത്വം നല്കി. |
| | 02.00 pm | അന്ത്യാളം ഇടവകയിൽ കീയപ്പാട്ട് ശ്രീ ജോയിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം നല്കി. |
| | 03.00 pm | അരമനയിൽ ത്രിതല പഞ്ചായത്ത് ഇലക്ഷനിൽ വിജ യിച്ച പാലാ രൂപതാംഗങ്ങളായ ഗ്രാമപഞ്ചായത്ത് പ്രതി നിധികളെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു. |
| 03 | 10.30 am | നീലൂർ ഇടവകയിൽ പേണ്ടാനത്ത് ശ്രീ ജോസ് ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.00 pm | തെള്ളകത്ത് ചൈതന്യ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 01.00 pm | കിടങ്ങൂർ ഇടവകയിൽ ഊണികുന്നേൽ ശ്രീ എ.സി. ബേബിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | കോട്ടയം പ്രസ് ക്ലബിൽ കെ.സി.ബി.സി എസ്.സി/ എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ച ദലിത് സഹോദരങ്ങളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 06 | 08.00 pm | അരമനയിൽവച്ച് ബഹു. സ്കറിയ മൊളോപ്പറമ്പിൽ, സ്കറിയ വേകത്താനം അച്ചന്മാർക്ക് നല്കിയ യാത്ര യയപ്പ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 06.00 am | ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ റാസ കുർബാന അർപ്പിച്ചു വചനസന്ദേശം നല്കി. |
| | 06.00 pm | രാമപുരം കർമ്മലീത്താമഠാംഗമായ സി. മരിയ ഗൊരേത്തി തറപ്പേൽ സി.എം.സി.യുടെ നിര്യാണ ത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 09 | 02.30 pm | ചേർപ്പുങ്കൽ ബി.വി.എം. ഹോളിക്രോസ് കോളജിന്റെ 'മെരിറ്റ് ഡേ' സമ്മേളനത്തിൽ പങ്കെടുത്തു. |
| 10 | 10.00 am | പാലാ സെന്റ് തോമസ് ഹൈസ്കൂളിന്റെ ശതോത്തര രജതജൂബിലിസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. |
| | 02.00 pm | നീലൂർ ഇടവകയിൽ കാപ്പിൽ ശ്രീമതി പെണ്ണമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം നല്കി. |
| | 06.00 pm | ചേർപ്പുങ്കൽ ഇടവകയിൽ ഓലിക്കൽ ശ്രീ തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 09.00 am | ചങ്ങനാശ്ശേരി അരമനയിൽ പ്രൊവിൻസ് പിതാക്കന്മാരുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | കോട്ടയത്ത് മദ്യവിരുദ്ധസമിതിയുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 12 | 05.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനം ഓൺലൈനായി പങ്കെടുത്തു. |
| 13 | 11.00 am | അരമനയിൽ ബഹു. തോമസ് മൂലയിലച്ചന്റെ പുതിയ പുസ്തകം 'ഷട്ടപ്പ്' പ്രകാശനം ചെയ്യുന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.45 am | ളാലം പുത്തൻപള്ളിയിൽ വാഴയിൽ ശ്രീ കുര്യാച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| | 02.00 pm | ഷലോം പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസിന്റെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പ് വിതരണമീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 10.00 am | രാമപുരം ഫൊറോന ദൈവാലയത്തിൽ ബഹു. അഗസ്റ്റിൻ കോലത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 15 | 09.30 am | പാലാ ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ സി. മരിയ പനന്താനം ഡി.എസ്.ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.00 am | പാലാ ബി.എഡ്. കോളജിന്റെ മെരിറ്റ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. |
| | 03.00 pm | എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. |
| 16 | 06.30 am | കോട്ടയത്ത് ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് സന്ന്യാസിനീസമൂഹത്തിന്റെ ജൂബിലിവേളയിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | പൈകയിൽ ഒരു റെക്കോർഡിംഗ് സ്റ്റുഡിയോ വെഞ്ചരിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 17 | 10.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പി.ഡി.എം.ഇ.റ്റി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 01.00 pm | കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാർക്ക് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ നല്കി. |
| 19 | 09.00 am | നീലൂർ സെന്റ് ജോസഫ്സ് കുരിശുപള്ളിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| | 03.00 pm | നരിയങ്ങാനം ഇടവകയിൽ പുതുതായി നിർമിക്കുന്ന കുരിശുപള്ളിക്ക് കല്ലിടീൽ കർമം നിർവഹിച്ചു. |
| | 04.30 pm | ചൂണ്ടച്ചേരി ഇടവകയുടെ സുവർണജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് വി. കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി. |
| 20 | 10.15 am | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ പി.എസ്.ഡബ്ല്യു.എസിന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 03.45 pm | കളത്തൂൽ ഇടവകയിൽ കളപ്പുരയ്ക്കൽ ശ്രീമതി റിൻസമ്മ ജോണിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നല്കി. |
| | 06.00 pm | തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| | 12.00 noon | സെന്റ് തോമസ് കോളജിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അവാർഡുദാനച്ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 24 | 10.30 am | അരുവിത്തുറ ഫൊറോന ദൈവാലയത്തിൽ നാല്പതു മണി ആരാധനയോടനുബന്ധിച്ച് വി. കുർബാനയും വചനസന്ദേശവും ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തി. |
| | 02.00 pm | നീലൂർ ഇടവകയിൽ മറ്റത്തിലാനിക്കൽ ശ്രീമതി സിനിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| 25 | 10.00 am | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോന ദൈവാലയത്തിൽ നാല്പതുമണി ആരാധനയോടനുബന്ധിച്ച് വി. കുർബാനയും വചനസന്ദേശവും ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തി. |
| | 06.00 pm | സെന്റ് തോമസ് കോളജിൽനിന്നു വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 26 | 06.45 am | വാഗമൺ കുരിശുമലകയറി സ്ലീവാപാത എത്തിച്ചു. |
| | 10.00 am | മൂന്നിലവ് ഇടവകയിൽ അമ്മിയാനിക്കൽ ശ്രീ മനോജിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.30 pm | ഭരണങ്ങാനം ഫൊറോന ദൈവാലയത്തിൽ നാല്പതുമണി ആരാധനയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു വചനസന്ദേശവും നല്കി. |
| 27 | 08.00 pm | പുതുതായി നിയമിതരായ പി.എസ്.സി. മെമ്പേഴ്സിനെ അരമനയിൽ വച്ച് ആദരിച്ചു. |
| 28 | 06.30 am | കത്തീഡ്രലിൽ ഓശാന തിരുക്കർമങ്ങളിൽ കാർമികത്വം വഹിച്ചു. |
| 29 | 09.30 am | മണ്ണാറപ്പാറ ഇടവകയിൽ കളരിക്കൽ ലിസി ഷാജിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 07.00 am | കത്തീഡ്രലിൽ മ്ശംശാനപട്ടത്തിന്റെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. |
| 31 | 09.00 am | പയസ് മൗണ്ട് ഇടവകയിൽ ബഹു. മാത്യു ഇല്ലിമൂട്ടിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |



പാറേമാക്കൽ തോമാകത്തനാരുടെ 222–ാം ചരമവാർഷികത്തോടനുബന്ധിച്ച്
പാറേമാക്കൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സിമ്പോസിയം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




കെ.എൽ.എം. ക്ഷേമനിധി ഫോറങ്ങളുടെ വാർഷിക സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പാലാ കോർപ്പറേറ്റിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പുസമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പാലാ രൂപതാംഗങ്ങളായ ഗ്രാമപഞ്ചായത്തംഗങ്ങളുടെ സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.



ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി വിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം



പാലാ രൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് അംഗങ്ങളുടെയും
മുനിസിപ്പൽ കൗൺസിൽ അംഗങ്ങളുടെയും സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ കുടുംബവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



ഓശാന ഞായർ



മ്ശംമ്ശാനപട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



നവവൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

JANUARY,FEBRUARY, MARCH, APRIL 2021

# SANTHWANAPRAKASHAM

PALAI DIOCESAN BULLETIN

## മാർ യൗസേപ്പിന്റെ വർഷം

### രൂപത തീർത്ഥാടന ദൈവാലയങ്ങൾ



കൂടല്ലൂർ ഇടവക ദൈവാലയം



തിടനാട് ഇടവക ദൈവാലയം



കാക്കൂർ ഇടവക ദൈവാലയം

Printed at St. Thomas Press, Palai and Published by Fr. John Edettu